19836

[illegible]

19836 [illegible]

[illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

ശാൎങ്ഗധരസംഹിത.

19836

നീററപ്രയോഗങ്ങളും കൂടി അടങ്ങിയത്.

പരിഷ്കരിച്ച് എഴുതപ്പെട്ടത്.

വലിയകൊട്ടാരം വൈദ്യൻ മ. രാ. രാ.
രാമൻപിള്ള അവർകളുടെ പ്രധാനശിഷ്യൻ
മ. രാ. രാ. കെ. ഗോവിന്ദപ്പിള്ള അവർകളാൽ
എഴുതപ്പെട്ട വ്യാഖ്യാനസഹിതം.

പ്രസിദ്ധകൻ
എ. വേലായുധൻ പിള്ള.

൩ാം പതിപ്പു)　　　　(കോപ്പി ൧൦൦൦.

ഭാരതവിലാസം അച്ചുക്കൂടം
തൃശ്ശിവപേരൂർ.
൧൦൯൬.

പകൎപ്പവകാശം പ്രസിദ്ധകനുള്ളതാകുന്നു.

മുഖവുര.

ഇൻഡ്യയിൽ പ്രതിഷ്ഠയെ പ്രാപിച്ചിരിക്കുന്ന ആയുർവൈദ്യത്തിൽ അറിയപ്പെടേണ്ടതായ ഗ്രന്ഥങ്ങൾ അനേകമുണ്ട്. അവ സംസ്കൃതഭാഷയിലുള്ള അനഭിജ്ഞതനിമിത്തം സാധാരണ വൈദ്യന്മാൎക്കും മാറജനങ്ങൾക്കും പ്രയോജനപ്പെടുന്നില്ലാ. ഈ ഇനത്തിൽ ആദിസംഹിത, ക്ഷാരപാണീയം, ചരകം, സുശ്രുതം, ഭാവപ്രകാശം, ഇന്ദ്രസംഹിത, ബൃഹന്നിഘണ്ടുരത്നാകരം, ആയുൎവ്വേദവിജ്ഞാനം, രസരത്നസമുച്ചയം, രസേന്ദ്രചിന്താമണി, ഭൈഷജ്യരത്നാവലി, യോഗരത്നാകരം, യോഗരത്നാവലി, ബൃന്ദാമാധവം, ശാൎങ്ഗധരം, മുതലായ ഗ്രന്ഥങ്ങൾ ഗണ്യങ്ങളാണ്. ഇവയെ നാട്ടുഭാഷാവ്യാഖ്യാനത്തോടുകൂടി പ്രസിദ്ധീകരിക്കുന്നതായാൽ അതു വളരെ പ്രയോജനപ്പെടുന്നതാണ്. ഇതിലേക്കു തുനിയുന്ന യാതൊരാളിന്റേയും ശ്രമം വിഫലമാവാൻ തരമില്ല. എന്നാൽ ഈ വക ഗ്രന്ഥങ്ങൾ ഭാഷപ്പെടുത്തുകയോ ഭാഷാവ്യാഖ്യാനം ചെയ്യുകയോ ചെയ്യുമ്പോൾ ഉപകരിക്കത്തക്ക ഒരു ആയുൎവ്വേദീയനിഘണ്ടുവിന്റെ അഭാവം എന്ന ദോഷത്തെ ഇപ്പോഴത്തെ നിഘണ്ടുക്കൾക്കൊന്നിനും പരിപൂൎണ്ണമായി പരിഹരിക്കാൻ സാധിച്ചിട്ടില്ല. ഞാൻ ശാൎങ്ഗധരമെന്ന ഈ സംഹിതയ്ക്കു ഒരു വിവരണം എഴുതേണ്ടതായി വന്നപ്പോൾ ആണ് അതിന്റെ ബുദ്ധിമുട്ട് അനുഭവിച്ചറിയാൻ ഇടയായത്. ഏററവും ചെറിയ ഗ്രന്ഥമായ ശാൎങ്ഗധരസംഹിതയിലുള്ള പല ഔഷധശബ്ദങ്ങളും പ്രസ്തുത നിഘണ്ടുക്കളിൽ കാണ്മാൻ കഴിഞ്ഞിട്ടില്ലാ. ഈ വ്യാഖ്യനത്തിൽ എന്റെ അല്പജ്ഞതകൊണ്ടു വല്ല സ്ഖലിതങ്ങളും വന്നുപോയിട്ടുണ്ടെങ്കിൽ അവയെ സജ്ജനങ്ങൾ സദയം ചൂണ്ടിക്കാണിച്ചുതരുവാൻ അപേക്ഷ എന്നാൽ അച്ചടിയിൽ പല സ്ഖലിതങ്ങളും വന്നുപോയിട്ടുള്ളതിനെ ശുദ്ധിപത്രംകൊണ്ടു തിരുത്തിട്ടുണ്ട് അവയെ തിരുത്തി വായിപ്പാൻ പ്രാൎത്ഥിക്കുന്നു. ഈ വ്യാഖ്യാനം എഴുതുന്നതിൽ എന്റെ സംശയങ്ങൾ തിരുത്തിത്തന്നിട്ടുള്ള ഗുരുനാഥനെ വിനയപൂൎവ്വമുള്ള നമസ്കൃതി ഇവിടെ സമൎപ്പിച്ചുകൊള്ളുന്നു. ഇതിന്റെ ഉത്തരഖണ്ഡത്തിലുള്ള രസക്രിയയെ ഇതിൽനിന്നും ഒഴിച്ചിരിക്കുന്നു. ഇതിന്റെ രണ്ടാംപുസ്തകമായി രസരത്നസമുച്ചയത്തിൽനിന്നും പ്രധാനങ്ങളായി സൽക്രിയായോഗങ്ങളെ ഉദ്ധരിച്ചു

ഒരു പ്രത്യേകഗ്രന്ഥം പ്രസദ്ധീകരിക്കുവാൻ തയാറുചെയ്തുവരുന്നതുകൊണ്ടു മുമ്പറഞ്ഞ യോഗങ്ങളും അവയോടു കൂട്ടിച്ചേൎക്കുവാനായി ഇതിൽനിന്നും ഒഴിച്ചതാണ് എന്നു,

തിരുവനന്തപുരം

കേ. ഗോവിന്ദപ്പിള്ള.

൧൦൭൩ വൃശ്ചികം ൧൫-ാംനു

ആമുഖം.

ക്വാഥകല്പന

പഞ്ചകഷായങ്ങൾ.

മൂ—അഥാത്രസ്വരസഃ കല്കഃക്വാഥശ്ച ഹിമഫാണ്ടകൌ
ജ്ഞേയാഃകഷായാഃപഞ്ചൈതേ ലഘവസ്സ്യുര്യഥോത്തരം

വ്യാ—സ്വരസം, കല്കം, ക്വാഥം, ഹിമം, ഫാണ്ടം, ഇങ്ങനെ കഷായഭേദങ്ങൾ അഞ്ചാകുന്നു. ഇവ യഥോത്തരം ലഘുക്കളാകുന്നു.

മൂ—അഹതാത്തൽക്ഷണാകൃഷ്ടാദ്രവ്യാക്ഷുണ്ണാൽസമുദ്ധരേൽ
വസ്ത്രനിഷ്പീഡിതോയഃസ്യരസഃസ്വരസഉച്യതേ
കുഡവം ചൂൎണ്ണിതംദ്രവ്യംക്ഷിപ്തംചദ്വിഗുണേജലേ
അഹോരാത്രംസ്ഥിതംതസ്മാത്ഭവേദ്വാരസഉത്തമഃ
ആദായശുഷ്കദ്രവ്യംവാസ്വരസാനാമസംഭവേ
ജലേഷ്ടഗുണിതേസാദ്ധ്യംപാദശിഷ്ടംച ഗൃഹ്യതേ
സ്വരസസ്യഗുരുത്വാച്ചപലമൎദ്ധംപ്രയോജയേൽ
നിശോഷിതംചാഗ്നിസിദ്ധംപലമാത്രംരസംപിബേൽ
മധുശ്വേതാഗുഡക്ഷാരാജ്ജീരകംലവണംതഥാ
ഘൃതംതൈലഞ്ചചൂൎണ്ണാദീൻകോലമാത്രാൻരസേക്ഷിപേൽ

വ്യാ—പച്ചമരുന്നുകളെ ഉടൻ കുത്തിപ്പിഴിഞ്ഞു തുണിയിൽ അരിച്ചെടുക്കുന്ന രസത്തിന്നു സ്വരസമെന്നുപേർ ഉണക്കമരുന്നുകളുടെ പൊടിനാഴി ഇരട്ടിവെള്ളമൊഴിച്ചു ഒരുരാത്രിയുംപകലും വച്ചിരുന്നു അരിച്ചെടുക്കുന്നതുംവികല്പേനസ്വരസമാകുന്നു. സ്വരസങ്ങളുടെ അസംഭവത്തിങ്കൽ ഉണക്കായ മരുന്നുകളെ എടുത്തു എട്ടുഗുണം വെള്ളത്തിലിട്ടു നാലൊന്നാക്കി എടുക്കുന്നതും സ്വരസമാകുന്നു. സ്വരസത്തിൻെറ ഗുരുത്വം ഹേതുവായിട്ടു അരപ്പലമേഒരിക്കൽ കുടിപ്പിക്കാവു. അഗ്നിയിൽ പാകംചെയ്യാതെ എടുക്കുന്നരസം ഒരുപലം ഒരിക്കൽ കുടിപ്പിക്കണം തേൻ, വെളുത്തവയമ്പു, ശക്കര, ക്ഷാരങ്ങൾ, ജീരകം, ഉപ്പു, നെയ്, തൈലം, പൊടിമുതലായ അനുപാനദ്രവ്യങ്ങളുടെമാത്ര ഒന്നരക്കഴഞ്ചുവീതമാകുന്നു.

ക്വാഥകല്പനാ.

മൂ— പാനീയംഷോഡശഗുണംക്ഷുണ്ണേദ്രവ്യപലേക്ഷിപേൽ
മൃൽപാത്രേക്വാഥയേൽഗ്രാഹ്യമഷ്ടമാംശാവശേഷിതം
തജ്ജലംപായയേദ്ധീമാൻകോഷ്ണംമൃദ്വഗ്നിസാധിതം
ശൃതഃക്വാഥഃകഷായശ്ചനിൎയ്യൂഹഃസനിഗദ്യതേ

ആഹാരരസപാകേച സഞ്ജാതേദ്വിപലോന്മിതം
വൃദ്ധവൈദ്യോപദേശേനപിബേൽകാഥംസുപാചിതം
കാഥേക്ഷിപേൽസിതാമംശൈശ്ചതുത്ഥാഷ്ടമഷോഡശൈ
വാതപിത്തകഫാതങ്കവിപരീതംമധുസ്മൃതം
ജീരകംഗ്ഗുഗ്ഗുലുംക്ഷാരംലവണംചശിലാജതു
ഹിംഗുത്രികടുകംചൈവകാഥേശാണോന്മിതംക്ഷിപേൽ
ക്ഷീരംഘൃതംഗുഡംതൈലംമൂത്രംചാന്യദ്രവംതഥാ
കല്ക്കംചൂൎണ്ണാദികംകാഥേനിക്ഷിപേൽകഷസംമിതം
അപിധാനമുഖേപാത്രേജലംദുജ്ജരതാംവ്രജേൽ
തസ്മാദാവരണാന്ത്യക്ത്വാ കാഥാദീനാംവിനിശ്ചയഃ

വ്യാ—ഒരുപലം മരുന്നചതച്ച പതിനാറഗുണം വെള്ളത്തിലി ട്ടക. മണ്ണാത്രത്തിലാക്കി പചിച്ച എട്ടിലൊന്നശേഷിപ്പിക്കുക. അതിനെ ചെറിയ ചൂടാക്കി കുടിപ്പിക്കുക. ശൃതം, കാഥം, കഷായം, നിൎയ്യൂഹം ഇവ കഷായത്തിന്റെ പൎയ്യായശബ്ദങ്ങളാകുന്നു. ആഹാരരസം പാകമായ ശേഷം വൃദ്ധവൈദ്യോപദേശപ്രകാരം സുപാചിതമായ കഷായം രണ്ടുപലം (ഉരി) ഒരുനേരം കുടിപ്പിക്കുക. കാഥത്തിൽ പഞ്ചസാരചേൎക്കേണ്ടതു നാല് എട്ട പതിനാറ് എന്ന അംശങ്ങളെക്കൊണ്ടാകുന്നു. വാതപിത്തകഫാധികങ്ങളായ രോഗങ്ങളിൽ തേൻചേൎക്കേണ്ടത് ഇതിനുവിപരീതമായിട്ടാകുന്നു. വാതരോഗത്തിൽ പതിനാറിൽ ഒന്നും പിത്തരോഗത്തിൽ എട്ടിൽ ഒന്നും, കഫരോഗത്തിൽ നാലിലൊന്നും ആയിരിക്കണം. ജീരകം, ഗുഗ്ഗുലു, ക്ഷാരം, ഉപ്പ്, കന്മദം, കായം, ചുക്ക, മുളക, തിപ്പലി ഇവ മുക്കാൽകഴഞ്ചുവിതം മേമ്പൊടിയിടുക. പാൽ, നെയ്, ശൎക്കര, തൈലം, ഗോമൂത്രം മററുള്ള ദ്രവ്യങ്ങൾ, അരച്ചെടുത്തവ, പൊടിച്ചവ ഇവ മൂന്നകഴഞ്ചുവീതം അനുപാനമായിച്ചേൎക്കുന്നു. കഷായം കുറുക്കുന്ന പാത്രം അടച്ചു തീയെരിക്കരുതു (പ്രമഥ്യാദി കഷായഭേദങ്ങളുടെനിയമം) അതാതു സ്ഥലങ്ങളിൽ പറഞ്ഞിട്ടുണ്ട് അന്നപ്രക്രിയയും അപ്രകാരം കാണുക.

പുടപാകകല്പനാ.

മൂ— പുടപാകസ്യകല്ക്കസ്യസ്വരസോഗൃഹ്യതേയതഃ
അതസ്തുപുടപാകാനാംയുക്തിരത്രോച്യതേമയാ
പുടപാകസ്യമാത്രേയംലേപസ്യാംഗാരവൎണ്ണതാ
ലേപാശ്ചദ്വ്യംഗുലംസ്ഥൂലംകുൎയ്യാദംഗുഷ്ഠമാത്രകം
കാശ്മരീവടജംബ്വാദിപത്രൈവേഷ്ടനമുത്തമം
പലമാത്രംരസോഗ്രാഹ്യഃകഷമാത്രംമധുക്ഷിപേൽ
കല്ക്കചൂൎണ്ണദ്രവാദ്യാസ്തുജ്ഞേയാഃസ്വരസവൽബുധൈഃ

വ്യാ—സ്വരസത്തിന്നു പറഞ്ഞതിൻവണ്ണം മരുന്നുകളെ അരച്ചെ ടുത്തു കുഴിഴ, പേരാൽ, ഞാവൽ മുതലായവയുടെ ഇലകൊണ്ടു പൊതിഞ്ഞു രണ്ടംഗുലമോ പെരുവിരലോളമോ മണ്ണരച്ചു ശീലമൺചെയ്തു അടുപ്പിലിട്ടു ചുട്ടെടുത്തു ആറിയശേഷം ശീലമൺ കളഞ്ഞു പിഴിഞ്ഞെടുക്കുന്ന രസം പുടപാകരസമെന്നു പറയപ്പെടുന്നു. ഒരുപലം ഒരുനേരം കുടിപ്പിക്കണം. മൂന്നുകഴഞ്ചു തേൻ ചേക്കണം. അരച്ചതൊ പൊടിച്ചതൊ മുതലായ സ്വരസത്തിന്നു പറഞ്ഞവണ്ണം ചേൎത്തു കുടിപ്പിക്കണം.

ഘൃതാദികല്പന.

മൂ— കല്ക്കാച്ചതുൎഗ്ഗുണീകൃത്യഘൃതംവാതൈലമേവച
ചതുൎഗ്ഗുണദ്രവേസാദ്ധ്യംതസ്യമാത്രാപലോന്മിതാ
നിക്ഷിപ്യക്വാഥയേത്തോയംക്വാഥ്യദ്രവ്യാച്ചതുൎഗ്ഗുണം
പാദശിഷ്ടംഗൃഹീതാച സ്നേഹംതേനൈവസാധയേൽ
ചതുൎഗ്ഗുണമൃദുദ്രവ്യേകഠിനേഷ്ടഗുണംജലം
അത്യന്തകഠിനേദ്രവ്യേനീരംഷോഡശകംമതം
തഥാചമദ്ധ്യമേദ്രവ്യേദദ്യാദഷ്ടഗുണംപയഃ
കൎഷാദ്യതഃപലംയാവൽക്ഷിപേൽഷോഡശകംജലം
തദൂൎദ്ധ്വംകുഡവംയാവത്തോയമഷ്ടഗുണംപയഃ
പ്രസ്ഥാദിതഃക്ഷിപേന്നീരം ഖാരീയാവച്ചതുൎഗ്ഗുണം
അംബുക്വാഥരസൈൎയ്യത്രപൃഥക്‌സ്നേഹസ്യസാധനം
കല്ക്കസ്യാംശംതത്രദദ്യാച്ചതുൎത്ഥംഷഷ്ഠമഷ്ടമം
ദുഗ്ദ്ധദധിരസതക്രേകല്ക്കോദയോഷ്ടമാംശകഃ
കല്ക്കസ്യസമ്യക്‌പാകാൎത്ഥംതോയമത്രചതുൎഗ്ഗുണം
ദ്രവാണിയത്രസ്നേഹേഷുപഞ്ചാദികംഭവന്തിഹി
തത്രസ്നേഹസമാന്യാഹുൎയ്യഥാപൂൎവ്വംചതുൎഗ്ഗുണം
ദ്രവേണകേവലേനൈവസ്നേഹപാകോഭവേദ്യദി
തത്രാംബുപിഷ്ടഃകല്ക്കഃസ്യാൽജ്ജലംചാത്രചതുൎഗ്ഗുണം
ക്വാഥേനകേവലേനൈവപാകോയത്രേരിതഃക്വചിൽ
ക്വാഥദ്രവ്യസ്യകല്ക്കോപിതത്രസ്നേഹപ്രയുജ്യതേ
കല്ക്കഹീനസ്തുയഃസ്നേഹഃസസാദ്ധ്യഃകേവലേദ്രവേ
പുഷ്പകല്ക്കസ്തുയഃസ്നേഹസ്തത്രതോയംചതുൎഗ്ഗുണം
സ്നേഹസ്നേഹാഷ്ടമാംശേച പുഷ്പകല്ക്കഃപ്രയുജ്യതേ

വ്യാ—കല്ക്കത്തിൽനിന്നു നെയ്യോ എണ്ണയോ നാലിരട്ടി പ്രയോജിപ്പിക്കണം. ദ്രവ്യത്തിൽനിന്നും ദ്രവം നാലിരട്ടിയായിരിക്കണം. കുടിക്കേണ്ടുമാത്രാ ഒരുപലമാകുന്നു. ക്വാഥ്യദ്രവത്തിൽനിന്നും നാലിരട്ടിവെള്ളത്തെ ക്വാഥമാക്കണം. നാലിലൊന്നു ശേഷിപ്പിച്ചു

അതിനെക്കൂട്ടെ സ്നേഹം ചേൎത്തു സാധിക്കണം. മൃദുദ്രവ്യങ്ങൾക്കു നാലിരട്ടിയും കഠിനദ്രവ്യങ്ങൾക്കു എട്ടിരട്ടിയും യോജിപ്പിക്കണം. ഏറാവും കഠിനമായിരിക്കുന്നതു വെള്ളം പതിനാറുമടങ്ങു വേണ്ടതാണു. അതിന്മണ്ണം മധ്യമങ്ങളായ ദ്രവങ്ങൾക്കു, എട്ടുഗ്ഗണം വെള്ളം ചേൎക്കണം. കൎഷം (മൂന്നുകഴഞ്ചു) മുതൽ പലംവരെ മരുന്നുകൾക്കു പതിനാറെരട്ടി വെള്ളംചേൎക്കണം. അതിനുമേൽ നാലുപലം വരെ എട്ടുഗ്ഗണംവെള്ളം യോജിപ്പിക്കണം. പ്രസ്ഥം (ഇടങ്ങഴി) മുതൽഖാരി (൨൫൬ ഇടങ്ങഴി) വരെ വെള്ളം നാലുമടങ്ങാകുന്നു വെള്ളം, കഷായം, സ്വരസം ഇവയിൽ കല്ക്കത്തിന്റെ അംശം നാലിലൊന്നും ആറിലൊന്നും എട്ടിലൊന്നും ആയിരിക്കണം. പാലിലോ തൈർവെള്ളത്തിലോ മോരിലോ ആയാൽ കല്ക്കത്തിന്റെ അംശം എട്ടിലൊന്നായിരിക്കണം. കല്ക്കം വഴിപോലെ പാകംവരുന്നതിനായിട്ടു വെള്ളം നാലിരട്ടി ചേൎക്കണം അഞ്ചുദ്രവങ്ങൾ കൂട്ടേണ്ടതായിവരുമ്പോൾ ഓരോ ദ്രവത്തിന്റെ അളവു സ്നേഹത്തിന്റേതായിരിക്കണം. കേവലം ദ്രവമാണെങ്കിൽ സ്നേഹം പാകംവരുന്നതിനായിട്ടു സ്നേഹത്തിൽ നിന്നു നാലിരട്ടികൂട്ടണം. വെള്ളത്തിൽ കല്ക്കം അരച്ചു ചേൎക്കേണ്ടദിക്കിൽ ജലം നാലിരട്ടിയായിരിക്കണം യാതൊരു യോഗത്തിൽ കേവലം ക്വാഥം പറയപ്പെടുന്നുവോ അവിടെ ക്വാഥദ്രവ്യത്തിനു പറഞ്ഞ മാത്രയെ കല്ക്കത്തിൽ ഉപയോഗിക്കണം കല്ക്കംകൂടാതെപാകംചെയ്യേണ്ടദിക്കിൽ കേവലമായ ദ്രവമായിരിക്കണം യോജിപ്പിക്കപ്പെടേണ്ടതുയാതൊരുദിക്കിൽ പുഷ്പകല്ക്കം പറയപ്പെട്ടുവോ അവിടെ ജലം നാലിരട്ടിയായിരിക്കണം കല്ക്കത്തിനുള്ള പുഷ്പത്തിന്റെമാത്ര സ്നേഹത്തിന്റെഎട്ടിലൊന്നായിരിക്കയുംവേണം.

അരിഷ്ടകല്പനാ.

മൂ— ദ്രവേഷുചിരകാലസ്ഥം ദ്രവ്യം യത്സന്ധിതം ഭവേൽ
ആസവാരിഷ്ടഭേദൈസ്തുപ്രോച്യതേഭേഷജോചിതം
യദപക്വൌഷധാംബുഭ്യാം സിദ്ധം മദ്യം സആസവഃ
അരിഷ്ടഃ ക്വാഥസാധ്യഃസ്യാത്തയോൎമ്മാനം പലോന്മിതം

വ്യാ— ദ്രവങ്ങളിൽ യാതൊരുദ്രവ്യം ചിരകാലമായി ഇട്ടിരിക്കുന്നുവൊ ആ ഔഷധത്തിന്റെ ഔചിത്യത്തെ അനുസരിച്ചു ആസവമെന്നും അരിഷ്ടമെന്നും ഉള്ള ഭേദം പറയപ്പെടുന്നു യാതൊരൌഷധം വെള്ളത്തിലിട്ടു അഗ്നിപാകംകൂടാതെ സാധിച്ചിട്ടുക്കുന്നുവൊ അതു ആസവമെന്നും മദ്യമെന്നും പറയപ്പെടുന്നു ആസവം മദ്യത്തിന്റെ പൎയ്യായമാകുന്നു. അരിഷ്ടമെന്നു പറയുന്നതു കഷായമിട്ടു അഗ്നിപാകംകൊണ്ടു സാധിക്കുന്നതാകുന്നു. ആസവ

ത്തേൻറയും അരിഷ്ടത്തിൻറയും അളവു ഒരുപലം ആകുന്നു.

- അനുക്തമാനാരിഷ്ടേഷു ദ്രവദ്രോണേ തുലാംഗുഡം
ക്ഷൌദ്രംക്ഷിപേൽഗുഡാദർദ്ധംപ്രക്ഷേപംദശമാംശകം

വ്യാ—അളവു പറയപ്പെടാത്ത ദിക്കിൽ അരിഷ്ടത്തിനു ദ്രവം ൬൪ ഇടങ്ങഴിയും ഗുഡം ഒരു തുലാവുമാകുന്നു. ഗുഡത്തിൻെറ അളവിൽനിന്നു പകുതി തേനും അതിൽ **ഇടേണ്ട** ഔഷധങ്ങൾ പത്തിലൊന്നുമാകുന്നു.

സൂ— ജ്ഞേയഃശീതരസഃസീധുരപക്വമധുരദ്രവൈഃ
സിദ്ധഃപക്വരസഃസീധുഃസംപക്വമധുരദ്രവൈഃ
പരിപക്വാന്നസന്ധാനസമുൽപന്നാംസുരാംജഗുഃ
സുരാമണ്ഡഃപ്രസന്നാസ്യാത്തതഃകാദംബരീഘനാ
തദധോജഗളോജ്ഞേയോമേദകോജഗളാൽഘനഃ
പക്കഃസാഹൃതസാരഃസ്യാൽസുരാബീജംചകിണ്വകം
യത്താലഖർജ്ജൂരരസൈഃസന്ധിതാസാഹിവാരുണീ
കന്ദമൂലഫലാദീനിസസ്നേഹലവണാനിച
യത്രദ്രവേഭിഷൂയന്തേതൽസൂക്തമഭിധീയതേ
വിനഷ്ടമമ്ലതാംയാതംമദ്യംവാമധുരദ്രവഃ
ഗുഡാംബുനാസതൈലേനകന്ദമൂലഫലൈസ്തഥാ
സന്ധിതംചാമ്ലതാംയാതംഗുഡസൂക്തംപ്രചക്ഷതേ
ഏവമേവേക്ഷുസൂക്തംസ്യാൽമൃദ്വീകാസംഭവംതഥാ
തുഷാംബുസന്ധിതംജ്ഞേയമാമൈർവിദളിതൈര്യവൈഃ
യവൈസ്തുനിസ്തുഷൈഃപക്വൈഃസൌവീരംസന്ധിതംഭവേൽ
കുല്മാഷധാന്യമണ്ഡാദിസന്ധിതംകാഞ്ചികംവിദുഃ
ശണ്ഡാകീസന്ധിതാജ്ഞേയാമൂലകൈഃസർഷപാദിഭിഃ

വ്യാ—അഗ്നിപാകംകൂടാതെ മധുരദ്രവ്യങ്ങളെക്കൊണ്ടു സാധിച്ചെടുക്കുന്നതിനു ശീതരസഃ സീധുവെന്നുപേർ അഗ്നിപാകംകൊണ്ടു സാധിച്ചെടുക്കുന്ന മധുരദ്രവ്യങ്ങൾക്കു പക്വരസഃ സീധുവെന്നുപേർ. വെന്തചോറിൽനിന്നെടുക്കുന്ന വെള്ളത്തിനു സുരാഎന്നുപേർ. ആ വെള്ളത്തിൻെറ തെളിക്കു മണ്ഡമെന്നുപേർ. അതിൽനിന്നും കൊഴുത്തതിനു കാദംബരി എന്നുപേർ പക്വമായിരിക്കുന്നതിൻെറ സാരത്തിനു സുരാബീജം എന്നും കിണ്വകം എന്നും പേർ. താലഖർജ്ജൂരരസങ്ങളിൽനിന്നും എടുക്കുന്നതു വാരുണിയാകുന്നു കിഴങ്ങുവേർ കായു ഇവയോടു എണ്ണ നെയ് മുതലായവയും ലവണങ്ങളും ചേൎത്തു ആസവംപോലെ എടുക്കുന്നതിനു സൂക്തം

എന്നുപേർ നഷ്ടമാക്കി എടുക്കുന്നതിന്ന മദ്യമെന്നുപേർ മധുരദ്രവ്യ നഷ്ടമാക്കി എടുക്കുന്നതിന്ന ചുക്രമെന്നുപേർ ശൎക്കരയും വെള്ളവും തൈലവും കന്ദമൂലഫലങ്ങളും ചേൎത്തു പുളിപ്പിച്ചെടുക്കുന്നതിന്ന ഗുഡാസൂക്തം എന്നുപേർ. ഇപ്രകാരംതന്നെയാണ് കരിമ്പിൽനിന്നു ഇക്ഷുസൂക്തവും, മുന്തിരിങ്ങായിൽനിന്നു മൃദ്വീകാസൂക്തവും ഉണ്ടാകുന്നതു പച്ചയരി മഞ്ഞുവെള്ളത്തിലിട്ടു എടുക്കുന്നതിന്ന യവസൂക്തം എന്നുപേർ തൊലിപോക്കിയ യവമിട്ടു പാകംചെയ്യുടുക്കുന്നതു സൌവീരമാകുന്നു. പകുതിവേകിച്ച ധാന്യങ്ങളുടെ മണ്ഡം തുടങ്ങിയതിന്ന കാഞ്ചികമെന്നുപേർ മൂലകങ്ങളും കടുകുതുടങ്ങിയവയും ചേൎത്തു പുളിപ്പിക്കുന്നതിന്ന ശാണ്ഡാകീ എന്നുപേർ.

നീരപ്രയോഗങ്ങൾകൂടി അടങ്ങിയ

ശാർങ്ഗധരസംഹിത.

സാരദീപികാഖ്യയാ വ്യാഖ്യയാ സഹിതം.

കഷായകല്പനം.

പഞ്ചകഷായങ്ങൾ.

മൂലം—അഥാത്ര സ്വരസഃ കല്ക്കഃ ക്വാഥശ്ചഹിമഫാണ്ടകൌ
ജ്ഞേയാഃ കഷായാഃ പഞ്ചൈതേ ലഘവസ്യുർയ്യഥോത്തരം

വ്യാഖ്യാനം—ഇവിടെ കഷായഭേദങ്ങളെപ്പറ്റി പറയുന്നു സ്വരസം, കല്ക്കം, ക്വാഥം, ഹിമം, ഫാണ്ടം എന്നു അഞ്ചുവിധം കഷായങ്ങൾ പറയപ്പെട്ടിരിക്കുന്നു ഇവ യഥോത്തരം ലഘുക്കളാകുന്നു അതായതു സ്വരത്തെക്കാൾ കല്ക്കകഷായം ലഘുവാകുന്നു കല്ക്കത്തെക്കാൾ ക്വാഥകഷായം ലഘുവാകുന്നു അതിന്മണ്ണം ക്വാഥത്തെക്കാൾ ഹിമവും ഹിമത്തെക്കാൾ ഫാണ്ടവും ലഘുവാകുന്നു ജഠരാഗ്നി രോഗംകൊണ്ടു എളുപ്പം ദഹിക്കുന്നതിനെ ലഘു എന്നുവ്യവഹരിക്കുന്നു കഷായം എന്നു പറയുന്നതു ക്രിയാഭേദേന മേല്പറയപ്പെട്ട അഞ്ചുവിധ കഷായങ്ങൾക്കുംകൂടിയുള്ള ഒരു പൊതുവായ പേരാകുന്നു. ഈ കഷായഭേദങ്ങളെപ്പറ്റി വാഗ്ഭടാചാര്യൻ ഇങ്ങനെ പറയുന്നു:—

"കഷായയോനയഃ പഞ്ചരസാലവണവർജ്ജിതാഃ
രസഃ കല്ക്കഃ ശൃതഃ ശീതഃ ഫാണ്ടശ്ചേതി പ്രകല്പനാഃ
പഞ്ചൈവ കഷായാണാം പൂർവ്വംപൂർവ്വംബലാധികാഃ

കഷായയോനികൾ അഞ്ചേയുള്ളു. എന്നും ലവണം ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു എന്നും ആണ് വാഗ്ഭടന്റെമതം എന്നു പ്രത്യക്ഷമായല്ലോ മധുര, അമ്ല, തിക്ത, കടു, കഷായ,ലവണങ്ങളായ ഷഡ്രസങ്ങളിൽ ലവണംമാത്രം ജലസംയോഗത്തിൽ ലീനമാകുന്നതുകൊ

ണ്ടു അതിനെ ഉപേക്ഷിക്കുകയാണു ചെയ്തതു ദ്രവ്യത്തിൽ ഉദ്ധരിക്കപ്പെടുന്ന സാരഭാഗമാണ് കഷായം എന്നും, തന്നിമിത്തം അതിന്റെ അഭാവത്തോടുകൂടിയ ലവണം അയോനിയാണെന്നും ഹേമാദ്രി പറയുന്നു ഈ അഭിപ്രായത്തെ ഈശാനൻ ഇങ്ങനെ വ്യാഖ്യാനിക്കുന്നു കഷായസ്യയോനയആകരാലവണവർജ്ജിതാ മധുരാദയഃ പഞ്ചരസാഃ തേഭ്യോഃയകഷായാഃ സ്വരസാദയഃ പഞ്ചസംഭവന്തി കഷായത്തിന്റെ യോനികൾ അല്ലെങ്കിൽ ഉല്പത്തിസ്ഥാനങ്ങൾ ലവണംകൂടാത്ത മധുരാദികളായ അഞ്ചുരസങ്ങളാണ് അതുനിമിത്തമാണ് സ്വരസാദികളായ അഞ്ച് കഷായഭേദങ്ങൾ ഉണ്ടായിരിക്കുന്നതു ചരകാചാര്യന്റെ മതം ഇങ്ങനെയാണ്.

"യന്ത്രപ്രപീഡനാദ്രവ്യാദ്രസഃ സ്വരസഉച്യതേ
യഃപിണ്ഡഃ സാദ്രപിഷ്ടാനാം സകല്ക്കഃ പരികീർത്തിതഃ
വഹ്നൌതുക്വഥിതംദ്രവ്യം ശൃതമാഹുശ്ചികിത്സകാഃ
ആഃപോത്ഥിതംനിശാധ്യുഷ്ടം തോയസ്ഥംശീതമുച്യതേ
ചൂർണ്ണമുഃഷ്ണനസംയുക്തം തൽഫാണ്ടമഭിധീയതേ."

സ്വരസഃ എന്നുള്ള വ്യുല്പത്തികൊണ്ടു പച്ചമരുന്നുകളെ യന്ത്രത്തിലിട്ടു ഇടിച്ചുപിഴിയുമ്പോൾ കിട്ടുന്ന സാരത്തിനു സ്വരസമെന്നുള്ള അഭിധാനം അന്വർത്ഥമായിരിക്കുന്നു. പച്ചയായിട്ടു അരച്ചുരുട്ടിയെടുക്കുന്ന പിണ്ഡ, (ഉരുള) കല്ക്കമാകുന്നു കലയതി ഇതി കല്ക്കഃ എന്നുള്ള വ്യുല്പത്തികൊണ്ടു അരയ്ക്കുമ്പോൾ ഔഷധങ്ങളുടെ രസഗുണപരമാണുക്കൾ സാകല്യേന കലന്നുപോകുന്നതു കല്ക്കസംജ്ഞയ്ക്കു അർത്ഥയോജനയെ ചെയ്യുന്നുണ്ട്. 'ശ്രപണാച്ശൃതഃ' എന്നു വ്യുല്പത്തിയുള്ള ശൃതപദം അഗ്നിപാകത്താൽ ഗുണലാഭമുള്ളതെന്ന അർത്ഥത്തിൽ യോജ്യമായിത്തന്നെ ഇരിക്കുന്നു. 'സലിലാഭിഷവണൈഃശീതസ്സ്യശ്ചാച്ഛശീതഃ' എന്നുവ്യുല്പത്തിചെയ്യാവുന്ന ശീതപദം ജലത്തിലിട്ടുവച്ചിരുന്നു രാത്രിയിൽ മഞ്ഞുകൊള്ളിച്ചു തണുപ്പിക്കുന്ന പ്രയോഗത്തിനു ശരിയെ നൽകുന്നുണ്ട്. 'അനായാസനിഷ്പന്നതയാൽഫാണ്ടഃ' എന്നു വ്യുല്പത്തിയുള്ള ഫാണ്ടശബ്ദം പൊടിയാക്കി ചൂടുവെള്ളത്തിൽ കലത്തിയതു എന്നുള്ള അർത്ഥത്തിനു അനുസരിച്ചിരിക്കുന്നുണ്ടു. മേല്പറഞ്ഞ അഞ്ചുവിധക്രിയകളിലും ലവണം പ്രവേശയോഗ്യമല്ലാത്തതിനാൽ ആചാര്യന്മാർ അതിനെ ഉപേക്ഷിച്ചതു ന്യായമായിത്തന്നെ ഇരിക്കുന്നു സ്വരസകല്പനയിൽ ലവണത്തെ കുത്തിപ്പിഴിഞ്ഞു രസമെടുക്കുന്നതിനു സാധിക്കയില്ല എന്തെന്നാൽ അതിനു ഉഷ്ണഗതിയിൽ മാത്രമേ ദ്രവമുണ്ടാകുന്നുള്ളു. എന്നാൽ കല്ക്കമാക്കി എടുക്കാമോ എന്നു പരീക്ഷിച്ചാൽ മററുള്ളവസ്തുക്കൾപോലെ ജലാദിദ്രവങ്ങളിൽ നനഞ്ഞു ഉ

രുട്ടിയെടുക്കത്തക്കവണ്ണം ഇരിക്കുന്നില്ല ദ്രവസംയോഗത്തിൽ അ
ലിഞ്ഞു ദ്രവത്തോടു ലയിച്ചുപോകുന്നു അതിനാൽ കല്ക്കശബ്ദംത
ന്നെ അതിനുണ്ടാകുന്നില്ല അഗ്നിപാകംകൊണ്ടു ഔഷധദ്രവ്യങ്ങളി
ലുള്ള അന്തസ്സാരങ്ങളെ ജലത്തിൽ ഇറക്കിയെടുക്കുന്ന ക്വാഥ(ശൃ
ത)കല്പനയിലും ലവണത്തിനു ശബ്ദമില്ല. ശീതവീര്യങ്ങളായ ഔ
ഷധങ്ങൾകൊണ്ടുപിത്തശമനാർത്ഥപ്രയോഗമായശീതകഷായത്തി
ലും വിലീനത്വംകൊണ്ടും ഉഷ്ണവീര്യത്വംകൊണ്ടും ലവണത്തിനുപ്ര
വേശോപായമില്ല ഫാണ്ടത്തിലും ഔഷധങ്ങളുടെ സമസ്തഭാഗങ്ങ
ളും ചേരുന്നതല്ല എന്നാൽ ലവണം സർവ്വാവയവമായിട്ടാണ് ജല
ത്തിൽ ലയംപ്രാപിക്കുന്നതു അതിനാൽ അതിലും അതിനുപ്രയോ
ഗാർഹത്വം ലഭിക്കുന്നില്ല് 'പൂർവ്വം പൂർവ്വം ബലാധികാഃ' എന്നുള്ളവാ
ഗ്ഭടവചനത്തിൽ മുമ്പമുമ്പ പറഞ്ഞവ ബലം ഏറിയവ എന്ന
ല്ലാതെ എല്ലാംസമബലങ്ങൾ അല്ലെന്നുള്ള അർത്ഥം പ്രയുക്തമാ
യിരിക്കുന്നു. ഫാണ്ടത്തെക്കാൾ ശീതകഷായവും അതിനെക്കാൾ
ക്വാഥകഷായവും അതിനെക്കാൾ കല്ക്കകഷായവും അതിനെക്കാ
ൾ സ്വരസകഷായവും ബലവത്തരങ്ങളാണെന്നാണ് അദ്ദേഹ
ത്തിന്റെ അഭിപ്രായം ഇതുതന്നെയാണ് യഥോത്തരം ലഘുക്ക
ളാണെന്നു വാക്യാന്തരത്താൽ മുമ്പറഞ്ഞതിന്റെയും താല്പര്യം.

മൂ— അവിതാതൽ ക്ഷണാകൃഷ്ടാദ്ദ്രവ്യാൽക്ഷുണ്ണാൽ സമുൽഭവേൽ
വസ്ത്രനിഷ്പീഡിതോയഃ സരസഃസ്വരസമുച്യതേ
കുഡവംചൂർണ്ണിതം ദ്രവ്യംക്ഷിപ്തംചദ്വിഗുണേജലേ
അഹോരാത്രംസ്ഥിതംതസ്മാദ് ഭവേദ്വാരസഉത്തമഃ
ആദായശുഷ്കദ്രവ്യം വാ സ്വരസാനാമസംഭവേ
ജലേഷ്ടഗുണിതേസാധ്യം പാദശിഷ്ടംചഗൃഹ്യതേ
സ്വരസസ്യഗുരുത്വാച്ച പലമർദ്ധംപ്രയോജയേൽ
നിശോഷിതംചാഗ്നിസിദ്ധംപലമാത്രംരസംപിബേൽ
മധുഃശ്വേതാഗുഡക്ഷാരാജ്ജീരകംലവണംതഥാ
ഘൃതംതൈലഞ്ചചൂർണ്ണാദീൻ കോലമാത്രാൻ രസേക്ഷിപേൽ

വ്യാ— പച്ചമരുന്നുകളെ പറിച്ചെടുത്തു ഉടൻ ചതച്ചു തുണിലിയിട്ടു
പിഴിഞ്ഞെടുക്കുന്ന രസം സ്വരസമാകുന്നു. ഉണക്കുമരുന്നുകൾപൊ
ടിച്ചു നാഴിയളവാക്കി (൪ പലം)എടുത്തു ഇരട്ടിവെള്ളത്തിലിട്ടു ഒ
രു പകലും രാത്രിയും (ഒരുദിവസം) വച്ചിരുന്നശേഷം എടുക്കുന്ന
തും വികല്പന ഉത്തമമായ രസകല്പനതന്നെയാണ് പച്ചമരുന്നു
കൾകിട്ടാതെവരുമ്പോൾ ഉണങ്ങിയതും സ്വരസങ്ങളിൽ ഉപയോ
ഗിക്കാവുന്നതാണ്. ഉണങ്ങിയവയെ എട്ടുഗുണം വെള്ളത്തിലിട്ടു
അഗ്നിപാകംകൊണ്ടു നാലൊന്നാക്കി എടുത്തും ഉപയോഗിക്കാം

സ്വരസമായിത്തന്നെ എടുക്കുമ്പോൾ അതിന്നു ഗുരുത്വംകൂടിയിരിക്കും എന്നു മുമ്പു പറഞ്ഞുവല്ലൊ അതുനിമിത്തം അരപ്പലം അതായതു ഉഴക്കിൽ പകുതി ഒരുനേരം കുടിപ്പിക്കാം അഗ്നിപാകംകൊണ്ടു രസശോഷണം ചെയ്യിട്ടുള്ള കഷായങ്ങൾ ഒരുപലം (ഉഴക്ക) ഒരുനേരം കുടിക്കാവുന്നതാണ് തേൻ, പഞ്ചസാര, ശക്കര, ക്ഷാരങ്ങൾ, ജീരകം, ഉപ്പു, നെയ്, എണ്ണ, ചൂർണ്ണങ്ങൾ മുതലായവ അനുപാനങ്ങളായി ഒന്നരക്കഴഞ്ചുവീതം ചേക്കപ്പെടാം ഇതു സ്വരസങ്ങളിൽ ചേക്കേണ്ടുന്ന അനുപാനവിധിയാണ്.

ക്വാഥകല്പനാ

മൂ— പാനീയംഷോഡശഗുണംക്ഷുണ്ണദ്രവ്യപലേക്ഷിപേൽ
മൃൽപാത്രേക്വാഥയേൽഗ്രാഹ്യമഷ്ടമാംശാവശേഷിതം
തജ്ജലംപായയേദ്ധീമാൻ കോഷ്ണമ്മൃദ്വഗ്നിസാധിതം
ശൃതഃക്വാഥഃകഷായശ്ച നിര്യൂഹഃസനിഗദ്യതേ
ആഹാരരസപാകേചസഞ്ജാതദ്വിപലോന്മിതം
വൃദ്ധവൈദ്യോപദേശേനപിബേൽക്വാഥംസുപാചിതം
ക്വാഥെക്ഷിപേൽസിതാമംശൈശ്ചതുൎത്ഥാഷ്ടമഷോഡശൈ
വാതപിത്തകഫാതങ്കേ വിപരീതംമധുസ്മൃതം
ജീരകംഗുഗ്ഗുലുംക്ഷാരംലവണഞ്ചശിലാജതു
ഹിംഗുത്രികടുകംചൈവ ക്വാഥേശാണോന്മിതംക്ഷിപേൽ
ക്ഷീരംഘൃതംഗുഡംതൈലം മൂത്രംചാന്യദ്രവംതഥാ
കല്ക്കംചൂർണ്ണാദികംക്വാഥേ നിക്ഷിപേൽകൎഷസമ്മിതം
അപിധാനമുഖപാത്രേ ജലംദുൎജ്ജരതാംവ്രജേൽ
തസ്മാദാവരണം ത്യക്ത്വാക്വാഥാദീനാംവിനിശ്ചയഃ

വ്യാ—ഒരുപലം മരുന്നു ചതച്ചു പതിനാറുഗുണം അതായതു പതിനാറുപലം വെള്ളത്തിലിട്ടു മൺപാത്രത്തിലാക്കി മൃദ്വഗ്നികൊണ്ടു കാച്ചിക്കുറുക്കി എട്ടിലൊന്നാക്കി അതായതു രണ്ടുപലമാക്കി ശേഷിപ്പിക്കുക പതിനാറുപലംകൊണ്ടു പരമിതമായ അളവുസാധനമാണ്. വൈദ്യശാസ്ത്രങ്ങളിൽ പറയപ്പെട്ടിട്ടുള്ളപ്രസ്ഥം ഇതിനാൽ ഒരുപലം ഔഷധം ഒരിടങ്ങഴിവെള്ളത്തിൽ ഇട്ടു കുറുക്കി രണ്ടു തുടമാക്കുന്ന ഇപ്പോഴത്തെ കഷായകല്പനശാസ്ത്രസിദ്ധമായതാകുന്നു ഈ കഷായത്തെ ചെറുചൂടോടെകുടിപ്പിക്കുക ശൃതം, ക്വാഥം, കഷായം, നിര്യൂഹം എന്നുള്ള ശബ്ദങ്ങൾ കഷായശബ്ദത്തിന്റെ പൎയ്യായപദങ്ങളാകുന്നു വൃദ്ധവൈദ്യസമ്മതമായി വേണ്ടവിധം പാകം ചെയ്യപ്പെട്ടിട്ടുള്ള കഷായത്തെ ആഹാരരസംവഴിയാംവണ്ണം പചിച്ചു എന്നു കണ്ടശേഷം രണ്ടുപലം കുടിപ്പിക്കുക പഞ്ചസാരമേമ്പൊടിയാക്കുമ്പോൾ താഴെപ്പറയുന്നനിയമം അനു

സരിച്ചിരിക്കേണ്ടതാണ് വാതത്തിൽ നാലിലൊന്നും പിത്തത്തിൽ എട്ടിലൊന്നും കഫത്തിൽ പതിനാറിലൊന്നും അംശങ്ങളായിരിക്കണം ഈ കഷായദ്രവ്യത്തിന്റെ തൂക്കത്തിൽനിന്നുള്ള അംശങ്ങളാണ് മുമ്പറഞ്ഞ കഷായദ്രവ്യം ഒരുപലം എന്നമതത്തെ അനുസരിച്ചു വാതരോഗത്തിൽ മൂന്നുകഴിഞ്ചും പിത്തരോഗത്തിൽ ഒന്നരക്കഴഞ്ചും കഫരോഗത്തിൽ മുക്കാൽ കഴഞ്ചും പഞ്ചസാര അനുപാനമായി യോജിപ്പിക്കാം തേൻ അനുപാനമാകുമ്പോൾ ഈ വിധി വിപരീതമാകുന്നു അതായതു വാതരോഗത്തിൽ മുക്കാൽകഴഞ്ചും പിത്തരോഗത്തിൽ ഒന്നരക്കഴഞ്ചും കഫരോഗത്തിൽ മൂന്നു കഴഞ്ചും തേൻ അനുപാനമായി യോജിപ്പിക്കണം ജീരകം, ഗുഗ്ഗുലു, ക്ഷാരങ്ങൾ, ഉപ്പു, കന്മദം, കായം, ചുക്കു, മുളകു, തിപ്പലി ഇവ കഷായത്തിൽ മുക്കാൽ കഴഞ്ചുവീതം മേമ്പൊടിയാക്കുക പാൽ, നെയ്, പതിയൻശക്കര, എണ്ണ, ഗോമൂത്രം ഇവയും ഇവകൂടാതെ യഥാരോഗം അനുപാനമായി ചേർക്കേണ്ടതായ അന്യദ്രവങ്ങളും അരച്ചും പൊടിച്ചും ചേർക്കേണ്ടുന്ന ഔഷധങ്ങളും മൂന്നു കഴഞ്ചുവീതം യോജിപ്പിക്കണം കഷായപാത്രം അടച്ചു തീയെരിച്ചാൽ അടപ്പിൽനിന്നും സ്വേദജലം വീണു കഷായജലത്തിന്റെ സ്വഭാവത്തിനു മാററമുണ്ടാവാൻ ഇടയുള്ളതുകൊണ്ടു അടയ്ക്കാതെ തീയെരിച്ചാണു കഷായം കുറുക്കേണ്ടതു കഷായജലവും പാത്രവും ആറിത്തണുത്ത ശേഷമേ അടയ്ക്കുവാൻ പാടുള്ളൂ എന്നു പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ് സ്വരസാദി കല്പനയെയും മാത്രയെയും പററി വാഗ്ഭടതന്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള ഭാഗം കൂടി ഇവിടെ ഉദ്ധരിച്ചു കാണിക്കുന്നതു സന്ദർഭോചിതമായിരിക്കുമെന്നു വിചാരിച്ചതിനാൽ അങ്ങനെ ചെയ്യുന്നു.

"സദ്യഃ സമുദ്ധൃതക്ഷുണ്ണാദ്യഃ സ്രവേൽ പടപീഡിതാൽ
സ്വരസഃ സ സമുദ്ദിഷ്ടഃ കല്കഃ പിഷ്ടോദ്രവപ്ലുതഃ
ചൂർണ്ണോഽപ്ലുതഃ ശൃതഃ ക്വാഥഃ ശീതോ രാത്രൗ ദ്രവേ സ്ഥിതഃ
സദ്യോഭിഷുതപൂതസ്തു ഫാണ്ടസ്സൂന്മാന കല്പനേ
യുഞ്ജ്യാദ്വ്യാധ്യാദിബലത സ്തഥാച വചനം വിനാ
മാത്രായാ ന വ്യവസ്ഥാസ്തി വ്യാധിം കോഷ്ഠം ബലം വയഃ.
ആലോച്യ ദേശകാലൗ ച യോജ്യാ തദ്വച്ച കല്പനാ
മധ്യം തു മാനം നിർദ്ദിഷ്ടം സ്വരസസ്യ ചതുഷ്പലം
പേഷ്യസ്യ കർഷമാലോഡ്യം തദ്ദ്രവസ്യ പലത്രയേ
ക്വാഥ്യം ദ്രവ്യപലേ കുര്യാൽ പ്രസ്ഥാർദ്ധം പാദശേഷിതം
ശീതം പലേ പലൈഃ ഷഡ്ഭിശ്ചതുർഭിശ്ച തതോപരം"

സ്വരസം കുടിക്കുന്ന ദിവസംതന്നെ പറിച്ചു എടുത്തു ഇടിച്ചു തുണി

യിൽ വച്ചു പിഴിഞ്ഞു കിട്ടുന്ന രസം സ്വരസമാകുന്നു. ഉണക്കമരുന്നുകൾ വെള്ളത്തിലിട്ടു കുതിർത്തിട്ടു അരച്ചുണ്ടാക്കുന്നതു കല്ക്കമാകുന്നു. വെള്ളംവീഴ്ത്തിനനയ്ക്കാതെ ഉണക്കിപ്പൊടിച്ചു നേരിയ ഇഴയുള്ള തുണിയിൽക്കൂടി ശീലപ്പൊടിയെടുക്കുന്നതു ചൂർണ്ണമാകുന്നു. 'സൂക്ഷ്മതാന്തവച്ഛ്യതച്ചൂർണ്ണഃ എന്നു ചൂർണ്ണശബ്ദത്തിനു സംഗ്രഹം നിരുക്തി ചെയ്യുന്നു. അഗ്നിപാകംകൊണ്ടു ശുഷ്കമായ ഔഷധത്തിൽ നിന്നു രസത്തെ ഉദ്ധരിക്കുന്നതിനു ശൃതം എന്നു പറയപ്പെടുന്നു. സംഗ്രഹത്തിൽ വാഗ്ഭടൻ ശൃതവിധിയെപ്പററി പറയുന്നതു ഇങ്ങനെയാണ്. "സത്തുഃഭദ്ര്യാന്യൌഷധാന്യണുശോ ഭേദയിത്വാ ഛേദ്യാനിചഃഛേദയിത്വാ പ്രക്ഷാള്യോദകേനശുദ്ധേചൌ തൃക്ഷായാമധഃ പ്രതിലിപ്തായാം താമ്രായോ മൃന്മയാന്യതമെസ്ഥാല്യാം സമാവാപ്യ ബഹ്വല്പപാനീയഗ്രാഹിത്വം ഔഷധാനാമാകലയ്യയാവതാമുകരസതസ്യാത്താവദുദകമാസെചയേഃച്ഛ്രാഷയേച്ച അഥവഹ്നാവധിശ്രിത്യമഹത്യാസഃനസുഖോപവിഷ്ടഃ സവൃതഃ സതതമവലോകയൻ ദർവ്യാചവിഘട്ടയൻമൃദുനാഗ്നിനാപരിതഃ സമുപഗച്ഛതാനനലേനസാധുഃയൽ അവതരയ ചസുപരിസ്രുതം യഥാർഹസ്സ്വശംചപ്രയുഞ്ജീത" ഔഷധങ്ങളെ അണുമാത്രപ്രമാണങ്ങളായിനുറുക്കി കഴുകിവൃത്തിയാക്കിയ ചെമ്പുകൊണ്ടോ ഇരിമ്പുകൊണ്ടോ മണ്ണുകൊണ്ടോ മറേറാ ഉണ്ടാക്കിയ പാത്രത്തിലിട്ടു കണക്കിനുള്ള വെള്ളമൊഴിച്ചു അടുപ്പിൽകയററിവച്ചു ചുവട്ടിൽ മൃദുവായി തീയെരിക്കുകയും തവികൊണ്ടു കഷായത്തെ മൃദുവായി ഇളക്കുകയും ചെയ്യണം. കഷായം കുറുക്കുന്ന പരിചാരകൻ അടുപ്പിനെക്കാൾ പൊക്കമുള്ളതായ ഒരു ആസനത്തിലിരുന്നു കഷായം ഇളക്കേണ്ടതാണ്. ആ സമയം ആ പാത്രത്തിൻെറ ചുററും നോക്കി പരിശോധിക്കണം. ഇളക്കുമ്പോൾ ഔഷധകഷണങ്ങളിൽ തട്ടി ചുററിവരത്തക്കവണ്ണം തവിയെ ചലിപ്പിക്കണം. വെള്ളം കണക്കിനു വററിയെന്നറിഞ്ഞ ഉടൻ കഷായത്തെ ഇറക്കിവച്ചു തുണിയിൽ അരിച്ചു ചെറുചൂടോടെ കുടിപ്പിക്കുക.

പാൽക്കഷായമുണ്ടാക്കുമ്പോൾ വെള്ളവും പാലും ഒന്നിച്ചു ചേർത്തു പചിക്കരുതു അങ്ങനെയായാൽ ഔഷധരസം മുഴുവൻ ഇറങ്ങുകയില്ല. വെള്ളത്തിൽ ഔഷധങ്ങളിട്ടു രസാഹരണം ചെയ്തശേഷം അതിൽ പാൽചേർത്തു കുറുക്കി പാലാക്കി കുടിപ്പിക്കുകയാണ് വിധിപ്രകാരം വേണ്ടത്. ശീതകഷായത്തിനു കഷായദ്രവ്യം ജലത്തിലിട്ട് അഗ്നിപാകം കൂടാതെ എല്ലാ രാത്രികളിലും തുറന്നുവച്ചു മഞ്ഞുകൊള്ളിച്ചെടുക്കണം ഫാണ്ടകഷായത്തിന് ഉഷ്ണാംഭസി ക്ഷുണ്ണാഭിഷുതം പൂതം ഫാണ്ടമാഹുഃ, എന്നുള്ളതു സംഗ്രഹവചനപ്ര

കാരം ഉണക്കമരുന്നുകൾ ഇടിച്ചു ചൂടുവെള്ളത്തിലിട്ട് അരിച്ചെടു ക്കേണ്ടതാകുന്നു. രോഗത്തിനും രോഗിക്കും ബലം ഏറിയിരിക്കുന്ന അവസ്ഥയിൽമാത്രമാണ് സ്വരസം കുടിപ്പിക്കേണ്ടത്. രോഗവും രോഗിയും മദ്ധ്യമബലത്തോടുകൂടിയിരിക്കുമ്പോൾ കല്ക്കകഷായവും ശൃതകഷായവും കുടിപ്പിക്കേണ്ടതാണ്. രോഗവും രോഗിയും അല്പ ബലത്തോടുകൂടിയിരിക്കുമ്പോൾ ഫാണ്ടകഷായങ്ങൾ കുടിപ്പിക്കേ ണ്ടതാകുന്നു. ജ്വരത്തിൽ സ്വരസകഷായം കുടിപ്പിക്കുവാൻ പാടു ള്ളതല്ല. എന്തെന്നാൽ ഏറാവും ഗുരുത്വമുള്ള സ്വരസം ജ്വരത്താ ൽ സ്വഭാവേന മന്ദാഗ്നിയായിരിക്കുന്ന ആമാശയഗതിക്കു വിപരീ തമാകുന്നു. അതിന്മണ്ണം ഗ്രഹണിരോഗിക്കു ശീതഫാണ്ടകഷായ ങ്ങളും അഗ്നിമാന്ദ്യത്തെച്ചെയ്യുന്നതാകയാൽ ഉപയോഗയോഗ്യ ങ്ങളല്ല. വ്യാധിബലം, കോഷ്ഠബലം, ദേശകാലസ്ഥികൾ, വയസ്സു ഇ വയെ ആലോചിച്ചാണ് ചികിത്സാനിർണ്ണയം ചെയ്യേണ്ടത്. സ്വ രസത്തിന്നു മദ്ധ്യമമാത്ര നാലുപലമാകുന്നു. കല്ക്കകഷായത്തിന്നു ക ല്ക്കദ്രവ്യം മൂന്നുകഴഞ്ചും അതിനെ കലക്കുന്നതിനുള്ള ദ്രവം മൂന്നുപ ലവുമാണ്. ശൃതകഷായത്തിന്നു ഔഷധം ഒരുപലവും ദ്രവം എ ട്ടുപലവും അഗ്നിപാകംചെയ്തു ശേഷിപ്പിക്കേണ്ടതു രണ്ടുപലവുമാ ണ്. ശീതകഷായത്തിന്നു ദ്രവ്യം ഒരുപലവും ദ്രവം ആറുപലവുമാ ണ് ഫാണ്ടകഷായത്തിൽ ദ്രവ്യം ഒരുപലവും ദ്രവം നാലുപലവു മാണ് മേല്പറഞ്ഞവയിൽ ശൃതകഷായത്തെപ്പാറി അല്പം പറവാ നുണ്ട് ഒരുപലം ദ്രവ്യം പ്രസ്ഥാർദ്ധത്തിൽ പചിച്ചു നാലൊന്നാക്കു ന്നതിനാണ് വിധിച്ചിട്ടുള്ളതു ഈ വിധിപ്രകാരം പ്രസ്ഥാർദ്ധം എ ന്നുള്ളത് ഇടങ്ങഴിയിൽ പകുതിയാണ് നാലുപലം അളവുള്ള സാ ധനം കുഡബവും നാലു കുഡബം അളവുള്ളസാധനം പ്രസ്ഥവും ആണെന്നു അളവുതുക്കങ്ങളെക്കുറിക്കുന്ന മാനപരിഭാഷയിൽ നി ർദ്ദേശിച്ചിരിക്കുന്നു ഈ നിർദ്ദേശം അനുസരിക്കുമ്പോൾ ഒരുപലം ദ്ര വ്യം എട്ടുപലം ദ്രവത്തിൽ പചിച്ചു രണ്ടുപലം ശേഷിപ്പിക്കേണ്ട തായിരുന്നു ഈ വ്യവസ്ഥ ഇപ്പോഴത്തെ കഷായകല്പനക്കു വിപരീ തമായിവരുന്നു ചിലദിക്കിൽ ഇടങ്ങഴിയും ചിലദിക്കിൽ ഒന്നേകാ ൽ ഇടങ്ങഴിയുംദ്രവമാണ് ക്വാഥകല്പനക്കു യോജിപ്പിച്ചുകാണുന്നതു ഇങ്ങനെ ചെയ്യുന്നതിനു പ്രാചീനകാലംമുതൽക്കേ ഒരു നിയമമി ല്ലെങ്കിൽ ഈ രീതി ഏർപ്പെടുന്നതല്ലായിരുന്നു ഇതിലേക്കു ദിഗ്ഗ ണം യോജയേദാർദ്ര കഡുവാദിതഥാദ്രവം എന്നുള്ളമതം ക്രിയാകു ശലന്മാരായ വൃദ്ധവൈദ്യന്മാർ അനുസരിച്ചിരിക്കണമെന്നുള്ളതു സംഭാവ്യമാണ്. "ശൃതകഷായസ്യപലം ദ്രവസ്യഷോഡശംപലം നിചതപാദ്ധവശേഷ്യന്നി" എന്നുമററും ആചാര്യന്മാർതന്നെ മു

ക്തകകളും പറഞ്ഞിട്ടുണ്ട്. ഇതിനെ ചരകാദികളും അനുസരിച്ചിരിക്കുന്നു. അതിനാൽ ക്വാഥകഷായത്തിന്നു ഒരുപലം ദ്രവ്യം പതിനാറുപലം ദ്രവത്തിൽ ഇട്ടു ക്വഥിപ്പിച്ചു നാലൊന്നാക്കി കുടിപ്പിക്കുകതന്നെയാണ് സ്വീകാൎയ്യമായിട്ടുള്ളത്. നാലൊന്നാക്കുമ്പോൾ കിട്ടുന്ന നാലുപലം ഒന്നായി കുടിപ്പിക്കുന്നതു മധ്യമബലക്കാരായ രോഗികൾക്കു ഗുണകരമായി വരുന്നതല്ലാത്തതിനാൽ ശാൎങ്ഗധരൻെറ "അഷ്ടമാംശാവശേഷിതം" എന്ന പാഠം സ്വീകരിക്കുകയാണ് നിരുപദ്രവത്തിനു കുറേക്കൂടി ശരണമായിക്കാണുന്നത്.

പുടപാകകല്പന.

മൂ— പുടപാകസ്യകല്കസ്യസ്വരസോഗൃഹ്യതേയതഃ
അതസ്തുപുടപാകാനാംയുക്തിരത്രോച്യതേമയാ
പുടപാകസ്യമാത്രേയംലേപസ്യാംഗാരവൎണ്ണതാ
ലേപംചദ്വ്യംഗുലംസ്ഥൂലംകുൎയ്യാദ്വാംഗുഷ്ഠമാത്രകം
കാശ്മരീവടജംബ്വാദിപത്രൈൎവ്വേഷ്ടനമുത്തമം
പലമാത്രംരസോഗ്രാഹ്യഃകൎഷമാത്രംമധുകംക്ഷിപേൽ
കല്കചൂൎണ്ണദ്രവാദ്യാസ്തുജ്ഞേയാഃസ്വരവൈദ്യകൈഃ

വ്യാ—പുടപാകകല്കത്തിൽനിന്നും സ്വരസം എടുക്കാനുള്ള യുക്തി ഇവിടെ പറയപ്പെടുന്നു. ലേപത്തിന്നു അഗ്നിവൎണ്ണമുണ്ടാകുമ്പോൾ പുടപക്വതയെ പ്രാപിച്ചു എന്നറിയണം. അതായതു പുറത്തു പൊതിഞ്ഞിട്ടുള്ള ലേപനദ്രവ്യമായ മണ്ണു അഗ്നിസംയോഗത്താൽ അഗ്നിയുടെ നിറമായി കാണുമ്പോൾ അതു വേണ്ട വിധം തപ്തമായി എന്നറിയണം. പുടപാകത്തിന്നുള്ള ഔഷധങ്ങളെ അരച്ചുരുട്ടി കുമിഴ, പേരാൽ, ഞാവൽ മുതലായവയുടെ ഇലകൊണ്ടു പൊതിഞ്ഞ് അതിൻെറമീതേ ശീലമൺ ചെയ്യണം. ഇങ്ങനെ ചെയ്യേണ്ടതു രണ്ടംഗുലഘനത്തിലൊ പെരുവിരലിൻെറ ഘനത്തിലൊ ആയിരിക്കണം അതിൻെറശേഷം തീയിട്ടു മേൽപ്രകാരം ചുട്ടെടുക്കുക. ആറിയശേഷം മണ്ണുകളഞ്ഞു പിഴിഞ്ഞെടുക്കുക, ഇങ്ങനെ കിട്ടുന്ന രസം പുടപാകരസം എന്നു പറയപ്പെടുന്നു. അതിൽ അനുപാനമായി മൂന്നുകഴഞ്ചു തേൻ ചേൎക്കണം. കല്കം, ചൂൎണ്ണം, ദ്രവം മുതലായവ അനുപാനമായി ചേൎക്കുമ്പോൾ സ്വരസത്തിനു പറഞ്ഞ കണക്കിനെ അനുസരിക്കണം.

ഘൃതാദികല്പന.

മൂ— ഘൃതതൈലഗുഡാദീംശ്ചസാധയേന്നൈകവാസരേ

ചതുൎഗ്ഗുണദ്രവസാധ്യംതസ്യമാത്രാപലോന്മിതാ
നിക്ഷിപ്യക്വാഥയേത്തോയംക്വാഥ്യദ്രവ്യാച്ചതുൎഗ്ഗുണം
പാദശിഷ്ടംഗൃഹീത്വാചസ്നേഹംതേനൈവസാധയേൽ
ചതുൎഗ്ഗുണംമൃദുദ്രവ്യെകഠിനേഷ്ടഗുണംജലം
അത്യന്തകഠിനേദ്രവ്യെനീരംഷോഡശകംമതം
തഥാചമധ്യമേദ്രവ്യേദദ്യാദഷ്ടഗുണംപയഃ
കഷായതഃപലംയാവൽക്ഷിപേൽഷോഡശകംജലം
തദൂൎദ്ധ്വംകുഡവംയാവദ്ദേദഷ്ടഗ്ഗുണംപയഃ
പ്രസ്ഥാദിതഃക്ഷിപേന്നീരംഖാരീയാവച്ചതുൎഗ്ഗുണം
അംബുക്വാഥരസൈൎയ്യത്രപൃഥക്‌സ്നേഹസ്യസാധനം
കല്ക്കസ്യാംശംതത്രദദ്യാച്ചതുൎത്ഥംഷഷ്ഠമഷ്ടമം
ദുഗ്ദ്ധേദധിരസേതക്രേകല്ക്കോദേയോഷ്ടമാംശകഃ
കല്ക്കസ്യസമ്യക്പാകാൎത്ഥംതോയമത്രചതുൎഗ്ഗുണം
ദ്രവാണിയത്രസ്നേഹേഷുപഞ്ചാദീനിഭവന്തിഹി
തത്രസ്നേഹസമാന്യാഹുൎയ്യഥാപൂൎവ്വംചതുൎഗ്ഗുണം
ദ്രവേണകേവലേനൈവസ്നേഹപാകോഭവേദ്യദി
തത്രാംബുപിഷ്ടഃകല്ക്കഃസ്യാജ്ജലംചാത്രചതുൎഗ്ഗുണം
ക്വാഥേനകേവലേനൈവപാകോയത്രേരിതഃക്വചിൽ
ക്വാഥദ്രവ്യസ്യകല്ക്കോപിതത്രസ്നേഹേപ്രയുജ്യതേ
കല്ക്കഹീനസ്തുയഃസ്നേഹഃസസാധ്യഃകേവലേദ്രവേ
പുഷ്പകല്ക്കസ്തുയഃസ്നേഹസ്തത്രതോയംചതുൎഗ്ഗുണം
സ്നേഹനേഹാഷ്ടമാംശശ്ചപുഷ്പകല്ക്കഃപ്രയുജ്യതേ.

വ്യാ—ഘൃതതൈലയോഗങ്ങളിൽസ്നേഹംകല്ക്കദ്രവ്യത്തിൽനിന്നും നാലുമടങ്ങു യോജിപ്പിക്കണം. സ്നേഹത്തിൽനിന്നും ദ്രവം നാലിരട്ടിയുണ്ടായിരിക്കണം. അതിന്റെ മാത്ര ഒരുപലമാകുന്ന കഷായദ്രവ്യത്തിൽനിന്നും നാലിരട്ടി ദ്രവംചേൎത്തു പചിച്ചു നാലൊന്നാക്കി അതിൽ സ്നേഹം ചേൎത്തു സാധിക്കണം. മൃദുവീൎയ്യങ്ങളായ ഔഷധങ്ങൾ കൊണ്ടാകുമ്പോൾ കഷായദ്രവ്യമാത്രയിൽനിന്നും ദ്രവം നാലിരട്ടി യോജിപ്പിക്കണം. കഠിനവീൎയ്യങ്ങളായ ഔഷധങ്ങൾ കൊണ്ടാകുമ്പോൾ ജലം എട്ടിരട്ടി യോജിപ്പിക്കണം. അത്യന്തം കഠിനവീൎയ്യങ്ങളായ ഔഷധങ്ങൾ കൊണ്ടാകുമ്പോൾ വെള്ളം പതിനാറിരട്ടി ചേക്കണം. അതിവണ്ണംതന്നെ മധ്യമവീൎയ്യങ്ങളായ ഔഷധപാകങ്ങളിൽ ജലം എട്ടിരട്ടി ചേക്കേണ്ടതാണ്. കൎഷം(മൂന്നകഴഞ്ച)മുതൽ പലം വരെയുള്ള മാത്രകളിൽ ജലം പതിനാറിരട്ടി ചേക്കണം. അതിനുമേൽ നാഴിവരെ അളവുള്ള കഷായദ്ര

വ്യങ്ങളിൽ എട്ടിരട്ടി വെള്ളം ചേൎക്കണം. ഇടങ്ങഴി (൧൬ പലം) മുതൽ ഖാരി (൨൦൪൮ ഇടങ്ങഴി) വരെ വെള്ളം നാലുമടങ്ങാകുന്നു. വെള്ളത്തിലോ കഷായശേഷത്തിലോ സ്വരസത്തിലോ വെവ്വേറെ സ്നേഹപാകം ചെയ്യുമ്പോൾ കല്ക്കദ്രവ്യം സ്നേഹത്തിന്റെ നാലിലൊന്നും ആറിലൊന്നും എട്ടിലൊന്നും കണ്ടു കണക്കാക്കി ചേൎക്കണം. പാലിലോ തൈർവെള്ളത്തിലോ മോരിലോ സ്നേഹപാകം ചെയ്യുമ്പോൾ സ്നേഹത്തിന്റെ എട്ടിലൊന്നു കണക്കാക്കി കല്ക്കം ചേൎക്കണം. കല്ക്കം വഴിയാംവണ്ണം പാകംവരുന്നതിന്നായി ജലം നാലുമടങ്ങുണ്ടായിരിക്കേണ്ടതാണ്. യാതൊരു സ്നേഹയോഗത്തിൽ അഞ്ചു ദ്രവങ്ങൾ ചേൎക്കേണ്ടതായിവന്നാൽ അവ സ്നേഹത്തോടു സമപരിമാണങ്ങളായിരിക്കണം. കേവലം ജലത്തിൽ സ്നേഹപാകം ചെയ്കയാണെങ്കിൽ മുമ്പു പറഞ്ഞതിന്മണ്ണം ജലം സ്നേഹത്തിന്റെ നാലുമടങ്ങുണ്ടായിരിക്കണം. കല്ക്കം വെള്ളത്തിൽ അരച്ചു കലക്കുകയാണെങ്കിൽ അവിടെയും ജലം നാലുമടങ്ങുവേണം കേവലം കഷായദ്രവം ചേൎത്തു പാകം ചെയ്യുന്നതെന്നു പറയുന്ന സ്ഥലത്തു കഷായത്തിൽ കൂട്ടിയ ഔഷധംതന്നെ കല്ക്കത്തിനും കൂട്ടണം. കല്ക്കമില്ലാത്ത സ്നേഹപാകത്തിൽ കേവലമായ ദ്രവം കൂട്ടണം. യാതൊരു സ്നേഹപാകത്തിൽ പുഷ്പകല്ക്കം പറയപ്പെടുന്നു അവിടെ ദ്രവം നാലിരട്ടി ചേൎക്കണം. പുഷ്പകല്ക്കം സ്നേഹത്തിൽ ചേൎക്കുമ്പോൾ സ്നേഹമാത്രയുടെ എട്ടിലൊന്നു കല്ക്കമാത്രയായിരിക്കണം.

അരിഷ്ടാസവവിധി.

മൂ— ദ്രവേഷു ചിരകാലസ്ഥം ദ്രവ്യം യത്സന്ധിതം ഭവേൽ
ആസവാരിഷ്ടഭേദൈസ്തു പ്രോച്യതേ ഭേഷജോചിതം
യദപക്വൌഷധാംബുഭ്യാം സിദ്ധം മദ്യം സ ആസവഃ
അരിഷ്ടഃ ക്വാഥസാധ്യഃ സ്യാത്തയോൎമ്മാനമ്പലോന്മിതം
അനുക്തമാനാരിഷ്ടേഷു ദ്രവദ്രോണേ തുലാം ഗുഡം
ക്ഷൌദ്രം ക്ഷിപേദ്ഗുഡാദൎദ്ധം പ്രക്ഷേപം ദശമാംശകം

വ്യാ—വളരെനാൾ ഔഷധങ്ങൾ ദ്രവങ്ങളിൽ ഇട്ടു വച്ചിരുന്നു സാധിച്ചെടുക്കുന്ന ഔഷധത്തിന്റെ പ്രയോഗഭേദം അനുസരിച്ചു അതിന് അരിഷ്ടമെന്നും ആസവമെന്നും പേർ പറയപ്പെടുന്നു. ഔഷധദ്രവ്യം അഗ്നിപാകം കൂടാതെ ദ്രവങ്ങളിൽ ഇട്ടിരുന്നു കഴിച്ചുവച്ചു പുളിപ്പിച്ചെടുക്കുന്ന മദ്യത്തിനെ ആസവമെന്നു പറയുന്നു. ഔഷധങ്ങൾ ദ്രവങ്ങളിൽ ഇട്ടു അഗ്നിപാകംകൊണ്ടു പചിച്ചശേഷം കഴിച്ചുവച്ചു പുളിപ്പിച്ചെടുക്കുന്നതു അരിഷ്ടമാകുന്നു. ഇ

പ രണ്ടും ഒരുഃനാഴി ഒരു പലം സേവിക്കാം. അരിഷ്ടങ്ങളിൽ ഔഷധത്തിന്റെ കണക്കുകൾ പറയാതിരുന്നാൽ അവിടെ ദ്രവം പതിനാറിടങ്ങഴിയും ഒരുതുലാം ശൎക്കരയും ചേൎക്കണം. തേൻ ശൎക്കരയുടെ പകുതികണ്ടു ചേൎക്കണം. അതിൽ ഇടേണ്ട ഔഷധങ്ങൾ പത്തിലൊന്നും ആയിരിക്കണം.

മൂ— ജ്ഞേയഃശീതരസഃസീധുരപക്വമധുരദ്രവൈഃ
സിദ്ധഃപക്വരസഃസീധുഃസമ്പക്വമധുരദ്രവൈഃ
പരിപക്വാന്നസന്ധാനസമുല്പന്നാംസുരാംജഗുഃ
സുരാമണ്ഡഃപ്രസന്നാസ്യാത്തതഃകാദംബരീഘനാ
തദധോജഗളോജ്ഞേയാമേദകോജഗളാദ്ഘനഃ
പക്വതസോഹൃതസാരഃസ്യാൽസുരാബീജഞ്ചകിണ്വകം
യത്താലഖൎജ്ജൂരരസൈഃസന്ധിതാസാഹിവാരുണീ
കന്ദമൂലഫലാദീനിസസ്നേഹലവണാനിച
യത്രദ്രവേഭിഷൂയന്തേതൽസൂക്തമഭിധീയതേ
വിനഷ്ടമമ്ലതാംയാതംമദ്യംവാമധുരദ്രവഃ
വിനഷ്ടഃസന്ധിതോയസ്തുതച്ചുക്രമഭിധീയതേ
ഗുഡാംബുനാസതൈലേനകന്ദമൂലഫലൈസ്തഥാ
സന്ധിതഞ്ചാമ്ലതാംയാതംഗുഡസൂക്തംപ്രചക്ഷതേ
ഏവമേവേക്ഷുസൂക്തംസ്യാൻമൃദ്വീകാസംഭവന്തഥാ
തുഷാംബുസന്ധിതംജ്ഞേയമാമൈൎവ്വിദലിതൈൎയ്യവൈഃ
യവൈസ്തുനിസ്തുഷൈഃപക്വൈഃസൌവീരംസന്ധിതംഭവേ [ൽ
കുന്മാഷധാന്യമണ്ഡാദിസന്ധിതങ്കാഞ്ചികംവിദുഃ
ശണ്ഡാകീസന്ധിതാജ്ഞേയാമൂലകൈഃസൎഷപാദിഭിഃ

വ്യാ—മധുരദ്രവങ്ങൾ അഗ്നിപാകം കൂടാതെ യോജിപ്പിച്ചു ശീതവീൎയ്യമായിരിക്കുന്നത് "ശീതരസം സീധു" എന്നുപറയപ്പെടുന്നു. പാകംവന്ന മധുരദ്രവങ്ങൾ അഗ്നിപാകംകൊണ്ടു സാധിച്ചതിനു "പക്വരസഃ സീധു" എന്നു പറയപ്പെടുന്നു. വഴിഃപോലെ പാകംവന്ന ചോററിൽ വെള്ളമൊഴിച്ചു വച്ചിരുന്നു അതിൽ തെളിയുന്നതെളിയെ സുരാ എന്നു പറയുന്നു. സുരയുടെ തെളിയെ പ്രസന്നായെന്നു പറയുന്നു. അതിൽ നിന്നും കൊഴുത്തതിനെ കാദംബരി എന്നു പറയുന്നു. കാദംബരിയിൽ നിന്നും കൊഴുത്തതിനെ ജഗളമെന്നു പറയുന്നു. ജഗളത്തിൽനിന്നും കൊഴുപ്പേറിയതിനെ മേദകം എന്നു പറയുന്നു. കാച്ചി വററിച്ചതായ അതിന്റെ സാരത്തെ സുരാബീജം എന്നും കിണ്വകം എന്നും പറ

ന്നു. താലഖർജ്ജൂരരസങ്ങളെക്കൊണ്ടു സാധിക്കുന്നതു വാരുണിയാകുന്നു. കിഴങ്ങ്, വേരു, കായ ഇവയും ലവണങ്ങളും സ്നേഹവും ചേൎത്തു ദ്രവമാക്കി പുളിപ്പിച്ചെടുക്കുന്നതു സൂക്തമാകുന്നു. അതിൽനിന്നും പുളികളഞ്ഞെടുക്കുന്നതു മദ്യമാകുന്നു. മധുരദ്രവം നശിപ്പിച്ചെടുക്കുന്നതു ചുക്രമാകുന്നു. പതിയൻശൎക്കരയോടു എണ്ണയും അതിന്മണ്ണം കിഴങ്ങും വേരും ഫലവും ചേൎത്തു പുളിപ്പിച്ചതു ഗുഡസൂക്തമാകുന്നു. ഇതിന്മണ്ണം മുന്തിരിങ്ങാപ്പഴംകൊണ്ടും കരിമ്പിൻനീരുകൊണ്ടും സൂക്തം ഉണ്ടാക്കാം. തണുത്ത വെള്ളത്തിൽ തൊലികളയാത്ത യവമിട്ടു പാകംചെയ്യാതെ എടുക്കുന്നതു തുഷാംബുവാകുന്നു തൊലികളഞ്ഞ യവമിട്ടു അഗ്നിപാകംചെയ്യെടുക്കുന്നതു സൌവീരമാകുന്നു. പകുതി വേകിച്ച ധാന്യങ്ങളുടെ തെളിക്കു കാഞ്ചികമെന്നു പേർ മൂലകങ്ങളും കടുകു തുടങ്ങിയ ക്ഷാരദ്രവ്യങ്ങളും ചേൎത്തു പുളിപ്പിച്ചെടുക്കുന്നതിനു ശണ്ഡാകീ എന്നു പേർ.

ക്വാഥയോഗങ്ങൾ.

ഗുളൂച്യാദിഗണക്വാഥം.

ശ്ലൊ— ഗുളൂചീധാന്യകാരിഷ്ട രക്തചന്ദനപദ്മകൈഃ
ഗുളൂച്യാദിഗണക്വാഥഃ സൎവ്വജ്വരഹരഃസ്മൃതഃ

വ്യാ—ചിറാമൃത്, കൊത്തമ്പാലരി, വേപ്പ്, രക്തചന്ദനം, പതുമുകം ഇവ കഷായം എല്ലാ ജ്വരങ്ങളും ശമിക്കും.

ക്ഷുദ്രാദികക്വാഥം.

ശ്ലൊ— ക്ഷുദ്രാകിരാതതിക്തംച ശുണ്ഠീഛിന്നാചപൌഷ്കരം
കഷായ എഷാംശമയേൽ പീതാശ്ചാഷ്ടവിധംജ്വരം

വ്യാ—കണ്ടകാരിച്ചുണ്ട, നിലവേപ്പ, ചിററമൃതു, ചുക്കു, പുഷ്കരമൂലം ഇവ കഷായം എട്ടുവിധം ജ്വരങ്ങളും ശമിക്കും.

കടുഫലാദികക്വാഥം.

ശ്ലൊ— ഫലാംബുദഭാൎങ്ങിഭിഃ ധാന്യരോഹിഷപൎപ്പടൈഃ
വചാഹരീതകീശൃംഗീ ദേവദാരുമഹൌഷധൈഃ
ക്വാഥഃകാസം ജ്വരം ഹന്തി ശ്വാസശ്ലേഷ്മഗളഗ്രഹാൻ.

വ്യാ—കുമിഴ, മുത്തങ്ങ, ചെറുതേക്കു, കൊത്തമ്പാലരി, പൎപ്പടകപ്പുല്ലു വയമ്പു കടുക്കാ കൎക്കടശൃംഗി ദേവതാരം ചുക്കു ഇവ കഷായം ചുമ ജ്വരം ശ്വാസം കഫം ഗളഗ്രഹം ഇവ ശമിക്കും.

നിദിഗ്ധികാദികഷായം.

ശ്ലൊ— നിദിഗ്ധികാമൃതാശുണ്ഠി കഷായംപായയേൽഭിഷൿ
പിപ്പലീചൂൎണ്ണസംയുക്തം ശ്വാസകാസാൎത്തിതാപഹം
പീനസാരുചിവൈഖൎയ്യശൂലാജീൎണ്ണജ്വരഛിദം.

വ്യാ—വുത്തരിച്ചുണ്ട, അമൃതു, ചുക്ക, ഇവകഷായം തിപ്പലിപൊടിച്ചുചേൎത്തു കുടിക്കുക ശ്വാസം ചുമ അൎദിതം പീനസം രുചിക്കേടു വൈഖൎയ്യം ശൂല അജീൎണ്ണം ജ്വരം ഇവശമിക്കും.

വാശാദികഷായം

ശ്ലൊ— വാശാക്ഷുദ്രാമൃതാകഷായഃ ക്ഷൌദ്രേണജ്വരകാസഹാ
കാസഘ്നഃ പിപ്പലീചൂൎണ്ണയുക്തഃ ക്ഷുദ്രാ ശൃതസ്തഥാ

വ്യാ—ആടലോടകം കണ്ടകാരിച്ചുണ്ട അമൃതു ഇവകഷായം തേൻ ചേൎത്തുകുടിക്കുക ജ്വരം ചുമ ഇവശമിക്കുംഅപ്രകാരം കണ്ടകാരിച്ചുണ്ട കഷായത്തിൽതിപ്പലിപ്പൊടിചേൎത്തു കുടിച്ചാൽ ചുമശമിക്കും

പടോലാദികഷായം.

ശ്ലൊ— പടോലംചന്ദനംമൂൎവ്വാ തിക്താപാഠാമൃതാഗണഃ
പിത്തശ്ലേഷ്മജ്വരഛൎദ്ദി ദാഹകംപവിഷാപഹഃ

വ്യാ—പടവലം, ചന്ദനം, പെരുങ്കുരുമ്പ, വുത്തരിച്ചുണ്ടവേർ, പാടക്കിഴങ്ങ്, അമൃത് ഇവകൊണ്ടുള്ള കഷായം പിത്തശ്ലേഷ്മജ്വരം, ഛൎദ്ദി, ദാഹം, ചൊറിച്ചിൽ വിഷം ഇവയെക്കളയും.

കണ്ടകാൎയ്യാദികഷായം.

ശ്ലൊ— കണ്ടകാരീദ്വയംശുണ്ഠീ ധാന്യകംസുരദാരുച
ഏഭിഃ ശൃതം പാചനം സ്യാത്സൎവ്വജ്വരവിനാശനം

വ്യാ— കണ്ടകാരിച്ചുണ്ട, ചെറവഴുതിന, ചുക്ക, കൊത്തമ്പാലരി, ദേവതാരം, ഇവകൊണ്ടുള്ളകഷായം പാചനമായും എല്ലാജ്വരത്തെയും കളയുന്നതായും ഭവിക്കും.

—∞※∞—

പടോലാദികഷായം.

ശ്ലൊ— പടോലേന്ദ്രയവദാരു ത്രിഫലാമുസ്തഗോസ്തനൈഃ
മധുകാമൃതവാസാനാം കഷായംക്ഷൌദ്രയുതംപിബേൽ
സന്തതേസതതേചൈവ ദ്വിതീയകതൃതീയകേ
ഐകാഹികേവാ വിഷമെ ദാഹപൂൎവ്വേ നവജ്വരേ

വ്യാ—പടവലം, കുടകപ്പാലയരി, ദേവതാരം, ത്രിഫല, മുത്തങ്ങ, ഞെരിഞ്ഞിൽ, ഇരട്ടിമധുരം, ചിറ്റാമൃതു, ആടലോടകവേര ഇവകൊണ്ടുള്ള കഷായം തേൻചേൎത്തു സേവിക്കണം. സന്തതം,

സതതം, ദ്വിതീയകം, തൃതീയകം, ഏകാഹികം ഇവയിലും ദാഹപൂൎവ്വമായ നവജ്വരത്തിന്റെ വിഷമാവസ്ഥയിൽ വികല്പേനയും ഇതു ശമനകരമാകുന്നു.

ഗുളൂച്യാദികഷായം.

മൂ— ഗുളൂചീ പിപ്പലീമൂല നാഗരൈഃ പാചനം സ്മൃതം
ദദ്യാദ്വാതജ്വരേ പൂൎണ്ണ ലിംഗേ സപ്തമ വാസരേ

വ്യാ—ചിററമൃതു, പിപ്പലീമൂലം ചുക്ക ഇവ കൊണ്ടുള്ള കഷായം ലക്ഷണപൂൎത്തിയുള്ള വാതജ്വരത്തിങ്കൽ ഏഴാംദിവസം സേവിപ്പിച്ചാൽ പാചനമുണ്ടാകുന്നതാണ്.

ശാലിപൎണ്ണ്യാദികഷായം.

മൂ— ശാലിപൎണ്ണീ ബലാദ്രാക്ഷാ ഗുളൂചീ സാരിവാതഥാ
ആസാം കഷായം പിബേൽകോഷ്ണം തീവ്രവാതജ്വരച്ഛിദം

വ്യാ—ഓരിലവേർ, കുറന്തോട്ടിവേർ, മുന്തിരിങ്ങ, ചിററമൃതു, നറുനീണ്ടി, ഇവ കൊണ്ടുള്ള കഷായം അല്പം ചൂടോടെ കുടിച്ചാൽ കഠിനമായ വാതജ്വരം ശമിക്കും.

കാശ്മൎയ്യാദികഷായം.

മൂ— കാശ്മരീസാരിവാദ്രാക്ഷാ ത്രായമാണാമൃതാഭവഃ
കഷായഃ സഗുഡഃ പീതോ വാതജ്വരവിനാശനഃ.

വ്യാ—കുമിഴിൻവേർ, നറുനീണ്ടിക്കിഴങ്ങു, മുന്തിരിങ്ങാപ്പഴം, ബ്രഹ്മി, അമൃതു ഇവ കൊണ്ടുള്ള കഷായം മൂന്നുകഴഞ്ചു ശൎക്കര ചേൎത്തു കുടിച്ചാൽ വാതജ്വരം ശമിക്കും.

കലിംഫലാദികഷായം.

മൂ— കലിംഫലേന്ദ്രയവാപാഠാ തിക്താമുസ്തൈഃ ശൃതം ജലം
പാചനം ദശമേഹ്നിസ്യാ തീവ്രേ പിത്തജ്വരേനൃണാം

വ്യാ—കുമിഴിവേർ, കുടകപ്പാലയരി, പാടക്കിഴങ്ങു, കടുരോഹിണി മുത്തങ്ങ, ഇവ കൊണ്ടുള്ള കഷായം കഠിനമായ പിത്തജ്വരത്തിൽ പത്താംദിവസം കുടിപ്പിച്ചാൽ പാചനത്തെ ചെയ്യും.

പപ്പടാദികഷായം.

മൂ— പൎപ്പടോ വാസകസ്സുക്താ കൈരാതോധന്വയാഷകഃ
ക്രിമംഗ്രശ്ചകൃതഃ ക്വാഥ ഏഷാംശൎക്കരയായുതഃ
പിപാസാദാഹപിത്താസ്ര യുതംപിത്തജ്വരംജയേൽ

വ്യാ—പൎപ്പടകപ്പുല്ല്, ആടലോടകം, കടുഃരാഹിണി, നില വേപ്പ്, കൊടിത്തൂവ്വ, ഞൊഴൽ, ഇവ കഷായം പഞ്ചസാരചേൎത്തു കൊടുക്കുക, വെള്ളദ്ദാഹം, സൎവ്വാംഗംചുട്ടു, രക്തപിത്തം ഇവഃയൊടുകൂടിയ പിത്തജ്വരം ശമിക്കും.

ദ്രാക്ഷാദികഷായം.

മൂ— ദ്രാക്ഷാഹരിതകീമുസ്താ കടുകീകൃതമാലകഃ
പൎപ്പടശ്ചകൃതഃകഷായ ഏഷാംപിത്തജ്വരാപഹഃ

വ്യാ—മുന്തിരിങ്ങ, കടുക്ക, മുത്തങ്ങ, കടുരോഹിണി, കൊന്ന, പൎപ്പടകപ്പുല്ല ഇവകൊണ്ടുള്ള കഷായം പിത്തജ്വരശമനകരമാകുന്നു.

പൎപ്പടകഷായം.

മൂ—ഏകഃ പൎപ്പടകഃ ശ്രേഷ്ഠഃ പിത്തജ്വരവിനാശനഃ
കിംപുനൎയ്യദിയുജ്യേത ചന്ദനോശീരവാളകൈഃ

വ്യാ—പൎപ്പടകപ്പുല്ലു ഒന്നുകൊണ്ടുമാത്രം കഷായമാക്കി സേവിച്ചാൽ പിത്തജ്വരത്തെ ശമിപ്പിക്കും പിന്നീടു ചന്ദനം, രാമച്ചം ഇരുവേലി ഇവഃയൊടുകൂടിയാൽ നിശ്ചയമായും ശമിക്കും.

മൂ— തഥാപൎപ്പടജകഷായഃ പിത്തജ്വരഹരഃ പരഃ
കിംപുനൎയ്യദിയുജ്യേത ചന്ദനോദിച്യനാഗരൈഃ

വ്യാ—അപ്രകാരം പൎപ്പടകപ്പുല്ലുകൊണ്ടുള്ള കഷായം പിത്തജ്വരഹരമാകുന്നു—അതിനോടു ചന്ദനം, ഇരുവേലി ചുക്ക, ഇവ ചേൎത്താൽ പിത്തജ്വരം നിശ്ചയമായും ശമിക്കും.

(പാചനായ) ബീജപൂരാദികഷായം.

മൂ— ബീജപൂരശിഫാപഥ്യാ നാഗരഗ്രന്ഥികൈഃ ശൃതം
സക്ഷാരംപാചനംശ്ലേഷ്മജ്വരേദ്വാദശവാസരേ

വ്യാ—മാതളനാരകം, താമരക്കിഴങ്ങു, കടുക്ക, ചുക്ക, കാട്ടുതിപ്പലി ഇവ കഷായം ചവക്കാരം മേമ്പൊടി ശ്ലേഷ്മജ്വരത്തിങ്കൽ പന്ത്രണ്ടാംദിവസം ഈ കഷായം പാചനത്തെ ചെയ്യുന്നതാകുന്നു.

ഭൂനിംബാദികഷായം.

മൂ— ഭൂനിംബനിംബപിപ്പല്യഃ ശഠീശുണ്ഠീശതാവരി
ഗുളൂചിബൃഹതീചഃ തികഷായോഹന്യാൽകഫജ്വരം

വ്യാ—നിലവേപ്പു, വേപ്പു, തിപ്പലിമൂലം, അത്തിത്തിപ്പലി, കച്ചോലം, ചുക്ക, ശതാവരിക്കിഴങ്ങു, ചിററമൃതു കണ്ടകാരി ഇവ കൊണ്ടുള്ള കഷായം കഫജ്വരത്തെ ശമിപ്പിക്കും.

പടോലാദികഷായം.

മൂ— പടോലത്രിഫലാതിക്താ ശഠീവാസാമൃതാഭവഃ
കഷായോമധുയുതഃ പീതോ ഹന്യാൽ കഫകൃതംജ്വരം.

വ്യാ—പടവലം, ത്രിഫല, കടുരോഹിണി, കച്ചോലം, ആടലോടകം, ചിറ്റമൃതു, ഇവകൊണ്ടുള്ളകഷായം തേൻചേൎത്തുകുടിച്ചാൽ കഫജ്വരം ശമിക്കും.

പൎപ്പടാദി പഞ്ചഭദ്രകഷായം

മൂ— പൎപ്പടാബ്ദാമൃതാവിശ്വ കൈരാതൈഃ സാധിതംജലം
പഞ്ചഭദ്രമിദംജ്ഞേയം വാതപിത്തജ്വരാപഹം.

വ്യാ—പൎപ്പടകപ്പുല്ല്, മുത്തങ്ങ, അമൃതു, ചുക്കു നിലംവപ്പു, ഇവകൊണ്ടുള്ള കഷായം വാതപിത്തജ്വരത്തെ ശമിപ്പിക്കും. ഇതിന്റെപേർ പഞ്ചഭദ്രമെന്നാകുന്നു.

ക്ഷുദ്രാദികഷായം.

മൂ—ക്ഷുദ്രാശുണ്ഠീഗുളൂചീനാം കഷായഃ പൌഷ്കരസ്യച
കഫവാതാധികേപേയോ ജ്വരേവാപിത്രിദോഷജേ
കാസശ്വാസാരുചികരെ പാൎശ്വശൂലവിധായിനി.

വ്യാ—കണ്ടകാരിച്ചുണ്ട, ചുക്കു, അമൃതു ഇവകൊണ്ടുള്ള കഷായം ചുമ, ശ്വാസം രുചികേടു പാൎശ്വങ്ങളിൽ വേദന ഇവയോടുകൂടിയകഫവാതത്തിലോ സന്നിപാതജ്വരത്തിലോ ഹിതമാകുന്നു.

ആരഗ്വധാദികഷായം.

മൂ— ആരഗ്വധകണാമൂലമുസ്താതിക്താഭയാകൃതഃ
കഷായഃ ശമയതിക്ഷിപ്രം ജ്വരംവാതകഫോത്ഭവം
ആമശൂലപ്രശമനോ ഭേദീദീപനപാചനഃ

വ്യാ—കൊന്ന, തിപ്പലിമൂലം, മുത്തങ്ങ, കടുരോഹിണി, കടുക്ക ഇവകൊണ്ടുള്ള കഷായം വാതകഫാധികമായ ജ്വരത്തെ എത്രയും വേഗം ശമിപ്പിക്കും. ആമശൂലയെ ശമിപ്പിക്കും ഭേദിയേയും ദീപനപാചനത്തേയും ചെയ്യും.

ശാലിപൎണ്യാദികഷായം.

മൂ— ശാലിപൎണ്ണിപൃഷ്ണിപൎണ്ണീബൃഹതീദ്വയഗോക്ഷുരൈഃ
വില്വാഗ്നിമന്ഥശ്യോനാക കാശ്മരീപാടലായുതൈഃ
ദശമൂലമിതിഖ്യാതംക്വഥിതം തജ്ജലംപിബേൽ
പിപ്പലീചൂൎണ്ണസംയുക്തം വാതശ്ലേഷ്മജ്വരാപഹം
സന്നിപാതജ്വരഹരം സൂതികാദോഷനാശനം.

ശോഷശൈത്യഭ്രമസ്വേദകാസശ്വാസവികാരനൽ
ഹൃൽകണ്ഠഗ്രഹപാൎശ്വാൎത്തി തന്ദ്രാമസ്തകശൂലഹൃൽ.

വ്യാ— ഓരില, മൂവില, ചെറുവഴുതന, കണ്ടകാരി, ഞെരിഞ്ഞിൽ, കൂവളത്തിൻവേർ, മുഞ്ഞവേർ, പലകപ്പയ്യാനവേർ, കുമിഴിൻവേർ, പാതിരിവേർ, ദശമൂലം എന്നു പ്രസിദ്ധമായ ഈ ഔഷധംകൊണ്ടുള്ള കഷായം തിപ്പലിപ്പൊടി ചേൎത്തു കുടിക്കുക. വാതശ്ലേഷ്മജ്വരം, സന്നിപാതജ്വരം, സൂതികാദോഷം, ശോഷം, ശൈത്യം, ഭ്രമം, സ്വേദം, കാസം, ശ്വാസം ഇവ ശമിക്കും. ഹൃത്തിനും കണ്ഠത്തിനും ഉള്ള പിത്തം, പാൎശ്വഭാഗങ്ങളിൽ വേദന മടി, തലവേദന ഇവയെ കളയും.

പിപ്പല്യാദികഷായം.

മൂ— പിപ്പലീപിപ്പലീമൂല ചവ്യചിത്രകനാഗരൈഃ
വചാസാതിവിഷാജാജീ പാഠാവത്സകരേണുകൈഃ
കിരാതതിക്തകംമൂൎവ്വാ സൎഷപംമരിചാനിച
കട്ഫലംപുഷ്കരംഭാൎങ്ഗീ വിഡംഗാകൎക്കടാഹ്വയം
അൎക്കമൂലംബൃഹത്സിംഹീ ശ്രേയസീസദുരാലഭാ
ദീപ്യകംചാജമോദാചശ്ശൂകനാസാദിഹിംഗുഭിഃ
ഏതാനിസമഭാഗാനി ഗൃഹ്ണാഷ്ടവിംശകാമത
കഷായമുപഭുഞ്ജീത വാതശ്ലേഷ്മജ്വരാപഹം
ഹന്തിവാതംതഥാശീതം ഛേദജംപ്രബലംകഫം
പ്രലാപംചാതിനിദ്രാംച രോമഹൎഷാരുചീതഥാ
മഹാവാതേപതന്ത്രേച സൎവ്വഗാത്രേചശൂന്യതാ
അയംസൎവ്വജ്വരാൻഹന്തി സന്നിപാതാംസ്ത്രയോദശ.

വ്യാ— തിപ്പലി, തിപ്പലിമൂലം, കാട്ടുതിപ്പലിവേർ, കൊടുവേലിക്കിഴങ്ങു, ചുക്കു, വയമ്പു, അതിവിടയം, ആശാളി, പാടക്കിഴങ്ങു, കുടകപ്പാലയരി, അരേണുകം, നിലവേപ്പു, പെരുംകുരുമ്പ, കടുക, മുളകു, കട്ടുരോഹണി, പുഷ്കരമൂലം, ചെറുതേക്കു, വിഴാലരി, കൎക്കടകശൃംഗി, എരുക്കിൻവേർ, വലിയ വഴുതിന, കട്ടക്കാ, കൊടിത്തൂവ, ജീരകം, അയമോദകം, പലകപ്പയ്യാനവേർ, കായം ഈ ഇരുപത്തെട്ടു മരുന്നുകൾ സമങ്ങൾ ആയി ചേൎക്കണം. ഇക്കഷായം കുടിക്കുക. വാതശ്ലേഷ്മജ്വരം ശമിക്കും. വാതം, ശീതം, മുറിവു നിമിത്തമുള്ള പനി, പ്രബലമായ കഫകോപം, പ്രലാപം, അതിനിദ്ര, രോമഹൎഷം, * അരുചി, മഹാവാതം, അപതന്ത്രകം, സൎവ്വാംഗവാതം, പതിമ്മൂന്നു സന്നിപാതങ്ങൾ മററുള്ള ജ്വരങ്ങൾ ഇവയെ കളെയും.

അമൃതാഷ്ടകകഷായം.

മൂ— അമൃതാരിഷ്ടകടുകാ മുസ്തേന്ദ്രയവനാഗരൈഃ
പടോലചന്ദനാഭ്യാംച പിപ്പലീചൂൎണ്ണയുക്ശൃതം
അമൃതാഷ്ടകമേതച്ച പിത്തശ്ലേഷ്മജ്വരാപഹം
ഛൎദ്ദ്യരോചകഹൃല്ലാസ ദാഹതൃഷ്ണാവിനാശനം.

വ്യാ— അമൃതു, വേപ്പു, കടുരോഹണി, മുത്തങ്ങ, കടകപ്പാലയരി, ചുക്കു, പടവലം, ചന്ദനം ഇവകൊണ്ടുള്ള കഷായം തിപ്പലിപ്പൊടി ചേൎത്തു കുടിക്കുക. ഇതു പിത്തശ്ലേഷ്മജ്വരത്തെക്കളയും. ഛൎദ്ദി, അരുചി, നെഞ്ചുകലിപ്പു, സൎവ്വാംഗസന്താപം, വെള്ളദ്ദാഹം ഇവയെ ശമിപ്പിക്കും.

പടോലാദികഷായം.

മൂ— പടോലംചന്ദനംമൂൎവ്വാ തിക്താപാഠാമൃതാഗണഃ
പിത്തശ്ലേഷ്മജ്വരഛൎദ്ദി ദാഹകണ്ഡൂവിഷാപഹഃ.

വ്യാ— പടവലം, ചന്ദനം, പെരുങ്കുരുമ്പ, കടുരോഹിണി, പാടക്കിഴങ്ങു, അമൃത് ഇവ കഷായം പിത്തശ്ലേഷ്മജ്വരം, ഛൎദ്ദി, സൎവ്വാംഗംചുട്ടു, ചൊറിച്ചിൽ, വിഷം ഇവയെക്കളയും.

വാസകകഷായം.

മൂ— രക്തംപിത്തംക്ഷയംകാസം ശ്ലേഷ്മപിത്തജ്വരംതഥാ
കേവലോവാസകകഷായഃ പീതഃക്ഷൌദ്രേണനാശയേൽ.

വ്യാ— ആടലോടകം മാത്രം കഷായം തേൻ ചേൎത്തു കുടിക്കുക. രക്തപിത്തം, ക്ഷയം, ചുമ, ശ്ലേഷ്മപിത്തജ്വരം ഇവ ശമിക്കും.

അഭയാദികഷായം.

മൂ— അഭയാമുസ്തധാന്യാക രക്തചന്ദനപത്മകൈഃ
വാസകേന്ദ്രയവോശിര ഗുളൂചീകൃതമാലകൈഃ
പാഠാനാഗരതിക്താഭിഃ പിപ്പലീചൂൎണ്ണയുക്ശൃതം
പിബേത്രിദോഷജ്വരജിൽ പിപാസാകാസദാഹനുൽ
പ്രലാപശ്വാസതന്ദ്രാഘ്നം ദീപനംപാചനംപരം
വിണ്മൂത്രാനിലവിഷ്ടംഭവമിശോഷാരുചിഛിദം.

വ്യാ— കടുക്കാ, മുത്തങ്ങ, കൊത്തമ്പാലരി, രക്തചന്ദനം, പതുമുകം, ആടലോടകം, കടകപ്പാലയരി, രാമച്ചം, അമൃതു, കൊന്ന, പാടക്കിഴങ്ങു, ചുക്കു, കടുരോഹിണി ഇവ കഷായം പിപ്പലിപ്പൊടി ചേൎത്തു കുടിക്കുക ത്രിദോഷജ്വരം ശമിക്കും. വെള്ളദ്ദാഹം, ചുമ, സൎവ്വാംഗംചുട്ടു, പേപറയുക, ശ്വാസം, മടി ഇവയെക്കളെയും. ദിപന

പാചനങ്ങളെയുണ്ടാക്കും. മലം മൂത്രം വായു ഇവയുടെ തടവു ഛൎദ്ദി ശോഷം അരുചി ഇവകളെയും കളയും.

കൈരാതാദികഷായം. X

മൂ— കൈരാതകടുകീമുസ്താധാന്യേന്ദ്രയവനാഗരൈഃ
ദശമൂലമഹാദാരു ഗജപിപ്പലികായുതൈഃ
കൃതഃ കഷായഃ പാൎശ്വാൎത്തി സന്നിപാതജ്വരംജയേൽ
കാസശ്വാസവമിഹിക്കാ തന്ദ്രാപ്ലൂൽഗ്രഹനാശനഃ.

വ്യാ— നിലവെപ്പു, കടുരോഹണി, മുത്തങ്ങ, കൊത്തമ്പാലരി, കുടകപ്പാലയരി, ചുക്കു, ദശമൂലങ്ങൾ, ദേവതാരം, അത്തിത്തിപ്പലി ഇവ കഷായം പാൎശ്വങ്ങളിൽ വേദനയോടുകൂടിയ സന്നിപാതജ്വരം ശമിക്കും. ചുമ ശ്വാസം ഛൎദ്ദി ഇക്കിൾ മടി നെഞ്ചിന പിടിത്തം ഇവയും ശമിക്കും.

ക്ഷുദ്രാദികഷായം.

മൂ— ക്ഷുദ്രാധാന്യകശുണ്ഠീഭിൎഗ്ഗുഡൂചീമുസ്തപത്മകൈഃ
രക്തചന്ദനഭൂനിംബ പടോലവൃഷപൌഷ്കരൈഃ
കടുകേന്ദ്രയവാരിഷ്ട ഭാൎങ്ഗീപൎപ്പടകൈഃസമൈഃ
കഷായംപ്രാതരന്നിഷേവേത സൎവ്വശീതജ്വരച്ഛിദം.

വ്യാ— കണ്ടകാരിച്ചുണ്ട, കൊത്തമ്പാലരി, ചുക്കു, അമൃതു, മുത്തങ്ങ, പത്മകം, രക്തചന്ദനം, നിലവേപ്പു, പടവലം, ആടലോടകം, പുഷ്കരമൂലം, കടുരോഹണി, കുടകപ്പാലയരി, വേപ്പു, ചെറുതേക്കു, പൎപ്പടകപ്പുല്ല്, ഇവ സമം ഇക്കഷായം എല്ലാ ശീതജ്വരങ്ങളേയും കളയും.

മുസ്താദികഷായം.

മൂ— മുസ്താക്ഷുദ്രാമൃതാശുണ്ഠി ധാത്രീകഷായഃസമാക്ഷികഃ
പിപ്പലീചൂൎണ്ണസംയുക്തോ വിഷമജ്വരനാശനഃ.

വ്യാ— മുത്തങ്ങ, കണ്ടകാരിച്ചുണ്ട, അമൃതു, ചുക്കു, നെല്ലിക്ക ഇവ കഷായം തിപ്പലിപ്പൊടിയും തേനും ചേൎത്തു കുടിക്കുക വിഷമജ്വരം ശമിക്കും.

ന്യഗ്രോധാദികഷായം.

മൂ— ന്യഗ്രോധപ്ലക്ഷകാശാമ്രഃവേതസോമ്പദരീത്തുണിഃ
മധുയഷ്ടീപ്രിയാളശ്ച ലോധ്രദ്വയമുദുംബരഃ
പിപ്പലശ്ചമധൂകശ്ച തഥാപാരിസപിപ്പലഃ
സല്ലകീതിന്ദുകീജംബു ദ്വയമാമ്രതരുശ്ശിവാ
കദംബകകുഭൌചൈവ ഭല്ലാതകഫലാനിച

ന്യഗ്രോധാദിഗണ കഷായം യഥാലാഭം ചകാരയേൽ
അയം കഷായോ മഹാഗ്രാഹി വ്രണന്യാഭഗ്നം ച സാധയേൽ
യോനിദോഷഹരോദാഹ മേദോമേഹ വിഷാപഹഃ.

വ്യാ— പേരാൽ, ചിററാൽ, ജാതിക്കാ, ഞെരിഞ്ഞാമ്പുളി, ലന്ത, പട്ടകരണ, ഇരട്ടിമധുരം, മരൾ, പാച്ചോററിത്തൊലി, വെട്ടിവേർ, അത്തി, തിപ്പലി, ഇരിപ്പക്കാതൽ, പാഴസിപിപ്പല, ഈന്തൽ, പനച്ചി, ഞാവൽ, ഞാഴൽ, മാവു, കട്ടക്കാ, കടമ്പു, നീർമരുതു, ചേക്കുരു ഇതു ന്യഗ്രോധാദിഗണമാകുന്നു. ഈ കഷായം ഏററവും മലബന്ധത്തെ ചെയ്യും വ്രണങ്ങളെ ഉണക്കും. യോനിദോഷങ്ങളെ ഇല്ലാതാക്കും. സവ്വാംഗം ചൂട്ട മേദോദോഷം മേഹം വിഷം ഇവയേയും കളയും.

ഗുഡൂച്യാദികഷായം.

മൂ— ഗുഡൂച്യാതിവിഷാശുണ്ഠി മുസ്തൈഃ കഷായഃ കൃതോ ജയേൽ
ആമാനുഷക്താം ഗ്രഹണീം ഗ്രാഹീ പാചനദീപനഃ.

വ്യാ— അമൃത്, അതിവിടയം, ചുക്ക, മുത്തങ്ങ ഇവ കഷായം ആമത്തോട്ടകൂടി ഗ്രഹണിയെ ജയിക്കും. ദീപനപാചനം വരുത്തുകയും മലം പിടിക്കുകയും ചെയ്യും.

ദശമൂലകഷായം.

മൂ— ദശമൂലകൃതഃ കഷായ സയവക്ഷാരസൈന്ധവഃ.
ഹൃദ്രോഗഗുന്മശൂലാനി കാസം ശ്വാസം ച നാശയേൽ.

വ്യാ— കുമ്പിൾ, കൂവളം, പാതിരി, പലകപ്പയ്യാന, മുഞ്ഞ, ഓരില, മൂവില, ചെറുവഴുതിന, കണ്ടകാരി, ഞെരിഞ്ഞിൽ ഇവയുടെ വേർ കഷായം. യവക്ഷാരവും ഇന്തുപ്പും ചേത്തു കുടിക്കുക. ഹൃദ്രോഗം ഗുന്മം ശൂല കാസം ശ്വാസം ഇവ ശമിക്കും.

നിദിഗ്ധികാദികഷായം.

മൂ— നിദിഗ്ധികാമൃതാശുണ്ഠീ കഷായം പായയേൽ ഭിഷക്
പിപ്പലീചൂണ്ണസംയുക്തം ശ്വാസകാസാർത്തിതാപഹം
പീനസാരുചിവൈഘയ്യ ശൂലാജീണ്ണജ്വരച്ഛിദം.

വ്യാ—ചുത്തിരിച്ചുണ്ടവേർ, ചിററമൃതു, ചുക്ക്, ഇവ കഷായം തിപ്പലിപ്പൊടി ചേത്തു കുടിക്കുക. ശ്വാസകാസം അർത്തിതം പീനസം അരുചി രൂക്ഷത ശൂല അജീണ്ണം ജ്വരം ഇവയെക്കളയും.

കുടജാദികഷായം.

മൂ— കുടജാതിവിഷാപാഠാ ധാതകീലോധ്രമുസ്തകൈഃ
ഹ്രീബെരദാഡിമയുതൈഃ കൃതകഷായസമാക്ഷികഃ.
പേയാമോചരസേനൈവ കുടജാഷ്ടകസംജ്ഞകഃ
അതിസാരഞ്ജയേദ്ദാഹരക്തശൂലാമദുസ്തരാൻ.

വ്യാ— കുടകപ്പാലവേര്, അതിവിടയം, പാടക്കിഴങ്ങ്, താതിരിപ്പൂവു, പാച്ചോററിത്തൊലി, മുത്തങ്ങ, ഇരുവേലി, താളിമാതളക്കായ് ഇവ കഷായം ഇലവിൻപശയും തേനും ചേൎത്തു കുടിക്കുക. ഇതിന്നു കുടജാഷ്ടകമെന്നു പേർ. സൎവ്വാംഗം ചൂടോടും ആമത്തോടും രക്തത്തോടും വേദനയോടുംകൂടിയ കഠിനമായ അതിസാരത്തെ ജയിക്കും.

ഹ്രീബെരാദികഷായം.

മൂ— ഹ്രീബെരധാതകീലോധ്ര പാഠാലജ്ജാലുവത്സകൈഃ
ധാന്യകാതിവിഷാമുസ്താ ഗുളൂചിവില്വനാഗരൈഃ
കൃതഃകഷായഃശമയെദതീസാരംചിരോത്ഥിതം
അരോചകാമശൂലാസ്രജ്വരഘ്നഃപാചനഃസ്മൃതഃ.

വ്യാ— ഇരുവേലി, താതിരിപ്പൂവ്, പാച്ചോററിത്തൊലി, പാടക്കിഴങ്ങ്, തൊട്ടാവാടി, (മുക്കുററി) കുടകപ്പാല, കൊത്തമ്പാലരി, അതിവിടയം, മുത്തങ്ങ, അമൃത്, കൂവളത്തിൻവേർ, ചുക്ക് ഇവകഷായം ഇതു രക്തത്തോടും അരുചിയോടും വേദനയോടുംകൂടിയ പഴകിയ അതിസാരത്തെജ്ജയിക്കും. പാചനത്തെയുണ്ടാക്കും.

ധാതക്യാദിശൃതം.

മൂ— ധാതകീബില്വലോധ്രാണി വാലകംഗജപിപ്പലീ
ഏഭിഃകൃതംശൃതംശീതം ശിശുഭ്യഃക്ഷൌദ്രസംയുതം
പ്രദദ്യാദവലേഹംവാ സൎവ്വാതീസാരശാന്തയെ.

വ്യാ— താതിരിപ്പൂവ്, കൂവളത്തിൻവേർ, പാച്ചോററിത്തൊലി, ഇരുവേലി, അത്തിത്തിപ്പലി, ഇവ കഷായം ഇതു തേൻ ചേൎത്തു കുടിക്കുകയൊ പൊടിയാക്കി തേൻ ചേൎത്തു നക്കുകയൊ ചെയ്ക. കുഞ്ഞുങ്ങളുടെ എല്ലാത്തരം അതിസാരങ്ങളും ശമിക്കും.

യവാദികഷായം.

മൂ— യവധാന്യപടോലാനാം കഷായഃസക്ഷൌദ്രശൎക്കരഃ
യോജ്യഃസൎവ്വാതിസാരേഷു വില്വാമ്രാസ്ഥിഭവസ്തഥാ

വ്യാ— യവധാന്യം, കൊത്തമ്പാലരി, പടവലം ഇവ കഷായം തേനും പഞ്ചസാരയും ചേൎത്തു കൊടുക്കുക. എല്ലാ അതിസാരങ്ങളും ശമിക്കും. അപ്രകാരം കൂവളത്തിന്റെ ഇളയകായ്, മാങ്ങയണ്ടി ഇവ കഷായം തേനും പഞ്ചസാരയും ചേൎത്തു കൊടുക്കുക. എല്ലാ അതിസാരങ്ങൾക്കും നന്നു.

വത്സകാദിശൃതം.

മൂ— വത്സകാതിവിഷാവില്വമുസ്തവാളകജഃശൃതഃ
അതിസാരംജയേത്സാമം ചിരജംരക്തശൂലജിൽ.

വ്യാ— കുടകപ്പാല, അതിവിടയം, കൂവളക്കായ്, മുത്തങ്ങ, ഇരുവേലി, ഇവ കഷായം പഴകിയതും ആമത്തോടുകൂടിയതും, രക്തത്തോടും വേദനയോടുകൂടിയതും ആയ അതിസാരത്തെ ജയിക്കും.

പടോലികഷായം.

മൂ— പടോലത്രിഫലാനിംബ ദ്രാക്ഷാശമ്യാകവാസകൈഃ
കഷായഃ സിതാമധുയുതോ ജയേദൈകാഹികംജ്വരം.

വ്യാ—പടവലം, ത്രിഫലത്തോടുകൾ, വേപ്പിൻതോൽ മുന്തിരിങ്ങാപ്പഴം, കൊന്നവേർ ആടലോടകം ഇവ കഷായം തേനും പഞ്ചസാരയും ചേൎത്തു കുടിക്കുക ഏകാഹികം എന്ന ജ്വരം ശമിക്കും.

ഗുളൂച്യാദികഷായം.

മൂ— ഗുളൂചീധാന്യമുസ്താഭിശ്ചന്ദനോശീരനാഗരൈഃ
കൃതംകഷായംപിബേൽക്ഷൌദ്ര സിതായുക്തംജ്വരാതുരഃ
തൃതീയജ്വരനാശായ തൃഷ്ണാദാഹനിവാരണം

വ്യാ—അമൃതു കൊത്തമ്പാലരി മുത്തങ്ങ ചന്ദനം രാമച്ചം ചുക്ക് ഇവ കഷായം തേനും പഞ്ചസാരയും ചേൎത്തു കുടിക്കുക. തൃതീയജ്വരവും വെള്ളദ്ദാഹവും സൎവാംഗം ചുട്ടും ശമിക്കും.

ദേവദാൎവാദികഷായം.

മൂ — ദേവദാരു ശിവാവാസാ ശാലിപൎണ്ണീ മഹൌഷധൈഃ
ധാത്രിയുക്തം ശൃതം ശീതം ദദ്യാന്മധുസിതായുതം
ചതുൎത്ഥകജ്വരേശ്വാസേ കാസസമന്ദാനലേതഥാ

വ്യാ—ദേവതാരം, കടുക്കാ, ആടലോടകം, ഓരില, ചുക്ക, നെല്ലിക്കാ, ഇവകഷായം തേനും പഞ്ചസാരയും ചേൎത്തു കുടിക്കുക. നാലാംമുറപ്പനി, ശ്വാസരോഗം, ചുമ, അഗ്നിമാന്ദ്യം ഇവശമിക്കും.

ഉശീരാദികഷായം.

മൂ— ഉശീരഹ്രീബേരധാന്യകോശീര ശുണ്ഠിവാളകപപ്പടൈ
വാലപ്രതി വിഷാപാഠാ രക്തചന്ദനവത്സകൈഃ
കിരാതമുസ്തത്രയവൈഃ കഷായിതംശിശിരംപിബേൽ
സക്ഷൌദ്രംരക്തപിത്തഘ്നം ജ്വരാതീസാരനാശനം

വ്യാ—അമൃതു, കൊത്തമ്പാലരി, രാമച്ചം, ചുക്ക് ഇരുവേലി, പപ്പടകപ്പുല്ല് കുവളത്തിൻവേർ അതിവിടയം, പാടക്കിഴങ്ങ്, രക്തചന്ദനം, കുടകപ്പാലവേർ, നിലവേപ്പ്, മുത്തങ്ങ കുടകപ്പാലയരി, ഇവ കഷായം ആറിയിട്ട തേൻചേൎത്തു കുടിക്കുക. രക്തപിത്തം ജ്വരാതിസാരം ഇവശമിക്കും.

നാഗരാദികഷായം.

മൂ— നാഗരം കുടജോമുസ്ത മമൃതാതിവിഷാതഥാ
ഏഭിഃകൃതം പിബേൽകഷായം ജ്വരാതീസാരനാശനം.

വ്യാ—ചുക്കു, കുടകപ്പാലവേർ, മുത്തങ്ങ, അമൃത്, അതിവിടയം ഈ കഷായം ജ്വരാതിസാരത്തെ ശമിപ്പിക്കും.

ഗുളൂച്യാദിഗണകഷായം.

മൂ— ഗുളൂചീധാന്യകാരിഷ്ട രക്തചന്ദനപത്മകൈഃ
ഗുളൂച്യാദിഗണഃ കഷായഃ സൎവ്വജ്വരഹരഃസ്മൃതഃ
ദീപനോദാഹഹൃല്ലാസ തൃഷ്ണാഛൎദ്ദ്യരുചിജ്ജയേൽ.

വ്യാ—അമൃതു, കൊത്തമ്പാലരി വേപ്പിൻതോൽ രക്തചന്ദനം, പതുമുകം ഇവ കഷായം. ഇത് എല്ലാജ്വരങ്ങൾക്കും നന്നു, ദീപനത്തെച്ചെയ്യും. സൎവ്വാംഗം ചുട്ടു, നെഞ്ഞുകലിപ്പ് വെള്ളദ്ദാഹം ഛൎദ്ദി അരുചി ഇവയെക്കളെയും. ഇതു ഗുളൂച്യാദിഗണമാകുന്നു.

ത്രിഫലാദികഷായം.

മൂ— ത്രിഫലാരഗ്വധകഷായഃ ശൎക്കരാക്ഷൌദ്രസംയുതഃ
രക്തപിത്തഹരോദാഹ പിത്തശൂലനിവാരണഃ

വ്യാ—ത്രിഫലത്തോടുകൾ കൊന്നത്തൊലി ഇവകഷായം. തേനും പഞ്ചസാരയുംചേൎത്തു കുടിക്കുക രക്തപിത്തം, സൎവ്വാംഗം ചുട്ടു, പിത്താധിക്യമായ വേദന ഇവയെക്കളെയും.

രാസ്നാദികഷായം (ആന്ത്രവൃദ്ധിക്ക)

ശ്ലൊ— രാസ്നാദ്വിഗുണഭാഗാസ്യാദേകഭാഗാസ്സതഃ പരേ
ധന്വയാസബലൈരണ്ഡദേവദാരുസഠിവചാ
വാസകോനാഗരംപഥ്യാ ചവ്യമുസ്താപുനന്നവാ
ഗുളൂചിവൃദ്ധദാരുശ്ച ലതാപുഷ്പാ ച ഗോക്ഷുരഃ
അശ്വഗന്ധാപ്രതിവിഷാ കൃതമാലഃ ശതാവരീ
കൃഷ്ണാസഹചരശ്ചൈവ ധാന്യകം ബൃഹതീദ്വയം
ഏഭിഃകൃതംപിബേൽകഷായം ശുണ്ഠീചൂൎണ്ണസംയുതം
കൃഷ്ണാചൂൎണ്ണേന വാ യോഗരാജഗുഗ്ഗലുനാഥ വാ
അജമോദാദിനാവാപിതൈലേനൈരണ്ഡജേനവാ
സൎവാംഗകംപേകുബ്ജത്വേപക്ഷാഘാതേപബാഹുകേ
ഗൃധ്രസ്യാമാമവാതേചശ്ലീപദേചാപതാനകേ
ആന്ത്രവൃദ്ധൌതഥാദ്ധ്മാനേജംഘാജാനുഗതേൎത്തിതേ
ശുക്രാമയെ മേഢ്രരോഗേ വന്ധ്യായോന്യാമയേഷു ച
മഹാരാസ്നാദിരാഖ്യാതോബ്രഹ്മണാഗൎഭകാരണം.

വ്യാ—അരത്ത, താഴെപ്പറയുന്ന മരുന്നുകളുടെ തൂക്കത്തിൽ ഇരട്ടി ചേക്കണം, കൊടിത്തുവരവരു, കുറന്തോട്ട് വേർ ആവണക്കിൻവേർ ദേവതാരം കച്ചോലം വയമ്പ് ആടലോടകം ചുക്ക കടുക്കാ കാട്ടുതിപ്പലി മുത്തങ്ങ തഴുതാമ അമൃതു മറിക്കുന്നി ചതകുപ്പ ഞെരിഞ്ഞിൽ അമുക്കുരം അതിവിടയം കൊന്ന ശതാവരിക്കിഴങ്ങ തിപ്പലി കരിംകുറിഞ്ഞി കൊത്തമ്പാലരി ചെറുവഴുതിന കണ്ടകാരി ഇവയെല്ലാം കഷായംവച്ച ചുക്കിൻെറ പൊടിയോടുകൂടി തിപ്പലിപ്പൊടിയൊ യോഗരാജഗുഗ്ഗലുവോ അയമോദകമൊആവണക്കെണ്ണയൊ ചേൎത്തു കുടിക്കുക സൎവാംഗം വിറയൽ ദേഹംവളയുക പക്ഷാഘാതം അപബാഹുകം ഗൃധ്രസീ എന്ന വാതരോഗം ആമവാതം പെരുക്കാൽ അപതാനകം ആന്ത്രവൃദ്ധി ആദ്ധ്മാനം കണങ്കാൽമുട്ട് ഈ അംഗങ്ങളിൽ ഉണ്ടാകുന്ന അൎത്തിതം ശുക്ലദോഷം ലിംഗരോഗം വന്ധ്യത്വം യോനിരോഗം ഇവയെക്കളെയും മഹാരാസ്നാദി എന്ന ഈ യോഗം ബ്രഹ്മാവിനാൽ നിൎമ്മിതമാകുന്നു.

രാസ്നാദികഷായം (ആന്ത്രവൃദ്ധിക്ക)

ശ്ലൊ— രാസ്നാമൃതാബലായഷ്ടീ ഗോകണ്ടൈരണ്ഡജഃ സ്മൃതഃ
ഏരണ്ഡതൈലസംയുക്തോ വൃദ്ധിമന്ത്രഭവാംജയേൽ

വ്യാ—അരത്ത, അമൃതു, കുവരന്തോട്ടി, അതിമധുരം ഞെരിഞ്ഞിൽ ആവണക്കിൻവേർ, ഇവകഷായം ആവണക്കെണ്ണ ചേൎത്തു കുടിക്കുക ആന്ത്രവൃദ്ധിയെജ്ജയിക്കും.

ധാന്യാദികഷായം.

മൂ— ധാന്യവാലകവില്വപാഠാ നാഗരൈഃ സാധിതംജലം
ആമശൂലഹരംഗ്രാഹി ദീപനംപാചനംപരം.

വ്യാ—കൊത്തമ്പാലരി, ഇരുവേലി, കൂവളത്തിൻവേർ, മുത്തങ്ങ, ചുക്ക് ഇവകഷായം ആമശൂലയെക്കളയും ഗ്രാഹിയാണ് ഏറ്റവും ദീപനപാചനങ്ങളെച്ചെയ്യും.

രാസ്നാദികഷായം.

മൂ— രാസ്നാമൃതാമഹാദാരു നാഗരൈരണ്ഡജൈഃശൃതം
സപ്തധാതുഗതേവാതേ സാമേസൎവാംഗജേപിബേൽ

വ്യാ—അരത്ത, അമൃതു, ദേവതാരം, ചുക്ക് ആവണക്കിൻവേർ ഇവകഷായം ഏഴ ധാതുക്കളിലും ചേൎന്നിരിക്കുന്ന വാതം ആമവാതം സൎവാംഗവാതം ഇവശമിക്കും.

രാസ്നാദികഷായം.

മൂ— രാസ്നാഗോക്ഷുരകൈരണ്ഡ ദേവദാരുപുനൎന്നവാ
ഗുളൂച്യാരഗ്വധൈശ്ചൈവ കഷായഃമഷാംവിപാചഃയ
ശുണ്ഠീചൂൎണ്ണനസംയുക്തംപിബേജ്ജംഘാകടീഗ്രഹേ
പാൎശ്വപൃഷ്ഠോരു പീഡായാ മാമവാതേ സുദുസ്സരേ.

വ്യാ—അരത്ത, ഞെരിഞ്ഞിൽ, ആവണക്കിൻവേർ, ദേവതാരം, തഴുതാമ, അമൃതു്, കൊന്നവേർ ഇവകഷായം ചുക്കിന്റെ പൊടി ചേൎത്തു കുടിക്കുക കണങ്കാൽ അര ഇവയ്ക്കുള്ള പിടിത്തം പാൎശ്വഭാഗങ്ങളിലും പൃഷ്ഠത്തിലും ഉള്ള വേദന പ്രബലമായ ആമവാതം ഇവയെക്കളയും.

പുനൎന്നവാദികഷായം.

മൂ— പുനൎന്നവാഭയാനിംബ ദാൎവീതിക്തപടോലകൈഃ
ഗുളൂചീനാഗരയുതൈഃ കഷായോ ഗോമൂത്രസംയുതാ.
പാണ്ഡുകാസോദരശ്വാസ ശൂലസൎവാംഗശോഥഹാ

വ്യാ—തഴുതാമ, കടുക്കാ, വേപ്പിൻതോൽ, മരമഞ്ഞൾ, നിലവേപ്പു പടവലം, അമൃതു് ചുക്ക് ഇവകഷായം ഗോമൂത്രംചേൎത്തു കുടിക്കുക പാണ്ഡുരോഗം ചുമ മഹോദരം ശ്വാസരോഗം ശൂല സൎവ്വാംഗങ്ങളിലും വീക്കം ഇവയെക്കളയും.

ചവ്യാദികഷായം.

മൂ— ചവ്യചിത്രകവിശ്വാനാം സാധിതാദേവദാരുണാ
കഷായസ്ത്രിവൃച്ചൂൎണ്ണയുതോഗോമൂത്രണോദരാഞ്ജയേൽ

വ്യാ—കാട്ടുമുളകിൻവേർ കൊടുവേലികിഴങ്ങു ചുക്കു ദേവതാരം ഇവ കഷായം. ത്രികോല്പക്കൊന്നയും ഗോമൂത്രവുംചേൎത്തു കുടിക്കുക മഹോദരത്തെക്കളെയും.

പുനൎന്നവാദികഷായം.

മൂ— പുനൎന്നവാമൃതാദാരു പഥ്യാനാഗരസാധിതഃ
ഗോമൂത്രഗുഗ്ഗുലുയുതഃ കഷായഃശോഫോദരോപഹഃ

വ്യാ—തഴുതാമവേര അമൃത് ദേവതാരം കടുക്കാ ചുക്ക് ഇവ കഷായം ഗോമൂത്രവും ഗുഗ്ഗുലുവും ചേൎത്തു കുടിക്കുക വീക്കവും ഉദരവും ശമിക്കും.

പഥ്യാദികഷായം.

മൂ— പഥ്യാരോഹിതകകഷായം യവക്ഷാരകണായുതം
പിബേൽപ്രാതൎയ്യകൃൽ പ്ലീഹഗുന്മോദര നിവൃത്തയെ

വ്യാ—കടുക്കാ ചെമ്മരം ഇവ കഷായം ചവക്കാരവും തിപ്പലിയും ചേൎത്തു കുടിക്കുക യകൃത്തിലും പ്ലീഹയിങ്കലുമുള്ള രോഗങ്ങൾ ഗുന്മം ഉദരം എന്നീ രോഗങ്ങൾ ഇവയെക്കളെയും.

പടോലത്രിഫലാദികഷായം.

മൂ— പടോലത്രിഫലാനിംബകിരാതഖദിരാസനൈഃ
കഷായഃ പീതാജയേത്സൎവ്വാനുപദംശാൻസഗുഗ്ഗുലുഃ

വ്യാ—പടവലം ത്രിഫലത്തൊട്ടുകൾ വേപ്പിൻതോൽ നിലവേപ്പ് കരിങ്ങാലിക്കാതൽ വേങ്ങാക്കാതൽ ഇവകഷായം ഗുഗ്ഗുലുചേൎത്തു കുടിക്കുക. എല്ലാ ഉപദംശരോഗങ്ങളും ശമിക്കും.

മഞ്ജിഷ്ഠാദികഷായം.

മൂ— മഞ്ജിഷ്ഠാമുസ്തകുടജഗുളൂചി കുഷ്ഠനാഗരൈഃ
ഭാൎങ്ഗിക്ഷുദ്രാവചാനിംബ നിശാദ്വയഫലത്രികൈഃ
പടോലകടുകീമൂൎവ്വാ വിഡംഗാസന ചിത്രകൈഃ
ശതാവരീത്രായമാണാ കൃഷ്ണേന്ദ്രയവവാസകൈഃ
ഭൃംഗരാജമഹാദാരു പാഠാഖദിരചന്ദനൈഃ
ത്രിവൃദ്വരുണകൈരാതവാകുചീകൃതമാലകൈഃ
ശാഖോടകമഹാനിംബകരഞ്ജാതിവിഷാജലൈഃ
ഇന്ദ്രവാരുണികാനന്താ സാരിവാപൎപ്പടൈഃസമൈഃ
ഏഭിഃകൃതം പിബേൽകഷായം കണാഗുഗ്ഗുലുസംയുതം
അഷ്ടാദശേഷുകുഷ്ഠേഷു വാതരക്താൎദ്ദിതേതഥാ
ഉപദംശശ്ലീപദേ ച പ്രസുപ്തൌ പക്ഷഘാതകേ
മേദോദോഷേ നേത്രരോഗേ മഞ്ജിഷ്ഠാദിഃ പ്രശസ്യതേ.

വ്യാ—മഞ്ചട്ടി മുത്തങ്ങാ കുടകപ്പാലവേർ അമൃതു കൊട്ടം ചുക്കു ചെറുതേക്കു കണ്ടകാരിച്ചുണ്ട വയമ്പു വേപ്പ് മഞ്ഞൾ മരമഞ്ഞ

ൾ ത്രിഫലത്തോട്ടകൾ പടവലം കട്ടരോഹണി പെരുങ്കുരുമ്പ വിഴാലരി വെങ്ങ കൊട്ടവേലിക്കിഴങ്ങ് ശതാവരിക്കിഴങ്ങ് ബ്രഹ്മി തിപ്പലി കുടകപ്പാലയരി ആടലോടകം കൈയ്യന്യം മറിക്കുന്നി പാടക്കിഴങ്ങു കരിങ്ങാലി ചന്ദനം ത്രികോല്പക്കൊന്ന നിർമാതളം നിലവെപ്പ് കാർകോവിൽ കൊന്ന ശാഖൊടം ആര്യഃവെപ്പ് ഉങ്ങ് അതിവിടയം ഇരുവേലി കാട്ടവെള്ളരി കരക നറനീണ്ടി പപ്പടകപ്പുല്ല് ഇവസമം കഷായമാക്കി തിപ്പലിയും ഗുഗ്ഗലുവും ചേൎത്തു കുടിക്കെ പതിനെട്ടവക കുഷ്ടങ്ങളും അൎദ്ദിതവും വാതരക്തവും ഉപദംശരോഗങ്ങളും പെരിക്കാലും തരിപ്പും പക്ഷാഘാതവും മേദോദോഷങ്ങളും നേത്രരോഗങ്ങളും ശമിക്കും വളരെ പ്രശസ്തമായ ഒരു കഷായയോഗമാകുന്നു ഇത്.

അശ്വത്ഥാദിശൃതം.

മൂ— അശ്വത്ഥോദുംബരപ്ലക്ഷ വടവേതസജംശൃതം
വ്രണശോഥോപദംശാനാം നാശനംക്ഷാളനാൽസ്മൃതം.

വ്യാ—അരയാൽ അത്തി ഇത്തി പേരാൽ വഞ്ചി ഇവകഷായം ഇതുകൊണ്ടു കഴുകിയാൽ വ്രണം വീക്കം ഉപദംശമെന്ന രോഗം ഇവശമിക്കും.

വരുണാദിഗണക്വാഥം

മൂ— വരുണോബകപുഷ്പശ്ച വില്വാപാമാൎഗ്ഗചിത്രകാഃ
അഗ്നിമന്ഥദ്വയംശിഗ്രു ദ്വയം ച ബൃഹതീദ്വയം
സൈരേയകത്രയംമൂൎവ്വാ മേഷശൃംഗീകിരാതകഃ
അജാശൃംഗീ ച ബിംബീ ച കരഞ്ജശ്ച ശതാവരി
വരുണാദി ഗണക്വാഥഃ കഫമേദോഹരഃ സ്മൃതഃ
ഹന്തിഗുല്മം ശിരഃ ശൂലം തഥാഭ്യന്തരവിദ്രധീൻ.

വ്യാ—നീൎമാതളം കൊക്കമന്താരം കൂവളത്തിൻവേർ കടലാടി കൊട്ടവേലി മുഞ്ഞ കാട്ടമുഞ്ഞ മുരിങ്ങ പുനൎമുരിങ്ങ ചെറുവഴുതിന കണ്ടകാരി ചെറുകുറിഞ്ഞി വെൺകുറിഞ്ഞി കരിംകുറിഞ്ഞി പേരുംകുരുമ്പ ആട്ടകൊട്ടപ്പാല നിലവേപ്പ് ആട്ടനാറിവേള തൊണ്ടി ഉങ്ങ് ശതാവരിക്കിഴങ്ങ് ഇവ കഷായം ഇതു കഫംമദസ്സുകളെ കളയും ഗുന്മം ശിരഃശൂലം അകത്തുണ്ടാകുന്ന വിദ്രധികൾ ഇവയെ ശമിപ്പിക്കും.

ഫലത്രികാദിക്വാഥം.

മൂ— ഫലത്രികാമൃതാതിക്താ നിംബകൈരാതവാസകൈഃ
ജയേന്മധുയുതഃ ക്വാഥഃ കാമലാംപാണ്ഡുതാംതഥാ

വ്യാ—ത്രിഫലത്തോട്ടകൾ, അമൃത്, കട്ടരോഹിണി വേപ്പിൻതോൽ, നിലവേപ്പ ആടലോടകം, ഇവ കഷായം തേൻചേൎത്തു

കുടിക്കുക കാമലയേയും പാണ്ഡുരോഗത്തെയും ജയിക്കും.

വാസാദികഷായം.

മൂ— വാസാദ്രാക്ഷാഭയാകഷായഃ പീതഃ സക്ഷൌദ്രശക്കരഃ
നിഹന്തിരക്തപിത്താൎത്തി ശ്വാസകാസാൻസുദാരുണാൻ.

വ്യാ—ആടലോടകം, മുന്തിരിങ്ങാപ്പഴം, കടുക്കാ ഇവ കഷായം പഞ്ചസാരയും തേനും ചേൎത്തു കുടിക്കുക കഠിനമായ രക്തപിത്തം ശമിക്കും. ശ്വാസകാസം ഇവ ഭയങ്കരമായിരുന്നാലും ശമിക്കും

ക്ഷുദ്രാശൃതം.

മൂ— കാസഘ്നഃ പിപ്പലീചൂൎണ്ണയുക്തഃ ക്ഷുദ്രാശൃതസ്സദാ.
വ്യാ—കണ്ടകാരിച്ചുണ്ട കഷായം തിപ്പലിപ്പൊടിചേൎത്തു കുടിക്കുക. ചുമ ശമിക്കും.

ക്ഷുദ്രാദികഷായം.

മൂ— ക്ഷുദ്രാകുലത്ഥവാസാഭിനാഗരേണചസാധിതഃ
കഷായഃ പുഷ്കരചൂൎണ്ണാഢ്യഃ ശ്വാസകാസൌനിവാരയേൽ.

വ്യാ—കണ്ടകാരിച്ചുണ്ട, പഴമുതിര, ആടലോടകം ചുക്ക്, ഇവ കഷായം പുഷ്കരമൂലം പൊടിച്ചു ചേൎത്തു കുടിക്കുക. ശ്വാസകാസങ്ങൾ ശമിക്കും.

ദശമൂലകഷായം.

മൂ— ദശമൂലകൃതഃ കഷായഃ സയവക്ഷാരസൈന്ധവഃ
ഹൃദ്രോഗ ഗുല്മശൂലാനി കാസംശ്വാസംച നാശയേൽ.

വ്യാ—ദശമൂലങ്ങൾ കഷായം ചവൎക്കാരവും ഇന്തുപ്പും ചേൎത്തു കുടിക്കുക ഹൃദ്രോഗം ഗുല്മം വേദന ചുമ ശ്വാസരോഗം ഇവ ശമിക്കും.

മഞ്ജിഷ്ഠാദികഷായം.

മൂ— മഞ്ജിഷ്ഠാത്രിഫലാതിക്താ വചാദാരുനിശാമൃതാ
നിംബശ്ചൈഷാം കൃതഃ കഷായോ വാതരക്തവിനാശനഃ.

വ്യാ—മഞ്ചട്ടി ത്രിഫലത്തോട്ടുകൾ നിലവേപ്പ് വയമ്പ് ദേവതാരം മഞ്ഞൾ അമൃത് വേപ്പിൻതോൽ ഇവ കഷായം വാതരക്തം ശമിക്കും.

ധാത്ര്യാദികഷായം.

മൂ— കഷായോവല്ഗുജചൂൎണ്ണാഢ്യാ ധാത്രീഖദിരസാരയോഃ
ജയേൽസുശിലിതോനിത്യം ശ്വിത്രംപത്ഥ്യാശിനാംധ്രുവം.

വ്യാ—നെല്ലിക്കയും കരിങ്ങാലിക്കാതലും കഷായമാക്കി കാർകോകിലരിപ്പൊടിച്ചു മേമ്പൊടിയിട്ടു കുടിക്കുക ശ്വിത്രം നശിക്കും. ഔഷധഗുണത്തിന്നു ഹിതമായ ആഹാരം ശീലിക്കണം.

ത്രിഫലാദികഷായം.

മൂ— ത്രിഫലാദേവദാരുശ്ച മുസ്താമൂഷകകൎണ്ണികാ
ശിഗ്രുരേതൈഃകൃതഃ കഷായഃ പിപ്പലീചൂൎണ്ണസംയുതഃ
വിഡംഗചൂൎണ്ണയുക്തശ്ച കൃമിഘ്നഃകൃമിരോഗഹാ.

വ്യാ—ത്രിഫലഃത്തോട്ടകൾ ദേവതാരം മുത്തങ്ങ എലിച്ചെവി മുരിങ്ങവേർ ഇവ കഷായം പിപ്പലിപ്പൊടിയും വിഴാലരിയുടെ പൊടിയും ചേൎത്തു കുടിക്കുക കൃമിയെക്കൊല്ലും കൃമിരോഗത്തെ ശമിപ്പിക്കുകയും ചെയ്യും.

വാസാദികഷായം.

മൂ— വാസാവിശ്വാമൃതാദാൎവീ രക്തചന്ദനചിത്രകൈഃ
ഭൂനിംബനിംബകടുകാ പടോലത്രിഫലാംബുദൈഃ
യവകാലിംഗകുടജൈഃ കഷായഃസൎവാക്ഷിരോഗഹാ
വൈഖൎയ്യംപീനസംശ്വാസം നാശയേദുരസഃക്ഷതം.

വ്യാ—ആടലോടകം ചുക്ക് അമൃത് മരമഞ്ഞൾ രക്തചന്ദനം കൊടുവേലി നിലഃവേപ്പ് കടുരോഹിണി പടവലം ത്രിഫലത്തോട്ടകൾ മുത്തങ്ങ യവം കുടകപ്പാലയരി കുടകപ്പാലവേർ ഇവ കഷായം എല്ലാ നേത്രരോഗങ്ങളും വൈഖൎയ്യം പീനസംശ്വാസം ഉരഃക്ഷതം ഇവയും ശമിക്കും.

കാഞ്ചനാരത്വക്കഷായം.

വരുണത്വക്കഷായം.

മൂ— കാഞ്ചനാരത്വചഃകഷായഃ ശുണ്ഠീചൂൎണ്ണേനനാശയേൽ
ഗണ്ഡമാലാംതഥാകഷായഃ ക്ഷൌദ്രേണവരുണത്വചഃ.

വ്യാ—വലിയമലയകത്തിത്തൊലി കഷായമാക്കി ചുക്കിന്റെ പൊടിഃചേൎത്തു കുടിച്ചാൽ ഗണ്ഡമാലശമിക്കും. അപ്രകാരം നീൎമാതളത്തിൻതൊലി കഷായമാക്കി തേൻചേൎത്തു കുടിച്ചാലും ഗണ്ഡമാലശമിക്കും.

ശാലിപൎണ്ണ്യാദിശൃതം.

മൂ— ശാലിപൎണ്ണീബലാബില്വ ധാന്യശുണ്ഠീകൃതഃശൃതഃ
ആധ്മാനശൂലസഹിതം വാതജാംഗ്രഹണീംജയേൽ.

വ്യാ—ഓരില കുറുന്തോട്ടി കൂവളം കൊത്തമ്പാലയരി ചുക്ക് ഇവ കഷായം ആധ്മാനത്തോടും വേദനഃയോടുംകൂടിയ വാതാധികജയായ ഗ്രഹണി ശമിക്കും.

ബില്വത്വക്കഷായം.

മൂ— ബില്വത്വചോഗുളൂച്യാവാ കഷായഃക്ഷൌദ്രേണസംയുതഃ
ജയേത്രിദോഷജാംച്ഛൎദ്ദിം പൎപ്പടഃപിത്തജാംതഥാ.

വ്യാ—കൂവളത്തിൻവേരിന്മേൽതൊലിയോ ചിററമൃതോ ക

ഷായം തേൻചേൎത്തു കുടിക്കുക ത്രിദോഷകോപത്തിൽനിന്നുണ്ടായ ഛൎദ്ദി ശമിക്കും അതിന്മണ്ണം പൎപ്പടകപുല്ലുകഷായം തേൻചേൎത്തു കുടിക്കുക പിത്തകോപംനിമിത്തമുള്ള ഛൎദ്ദി ശമിക്കും.

അമൃതാദികഷായം.

മൂ— അമൃതാത്രിഫലാകഷായഃ പിപ്പലിചൂൎണ്ണസംയുതഃ
സക്ഷൌദ്രഃശീലിതഃനിത്യം സൎവ്വനേത്രവ്യഥാംജയേൽ.

വ്യാ—അമൃത് കടുക്കാ നെല്ലിക്കാ താന്നിക്കാ ഇവ കഷായം തിപ്പലിപ്പൊടിയും തേനുംചേൎത്തു കുടിക്കുക ഇതു നേത്രരോഗകാലങ്ങളിൽ നിത്യമായി ശീലിച്ചാൽ കണ്ണിലുണ്ടാകുന്ന എല്ലാ വേദനകളേയും ജയിക്കും.

പഥ്യാദികഷായം.

മൂ— പഥ്യാക്ഷധാത്രീഭൂനിംബ നിശാനിംബാമൃതായുതൈഃ
കൃതഃകഷായഃഷഡംഗോയം സഗുഡഃശീഷ്ശൂലഹൃൽ.
ഭ്രൂശംഖകൎണ്ണശൂലാനി തഥാൎദ്ധശിരസോരുജം
സൂൎയ്യാവൎത്തംശംഖകംചദന്തപാതംചതദ്രുജം
നക്താന്ധ്യംപടലംശുക്രം ചക്ഷുഃപീഡാംവ്യപോഹതി.

വ്യാ—കടുക്കാത്തോടു താന്നിക്കത്തോടു നെല്ലിക്കാത്തോടു നിലവേപ്പു് മഞ്ഞൾ വേപ്പിൻതോൽ അമൃതു് ഇവ കഷായം ശൎക്കര ചേൎത്തു കുടിക്കുക തലവേദന പുരികങ്ങൾ ശംഖങ്ങൾ ചെവികൾ എന്നീ അംഗങ്ങളിലുള്ള വേദന തലയുടെ പകുതിഭാഗത്തുള്ള വേദന തലമുഴുവനുമുള്ള വേദന ശംഖകം പല്ലുവീണതുനിമിത്തമുള്ള വേദന നക്താന്ധ്യം പടലം ശുക്ലം മുതലായ നേത്രരോഗപീഡകൾ ഇവ ശമിക്കും.

ഗോക്ഷുരകഷായം.

മൂ— സമൂലഃഗോക്ഷുരകഷായഃ സിതാമാക്ഷികസംയുതഃ
നാശയന്മൂത്രകൃച്ഛ്രാണി തഥാഃചാശ്ശസമീരണം.

വ്യാ—ഞെരിഞ്ഞിൽസമൂലംകഷായം പഞ്ചസാരയും തേനും ചേൎത്തു അല്പം ചൂടോടെ കുടിക്കുക മൂത്രകൃച്ഛ്രങ്ങളും വാതകോപങ്ങളും ശമിക്കും.

(സശൂലപ്രദരേ) ദാൎവ്വാദികഷായം.

മൂ— ദാൎവ്വീരസാഞ്ജനംമുസ്തം ഭല്ലാതഃശ്രീഫലംവൃഷഃ
കൈരാതശ്ചപിബേദേഷാം കഷായംശീതംസമാക്ഷികം
ജയേത്സശൂലംപ്രദരം പീതശ്വേതാസിതാരുണം.

വ്യാ—മരമഞ്ഞൾ രസാഞ്ജനം മുത്തങ്ങ ചേൎക്കുരു കൂവളക്കായ ആടലോടകം നിലവേപ്പു് ഇവ കഷായം തണുപ്പിച്ചു തേൻ ചേൎത്തു കുടിക്കുക വേദനയോടും മഞ്ഞനിറമായും വെളുത്തും കറ

ത്തും വ്യക്തമല്ലാതെ ചുവന്നും പോകുന്ന പ്രദരത്തെ ശമിപ്പിക്കും.

വരാദികഷായം.

മൂ— വരാദാവ്യബ്ദദാരൂണാംകഷായഃക്ഷൌദ്രേണമേഹഹാ

വ്യാ—ത്രിഫലത്തോട്ടുകൾ മരമഞ്ഞൾ മുത്തങ്ങ ദേവതാരം ഇവ കഷായം തേൻചേൎത്തു കുടിക്കുക മേഹം ശമിക്കും.

ഖദിരാദികഷായം.

മൂ— ഖദിരത്രിഫലാകഷായോ മഹിഷീഘൃതസംയുതഃ
വിഡംഗചൂൎണ്ണയുക്തശ്ച ഭഗന്ദരവിനാശനഃ.

വ്യാ—കരിങ്ങാലിക്കാതൽ, ത്രിഫലത്തോട്ടുകൾ, ഇവ കഷായം എരുമനെയ്യും വിഴാലരിപ്പൊടിയുംചേൎത്തു കുടിക്കുക ഭഗന്ദരം ശമിക്കും.

ഹരീതക്യാദികഷായം.

മൂ— ഹരീതകീദുരാലംഭാ കൃതമാലകഗോക്ഷുരൈഃ
പാഷാണഭേദസഹിതൈഃ കഷായോമാക്ഷികസംയുതഃ
വിബന്ധമൂത്രകൃച്ഛ്രേ ച സദാഹേസരുജേഹിതഃ.

വ്യാ—കടുക്കാത്തോട്, കൊട്ടത്തൂവവേർ, കൊന്നവേർ, ഞെരിഞ്ഞിൽ കല്ലുവഞ്ഞി ഇവ കഷായം തേൻചേൎത്തു കുടിക്കുക സ്രോതോബന്ധങ്ങളേയും വേദനയോട്ടും ചൂടോടു കൂടിയ മൂത്രകൃച്ഛ്രത്തെയും ജയിക്കും.

വീരതരാദികഷായം.

മൂ— വീരതരുവൃക്ഷവന്ദാ കാശഃസഹചരത്രയം
കുശദ്വയംനളോഗുന്ദ്രാ ബകപുഷ്പോഗ്നിമന്ഥകഃ
മൂൎവ്വാപാഷാണഭേദശ്ച ശ്യോനാകോഗോക്ഷുരസ്തഥാ
അപാമാൎഗ്ഗശ്ചകമലം ബ്രാഹ്മീചതിഗണോവരഃ
വീരതൎവ്വാദിരിത്യുക്തഃ ശൎക്കരാശ്മരികൃച്ഛ്രഹാ
മൂത്രാഘാതംവായുരോഗാ ന്നാശയേന്നിഖിലാനപി.

വ്യാ—ചമ്മരം, ഇത്തിൾക്കണ്ണി, കുരുവിക്കരിമ്പു, കരിങ്കുറിഞ്ഞി ചെറിയകുറിഞ്ഞി, വെങ്കുറിഞ്ഞി, ദൎഭ, ആറ്റുദൎഭ, താമര, ഞാഴൽ കൊക്കമന്താരം, മുഞ്ഞ, പെരുങ്കുരുമ്പ, കല്ലുവഞ്ഞി, പലകപ്പയ്യാനി, ഞെരിഞ്ഞിൽ കടലാടി താമരവളയം ബ്രഹ്മി ഇക്കഷായം ശൎക്കര അശ്മരി മൂത്രകൃച്ഛ്രം മൂത്രാഘാതം വായുരോഗങ്ങൾ ഇവ എല്ലാം ശമിക്കും.

ഏരണ്ഡാദികഷായം.

മൂ— ഏരണ്ഡബീജപൂരശ്ച ഗോക്ഷുരോബൃഹതീദ്വയം
അശ്മഭേദസ്തഥാവില്വ മേതൻമൂലൈഃകൃതഃശൃതഃ
ഏരണ്ഡതൈലഹിംഗ്വാഢ്യഃ സയവക്ഷാരസൈന്ധവഃ
സ്തനസ്കന്ധകടീമേഢ്ര ഹൃദയോത്ഥാംവ്യഥാംജയേൽ.

വ്യാ—ആവണക്ക്, മാതളനാരകം, ഞെരിഞ്ഞിൽ ചെറവഴുതിന, കണ്ടകാരി, കല്ലൂവ്വഞ്ഞി, കൂവളം, ഇവയുടെവേർ കഷായം ആവണക്കെണ്ണ, കായം, ചവക്കാരം, ഇന്തുപ്പ് ഇവ ചേൎത്തു കുടിക്കുക. സ്തനം, സ്കന്ധം, അര, ലിംഗം, ഹൃദയം ഈ അംഗങ്ങളിലുണ്ടാകുന്ന വേദനകൾ ശമിക്കും.

വിലാദികഷായം.

മൂ— വിലാഗ്നിമന്ഥശ്യോനാക കാശ്മരീപാടലാതഥാ
കഷായഏഷാംജയേന്മേദോ ദോഷംക്ഷൌദ്രേണസംയുതഃ.

വ്യാ—കൂവളത്തിൻവേർ, മുഞ്ഞവേർ, പലകപ്പയ്യാന, കുമിഴിൻവേർ പാതിരിവേർ ഇവ കഷായം തേൻചേൎത്തു കുടിക്കുക മേദോദോഷങ്ങൾ ശമിക്കും.

ത്രിഫലാകഷായം.

മൂ— ക്ഷൌദ്രേണത്രിഫലാകഷായഃ പീതോമേദോഹരസ്മൃതഃ

വ്യാ—ത്രിഫലകഷായം തേൻചേൎത്തു കുടിക്കുക. മേദോദോഷം ശമിക്കും.

ശഖോടകാദികഷായം.

മൂ— ശാഖോടവല്ക്കലകഷായം ഗോമൂത്രണയുതംപിബേൽ
ശ്ലീപദാനാംവിനാശായ മേദോദോഷനിവൃത്തയേ.

വ്യാ—ശാഖോടത്തിൽ തോൽകഷായം ഗോമൂത്രംചേൎത്തു കുടിക്കുക പെരുക്കാലും മേദോദോഷവും ശമിക്കും.

ത്രിഫലാദികഷായം.

മൂ— ത്രിഫലാരഗ്വധകഷായഃ ശക്കരാക്ഷൌദ്രസംയുതഃ
രക്തപിത്തഹരോദാഹ പിത്തശൂലനിവാരണഃ.

വ്യാ—ത്രിഫലത്തോട്ടുകൾ, കൊന്നവേർ, ഇവ കഷായം. പഞ്ചസാരയും തേനുംചേൎത്തു കുടിക്കുക. രക്തപിത്തവും പിത്താധിക്യംകൊണ്ടുള്ള ചൂട്ടും വേദനയും ശമിക്കും.

രാസ്നാദികഷായം.

മൂ— രാസ്നാഗോക്ഷുരകൈരണ്ഡ ദേവദാരുപുനൎന്നവാ
ഗുളൂച്യാരഗ്വധശ്ചൈവ കഷായമേഷാംവിപാചയേൽ
ശുണ്ഠീചൂൎണ്ണസംയുക്തം പിബേജ്ജംഘാകടീഗ്രഹേ
പാൎശ്വപൃഷ്ഠോരുപീഡായാ മാമവാതേസുദുസ്തരേ.

വ്യാ—അരത്ത, ഞെരിഞ്ഞിൽവേർ, ആവണക്കിൻവേർ, ദേവതാരം തഴുതാമവേർ ചിററമൃത കൊന്നവേർ ഇവ കഷായം. ചുക്കിന്റെ പൊടിചേൎത്തു കുടിക്കുക. കണംകാൽ അര ഇവയിലുള്ള പിത്തവും പാൎശ്വങ്ങൾ പൃഷ്ഠങ്ങൾ തുടകൾ ഇവയിലുള്ള വേദനകളും ഭയങ്കരമായ ആമവാതവും ശമിക്കും.

ദശമൂലശൃതം ശേഫാലീപത്രശൃതം.

മൂ— ഹിംഗുപുഷ്കരചൂൎണ്ണാഢ്യം ദശമൂലശൃതംജയേൽ
ഗൃധ്രസിംകേവലഃകഷായഃ ശേഫാലീപത്രജസ്തഥാ.

വ്യാ— ദശമൂലങ്ങളുടെ കഷായം കായവും പുഷ്കരമൂലം പൊടിച്ച പൊടിയും ചേൎത്തു കുടിക്കുക. ഗൃധ്രസി ശമിക്കും. ചേമന്തിയില കഷായം മാത്രമായി ഉപയോഗിച്ചാലും ഗൃധ്രസി ശമിക്കും.

അമൃതാദികഷായം.

മൂ— അമൃതൈരണ്ഡവാസാനാം കഷായഏരണ്ഡതൈലയുക്
പീതഃസൎവ്വാംഗസഞ്ചാരി വാതരക്തംജയേദ്ധ്രുവം.

വ്യാ— അമൃത്, ആവണക്കിൻവേർ, ആടലോടകത്തിൻവേർ ഇവ കഷായം ആവണക്കെണ്ണ ചേൎത്തു കുടിക്കുക. സൎവ്വാംഗങ്ങളിലും ചെന്നിരിക്കുന്ന വാതരക്തം വേഗം ശമിക്കും.

പടോലാദികഷായം.

മൂ— പടോലാത്രിഫലാതിക്താ ഗുളൂചീചശതാവരീ
ഏതൽകഷായോജയേൽപീതാ വാതാസ്രംദാഹസംയുതം.

വ്യാ— പടവലം, കടുക്കാത്തോട്, താന്നിക്കാത്തോട്, നെല്ലിക്കാത്തോട്, നിലവേപ്പ്, അമൃത്, ശതാവരിക്കിഴങ്ങ് ഇവ കഷായം ചുട്ടുനീറലോടുകൂടിയ വാതരക്തം ശമിക്കും.

ശിഗ്രുകഷായം—പുനൎന്നവാദികഷായം.

മൂ— പുനൎന്നവാവരുണയോഃ കഷായോന്തൎവ്വിദ്ധിംജയേൽ
തഥാശിഗ്രുഭവകഷായോ ഹിംഗുസൈന്ധവസംയുതഃ.

വ്യാ— തഴുതാമവേർ, നീർമാതളത്തിൻവേർ ഇവ കഷായം. അന്തൎവ്വിദ്ധി ശമിക്കും അതിന്നെന്നും മുരിങ്ങവേർ കഷായം കായവും ഇന്തുപ്പും ചേൎത്തു കുടിക്കുക അന്തൎവ്വിദ്ധി ശമിക്കും.

വരുണാദിഗണകഷായം.

മൂ— വരുണാദിഗണകഷായമപക്വമദ്ധ്യവിദ്രധൌ
ഊഷകാദിരജോയുക്തം പിബേച്ഛമനഹേതവേ.

വ്യാ— വരുണാദിഗണം മുമ്പെ കൊടുത്തിട്ടുണ്ട് അതു നോക്കിക്കൊൾക. അന്തൎവ്വിദ്ധി പഴുക്കാതിരിക്കുന്ന അവസ്ഥയിൽ ഇക്കഷായം ചുക്കു മുളകു തിപ്പലി ഇവയുടെ പൊടിചേൎത്തു കുടിക്കുക ശമിക്കും.

ഏലാദികഷായം.

മൂ— ഏലാമധുകഗോകണ്ടരേണുകൈരണ്ഡവാസകാഃ
കൃഷ്ണാശ്മഭേദസഹിതാഃ കഷായഏഷാംസുസാധിതഃ
ശിലാജതുയുതഃപേയഃ ശൎക്കരാശ്മരികൃച്ഛ്രഹാ.

വ്യാ— ഏലത്തരി, ഇരട്ടിമധുരം, ഞെരിഞ്ഞിൽ, അരേണുകം,

ആവണക്കിൻവേർ, ആടലോടകവേർ, തിപ്പലി, കല്ലൂർവഞ്ഞി ഇവ കഷായം കല്ക്കം ചേൎത്ത കുടിക്കുക ശൎക്കരയും അശ്മരിയും കൃച്ഛ്റവും എന്ന മൂന്നു ദോഷരോഗങ്ങൾ ശമിക്കും.

ധാന്യാദികഷായം.

മൂ— ധാന്യവാലകവില്വാബ്ദനാഗരൈഃസാധിതംജലം
ആമശൂലഹരംഗ്രാഹി ദീപനംപാചനംപരം.

വ്യാ— കൊത്തമ്പാലരി, ഇരുവേലി, കൂവളത്തിൻവേർ, മുത്തങ്ങ, ചുക്ക ഇവ കഷായം. ആമശൂല ശമിക്കും. ഗ്രാഹിയാകുന്നു. ഏറ്റവും ദീപനപാചനങ്ങളെച്ചെയ്യും.

ഏരണ്ഡമൂലകഷായം.

മൂ— ഏരണ്ഡമൂലംദ്വിപലം ജലേഷ്ടഗുണിതേപചേൽ
തൽകഷായായാവക്ഷാരാഢ്യഃ പാൎശ്വഹൃൽകഫശൂലഹാ.

വ്യാ— ആവണക്കിൻവേർ രണ്ടുപലം എട്ടുഗുണം വെള്ളത്തിൽ കഷായം. ചവക്കാരം ചേൎത്ത കുടിക്കുക. പാൎശ്വഭാഗങ്ങളിലും ഹൃദയത്തിലും കഫാധിക്യംനിമിത്തമുള്ള വേദന ശമിക്കും.

വത്സകാദിശൃതം.

മൂ— വത്സകാതിവിഷാവില്വമുസ്തവാലകജഃ ശൃതഃ
അതിസാരംജയേൽസാമം ചിരജംരുക്തശൂലജിൽ.

വ്യാ— കുടകപ്പാലവേർ, അതിവിടയം, കൂവളക്കായ, മുത്തങ്ങ, ഇരുവേലി, ഇവ കഷായം പഴകിയതും ആമത്തോടും രക്തത്തോടും വേദനയോടുകൂടിയതും ആയ അതിസാരം ശമിക്കും.

നാഗരാദികഷായം.

മൂ— നാഗരൈരണ്ഡജഃ കഷായഃ കഷായഇന്ദ്രയവസ്യച
ഹിംഗുസൌവൎച്ചലോപേതോ വാതശൂലനിവാരണഃ.

വ്യാ— ചുക്ക്, ആവണക്കിൻവേർ, ഇവയോ കുടകപ്പാലയരിയോ കഷായം കായവും തുവൎച്ചിലക്കാരവും ചേൎത്ത കുടിക്കുക വാതശൂല ശമിക്കും.

പുനൎന്നവാദികഷായം.

മൂ— പുനൎന്നവാമൃതാദാരു പഥ്യാനാഗരസാധിതഃ
ഗോമൂത്രഗുൽഗുലുയുതഃ കഷായഃശോഫോദരാപഹഃ.

വ്യാ— തഴുതാമവേർ, അമൃത്, ദേവതാരം, കടുക്കാത്തോട്, ചുക്ക് ഇവ കഷായം ഗോമൂത്രവും ഗുൽഗുലുവും ചേൎത്ത കുടിക്കുക. വീക്കവും ഉദരരോഗവും ശമിക്കും.

രേണുകാദികഷായം.

മൂ— രേണുകാപിപ്പലീകഷായോ ഹിംഗുകല്ക്കേനസംയുതഃ
പാനാദേവഹിപഞ്ചാപി ഹിക്കാനാശയതിക്ഷണാൽ.

വ്യാ— അരേണകം, തിപ്പലി ഇവ കഷായം കായം അരച്ചു കലക്കി കുടിക്കുക ഇക്കിൾ അഞ്ചും വേഗം ശമിക്കും.

പുടപാകയോഗങ്ങൾ.

അരലുത്വക്‌പുടപാകം.

മൂ— അരലുത്വക്കൃതശ്ചൈവ പുടപാകോഗ്നിദീപനഃ
മധുഃമോചരസാഭ്യാംച യുക്തഃ സർവ്വാതിസാരനൽ.

വ്യാ— പലകപ്പയ്യാനിഃവരിഃന്മൽതൊലി പുടപാകം ചെയ്യെടുത്ത രസത്തിൽ തേനും ഇലവിൻപശയും ചേർത്തുപയോഗിച്ചാൽ എല്ലാഅതിസാരങ്ങളും ശമിക്കും അഗ്നിദീപനത്തെച്ചെയ്കയും ചെയ്യും.

കടജത്വക്‌പുടപാകം.

മൂ— തൽകാലാകൃഷ്ടകുടജത്വചംതണ്ഡുലവാരിണാ
പിഷ്ടാംചതുഷ്പലമിതാം ജംബൂപല്ലവവേഷ്ടിതാം
സൂഃത്രേണബദ്ധാംഗോധൂമപിഃഷ്ടനപരിവേഷ്ടിതാം
ലിപ്താംചഘനപങ്കേന ഗോമയൈർവ്വഹ്നിനാദഹേൽ
അങ്ഗാരവർണ്ണാഞ്ചമൃദം ദൃഷ്ട്വാ വഹ്നേഃ സമുദ്ധരേൽ
തതോരസം ഗൃഹീത്വാച ശീതംക്ഷൌദ്രയുതംപിബേൽ
ജഃയതസർവ്വാനതീസാരാൻ ദുസ്തരാൻസുചിഃരത്ഥിതാൻ.

വ്യാ—കുടകപ്പാലവേരിന്മേൽതൊലി എടുത്തു ഉടനെ അരിക്കാടിയിൽ അരച്ചുരുട്ടി നാലുപലം എടുക്കുക ആ കബളത്തിനെ ഞാവൽതളിരുകൊണ്ടു പൊതിഞ്ഞുകെട്ടി അതിന്മീതെ ഗോതമ്പരച്ചുപൊതിഞ്ഞു ശീല മൺചെയ്തു പശുവിൻചാണകവറളിയിൽ വച്ചു ദഹിപ്പിക്ക ആ മണ്ണു അഗ്നിയുടെ നിറമാകുമ്പോൾ എടുത്തു ആറിയഃശഷം മണ്ണും പുറമെപൊതിഞ്ഞ മററസാധനങ്ങളേയും നീക്കി കബളികയെ പിഴിഞ്ഞുരസമെടുത്തു ആറിയശേഷം തേനുംകൂട്ടികൊടുക്കുക വളരെ പഴകിയതും പ്രയാസമുള്ളതുമായ എല്ലാ അതിസാരങ്ങളും ശമിക്കും.

ന്യഗ്രോധാദിപുടപാകം.

മൂ— ന്യഗ്രോധാഃദശ്ചകല്ക്കേന പൂരഃയൽശൌരതിത്തിരേഃ
നിരസ്തമുദരംസമ്യക് പുടപാകേനതൽപചേൽ
തൽകല്കസ്വരസഃക്ഷൌദ്ര യുക്തസർവ്വാതിസാരനൽ

വ്യാ— ന്യഗ്രോധാദിഗണത്തിൽ പറഞ്ഞ മരുന്നുകൾ അരച്ചു പിതാരിപ്പുള്ളിന്റെ വയററിൽഅടച്ചു പുടപാകംചെയ്യെടുത്തു പിഴിഞ്ഞു രസമെടുത്തു തേനുംചേർത്തു കുടിക്കുക എല്ലാ അതിസാരങ്ങളും ശമിക്കും.

ദാഡിമീഫലപുടപാകം.

മൂ— പുടപാകേനവിപചേൽ സുപക്വംദാഡിമീഫലം
തദ്രസസ്സാമധുസംയുക്തഃ സൎവ്വാതീസാരനാശനഃ.

വ്യാ— പഴുത്ത താളിമാതളഫലം പുടപാകംചെയ്തു രസമെടുത്തു തേൻ ചേൎത്തു കൊടുക്കുക എല്ലാ അതിസാരങ്ങളും ശമിക്കും.

ബീജപൂരാദിപുടപാകം.

മൂ— ബീജപൂരാമ്രജംബൂനാം പല്ലവാനിജടഃപൃഥക്
വിപചേൽപുടപാകേന ക്ഷൌദ്രയുക്തശ്ചതദ്രസഃ
ഛൎദ്ദിംനിവാരയേൽഘോരാം സൎവ്വദോഷസമുത്ഭവാം.

വ്യാ— മാതളനാരകം, മാവു, ഞാവൽ ഇവയുടെ തളിരുകളും വേരുകളും പ്രത്യേകം പുടപാകംചെയ്യെടുത്ത രസത്തിൽ തേൻ ചേൎത്തു കൊടുക്കുക എല്ലാ ദോഷങ്ങൾമൂലം ഉണ്ടായവയും ഘോരവുമായ ഛൎദ്ദി ശമിക്കും.

വൃഷപത്രപുടപാകം.

മൂ— പിഷ്ടാനാംവൃഷപത്രാണാം പുടപാകരസോഹിമഃ
മധുയുക്തോജയേദ്രക്ത പിത്തകാസജ്വരക്ഷയാൻ.

വ്യാ— ആടലോടകത്തില പുടപാകംചെയ്യെടുത്ത രസം ആറിയശേഷം തേൻ ചേൎത്തു കൊടുക്കുക രക്തപിത്തം, ചുമ, ജ്വരം, ക്ഷയം ഇവ ശമിക്കും.

ക്ഷുദ്രാപഞ്ചാംഗപുടപാകം.

മൂ— പചേൽക്ഷുദ്രാംസപഞ്ചാംഗാം പുടപാകേനതദ്രസഃ
പിപ്പലീചൂൎണ്ണസംയുക്തഃ കാസശ്വാസകഫാപഹഃ.

വ്യാ— കണ്ടകാരിച്ചുണ്ടയുടെ അഞ്ചംഗവും പുടപാകംചെയ്യെടുത്ത രസത്തിൽ തിപ്പലിപ്പൊടിചേൎത്തു കൊടുക്കുക കാസശ്വാസം, കഫോപദ്രവം ഇവ ശമിക്കും.

വിഭീതകഫലപുടപാകം.

മൂ— വിഭീതകഫലംകിഞ്ചിദ്ഘൃതേനാഭ്യജ്യസ്ഥലപയേൽ
ഗോധൂമപിഷ്ടേനാംഗാരൈൎവ്വിപചേൽപുടപാകവൽ
തതഃപക്വംസമുദ്ധൃത്യ ത്വചംതസ്യമുഖേക്ഷിപേൽ
കാസശ്വാസപ്രതിശ്യായ സ്വരഭംഗാഞ്ജയത്യതഃ.

വ്യാ—താന്നിക്കായുടെ പുറത്തു നെയ്യുതടവി ഗോതമ്പും അരച്ചുപൊതിഞ്ഞു പുടപാകംപോലെ ചുട്ടെടുത്തിട്ട അതിൻെറതോടു തിന്നുക ചുമ,ശ്വാസരോഗം,പീനസം,ഒച്ചയടപ്പു ഇവ ശമിക്കും.

ശുണ്ഠിപുടപാകം.

മൂ— ചൂൎണ്ണംകിഞ്ചിൽഘൃതാഭ്യക്തം ശുണ്ഠ്യാഏരണ്ഡജൈൎദ്ദലൈഃ
വേഷ്ടിതംപുടപാകേന വിപചേന്മന്ദവഹ്നിനാ

തതഉദ്ധൃത്യതച്ചൂൎണ്ണം ഗ്രാഹ്യംപ്രാതഃസിതാസമം
തേനയാന്തിശമംപീഡാ ആമാതിസാരസംഭവാഃ.

വ്യാ— ചുക്കപൊടിച്ചു നെയ്കൊണ്ടുകുഴച്ചു ആവണക്കില പൊതിഞ്ഞു പുടപാകമായി മൃദ്വഗ്നികൊണ്ടു പചിച്ചെടുക്കുക അനന്തരം ആ ചൂൎണ്ണമെടുത്തു പഞ്ചസാരചേൎത്തു രാവിലെ തിന്നുക അതുകൊണ്ട് ആമാതിസാരം സംബന്ധിച്ച പീഡ ശമിക്കും.

ശുണ്ഠിപുടപാകം.

മൂ— ശുണ്ഠികല്ക്കംവിനിക്ഷിപ്യ്യരണ്ഡമൂലജൈഃ
വിപചേൽപുടപാകേന തദ്രസഃക്ഷൌദ്രസംയുതഃ
ആമവാതസമുൽഭൂതാം പീഡാംജയതിദുസ്സരാം.

വ്യാ— ആവണക്കിൻവേരിന്മേൽതൊലി കുത്തിപ്പിഴിഞ്ഞ രസത്തിൽ ചുക്കരെച്ചുകുഴച്ചു പുടപാകമായി പചിച്ചെടുക്കുക ശമിക്കാൻ പ്രയാസമുള്ളതും ആമവാതം സംബന്ധിച്ചുള്ളതുമായ പീഡ ശമിക്കും.

സൂരണകന്ദപുടപാകം.

മൂ— സൌരണംകന്ദമാദായ പുടപാകേനപാചയേൽ
സതൈലലവണസ്തസ്യ രസശ്ചാഃശാവികാരനൽ.

വ്യാ— കാട്ടുചേന ശുദ്ധിചെയ്തു പുടപാകമായി പചിച്ചെടുത്ത് ആ രസത്തിൽ എണ്ണയും ഇന്തുപ്പും ചേൎത്തുപയോഗിക്കുക അൎശ്ശസ്സുനിമിത്തമുള്ള വികാരത്തെ ശമിപ്പിക്കും.

ഹരിണശൃംഗപുടപാകം.

മൂ— ശരാവസംപുടേദഗ്ദ്ധം ശൃംഗംഹരിണജംപിബേൽ
ഗവ്യേനസൎപ്പിഷായുക്തം ഹൃച്ഛൂലംനാശയേൽധ്രുവം.

വ്യാ— കലക്കൊമ്പു മൂശയിൽവെച്ചു ദഹിപ്പിച്ചെടുത്തു പശുവിൻനെയ്യിൽ കുടിക്കുക ഹൃദയത്തിലുണ്ടാകുന്ന വേദന വേഗം ശമിക്കും.

സ്വരസയോഗങ്ങൾ.

അമൃതാസ്വരസം—ധാത്ര്യാസ്വരസം.

മൂ— അമൃതായാരസഃക്ഷൌദ്ര യുക്തഃസൎവ്വപ്രമേഹജിൽ
ഹരിദ്രാചൂൎണ്ണസംയുക്തോവാരസോധാത്ര്യാഃസമാക്ഷികഃ

വ്യാ— അമൃതിന്റെ രസം തേനോ മരമഞ്ഞൾപ്പൊടിയോ ചേൎത്തു കുടിച്ചാൽ പ്രമേഹം ശമിക്കും. നെല്ലിക്കായുടെ രസത്തിൽ തേൻ ചേൎത്തു കുടിക്കുന്നതും പ്രമേഹശമനകരമാകുന്നു.

വാസകസ്വരസം.

മൂ— വാസകഃസ്വരസഃപേയാ മധുനാരക്തപിത്തജിൽ
ജ്വരകാസക്ഷയഹരഃ കാമലാശ്ലേഷ്മപിത്തഹാ.

വ്യാ— ആടലോടകം കുത്തിപ്പിഴിഞ്ഞ രസം തേൻ ചേൎത്തു

കുടിക്കുക. രക്തപിത്തം, ജ്വരം, ഛൎദ്ദി, ക്ഷയം, കാമില, കഫപിത്ത വികാരങ്ങൾ ഇവ ശമിക്കും.

ത്രിഫലാസ്വരസം.

മൂ— ത്രിഫലായാരസഃക്ഷൌദ്ര യുക്തോദാൎവ്വീരസോഽഥവാ
നിംബസ്യവാഗുഡൂച്യാവാ പീതോജയതികാമലാം.

വ്യാ— ത്രിഫലയുടെ രസം തേൻ ചേൎത്തു കുടിച്ചാൽ കാമല ശമിക്കും. മരമഞ്ഞളിന്റെ രസമൊ വേപ്പിന്റെ രസമൊ അമൃതിന്റെ രസമൊ മേൽപ്രകാരം കുടിച്ചാലും കാമല ശമിക്കും. (സ്വരസത്തിനു ത്രിഫല പച്ചയായിത്തന്നെ യോജിപ്പിക്കണം.)

തുളസീപത്രരസഃ—ദ്രോണപുഷ്പീരസഃ.

മൂ— പീതോമരിചചൂൎണ്ണേന തുളസീപത്രജോരസഃ
ദ്രോണപുഷ്പീരസോഽപി നിഹന്തിവിഷമജ്വരാൻ.

വ്യാ— തുളസീപത്രരസത്തിൽ മുളകിന്റെ പൊടിചേൎത്തു കുടിച്ചാൽ വിഷമജ്വരങ്ങൾ ശമിക്കും. തുമ്പയുടെ രസവും മേൽപ്രകാരം ഉപയോഗിക്കാം. ഫലം മേൽപറഞ്ഞതുതന്നെ.

ജംബ്വാമ്രാദിരസം.

മൂ— ജംബ്വാമ്രാമലകീനാഞ്ചപല്ലവാത്ഥോരസോജയേൽ
മധ്വാജ്യക്ഷീരസംയുക്തോരക്താതിസാരമുല്ബണം

വ്യാ—ഞാവൽതളിര്, നെല്ലിത്തളിര്, മാവിൻതളിര്, ഇവ കുത്തിപ്പിഴിഞ്ഞ രസത്തിൽ തേൻ നെയ്യ് പാല് ഇവചേൎത്തു കുടിക്കുക വൎദ്ധിച്ച രക്താതിസാരം ശമിക്കും.

സ്ഥൂലബബ്ബൂലികാപത്രരസഃ.

മൂ— സ്ഥൂലബബ്ബൂലികാ പത്രരസഃ പാനാദ്ധ്യപോഹതി
സൎവ്വാതിസാരാൻശ്യോനാക കുടജത്വഗ്രസോഽഥവാ

വ്യാ—വലിയകുന്താലമ്പുല്ലിന്റെ ഇല കുത്തിപ്പിഴഞ്ഞരസം കുടിക്കുക. എല്ലാ അതിസാരങ്ങളും ശമിക്കും. പലകപ്പയ്യാന കുടകപ്പാലവേർ ഇവ ചതച്ചുപിഴിഞ്ഞ രസംകുടിച്ചാലും മേല്പറഞ്ഞ ഫലം ലഭിക്കും.

ആൎദ്രകസ്വരസഃ

മൂ— ആൎദ്രകസ്വരസഃ ക്ഷൌദ്രയുക്തോവൃഷണവാതനുൽ
ശ്വാസകാസാരുചീഃഹന്തി പ്രതിശ്യായം വ്യപോഹതി

വ്യാ—ഇഞ്ചി കുത്തിപ്പിഴിഞ്ഞ രസത്തിൽ തേൻ ചേൎത്തു കൊടുക്കുക വൃഷണവാതം ശമിക്കും ശ്വാസം കാസം അരുചി പീനസം ഇവയും ശമിക്കും.

ബീജപൂരരസഃ

മൂ—ബീജപൂരരസഃപാനാന്മധുക്ഷാരയുതോജയേൽ
പാൎശ്വഹൃദ്വസ്തിശൂലാനി കോഷ്ഠവായുഞ്ചദാരുണം.

വ്യ—മാതളനാരകമ്പഴം, പിഴിഞ്ഞ രസത്തിൽ തേനും ച വൎക്കാരവും ചേൎത്തു കുടിക്കുക. പാൎശ്വഭാഗങ്ങൾ, ഹൃദയം, വസ്തി ഈ അംഗങ്ങളിലെ വേദനകൾ ഭയങ്കരമായ കോഷ്ഠവായു ഇവ യെജ്ജയിക്കും.

ശതാവരീരസഃ

മൂ— ശതാവൎയ്യാശ്ച മധുനാ പിത്തശൂലഹരോരസഃ

വ്യ—ശതാവരിരസത്തിൽ തേൻ ചേൎത്തു കൊടുക്കുക. പിത്താധികമായ ശൂല ശമിക്കും.

കന്യാരസഃ

മൂ— നിശാചൂൎണ്ണയുതഃ കന്യാരസഃ പ്ലീഹാപചീഹരഃ

വ്യ—കററവാഴരസത്തിൽ മഞ്ഞൾപ്പൊടി ചേൎത്തു കൊടുക്കുക പ്ലീഹയും അപചിയും ശമിക്കും.

അലംബുഷാസ്വരസഃ

മൂ— അലംബുഷായാഃ സ്വരസഃ പീതോദ്വിപലമാത്രയാ
അപചീഗണ്ഡമാലാനാം കാമലായാശ്ച നാശനഃ

വ്യ—പാച്ചോററി ചതച്ചു പിഴിഞ്ഞു ഒരുനേരം രണ്ടുപലം വീതം കുടിക്കുക. അപചി, ഗണ്ഡമാലാ, കാമലാ, ഈ രോഗങ്ങൾ ശമിക്കും.

ശശമുണ്ഡരസഃ

മൂ— ശശമുണ്ഡാരസഃ കാൎഷ്ണോ മരിചൈരവധൂളിതഃ
ജയത്സപ്തദിനാഭ്യാസാൽ സൂൎയ്യാവൎത്താൎദ്ധഭേദകൌ

വ്യ—കാട്ടുപാവലിന്റെ രസം എടുത്തു മുളകുപൊടി ചേൎത്തു കുടിക്കുക. ഇങ്ങനെ ഏഴുദിവസം കുടിക്കുക. സൂൎയ്യാവൎത്തം, അൎദ്ധഭേദകം എന്നി ശിരോരോഗങ്ങൾ ശമിക്കും.

ബ്രഹ്മ്യാദിസ്വരസഃ

മൂ— ബ്രാഹ്മീകൂഷ്മാണ്ഡഷൾഗ്രന്ഥാ ശംഖിനീസ്വരസാഃ
മധുകുഷ്ഠയുതാഃ സൎവ്വോന്മാദാപഹാരിണഃ [പൃഥക്

വ്യ—ബ്രഹ്മി, കുമ്പളങ്ങ, വയമ്പു, കിരിവള്ളി ഇവ ചതച്ചു പിഴിഞ്ഞു കൊട്ടം പൊടിച്ച പൊടിയും തേനും ചേൎത്തു കുടിക്കുക എല്ലാ ഉന്മാദങ്ങളേയും കളയും.

കൂഷ്മാണ്ഡകസ്വരസഃ

മൂ— കൂഷ്മാണ്ഡകസ്യ സ്വരസോ ഗുഡേനസഹയോജിതഃ
ദുഷ്ടകോദ്രവസഞ്ജാതമദമ്പാനാദ്വ്യപോഹതി

വ്യ—കുമ്പളങ്ങയുടെ രസത്തിൽ ശൎക്കരചേൎത്തു കൊടുക്കുക വരകു തിന്നതിനാലുള്ള മദം ശമിക്കും.

ഗാങ്ഗേരുകീമൂലസ്വരസഃ

മൂ— ഖഡ്ഗാദിച്ഛിന്നഗാത്രസ്യ തൽക്കാലസംഭൂതോവ്രണഃ
ഗാങ്ഗേരുകീമൂലരസൈസ്സേജ്ജായതേ ഗതവേദനഃ

വ്യ— കത്തികൊണ്ടു ശരീരത്തിൽമുറിപ്പെട്ടു തൽക്കാലമുണ്ടാകുന്ന വേദനകൾക്കു വലിയ ഊരകത്തിന്റെ വേർചതച്ചു പിഴിഞ്ഞു വ്രണത്തിൽ നിറച്ചാൽ വേദന ശമിക്കും.

പ്രമഥ്യാദികഷായഭേദഃ

മൂ— പ്രമഥ്യാഃപ്രോച്യതേദ്രവ്യപലാൽകൽക്കീകൃതാച്ശൃതാൽ
തോയേഷ്ടഗുണിതേതസ്യാഃ പാനമാഹുഃപലദ്വയം

വ്യ—ഒരുപലം മരുന്നു എട്ടു ഗുണം വെള്ളത്തിൽ അരച്ചു കലക്കി തിളപ്പിച്ചു അതിൽനിന്നും രണ്ടുപലം ഒരുനേരം കുടിക്കണം ഇതു പ്രമഥ്യാകല്പനയാകുന്നു.

മുസ്തകേന്ദ്രയവൈഃ സിദ്ധാപ്രമത്ഥ്യാദ്വിപലോന്മിതാ
സുശീതാമധുസംയുക്താ രക്താതീസാരനാശിനീ.

വ്യ—മുത്തങ്ങ, കുടകപ്പാലയരി, ഇവകൊണ്ടു സാധിച്ച പ്രമത്ഥ്യാകഷായം തണുപ്പിച്ചു തേൻ ചേൎത്തു രണ്ടുപലം ഒരുനേരം കുടിപ്പിക്ക. രക്താതിസാരം ശമിക്കും.

മൂ— സാധ്യഞ്ചതുഷ്പലംദ്രവ്യഞ്ചതുഃഷഷ്ടിപലേജലേ
തൽകഷായേണാൎദ്ധശിഷ്ടേനയവാഗൂംസാധയേൽഘനാം

വ്യ— നാലുപലം മരുന്നു അറുപത്തിനാലുപലം വെള്ളത്തിൽ കഷായമിട്ടു പകുതിയാക്കി എടുത്തു അതിൽ കൊഴുത്ത കഞ്ഞി സാധിക്കുക.

മൂ— ആമ്രാമ്രാതകജംബൂത്വക്കഷായെവിപചേൽബുധഃ
യവാഗൂംശാലിഭിസ്സ്വക്താംതാംഭുക്ത്വാഗ്രഹണീംജയേൽ

വ്യ—മാവിൻതൊലി, അമ്പഴത്തിൻതൊലി, ഞാവൽത്തൊലി ഇവയുടെ കഷായത്തിൽ ശാലിനെല്ലിന്റെ അരിയിട്ടു കഞ്ഞിവെച്ചെടുത്തു കുടിക്കുക ഗ്രഹണിശമിക്കും.

മൂ— കല്ക്കദ്രവ്യപലംശുണ്ഠി പിപ്പലീ ചാൎദ്ധകാർഷികീ
വാരിപ്രസ്ഥേന വിപചേത്സദ്രവോ യൂഷഉച്യതേ.

വ്യ-ഒരുപലം ചുക്കു, അരപ്പലം തിപ്പലി, ഇവ പൊടിച്ചു ഇടങ്ങഴി വെള്ളത്തിൽ ഇട്ടു പചിച്ചെടുക്കുക ഈ ദ്രവത്തിനു യൂഷം എന്നു പേർ.

മൂ— കുലിത്ഥയവകോലൈശ്ച മുൽഗൈർമ്മൂലകഗ്രന്ഥികൈഃ
ശുണ്ഠീധാന്യാകയുക്തൈശ്ചയൂഷഃ ശ്ലേഷ്മാനിലാപഹഃ
സപ്തമുഷ്ടികമിത്യേഷ സന്നിപാതജ്വരംജയേൽ
ആമവാതഹരഃകണ്ഠഹൃദ്വക്ത്രാണാം വിശോധനഃ

വ്യാ—പഴമുതിര, യവധാന്യം, ലന്തക്കുരു, ചെറുപയറ, കാട്ടുതിപ്പലിവേർ, ചുക്കു, കൊത്തമ്പാലരി ഇവ ചേൎന്ന യൂഷം കഫവാതംദങ്ങളെ ഹനിക്കും സപ്തമുഷ്ടികമെന്ന ഈ യോഗം സന്നിപാതജ്വരത്തെക്കളെയും ആമവാതം ശമിപ്പിക്കും കണ്ഠം ഹൃദയം വായ ഇവയെ ശോധനചെയ്യും.

മൂ— ക്ഷുണ്ണംദ്രവ്യപലംസാധ്യം ചതുഃഷഷ്ടിപലേജലേ
അൎദ്ധശിഷ്ടംചതദ്ദേയം പാനേഭക്താദിസംവിധൌ

വ്യാ—ഒരുപലംമരുന്നു ചതച്ചു അറുപത്തിനാലുപലം വെള്ളത്തിൽ ഇട്ടു പകുതിയാക്കിയെടുത്തു ഊണുമുതലായവയിൽമീതേ കുടിപ്പിക്കുക.

മൂ— ഉശിരപപ്പടാദീച്യ മുസ്താനാഗരചന്ദനൈഃ
ജലംശൃതംഹിമമ്പേയം പിപാസാജ്വരനാശനം.

വ്യാ—രാമച്ചം, പപ്പടകപ്പുല്ലു, ഇരുവേലി, മുത്തങ്ങ, ചുക്കു, ചന്ദനം ഇവ കൊണ്ടുണ്ടാക്കിയ ജലം തണുപ്പിച്ചു കുടിക്കുക വെള്ളദ്ദാഹവും ജ്വരവും ശമിക്കും.

മൂ— അഷ്ടമേനാംശശേഷേണ ചതുൎത്ഥനാൎദ്ധകേനവാ
അഥവാക്വഥനേനൈവ സിദ്ധമുഷ്ണോദകംവദൽ
ശ്ലേഷ്മാമവാതദോഷഘ്നം വസ്തിശോധനദീപനം
കാസശ്വാസജ്വരഹരം പീതമുഷ്ണോദകംനിശി.

വ്യാ—ശുദ്ധിചെയ്യുട്ടുത്ത പച്ചവെള്ളം കാച്ചി എട്ടിലൊന്നോ നാലിലൊന്നോ രണ്ടിലൊന്നോ ശേഷിപ്പിച്ചതോ അഥവാ തിളപ്പിച്ചതോ ചൂടുവെള്ളം എന്നുപറയപ്പെടുന്നു. ഇതു കഫാധിക്യം, ആമവാതം, മേദോദോഷം ഇവയെക്കളെയും വസ്തിയെ ശോധനചെയ്യും ദീപനമുണ്ടാക്കും ചുമ, ശ്വാസം, ജ്വരം ഇവയെ ശമിപ്പിക്കും ഇതു കുടിക്കേണ്ടതു രാത്രിയിലാകുന്നു.

മൂ— ക്ഷീരമഷ്ടഗുണംദ്രവ്യാൽ ക്ഷീരാന്നീരംചതുൎഗ്ഗുണം
ക്ഷീരാവശേഷംതൽപീതം ശൂലമാമോത്ഭവംജയേൽ

വ്യാ—മരുന്നിൻെറ അളവിൽനിന്നു എട്ടിരട്ടി പാൽ പാലിൽനിന്നു നാലുമടങ്ങു വെള്ളം വററിച്ചു പാലാക്കി കുടിക്കുക ആമന്നിമിത്തമുണ്ടാകുന്ന ശൂല ശമിക്കും.

മൂ— സൎവ്വജ്വരാണാംജീൎണ്ണാനാം ക്ഷീരംഭൈഷജ്യമുത്തമം
ശ്വാസാൽകാസാച്ഛിരഃശൂലാൽ പാൎശ്വശൂലാൽസപീന
മുച്യതേജ്വരിതഃപീത്വാ പഞ്ചമൂലീശൃതമ്പയഃ [സാൽ

വ്യാ—എല്ലാ പഴകിയ ജ്വരങ്ങൾക്കും പാൽ ഉത്തമമായ ഔഷധമാകുന്നു പഞ്ചമൂലങ്ങൾ ഇട്ടു കുറുക്കിയ പാൽ കുടിക്കുക ശ്വാസകാസം, ശിരഃശൂലം, പാൎശ്വശൂലം, പീനസം എന്നീരോഗങ്ങ

ൾ ജ്വരരോഗമുള്ളവങ്കൽനിന്നു മാറിപ്പോകുന്നു.

മൂ— ത്രികണ്ടകബലാ വ്യാഘ്രീഗുഡനാഗര സാധിതം
വച്ചോമൂത്രവിബന്ധഘ്നം കഫജ്വരഹരം പയഃ

വ്യാ— ഞെരിഞ്ഞിൽ, കുറുന്തോട്ടിവേർ, ചെറുവഴുതിനവേർ, ശർക്കരെ, ചുക്കു ഇവ പാൽക്കഷായം വച്ചസ്സ്, മൂത്രതടവു ഇവയും കഫജ്വരവും ശമിക്കും.

അന്നപ്രക്രിയാ

മൂ— അഥാന്നപ്രക്രിയാ ചൈവ പ്രോച്യതേനാതിവിസ്തരാൽ
യവാഗൂഷഡ്ഗുണജലേ സിദ്ധാസ്യാൽകൃസരാഘനാ
തണ്ഡുലൈർമുൽഗമാഷൈശ്ചതിലൈർവാസാധിതാഹിതാ
യവാഗൂർഗ്രാഹണീബല്യാ തർപ്പണീവാതനാശിനീ

വ്യാ— അനന്തരം അന്നപ്രക്രിയയും അതിവിസ്താരങ്കൂടാതെ തന്നെ പറയുന്നു ആറിരട്ടിവെള്ളത്തിൽ സാധനമ്പാകഞ്ചെയ്തു ഘനമായുണ്ടാകുന്ന കഞ്ഞി യവാഗുഎന്നു പറയപ്പെടുന്നു അരിയോ ചെറുപയറോ ഉഴുന്നോ എള്ളോ കൊണ്ടു സാധിക്കുന്ന യവാഗു ഹിതമായതാകുന്ന ഗ്രാഹിണിയായും ബലമുണ്ടാക്കുന്നതായും ഇന്ദ്രിയങ്ങളെ പോഷിപ്പിക്കുന്നതായും വാതശമനകരമായതായും ഭവിക്കുന്നു.

മൂ— വിലപീചഘനാസിക്ഥാസിദ്ധാനീരേചതുർഗ്ഗുണേ
ബൃംഹണീതർപ്പണീഹൃദ്യാമധുരാപിത്തനാശിനീ

വ്യാ— നാലിരട്ടി വെള്ളത്തിൽ അരിയിട്ടു ഘനമായി ഉണ്ടാകുന്ന കഞ്ഞി വിലേപി എന്നു പറയപ്പെടുന്നു ഇതു വറ്റേറിയ കഞ്ഞിയാകുന്നു. (ബഹുസിക്ഥാ വിലേപീസ്യാൽ എന്ന പ്രമാണാന്തരം കാണ്ക) ഇതു തടിപ്പിക്കും ഇന്ദ്രിയങ്ങളെ പോഷിപ്പിക്കും ഹൃദ്യമാകുന്നു മധുരരസമാകുന്നു പിത്തശമനത്തെ ചെയ്യും.

മൂ— ദ്രവാധികാസ്വല്പസിക്ഥാചതുർദ്ദശഗുണേജലേ
സിദ്ധാപേയാബുധൈർജ്ഞേയായൂഷഃകിഞ്ചിൽഘനഃസമൃ
പേയ ലഘുതരാജ്ഞേയാഗ്രാഹിണീധാതുപുഷ്ടിദാ [തഃ
യൂഷോബല്യസ്തഃകണ്ഠ്യോ ലഘുപാകഃ കഫാപഹഃ

വ്യാ— പതിന്നാലുമടങ്ങു വെള്ളത്തിൽ അരിയിട്ടുസാധിക്കുന്ന കഞ്ഞി പേയാ എന്നു പറയപ്പെടുന്നു അതിനെ കുറേക്കൂടി കുറുക്കിയാൽ അതു യൂഷമെന്നു പറയപ്പെടുന്നു ഇതു വെള്ളമേറിയ കഞ്ഞിയാകുന്നു പേയ എന്ന കഞ്ഞി ഏററവും ലഘുവാകുന്നു മലബന്ധത്തെച്ചെയ്യും ധാതുക്കളെ പുഷ്ടിവരുത്തും യൂഷം ബല്യമായും കണ്ഠ്യമായും വേഗം ദഹിക്കുന്നതായും കഫത്തെ ശമിപ്പിക്കുന്നതായും ഭവിക്കുന്നു.

മൂ— ജലചതുൎദ്ദശഗുണേന തണ്ഡുലാനാം ചതുഷ്പലം
വിപചേൽ സ്രാവയേന്മണ്ഡം സഭക്താമധുരാലഘു
വ്യാ—നാലുപലം അരി പതിന്നാലുമടങ്ങുവെള്ളത്തിൽ സാധിച്ചിട്ടത് ഊററിയവെള്ളം മണ്ഡമെന്നു പറയപ്പെടുന്നു. ആ വററ ചോറ എന്നു പറയപ്പെടുന്നു അതു ലഘുവായും മധുരരസത്തോടുകൂടിയതായും ഭവിക്കുന്നു.
മൂ— നീരചതുൎദ്ദശഗുണേ സിദ്ധോ മണ്ഡസ്ത്വസിക്ഥക
ശുണ്ഠീസൈന്ധവസംയുക്തഃ പാചനോ ദീപനഃ പരഃ
വ്യാ—പതിന്നാലുമടങ്ങു വെള്ളത്തിൽ സാധിച്ചിട്ടുള്ള വററകൂടാത്ത കഞ്ഞിയിൽ (മണ്ഡത്തിൽ) ചുക്കും ഇന്തുപ്പും ചേൎത്തു കുടിക്കുക എന്നാലും പാചനമായും ദീപനമായും ഭവിക്കും.
മൂ— ധാന്യത്രികടുസിന്ധൂത്ഥയുക്തസ്തക്രേണ യോജിതഃ
ഭൃഷ്ടശ്ചഹിംഗുതൈലാഭ്യാം സമണ്ഡോഷ്ടഗുണഃ സ്മൃതഃ
ദീപനഃ പ്രാണദോ വസ്തിശോധനോ രക്തവൎദ്ധനഃ
ജ്വരജിത് സൎവ്വദോഷഘ്നോ മണ്ഡോഷ്ടഗുണ ഉച്യതേ.
വ്യാ—മണ്ഡത്തിൽ കൊത്തമ്പാലരി, ചുക്കു, മുളകു, തിപ്പലി, ഇന്തുപ്പു, മോരു, പൊരിച്ചകായം, തൈലം ഇവ ചേൎത്തു കുടിക്കുക ഇതിന്നു അഷ്ടഗുണം എന്നു പേർ. ഇതു ദീപനമായും ബലവൎദ്ധകമായും വസ്തിശോധനമായും രക്തവൎദ്ധനമായും ജ്വരശമനമായും സൎവ്വദോഷങ്ങളെയും കളയുന്നതായും ഭവിക്കുന്നു. സിന്ധുത്ഥമുദ്ഗതണ്ഡുലയോജിതഃ, എന്നു പാഠാന്തരം കാണുന്നുണ്ടു
മൂ—സുകണ്ഡിതൈസ്തഥാ ഭൃഷ്ടൈൎവ്വാട്യമണ്ഡോയവൈൎഭവേൽ
കഫപിത്തഹരഃ കണ്ഠ്യോ രക്തപിത്തപ്രസാധനഃ
വ്യാ—മണ്ഡപാകം ചെയ്യുന്നതിന്നു അരിയോ മലരോ ചേൎക്കുക മലരു ചേൎത്തുണ്ടാക്കുന്ന മണ്ഡത്തിന്നു ലാജമണ്ഡം (മലർകഞ്ഞി) എന്നു പറയപ്പെടുന്നു (മണ്ഡത്തിൽ തെളി എന്നു ഭാഷ.) ഇതു കഫത്തെയും പിത്തത്തെയും ശമിക്കും മലംതടയും, വെള്ളദാഹത്തെയും ജ്വരത്തെയും കളയും.

കഷായാദിയോഗകല്പനങ്ങൾ.

സമാപ്തം.

അഥതൃതീയോധ്യായഃ തത്രഫാണ്ടകല്പനാ

മൂ—ക്ഷുണ്ണേദ്രവ്യപലേസമ്യഗ്ജലമുഷ്ണം വിനിക്ഷിപേൽ
മൃൽപാത്രേ കുഡുവോന്മാനം തതസ്തു സ്രാവയേൽ പടാൽ
സസ്യാച്ചൂൎണ്ണദ്രവഃ ഫാണ്ടസ്തന്മാനാദ്വിപലോന്മിതം
മധുശ്വേതാഗുഡാദീംശ്ച കഷായവത്തത്ര നിക്ഷിപേൽ
വ്യാ—ഇടിച്ചു പൊടിച്ചു രണ്ടുപലം ദ്രവ്യത്തിൽ ചൂടുപിടിപ്പിച്ചു

വെള്ളം നാഴിമാത്രം ഒഴിച്ച വസ്ത്രത്തിൽകൂടി മൺപാത്രത്തിൽ അരിച്ചെടുക്കുക. ഇതിന്ന ഫാണ്ടം എന്നുപേർ. തേൻ ശക്കര പഞ്ചസാര മുതലായതു കഷായത്തിങ്കൽ എന്നപോലെ യോജിപ്പിക്കുക.

ശ്ലോ—മധൂകപുഷ്പം മധുകം ചന്ദനം സപരൂഷകം
മൃണാളം കമലം ലോധ്രം ഗംഭാരീനാഗകേസരം
ത്രിഫലാം സാരിവാംദ്രാക്ഷാംലാജൽകോഷ്ണ ജലേക്ഷിപേൽ
സിതാമധുയുതഃ പേയഃ ഫാണ്ടോവാസൗഹിമോഥവാ
വാതപിത്തജ്വരം ദാഹംതൃഷ്ണാമൂർഛാരതിഭ്രമാൻ
രക്തപിത്തംമദംഹന്യാന്നാത്രകാര്യാവിചാരണാ

വ്യാ—ഇരിപ്പപ്പൂവു, ഇരട്ടിമധുരം, ചന്ദനം, ചിററീന്തൽ, താമരവളയം, താമരവള്ളി, പാച്ചോററിത്തൊലി, കുമിഴ, നാഗപ്പൂവു ത്രിഫലാ, നറുനീണ്ടിക്കിഴങ്ങു, മുന്തിരിങ്ങാപ്പഴം, മലരു ഇവ ചതച്ച മുമ്പുപറഞ്ഞപോലെ ഫാണ്ടമായി രസമെടുക്കുക. അതിനെ പഞ്ചസാരയും തേനുംചേൎത്തു കുടിപ്പിക്കുക. അല്ലെങ്കിൽ ഹിമമാക്കി കുടിപ്പിക്കുക. വാതം, പിത്തം, ജ്വരം, സൎവാംഗംചുട്ട, വെള്ളദ്ദാഹം, മോഹാലസ്യം, അരതി, തലതിരിച്ചിൽ, രക്തപിത്തം, മദം ഇവയെയക്കളെയും നിശ്ചയംതന്നെ.

ശ്ലോ—ആമ്രജംബൂകിസലയൈവടശുംഗപ്രരോഹകൈഃ
ഉശീരേണകൃതഃഫാണ്ടഃ സക്ഷൌദ്രോജ്വരനാശനഃ
പിപാസാഛർദ്യതീസാരാന്മൂർഛാംജയതിദുസ്തരാം.

വ്യാ—മാവിൻതളിരു, ഞാവൽതളിരു, പേരാൽമൊട്ടു, രാമച്ചം ഇവ ഫാണ്ടമാക്കി തേൻചേൎത്തുകുടിക്കുക. ജ്വരംശമിക്കും. വെള്ളദ്ദാഹം, ഛൎദ്ദി, അതിസാരം, മൂൎച്ഛ ഇവ ദുസ്തരങ്ങളായിരുന്നാലും ശമിക്കും.

ശ്ലോ— മധൂകപുഷ്പഗംഭാരീ ചന്ദനോശീരധാന്യകൈഃ
ദ്രാക്ഷയാചകൃതഃ ഫാണ്ടഃ ശീതഃ ശൎക്കരയായുതഃ
തൃഷ്ണാപിത്തഹരഃ പ്രോക്തോദാഹശ്ഛൎദ്ദ്യാഭ്രമാഞ്ജയേൽ

വ്യാ—ഇരിപ്പപ്പൂവു, കുമിഴ, ചന്ദനം, രാമച്ചം, കൊത്തമ്പാലരി മുന്തിരിങ്ങാപ്പഴം, ഇവകൊണ്ടുള്ള ഫാണ്ടംതണുപ്പിച്ച പഞ്ചസാര ചേൎത്തുകുടിക്കുക വെള്ളദ്ദാഹം പിത്തം ഇവയെയക്കളെയുംസൎവാംഗം ചുട്ട, മോഹാലസ്യം, തലതിരിച്ചൽ ഇവ ശമിക്കും.

മന്ഥഃ

ശ്ലോ മന്ഥോപിഫാണ്ടഭേദഃസ്യാത്തന്നചാത്രൈവകഥ്യതേ
ജലേചതുഷ്പലേശീതേ ക്ഷുണ്ണം ദ്രവ്യം വിനിക്ഷിപേൽ

മൂ—മൂൽപാത്രേമന്ഥഃയത്സമ്യക്തത്സ്യാച്ചദ്വിപലംപിബേൽ
വ്യാ—വ്യാമന്ഥവും ഫാണ്ടത്തിന്റെ ഭേദമാകുന്നു. അതു ഇവിടെ പറയപ്പെടുന്നു. ഒരുപലം ദ്രവ്യം ഇടിച്ചു പൊടിച്ചു നാലുപലംതണുത്തവെള്ളത്തിൽ ഇടുക അതിനെ മൺപാത്രത്തിൽ ആക്കികടകോലു കൊണ്ടു കടയുക. അതിൽനിന്നുരണ്ടുപലംകുടിക്കുക.
മൂ—ഖർജ്ജൂരദാഡിമീദ്രാക്ഷാതിന്ത്രിണീകാമ്ലികാമലകൈഃ

സപരൂഷൈഃ കൃതോമന്ഥഃ സർവമദ്യവികാരനൽ
വ്യാ—ഈന്തപ്പഴം, താളിമാതളംപഴം, മുന്തിരിങ്ങാപ്പഴം, മരപ്പുളി, ഞെരിഞ്ഞാമ്പുളി, നെല്ലിക്ക, ചിററീന്തലിൻകായ. ഇവമന്ഥമാക്കിക്കുടിക്കുക, എല്ലാത്തരം മദ്യങ്ങളുടെ വികാരത്തെയും കളയും
മൂ—ക്ഷൌദ്രയുക്തമസൂരാണാം സക്തവോ ദാഡിമാംഭസാ

മഥിതാവാരയന്ത്യാശു ഛർദ്ദിം ദോഷത്രയോത്ഭവാം
വ്യാ— ചണമ്പയറിന്റെ പൊടിയും താളിമാതളംപഴവും, മേൽപ്രകാരം കടഞ്ഞുതേൻ ചേൎത്തുകുടിക്കുക ത്രിദോഷഃകോപങ്ങൾനിമിത്തമുള്ള ഛർദ്ദിശമിക്കും
മൂ—പ്ലാവിതൈഃശീതനീരേണ സംഘൃതൈൎയ്യവസക്തുഭിഃ

നാതിസാന്ദ്രദ്രവൈർമന്ഥഃ തൃഷ്ണാദാഹാസ്രപിത്തഹാ
വ്യാ— തണുത്തവെള്ളത്തിൽ നെയ്യും യവത്തിന്റെപൊടിയും ചേൎത്തുമഥിച്ച് അധികംകൊഴുത്തതും അധികംദ്രവമായതുംഅല്ലാതെകുടിപ്പിക്കുക വെള്ളദ്ദാഹവും ചൂട്ടും രക്തപിത്തവുംശമിക്കും

ചികിത്സാസ്ഥാനേ.

ഫാണ്ടാദി കല്പനാനാമ തൃതീയോദ്ധ്യായഃ

അഥചതുർത്ഥോദ്ധ്യായഃ

തത്രഹിമകല്പനാ

മൂ— ക്ഷുണ്ണദ്രവ്യപലംസമ്യക് ഷഡ്ഭിർനീരപലൈഃപ്ലുതം
നിഃശാഷിതംഹിമഃ സ്യാത്തഥാശീതകഷായകഃ
തന്മാനം ഫാണ്ടവജ്ഞേയം സർവത്രൈവഷനിശ്ചയഃ
വ്യാ—ഒരുപലംമരുന്നുപൊടിച്ചു ആറുപലംവെള്ളത്തിൽഇട്ടുഒരുരാത്രിവച്ചിരുന്നു തണുപ്പിച്ചു കുടിക്കുക. കുടിക്കാനുള്ള അളവുഫാണ്ടത്തിനെന്നപോലെരണ്ടുപലംതന്നെ. എല്ലാഹിമകല്പനക്കും ഈ നിശ്ചയംതന്നെ.

മൂ—ആമ്രാജാംബ്വാചകകുഭം ചൂൎണ്ണികൃത്യജഃലക്ഷിപേൽ
ഹിമം തസ്യാപിഃബേൽപ്രാതഃ സക്ഷൌദ്രംരക്തപിത്തജിൽ
വ്യാ—മാവിൻതൊലി, ഞാവൽത്തൊലി, ഇവപൊടിച്ചു വെള്ള
ത്തിലിട്ടുക ഹിമമാക്കിതേൻചേൎത്തുരാവിലേകുടിക്കുകരക്തപിത്തം
ജയിക്കും
മൂ—മരിചംമധുയഷ്ടീച കാകോദുംബുരപല്ലവഃ
നിഃലോല്പലംഹിമസ്സൂജസ് തൃഷ്ണാഛൎദ്ദിനിവാരണഃ
വ്യാ—മുളക,ഇരട്ടിമധുരം കാട്ടത്തിയുടെതളിരു,കരിങ്കുവളക്കിഴങ്ങു
ഇവഹിമമാക്കി കുടിക്കുക വെള്ളദ്ദാഹവുംഛൎദ്ദിയുംശമിക്കും
മൂ— നീലോല്പലംബലാദ്രാക്ഷാ മധൂകംമധുകംതഥാ
ഉശീരംപദ്മകംചൈവകാശ്മീരീചപത്രൂഷകം
ഏതശ്ചിതകഷായശ്ച വാതപിത്തജ്വരാഞ്ജയേൽ
സപ്രലാപഭ്രമഛൎദ്ദിമോഹതൃഷ്ണാനിവാരണഃ
വ്യാ—കരിംകുവളക്കിഴങ്ങു, കുറന്തോട്ടി, മുന്തിരിങ്ങാപ്പഴം, ഇരിപ്പ
ഇരട്ടിമധുരം, രാമച്ചം, പതുമുകം, കുമിഴ, ചിററീന്തൽ ഇവഹിമക
ഷായമാക്കികുടിക്കുക വാതപിത്തജ്വരംശമിക്കുംപിച്ചുപറയുന്നതും
തലതിരിച്ചിലും ഛൎദ്ദിയും മോഹവും വെള്ളദ്ദാഹവും ശമിക്കും.
മൂ—അമൃതായാഹിമഃപേയോജീൎണ്ണജ്വരഹരസ്മൃതഃ
വ്യാ—അമൃതു ഹിമകഷായമാക്കി കുടിക്കുക ജീൎണ്ണജ്വരം ശമിക്കും
മൂ—വാസയാശ്ചഹിമഃ കാസാരക്തപിത്തംജ്വരാഞ്ജയേൽ
വ്യാ—ആടലോടകം ഹിമകഷായമാക്കികുടിക്കുക ചുമയും രക്തപി
ത്തവും ജ്വരവുംശമിക്കും.
മൂ— പ്രാതസഃ ശക്കരഃ പേയോഹിഃമാധാന്യകസംഭവഃ
അന്തൎദ്ദാഹംതഥാതൃഷ്ണാം ജയേൽസ്രോതോവിശോധനഃ
വ്യാ—കൊത്തമ്പാലരിഹിമകഷായമാക്കി പഞ്ചസാരചേൎത്തു രാ
വിലേകുടിക്കുക. അന്തൎദ്ദാഹം വെള്ളദ്ദാഹം, ഇവശമിക്കും സ്രോ
തോബന്ധങ്ങളെക്കളയും.
മൂ— ധാന്യാകധാത്രിവാസാനാം ദ്രാക്ഷാപപ്പടയോഹിമഃ
രക്തപിത്തജ്വരംദാഹം തൃഷ്ണാംശോഷംചനാശഃയൽ
വ്യാ—കൊത്തമ്പാലരി, നെല്ലിക്ക, ആടലോടകം, മുന്തിരിങ്ങാപ്പ
ഴം, പപ്പ്ടകപ്പുല്ല് ഇവഹിമകഷായമാക്കികുടിക്കുക രക്തപിത്തം,
ജ്വരം, ചൂട്ടു, വെള്ളദ്ദാഹം, ദേഹംവറൾച്ചഇവശമിക്കും.

ഇതി ഹിമകല്പനാനാമചതു
ൎത്ഥോധ്യായഃ

അഥ പഞ്ചമോധ്യായഃ

തത്ര കല്ക്കകല്പനാ

മൂ— ദ്രവ്യമാദ്രാംശിലാപിഷ്ടംശ്രുഷ്ണംവാസജലംപിബേൽ
പ്രക്ഷേപാവാപകൽകാദസ്യ തന്മാനംകഷസമ്മിതം
കല്ക്കമധുഘൃതംതൈലം ദേയംദ്വിഗുണമാത്രയാ
സിതാഗുഡൌസമൌദ്ദ്യാ ദ്രവോദേയാശ്ചതുർഗ്ഗുണാഃ

വ്യാ—ഔഷധങ്ങൾ പച്ചയായാലും ഉണങ്ങിയതായാലും മൂന്നുകഴഞ്ചു നാലുമടങ്ങുവെള്ളത്തിൽ അരച്ചുകലക്കികുടിക്കുക. അനുപാനങ്ങളായി ചേരുകണ്ടെ തേൻ നെയ്യ് തൈലം ഇവ ഔഷധത്തിന്റെ ഇരട്ടികൂട്ടുക പഞ്ചസാരയും ശർക്കരയും സമമായുംകൂട്ടുക

മൂ— ത്രിവൃദ്ധ്യാപഞ്ചവൃദ്ധ്യാവാ സപ്തവൃദ്ധ്യാഥവാകണാഃ
പിബേൽപിഷ്ടാദ്വാദശദിനം വാതഥൈവാപകർഷയേൽ
ഏവംവിംശദ്ദിനൈഃസിദ്ധം പിപ്പലിവർദ്ധമാനകം
അനേനപാണ്ഡുവാതാസ്ര കാസശ്വാസാരുചിജ്വരാഃ
ഉദരാശ്ശക്ഷയശ്ലേഷ്മ വാതാഃനശ്യന്ത്യുരോഗ്രഹഃ

വ്യാ—മൂന്നോ അഞ്ചോ ഏഴോ തിപ്പലകളായിത്തുടങ്ങി രണ്ടുദിവസങ്ങളിൽ ഒരിക്കൽ വർദ്ധിപ്പിച്ചു അരച്ചുകുടിക്കണം ഇങ്ങനെ പത്തുദിവസം വർദ്ധിപ്പിക്കുക പിന്നീടു കുറച്ചുകൊണ്ടുവരുക ഇങ്ങനെ പത്തുദിവസംകൊണ്ടുകുറച്ചുതുടങ്ങിയ മാത്രയിൽ എത്തുക ഈവിധം ഇരുപതുദിവസം ഉപയോഗിക്കുക, ഇതുകൊണ്ടു പാണ്ഡു, വാതരക്തം, ചുമ, ശ്വാസം, അരുചി, ജ്വരങ്ങൾ, ഉദരം, അർശസ്സ്, ക്ഷയം, കഫം, വാതം, ഉരോഗ്രഹം ഇവ നശിക്കും.

മൂ— ലേപാന്നിംബദളൈഃകല്ക്കോ വ്രണശോധനരോപണഃ
ഭക്ഷണാച്ഛർദ്ദികുഷ്ഠാനിപിത്തശ്ലേഷ്മകൃമീഞ്ജയേൽ

വ്യാ—വേപ്പില അരച്ചുപുരട്ടുക വ്രണം ശോധനവരുകയും ഉണങ്ങുകയും ചെയ്യും അരച്ചുകുടിച്ചാൽ ഛർദ്ദി കുഷ്ഠങ്ങൾ, പിത്തശ്ലേഷ്മം, ഇവയെക്കളെയും.

മൂ— മഹാനിംബജടാകല്ക്കോഗൃദ്ധ്രസീനാശനഃസ്മൃതഃ

വ്യാ—ആര്യവേപ്പിന്റെ വേരരച്ചുകുടിക്കുക ഗൃദ്ധ്രസി എന്നരോഗംശമിക്കും.

മൂ— ശുദ്ധകൽക്കോരസോനസ്യ തിലതൈലേനമിശ്രിതഃ
വാതരോഗാഞ്ജയേൽതീവ്രാൻ വിഷമജ്വരനാശനഃ

വ്യാ—വെളുത്തുള്ളിഅരച്ചുകലക്കി എണ്ണചേർത്തുകുടിക്കുക. കഠിനമായവാതരോഗംശമിക്കും. വിഷമജ്വരവുംശമിക്കും.

രസോനകല്ക്കം.

മൂ— പക്വകന്ദരസോനസ്യ ഗുളികാനിസ്തുഷീകൃതാഃ
പാടയിത്വാച മധ്യസ്ഥം ദൂരീകുര്യാത്തദംകുരം
തദുഗ്രഗന്ധനാശായരാത്രൌതക്രേവിനിക്ഷിപേൽ

അപനീയചതനന്ധ്യാച്ഛിലായാം പേഷയേത്തതഃ
തന്മദ്ധ്യെപഞ്ചമാംശേനചൂൎണ്ണമേഷാംവിനിക്ഷിപേൽ
സൌവച്ചലംയവാനീഞ്ച ഭൎജ്ജിതംഹിംഗുസൈന്ധവം
കടുത്രികം ജീരകംച സമഭാഗാനിചൂൎണയേൽ
ഏകീകൃത്യതതഃസൎവ്വംകല്കം കർഷപ്രമാണതഃ
ഖാദേദഗ്നിബലാപേക്ഷീ ഋതുദോഷാദ്യപേക്ഷയാ
അനുപാനംതതഃ കുൎയ്യാദേരണ്ഡശൃതമന്വഹം
സൎവ്വാംഗൈകാംഗജംവാത മൎദ്ദിതംചാപതന്ത്രകം
അപസ്മാരമഥോന്മാദ മൂരുസ്തംഭചഗൃദ്ധ്രസീം
ഉരഃപൃഷ്ഠകടിപാൎശ്വ കുക്ഷിപീഡാംകൃമീഞ്ജയേൽ
അജീൎണമാതപംരോഷമതിനീരംപയോഗുഡം
രമ്പോന്ഗ്ഗൻപുരുഷസ്യ്യഃജദേതന്നിരന്തരം
മദ്യംമാംസംതഥാമ്ലം ച രസംസേവേതനിത്യശഃനന്നു

വ്യാ—പാകമായവെള്ളുള്ളി പുറന്തോൽകളഞ്ഞു രണ്ടായിക്കീറി മദ്ധ്യത്തിലുള്ള അങ്കുരത്തെക്കളഞ്ഞു അതിൻെറ ഉഗ്രമായ ഗന്ധത്തെക്കളയുന്നതിനായി ഒരുരാത്രിയിൽ മോരിൽ ഇട്ടുവെക്കുക. പിന്നീടു അതിൽനിന്നുഎടുത്തു കല്ലിൽവച്ചുഅരക്കണം. താഴെപ്പറയുന്നമരുന്നുകളുടെപൊടി അതിൻെറ അഞ്ചിൽഒരംശമായിരിക്കണം തുവർച്ചിലക്കാരം, കുറാശാണി, പൊരിച്ചെട്ടുത്തകായം, ഇന്തുപ്പു, ചുക്കു, മുളകു,തിപ്പലി ജീരകം,ഇവസമങ്ങൾഎല്ലാം യോജിപ്പിച്ചു അഗ്നിബലത്തെ അനുസരിച്ചുസേവിക്കുക ഋതുക്കളുടേയും ദോഷങ്ങളുടേയും,ബലത്തെ അൻസരിച്ചിരിക്കണം നിത്യവും ആവണക്കിൻവേർകഷായം മീതേകുടിക്കണം സൎവ്വാംഗവാതം ഏകാംഗവാതം അൎദ്ദിതവാതം, അപതന്ത്രകം, അപസ്മാരം ഉന്മാദം ഊരുസ്തംഭം, ഗൃദ്ധ്രസി, നെഞ്ചുപൃഷ്ഠം, അരക്കെട്ടു -പാർശ്വങ്ങൾ, വയറു, ഈരഭഗങ്ങളിലെ കുത്തിനോവു, കൃമി ഇവയെ ജയിക്കും.അജീൎണ്ണാഹാരങ്ങൾ ഉപയോഗിക്കരുതു വെയിൽ ഏല്ക്കരുതു അധികം വെള്ളം കുടിക്കരുതു പാൽ, ശൎക്കര, ഇവ ഉപയോഗിക്കരുതു.മദ്യം മാംസരസം പുളിരസം ഇവ നിത്യവും സേവിക്കണം.

മൂ— പിപ്പലീപിപ്പലീമൂലം ഭല്ലാതകഫലാനിച
ഏതൽകല്കശ്ചസക്ഷൌദ്ര ഊരുസ്തംഭനിവാരണഃ

വ്യാ_പിപ്പലി, തിപ്പലിമൂലം, ചേക്കുരു ഇവ അരച്ചു കലക്കി തേൻ ചേൎത്തു കുടിക്കുക ഊരുസ്തംഭം ശമിക്കും.

മൂ— വിഷ്ണുക്രാന്താജടാകല്കഃ സിതാക്ഷൌദ്രഘൃതൈൎയ്യുതഃ
പരിണാമഭവശൂല നാശയേൽസപ്തഭിർദ്ദിനൈഃ

വ്യാ_വിഷ്ണുക്രാന്തിയുടെ വേരു അരച്ചു കലക്കി പഞ്ചസാരയും തേ

നാ നെയ്യും ചേൎത്തു കുടിക്കുക പരിണാമത്തിങ്കൽനിന്നുണ്ടായ വേദന ഏഴു ദിവസംകൊണ്ടു ശമിക്കും.

മൂ—ശുണ്ഠീതിലഗുഡൈഃകല്കം ദുഗ്ദ്ധേന സഹയോജയേൽ
പരിണാമഭവംശൂലമാമവാതംച നാശയേൽ

വ്യാ—ചുക്കു, എള്ള, ശൎക്കര, ഇവ അരച്ചുകലക്കി പാലുംചേൎത്തു കുടിക്കുക. പരിണാമത്തിങ്കൽനിന്നുണ്ടായ വേദന ആമവാതം ഇവ ശമിക്കും.

മൂ—അപാമാൎഗ്ഗസ്യബീജാനാം കല്കസ്തണ്ഡുലവാരിണാ
പീതോരക്താൎശ്ശസാംനാശം കുരുതേനാത്രസംശയഃ

വ്യാ—കടലാടിയരി, അരിക്കാടിയിൽ അരച്ചുകലക്കി കുടിക്കുക രക്താൎശ്ശസ്സു ശമിക്കും ഇതു നിശ്ചയമാകുന്നു.

മൂ—ബദരീമൂലകല്കേന തിലകല്കശ്ചയോജിതഃ
മധുക്ഷീരയുതഃകുൎയ്യാദ്രക്താതിസാരനാശനം

വ്യാ—ലന്തയുടെ വേരിന്മേൽ തൊലി അരച്ചു എള്ളരച്ചതിനോടു യോജിപ്പിച്ചു തേൻ പാൽ ഇവ ചേൎത്തു കുടിക്കുക. രക്താതിസാരം ശമിക്കും.

മൂ—കുശ്മാണ്ഡകരസോപേതാം ലാക്ഷാംകൎഷദ്വയംപിബേൽ
രക്തക്ഷയമുരോഘാതം ക്ഷയരോഗഞ്ചനാശയേൽ

വ്യാ—കുമ്പളങ്ങയുടെ രസത്തിൽ ആറുകഴഞ്ചു കോലരക്കു ചേൎത്തു കുടിക്കുക രക്തക്ഷയം, ഉരോഘാതം, ക്ഷയരോഗം ഇവ ശമിക്കും.

മൂ— തണ്ഡുലീയജടാകല്കസ്സക്ഷൌദ്രഃ സരസാഞ്ജനഃ
തണ്ഡുലോദകസംപീതോ രക്തപ്രദരനാശനഃ

വ്യാ—ചെറുചീരയുടെ വേരരച്ചു രസാഞ്ജനവും തേനുംചേൎത്തു അരിക്കാടിയിൽ കുടിപ്പിക്കുക രക്തപ്രദരം ശമിക്കും.

മൂ— അങ്കോലമൂലകല്കശ്ചസക്ഷൌദ്രസ്തണ്ഡുലാംബുനാ
അതീസാരഹരഃപ്രോക്തസ്സൎവ്വവിഷഹരഃസ്മൃത.

വ്യാ—അങ്കോലത്തിന്റെ വേരരച്ചുതേനുംചേൎത്തു അരിക്കാടിയിൽ കുടിക്കുക അതിസാരം വിഷം ഇവശമിക്കും

മൂ— വന്ധ്യാകൎക്കോടികാമൂലം പാടലായാജടാഥവാ
ഘൃതേനവില്വമൂലംവാ ദ്വിവിധംനാശയേദ്വിഷം

വ്യാ—കായ്ക്കാത്ത കാട്ടുപാവലിൻവേരോ പാതിരിവേരോ കൂവളത്തിൻവേരോ അരച്ചുകലക്കി നെയ്യ് ചേൎത്തു കുടിക്കുക രണ്ടു വിധമായ വിഷവും ശമിക്കും.

മൂ—അഭയാ സൈന്ധവകണാ ശുണ്ഠികല്കസ്ത്രിദോഷഹാ

വ്യാ—കടുക്കാ ഇന്തുപ്പ് തിപ്പലി ചുക്കു ഇവ അരച്ചുകലക്കി

കുടിക്കുക ത്രിദോഷഃകോപം ശമിക്കും.

മൂ— പത്ഥ്യാരെസ്നധ വത്സുന്നിഭിഃ കഃല്ക്കോദീപനപാചന.

വ്യാ—കടുക്കാ ഇന്തുപ്പ് ചുക്ക ഇവ അരച്ചുകലക്കി കുടിക്കുക ദീപനത്തെയും പാചനത്തെയും ഉണ്ടാക്കും.

മൂ— ത്രിവൃൽപലാശബീജാനിപാരസീയ യവാനികാ
കമ്പില്ലകാം വിഡംഗഞ്ചഗുഡശ്ച സമഭാഗകം
തഃക്രണകല്ക്കഃമതേഷാംപിഃബേൽകൃമിഗണാപഹം

വ്യാ—ത്രിഃകോല്പക്കൊന്ന പ്ലാവിൻെറകുരു പാഴ്സികറ്ശാണി കമ്പിപ്പാല വിഴാലരി ശക്കര ഇവസമം മോരിൽ കുടിക്കുക കൃമിശമിക്കും.

ഇതികല്ക്കകല്പനാനാമപഞ്ചമോധ്യായ

അഥഷഷ്ഠോധ്യായഃ

തത്രചൂൎണ്ണകല്പനാ

മൂ— അത്യന്തശുഷ്കയദ്രവ്യം സുപിഷ്ടം വസ്ത്രഗാളിതം
തസ്യാചൂൎണ്ണം രജഃ ക്ഷോദസ്സന്മാത്രാ കഷസമ്മിതാ
ചൂൎണ്ണംഗുഡഃ സമോദേയം ശക്കരാ ദ്വിഗുണാഭവേൽ
ചൂൎണ്ണേഷു ഭജ്ജിതാഹിംഗുഃദേയം നോചേൽ ക്ലേദകൃതഭഃവൽ
ലിഃമ്പൽചൂൎണ്ണംദ്രവൈഃ സവ്വൈഃഘൃതാദ്യൈദ്വിഗുണോന്മിതൈ
പിബേച്ചതുൎഗ്ഗുണൈ രേവചൂൎണ്ണഃലാഡിതംദ്രവൈഃ
ചൂൎണ്ണാവഃലേഹ ഗുഡികാ കല്ക്കാനാമനുപാനകം
വാതപിത്തകഫാതങ്കേ ത്രിദ്വ്യാകബളമാഹരേൽ
യഥാതൈലം ജലേക്ഷിപ്തം ക്ഷണേനൈവ പ്രസപ്പഃയൽഃ
അനുപാനബലാദംഗേ തഥാസപ്പതിഭേഷജം
ദ്രവേണയാവതാ സമ്മ്യക്ചൂൎണ്ണംസവ്വം പ്ലുതംഭവേൽ
ഭാവനായ പ്രാമാണന്തു ചൂൎണ്ണപ്രോക്തം ഭിഷഗ്വരൈഃ

വ്യാ—ചൂൎണ്ണവിധികളിൽ ഔഷധങ്ങളെ ഏറാവും ഉണക്കിപ്പൊടിച്ചു കുഴിയമ്മിയിലാക്കി അരച്ചുനേപ്പിച്ചു ശീലപ്പൊടിയെടുക്കണം. ഇതിൻെറ മാത്രമൂന്നുകഴഞ്ചാണ്. അതായതു ഒരുനേരം മൂന്നുകഴഞ്ചു സേവിക്കാമെന്നത്ഥം. ശക്കരകൂട്ടി സേവിക്കേണ്ടിവരുമ്പോൾ പൊടിക്കുസമം കൂട്ടിക്കൊള്ളണം. പഞ്ചസാര ചേക്കേണ്ടതായിവരുമ്പോൾ പൊടിയിൽ ഇരട്ടികൂട്ടണം. പൊടികളിൽ കായംചേക്കുമ്പോൾ പൊരിച്ചു പൊടിയാക്കി യോജിപ്പിക്കണം. അല്ലെങ്കിൽ ഉൽക്ലേദം ഉണ്ടാകും. ഏതെങ്കിലും ദ്രവങ്ങളിൽ കുഴച്ചു ലയിപ്പിച്ചു ചെയ്യുന്നുന്ന ചൂൎണ്ണസേവയിൽ നെയ്തുടങ്ങിയ എല്ലാദ്രവങ്ങളും പൊടിയുടെ മാത്രയിൽനിന്നും ഇരട്ടികണ്ടു ചേക്കണം പൊടികൾ കലക്കി കുടിക്കേണ്ടതായി വരുമ്പോൾ ദ്രവം

പൊടിയുടെ അളവിൽനിന്നും നാലുമടങ്ങു യോജിപ്പിക്കണം കപാടി, ലേഹ്യ, ഗുളിക കല്ലം ഇവ ഉപയോഗിക്കേണ്ടക്രമം എങ്ങിനെയാണ് വാതദോഷത്തിൽ ഭക്ഷണത്തിന്റെ (ചോറുള്ളയുടെ) ആദ്യവും പിത്തദോഷത്തിൽ ഭക്ഷണത്തിന്റെ മദ്ധ്യത്തിലും കഫദോഷത്തിൽ ഭക്ഷണത്തിന്റെ ഒടുവിലും ഇങ്ങനെ മൂന്നുവിധത്തിൽ ഔഷധസേവ ഹിതമായിട്ടുള്ളതാകുന്നു. എണ്ണത്തുള്ളി വെള്ളത്തിൽ പരക്കുന്നതുപോലെ ഔഷധം ദേഹമെങ്ങും വ്യാപിച്ചുകൊള്ളുന്നതിന് അനുപാനബലംകൊണ്ടു വലിയ സഹായമായിത്തീരുന്നു. പൊടികൾ ദ്രവത്തിൽ കലക്കുമ്പോൾ നല്ലപോലെ കലക്കേണ്ടതാകുന്നു. ഭാവനക്രിയകളിൽ ചൂൎണ്ണം അലിയുന്നതിനുതക്കവണ്ണം ദ്രവമുണ്ടായിരിക്കണം.

ആമലക്യാദിചൂൎണ്ണം.

മൂ— ആമലം ചിത്രകഃ പഥ്യാ പിപ്പലീ സൈന്ധവംതഥ
ചൂൎണ്ണിതോയം ഗണോജ്ഞേയഃ സൎവ്വജ്വരവിനാശനഃ
ഭേദീരുചികരശ്ലേഷ്മജിതാദീപനപാചനഃ

വ്യാ—നെല്ലിക്കാത്തോട്ടു കൊട്ടുവലിക്കിഴങ്ങു കടുക്കാത്തോട്ടു തിപ്പലി ഇന്തുപ്പ് ഇവപൊടിച്ചു ശീലപൊടിയെടുത്തു സേവിക്കുക. ഇതു എല്ലാജ്വരങ്ങളെയും ശമിപ്പിക്കും. മലത്തെ ഇളക്കികളയും രുചിയെ ഉണ്ടാക്കും കഫത്തെ ജയിക്കും ദീപനത്തെയുംപാചനത്തെയും ചെയ്യും.

തിപ്പലിചൂൎണ്ണം.

മൂ— മധുനാപിപ്പലീചൂൎണ്ണം ലിഹൽകാസജ്വരാപഹം
ഹിക്കാശ്വാസഹരംകണ്ഠ്യംപ്ലീഹഘ്നംബാലകോചിതം

വ്യാ—തിപ്പലിപ്പൊടി തേൻ ചേൎത്തു നക്കുക. ചുമയും ജ്വരവും ശമിക്കും. ഇക്കിൾ ശ്വാസം പ്ലീഹരോഗം ഇവയെ ജയിക്കും കണ്ഠശുദ്ധിയെച്ചെയ്യും. കുട്ടികൾക്കും കൊടുക്കാവുന്നതാകുന്നു.

ത്രിഫലാചൂൎണ്ണം.

മൂ— ഏകാഹരീതകീയോജ്യാദ്വൌചയാജ്യൌവിഭീതകൌ
ചത്വാൎയ്യാമലകാന്യേവംത്രിഫലൈഷാപ്രകീൎത്തിതാ
ത്രിഫലാമേഹശോഫഘ്നീനാശയേവിഷമജ്വരാൻ
ദീപനിശ്ലേഷ്മപിത്തഘ്നീകുഷ്ഠഹന്ത്രീരസായനി
സൎപ്പിൎമ്മധുഭ്യാം സംയുക്താ സൈവനേത്രാമയാഞ്ജയേൽ

വ്യാ—കടുക്കാ ഒന്നു, താന്നിക്കാരണ്ട് നെല്ലിക്കാ നാല് ഇങ്ങനെ കണക്കാക്കി മൂന്നുവക കായകളുടെ തോട്ടുകളും തൂക്കിയെടുക്കുന്നതിന് ത്രിഫല എന്നു പ്രസിദ്ധമായി പറയപ്പെടുന്നു. ഇതു വീക്കംവിഷമജ്വരങ്ങൾ ഇവയെ ശമിപ്പിക്കും. ദീപനമുണ്ടാക്കും.ക

ഫപിത്തങ്ങളെ കളയും കുഷ്ഠത്തെ നശിപ്പിക്കും ആയുസ്സിനെ നിലനിരത്തും. നെയ്യും തേനും ചേൎത്തു സേവിച്ചാൽ കണ്ണിലെ വ്യാധികളെ ശമിപ്പിക്കും.

പിപ്പല്യാദിചൂൎണ്ണം—ത്ര്യൂഷണചൂൎണ്ണം.

മൂ— പിപ്പലീമരിചംശുണ്ഠീത്രിഭിസ്ത്ര്യൂഷണമുച്യതേ
ദീപനംശ്ലേഷ്മമേദോഘ്നം കുഷ്ഠപീനസനാശനം
ജയേദരോചകംസാമംമേഹഗുല്മഗളാമയാൻ.

വ്യാ—തിപ്പലി മുളക ചുക്ക ഇവ മൂന്നും കൂടിയ യോഗത്തിന്ന ത്ര്യൂഷണം എന്നുപറയപ്പെടുന്നു. ത്ര്യൂഷണശബ്ദത്തിന്ന എരുരസമുള്ള മൂന്നൌഷധങ്ങൾ എന്നൎത്ഥമാകുന്നു. ദിപനമുണ്ടാക്കും കഫം മേദസ്സ് കുഷ്ഠം പീനസം അരോചകം ആമദോഷം മേഹം ഗുല്മം കണ്ഠരോഗങ്ങൾ ഇവ ശമിപ്പിക്കും.

പഞ്ചകോലചൂൎണ്ണം.

മൂ— പിപ്പലീചവ്യവിശാഹ്വാ പിപ്പലീമൂലചിത്രകൈഃ
പഞ്ചകോലമിതിഖ്യാതംരുച്യംപാചനദീപനം
ആനാഹപ്ലീഹഗുല്മഘ്നം ശൂലശ്ലേഷ്മോദരാപഹം

വ്യാ—തിപ്പലി കാട്ടുതിപ്പലി ചുക്ക തിപ്പലിമൂലം കൊടുവേലിക്കിഴങ്ങ ഈ അഞ്ചൌഷധങ്ങൾക്കും കൂടി പഞ്ചകോലം എന്നുള്ള പേർ പ്രസിദ്ധമായിരിക്കുന്നു ഇതു രുചിയെ ഉണ്ടാക്കും. ആമത്തെ പചിപ്പിക്കും ദീപനമുണ്ടാക്കും വയറടച്ചു വിക്കുക, പ്ലീഹരോഗം, ഗുല്മം, ശൂലം, കഫദോഷം, ഉദരം ഇവയെജയിക്കും.

ചതുൎജ്ജാതചൂൎണ്ണം.

മൂ— ത്രിഗന്ധമേലാത്വക്പത്രൈശ്ചതുൎജ്ജാതംസകേസരൈഃ
ത്രിഗന്ധംസചതുൎജ്ജാതം രൂക്ഷോഷ്ണം ലഘുപിത്തകൃൽ
വൎണ്ണ്യംരുചികരംതീക്ഷ്ണം വിഷശ്ലേഷ്മാമയാഞ്ജയേൽ

വ്യാ—ഏലം, ഇലവംഗം, പച്ചില ഇവ മൂന്നുംകൂടിയതു ത്രിഗന്ധമെന്നു പറയപ്പെടുന്നു. അവയോടു നാഗപ്പൂകൂടികൂട്ടിയതു ചതുൎജ്ജാതമെന്നു പറയപ്പെടുന്നു. ഇതുരൂക്ഷമായും ഉഷ്ണമായും ലഘുവായും ഇരിക്കും പിത്തകരമാകുന്നു നിറത്തെതെളിയിക്കും രുചിയെഉണ്ടാക്കും തീക്ഷ്ണമാകുന്നു വിഷത്തെയും കഫരോഗങ്ങളെയും ജയിക്കും.

ജീവനീയഗണചൂൎണ്ണം

മൂ—കാകോളീക്ഷീരകാകോളീജീവകൎഷഭകൌതഥാ
മേദാചാന്യാമഹാമേദാ ജീവന്തീമധുകംതഥാ
മുദ്ഗപൎണ്ണിമാഷപൎണ്ണീ ജീവനീയോഗണസ്സ്വയം
ജീവനീയ ഗണഃ സ്വാദുസ്ഗൎഭസന്ധാനകൃദ്ഗുരുഃ

സ്തന്യകൃദ്ബൃംഹണോവൃഷ്യഃ സ്നിഗ്ദ്ധഃ ശീതസ്തൃഷാപഹഃ
രക്തപിത്തംക്ഷതംശോഷം ജ്വരദാഹാനിലാഞ്ജയേൽ

വ്യാ—കാകോളി, ക്ഷീരകാകോളി, ജീവകം, ഇടവകം, മേദ, മഹാമേദ, അടവതിയൻ, അതിമധുരം, കാട്ടുപയറ, കാട്ടുഴുന്ന ഇവ കൂടിയതുജീവനിയഗണമാകുന്നു ജിവനീയഗണംമധുരരസമാകുന്നു ഗർഭസന്താനത്തെച്ചെയ്യും ഗുരുവാകുന്നു മുലപ്പാലിനെയുണ്ടാക്കും ദേഹത്തെ തടിപ്പിക്കും ശുക്ലത്തെ വൎദ്ധിപ്പിക്കും സ്നിഗ്ദ്ധമാകുന്നു ശീതവീൎയ്യവും വെള്ളദ്ദാഹത്തെ ശമിപ്പിക്കുന്നതുമാണ്. രക്തപിത്തം, ഉരക്ഷതം, ശോഷം, ജ്വരം, ചുട്ടുനിറാൽ, വാതപീഡ ഇവയെ ശമിപ്പിക്കും ഇവിടെ ജീവനീയഗണത്തിൽ അഷ്ടവൎഗ്ഗംകൂടി ഉൾപ്പെട്ടുതപ്പെട്ടു കാണുന്നു അഷ്ടവൎഗ്ഗം സാധാരണയായി കിട്ടുന്നതല്ലെന്നാണ് ആൎയ്യവൈദ്യശാസ്ത്രികൾ അഭിപ്രായപ്പെട്ടിരിക്കുന്നത് എന്നിട്ട് അതിനു പ്രതിനിധ്യൌഷധങ്ങളും വിവരിക്കപ്പെട്ടിട്ടുണ്ടു മേദക്കുപകരം അമുക്കുരവും മഹാമേദക്കുപകരം നവനീണ്ടിക്കിഴങ്ങു, ഋദ്ധിക്കുപകരം കുറന്തോട്ടിയും വൃദ്ധിക്കുപകരം പെരുങ്കുറന്തോട്ടിയും ജിവകത്തിനുപകരം ചിററമൃതും ഇടവകത്തിനുപകരം പാൽമുതക്കും കാകോളിരണ്ടിനുംകൂടി ശതാവരിക്കിഴങ്ങും ചേൎക്കണമെന്നാണ് വിധിച്ചുകാണുന്നത് ഇതിന് അഭിപ്രായവ്യത്യാസങ്ങൾ ഇല്ലെന്നില്ല "മേദാജീവകകാകാള്യൌജ്ഝിദ്വന്ദ്വേപി ചാസതിവരീ വിദാൎയ്യശ്വഗന്ധവാരാഹി ചക്രമാൽക്ഷിപേൽ" എന്നുള്ള വാഗ്ഭടമതവും സ്വീകാൎയ്യംതന്നെയാണ് ഏതായാലും ഈ ഔഷധം കിട്ടാൻ പ്രയാസമുള്ളതെന്നുള്ളകാരണത്താൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള അഭിപ്രായങ്ങളാണെന്നുള്ളതിൽ രണ്ടുപക്ഷത്തിനു വകയില്ലല്ലോ എന്നാൽ ഇപ്പോഴും പലേവൈദ്യന്മാരും ഈ നിയമത്തെ വകവെക്കാഞ്ഞിട്ടോ അജ്ഞതയാലോ ഷാപ്പുകളിൽ ഉൾപ്പെടുത്തുകയും അങ്ങാടിക്കാരൻ കൊടുക്കുന്ന ചപ്പുചിപ്പുകളെ വാരിക്കൂട്ടുകയും ചെയ്യുന്ന നടപ്പു പലപ്പോഴും കാണ്മാൻ ഇടയായിട്ടുണ്ട് ഈവക അസാമൎത്ഥ്യപരിജ്ഞാനം ആൎയ്യവൈദ്യത്തിന്റെ വിശ്വാസത്തിന്നു ഹാനികരമാണെന്നുള്ള വാസ്തവം എത്രപ്രാവശ്യം പറഞ്ഞാലും അതു മതിയാകുന്നതല്ല.

അഷ്ടവൎഗ്ഗചൂൎണ്ണം.

മൂ— മേദേമേദേദ്വേ ച കാകോള്യൌ ജീവകൎഷഭകൌതഥാ
ഋദ്ധിവൃദ്ധി ച തേഽസാവ്വൈരഷ്ടവൎഗ്ഗ ഉദാഹൃതഃ
അഷ്ടവൎഗ്ഗോബൃംഹണഃപ്രോക്തോ ജീവനീയസമോഗുണൈഃ

വ്യാ—മേദ, മഹാമേദ, കാകോളി, ക്ഷീരകാകോളി, ജീവകം, ഇടവകം, ഋദ്ധി, വൃദ്ധി, ഈ എട്ടു ഔഷധങ്ങൾക്കുംകൂടി അഷ്ടവ

ഗ്ഗം എന്നു പറയപ്പെടുന്നു ഇതു ആയുസ്സിനെ നിലനിൎത്തുന്ന ഒരു പ്രധാനപ്പെട്ട യോഗമാകുന്നു. അഷ്ടവൎഗ്ഗത്തെപ്പററി മുകളിൽ പറഞ്ഞിട്ടുള്ളതിനെ വായിച്ചുനോക്കുക.

പഞ്ചലവണചൂൎണ്ണം.

മൂ— സിന്ധൂത്ഥസൗവൎച്ചലസൈന്ധവ വിഡംസാമുദ്രികംഗുഡം
ഏകദ്വിത്രിചതുഷ്പഞ്ചലവണാനിക്രമാദ്വിദുഃ
തേഷുമുഖ്യംസൈന്ധവം സ്യാദനുക്തേതൽപ്രയോജയേൽ
സൈന്ധവാദ്യംരോമകാന്തം ജ്ഞേയംലവണപഞ്ചകം
മധുരംസൃഷ്ടവിൺമൂത്രം സ്നിഗ്ദ്ധംസൂക്ഷ്മംബലാപഹം
വീൎയ്യോഷ്ണം ദീപനം തീക്ഷ്ണം കഫപിത്തവിവൎദ്ധനം.

വ്യാ—ഇന്തുപ്പു, തുവൎച്ചിലയുപ്പു വിളയുപ്പു കടലുപ്പു മേരുപ്പ് ഇതു ഒന്നു രണ്ടു മൂന്നു നാലു അഞ്ചു എന്നിങ്ങനെയുള്ള സംഖ്യാ പരിചരിന്നശബ്ദങ്ങൾകൊണ്ടറിയപ്പെടുന്നു ഈ ഉപ്പുകളിൽവച്ചു ഇന്തുപ്പു പ്രധാനമാകുന്നു. യാതൊരു യോഗത്തിൽ ഇന്ന ഉപ്പു എന്നു വ്യക്തപ്പെടുത്തി പറയുന്നില്ലയോ അവിടെ ഇന്തുപ്പു ചേൎക്കേണ്ടതാകുന്നു. ഇന്തുപ്പുമുതൽ മേരുപ്പുവരെയുള്ള അഞ്ചുപ്പുകൾക്കും കൂടി ലവണപഞ്ചകം എന്നു പറയപ്പെടുന്നു. സംസ്കൃതത്തിലേരോമശബ്ദം തമിഴിൽ മശിരു അല്ലെങ്കിൽ മൈരു എന്ന ശബ്ദംകൊണ്ടാണ് കുറിക്കപ്പെടുന്നത്. മൈരു മലയാളത്തിൽ അസഭ്യമാകയാലാണ് രോമകാന്തത്തിനു മൈരുപ്പു എന്നുപറയേണ്ടതു വിട്ടു മേരുപ്പു എന്നു പറയുന്നത്. മലയാളപദങ്ങളെന്നു നാം ഗണിക്കുന്നതെല്ലാം മേല്പറഞ്ഞതിന്മണ്ണം തമിഴിൽനിന്നും രൂപം മാറിവന്നിട്ടുള്ള പദങ്ങളാണ് ഈ പഞ്ചലവണം മലമൂത്രങ്ങളെ ഇളക്കികളയും സ്നിഗ്ദ്ധമാകുന്നു. സൂക്ഷ്മം എന്നുള്ളതുകൊണ്ടു എത്രയും ചെറിയ സ്രോതസ്സുകളുടെ ഉള്ളിൽ കടന്നു സ്രോതോബന്ധത്തെ നശിപ്പിക്കുമെന്നു സൂചിപ്പിച്ചിരിക്കുന്നു. ബലാപഹം എന്നുള്ള പാഠത്തെ സ്വീകരിക്കുകയാണെങ്കിൽ ബലത്തെ നശിപ്പിക്കുമെന്നു അൎത്ഥത്തെ സ്വീകരിക്കേണ്ടിവരും ബലാവഹം എന്ന പാഠത്തെ സ്വീകരിക്കുന്നതായാൽ ബലത്തെയുണ്ടാക്കുമെന്നുള്ള അൎത്ഥം കിട്ടും ഉഷ്ണവീൎയ്യമാകുന്നു ദീപനമുണ്ടാക്കും. തീക്ഷ്ണമാകുന്നു കഫത്തെയും പിത്തത്തെയും വൎദ്ധിപ്പിക്കും.

ക്ഷാരദ്വയം.

മൂ— സ്വൎജ്ജികായാവശൂകശ്ച ക്ഷാരയുഗ്മമുദാഹൃതം
ജ്ഞേയൌവഹ്നിസമൌക്ഷാരൌ സ്വൎജ്ജികായാവശൂകജൌ
ക്ഷാരശ്ചാന്യേപിഗുല്മാൎശോ ഗ്രഹണീരുക്ചരിദഃ സരാഃ
പാചനാഃ കൃമിപുംസ്ത്വഘ്നാ ശൎക്കരാശ്മരിനാശനാ.

വ്യാ—തുവച്ചിലക്കാരം, ചവക്കാരം, എന്നിരണ്ടുക്ഷാരങ്ങൾ ക്കുംകൂടി ക്ഷാരദ്വയമെന്നു പറയപ്പെട്ടുന്നു. ഈ രണ്ടുക്ഷാരങ്ങളും സ്വഭാവംകൊണ്ടു അഗ്നിതുല്യങ്ങളാണെന്നറിയണം അന്യക്ഷാരങ്ങളുടെ സ്വഭാവവും ഇതിന്മണ്ണമുള്ളവയാണ് ഗുല്മം, അശ്സ്സു, ഗ്രഹണിവേദന, ഇവയെ കളയും മലത്തെ ഇളക്കി പുറത്തുകളയും പാചനത്തെച്ചെയ്യും കൃമിയേയും പുംസ്ത്വത്തേയും നശിപ്പിക്കും (ധാതുക്കളെ ക്ഷയിപ്പിക്കുമെന്നൎത്ഥം) മൂത്രദോഷങ്ങളായ ശക്കര, അശ്മരി ഇവയെ നശിപ്പിക്കും.

കട്ഫലാദിചൂൎണ്ണം.

മൂ— കട്ഫലമ്പൌഷ്കരംശൃംഗിമുസ്താത്രികടുകംശഠി
സമസ്താന്യേകശോവാപി സൂക്ഷ്മചൂൎണ്ണാനികാരയേൽ
ആൎദ്രകസ്വരസക്ഷൌദ്രൈൎല്ലിഹല്യാൽകഫവിനാശനം
ശൂലാനിലാരുചിച്ഛൎദ്ദികാസശ്വാസക്ഷയാപഹം.

വ്യാ—കുമിഴ, പുഷ്കരമൂലം, കക്കടകശൃംഗീ, മുത്തങ്ങ, ത്രികടു, കച്ചൂരക്കിഴങ്ങു, ഇവയെല്ലാം ഒന്നായി കൂട്ടിയോ ഓരോന്നും പ്രത്യേകമായോ പൊടിച്ചു ശീലപ്പൊടിയെടുത്തു ഇഞ്ചിരസവും തേനും ചേൎത്തു നക്കുക കഫകോപം ശമിക്കും വയററിനുള്ളിൽ വേദനയും വാവികാരം രുചികേടു ഛൎദ്ദിയും ചുമ ശ്വാസം ക്ഷയം ഇവ ശമിക്കും.

കട്ഫലാദിചൂൎണ്ണം വേറൊന്നു.

മൂ— കട്ഫലമ്പൌഷ്കരംകൃഷ്ണാശൃംഗീചമധുനാസഹ
ശ്വാസകാസജ്വരഹരശ്രേഷ്ഠോലേഹഃകഫാന്തകൃൽ.

വ്യാ—കുമിഴ പുഷ്കരമൂലം തിപ്പലി കക്കടകശൃംഗി ഇവപൊടിച്ചു തേൻ ചേൎത്തു സേവിക്കുക ശ്വാസം ചുമ ജ്വരം ഇവയെ ശമിപ്പിക്കും ഇതു കഫത്തെ നശിപ്പിക്കുന്നതിനു ഉത്തമമായതാകുന്നു പുഷ്കരമൂലം കിട്ടാതെവരുമ്പോൾ കൊട്ടംഞ്ചെക്കണം.

ശൃംഗാദിചൂൎണ്ണം.

മൂ— ശൃംഗിപ്രതിവിഷാകൃഷ്ണാചൂൎണ്ണിതാമധുനാലിഹേൽ
ശിശോഃകാസജ്വരഛൎദ്ദിശാന്ത്യൈവാഽകേവലാംവിഷാം.

വ്യാ—കക്കടകശൃംഗി, അതിവടയം, തിപ്പലി, ഇവ പൊടിച്ചു തേൻ ചേൎത്തു നക്കുക. കുട്ടികളുടെ ചുമയും ജ്വരവും ഛൎദ്ദിയും ശമിക്കും. അതിവിടയം മാത്രം പൊടിച്ചു തേൻ ചേൎത്തു നക്കിയാലും ഫലം മേൽപ്രകാരംതന്നെ.

യവക്ഷാരാദിചൂൎണ്ണം.

മൂ— യവാക്ഷരവിഷാശൃംഗീമാഗധീപൌഷ്കരോദ്ഭവം
ചൂൎണ്ണംക്ഷൌദ്രയുതം ലീഢമ്പഞ്ചകാസാഞ്ജയേച്ഛിശോഃ.

വ്യാ—ചവക്കാരം, അതിവിടയം, കൎക്കടകശൃംഗി, തിപ്പലി, പുഷ്കരമൂലം ഇവ പൊടിച്ചു തേൻ ചേൎത്തു നക്കുക കുട്ടികൾക്കുണ്ടാകുന്ന അഞ്ചുവിധമുള്ള ചുമകളും ശമിക്കും.

ശുണ്ഠ്യാദിചൂൎണ്ണം.

മൂ— ശുണ്ഠീപ്രതിവിഷാഹിംഗുമുസ്താകുടജചിത്രകൈഃ
ചൂൎണ്ണമുഷ്ണാംബുനാപീതമാമാതീസാരനാശനം.

വ്യാ— ചുക്കു, അതിവിടയം, കായം, മുത്തങ്ങ, കുടകപ്പാലത്തൊലി കൊട്ടുവേലിക്കിഴങ്ങു, ഇവ പൊടിച്ചു ശീലപ്പൊടിയാക്കി ചൂടുവെള്ളത്തിൽ കലക്കി കുടിക്കുക ആമബന്ധത്തോടുകൂടിയ അതിസാരം ശമിക്കും.

ഹരീതക്യാദിചൂൎണ്ണം.

മൂ— ഹരീതകീപ്രതിവിഷാ സിന്ധുസൌവൎച്ചലംവചാ
ഹിംഗുശ്ചേതികൃതം ചൂൎണ്ണം പിബേദുഷ്ണേനവാരിണാ
ആമാതിസാരശമനം ഗ്രാഹിചാഗ്നിപ്രബോധനം.

വ്യാ—കടുക്കാത്തോടു, അതിവിടയം, ഇന്തുപ്പു, തുവൎച്ചലയുപ്പു, വയമ്പു, കായം ഇവകൊണ്ടുള്ള പൊടി ചൂടുവെള്ളത്തിൽ കുടിക്കുക ആമബന്ധത്തോടുകൂടിയ അതിസാരം ശമിക്കും മലത്തെ ഉറപ്പിക്കും. ജഠരാഗ്നിയെ വൎദ്ധിപ്പിക്കും.

മുസ്താദിചൂൎണ്ണം ലഘുഗംഗാധരം.

മൂ— മുസ്താമിന്ദ്രയവംബിൽവം ലോദ്ധ്രംമോചരസംതഥാ
ധാതകീംചൂൎണ്ണയേതക്ര ഗുഡാഭ്യാമ്പായയേൽസുധീഃ
സൎവ്വാതീസാരശമനം നിരുണദ്ധിപ്രവാഹികാം
ലഘുഗംഗാധരംനാമ ചൂൎണ്ണംസംഗ്രാഹികംപരം.

വ്യാ—മുത്തങ്ങ, കുടകപ്പാലയരി, കൂവളത്തിൻവേർ, പാച്ചോററിത്തൊലി, ഇലവിൻപശ, താതിരിപ്പൂവു ഇവ പൊടിച്ചു ശീലപ്പൊടിയാക്കി മോരും ശൎക്കരയും ചേൎത്തു കുടിക്കുക എല്ലാ അതിസാരങ്ങളും ശമിക്കും പ്രവാഹികനിന്നുപോകും. ലഘുഗംഗാധരം എന്നു പേരുള്ള ഈ പൊടി ഏററവും മലത്തെ ഉറപ്പിക്കുന്നതാകുന്നു.

വൃദ്ധഗംഗാധരം.

മൂ— മുസ്താരളുകശുണ്ഠീഭിൎദ്ധാതകീലോദ്ധ്രവാലകൈഃ
ബിൽവമോചരസാഭ്യാംച പാഠേന്ദ്രയവവത്സകൈഃ
ആമ്രബീജംപ്രതിവിഷാ ലജ്ജാലുരിതിചൂൎണ്ണിതം
ക്ഷൌദ്രതണ്ഡുലപാനീയൈഃ പീതൈൎയ്യാതിപ്രവാഹികാ
സൎവ്വാതീസാരഗ്രഹണീപ്രശമംയാതിവേഗതഃ
വൃദ്ധഗംഗാധരംചൂൎണ്ണം സരിദ്വേഗവിബന്ധകം.

വ്യാ—മുത്തങ്ങ, പലകപ്പയ്യാനി, ചുക്കു, താതിരിപ്പൂവു, പാച്ചോററിത്തൊലി, ഇരുവേലി, കൂവളം, ഇലവിൻപശ, പാടക്കിഴങ്ങു, കുടക

പ്പാലയരി, കുടകപ്പാലവെമ്മേൽതൊലി, മാങ്ങയണ്ടി, അതിവിട
യം, മുക്കുററി (തൊട്ടാവാടി), ഇവ ശീലപ്പൊടിയാക്കി അരിക്കാടി
യിൽ കലക്കി തേനുംചേൎത്തു കുടിക്കുക പ്രവാഹികശമിക്കും എല്ലാ
അതിസാരങ്ങളും ഗ്രഹണികളും വേഗാശമിക്കും. വൃദ്ധഗംഗാധരം
എന്ന ഈ ചൂൎണ്ണം നദീവേഗത്തെപ്പോലും തടുക്കുന്നതാണ്.

മരിചചൂൎണ്ണം.

മൂ—തക്രേണയഃപിബേന്നിത്യം ചൂൎണ്ണംമരിചസംഭവ
ചിത്രസൌവൎച്ചലോപേതം ഗ്രഹണീതസ്യനശ്യതി
ഉദരപ്ലീഹമന്ദാഗ്നിഗുല്മാൎശോനാശനംഭവേൽ

വ്യാ—മുളകു കൊടുവേലിക്കിഴങ്ങു തുവൎച്ചിലയുപ്പ് ഇവ പൊടിച്ചു
മോരിൽ നിത്യവും കുടിക്കുക ഗ്രഹണിശമിക്കും ഉദരംപ്ലീഹ അ
ഗ്നിമാന്ദ്യം ഗുല്മം അൎശസ്സ് ഇവയും ശമിക്കും.

കപിത്ഥാഷ്ടകചൂൎണ്ണം.

മൂ—അഷ്ടൌഭാഗാഃകപിത്ഥസ്യ ഷഡ്ഭാഗാശ്ശൎക്കരാമതാ
ദാഡിമംതിന്ത്രിഡീകംചശ്രീഫലംധാതകീതഥാ
അജമോദാചപിപ്പല്യഃ പ്രത്യേകംസ്യുസ്ത്രിഭാഗികാഃ
മരീചം ജീരകം ധാന്യംഗ്രന്ഥികംവാലകംതഥാ
സൌവൎച്ചലംയവാനീച ചാതുൎജ്ജാതംസചിത്രകം
നാഗരംചൈകഭാഗാസ്യുഃപ്രത്യേകം സൂക്ഷ്മചൂൎണ്ണിതം
കപിത്ഥാഷ്ടകസംജ്ഞംസ്യാച്ചൂൎണ്ണഃകതദ്ഗളാമയാൻ
അതീസാരംക്ഷയംഗുല്മം ഗ്രഹണീംചവ്യപോഹതി

വ്യാ—വിളാമ്മരത്തിൻകായ് എട്ടുഭാഗം പഞ്ചസാര ആറുഭാഗം
താളിമാതളം മരപ്പുളി കൂവളം താതിരിപ്പൂവ് അയമോദകം പിപ്പി
ലിമൂന്നും ഇവ പ്രത്യേകം മൂന്നുഭാഗംവീതം മുളകു ജീരകം കൊത്ത
മ്പാലരി വയമ്പു ഇരുവേലി തുവൎച്ചിലക്കാരം കുറാശാണി ഏലം
ഇലവംഗം പച്ചില നാഗപ്പൂവു കൊടുവേലി ചുക്കു ഇവ ഓരോഭാ
ഗങ്ങൾ ഓരോന്നും പ്രത്യേകം പൊടിച്ചുകൂട്ടി നേൎമ്മയായി സേവി
ക്കുക ഈ ചൂൎണ്ണം കണ്ഠത്തിലുണ്ടാകുന്ന രോഗങ്ങൾ അതിസാരം
ക്ഷയം ഗുല്മം ഗ്രഹണി ഇവയെക്കളയും.

ദാഡിമാഷ്ടകചൂൎണ്ണം.

മൂ—ദാഡിമീദ്വിപലാഗ്രാഹ്യാഖണ്ഡാചാഷ്ടപലാപിച
ത്രിഗന്ധസ്യപലംചൈകം ത്രികടുസ്യാൽപലത്രയം
ഏതദേകീകൃതംസൎവം ചൂൎണ്ണം സ്യാദ്ദാഡിമാഷ്ടകം
രുചികൃദ്ദീപനംകണ്ഠ്യം ഗ്രാഹികാസജ്വരാപഹം

വ്യാ—താളിമാതളം രണ്ടുപലം, കല്ക്കണ്ടം എട്ടുപലം, ഏലം, ഇല
വംഗം, പച്ചില ഇവ ഓരോപലം ചുക്കു, മുളകു, തിപ്പലി ഇവ

മമ്മൂന്നുപലം ഇവ ഒന്നായികൂട്ടിപ്പൊടിച്ചതു ദാഡിമാഷ്ടകമാകുന്നതു ചിയെയും ദീപനത്തെയും ഉണ്ടാക്കും കണ്ഠ്യമാകുന്നു ഗ്രാഹി, ചുമ ജ്വരം ഇവയെ കളെയും.

ദാഡിമാഷ്ടകചൂൎണ്ണം വേറൊന്നു.

മൂ—ദാഡിമസ്യപലാന്യഷ്ടൌ ശൎക്കരായാഃ പലാഷ്ടകം
പിപ്പലീ പിപ്പലീമൂലം യവാനീമരിചം തഥാ
ധാന്യകം ജീരകംശുണ്ഠീ പ്രത്യേകം പലസമ്മിതം
കൎഷമാത്രാതുഗാക്ഷീരീ ത്വക്പത്രൈലാശ്ചകേസരം
പ്രത്യേകം കോലമാത്രാസ്യാത്സൎവ്വചൂൎണ്ണംദാഡിമാഷ്ടകം
അതീസാരംക്ഷയംഗുല്മംഗ്രഹണീഞ്ചഗളഗ്രഹം
മന്ദാഗ്നിംപീനസംകാസം ചൂൎണ്ണമേതദ്വ്യപോഹതി

വ്യാ—താളിമാതളം എട്ടുപലം പഞ്ചസാര എട്ടുപലം തിപ്പലി, തിപ്പലിമൂലം അയമോദകം, മുളകു, കൊത്തമ്പാലരി, ജീരകം, ചുക്കു ഇവ പ്രത്യേകം ഓരോപലം കൂവനൂറ മൂന്നുകഴഞ്ച് ഇലവംഗം പച്ചില ഏലത്തരി, നാഗകേസരം ഇവ പ്രത്യേകം ഒന്നരക്കഴഞ്ചുവീതം ഈ ചൂൎണ്ണം അതിസാരം ക്ഷയം ഗുല്മം ഗ്രഹണി ഗളഗ്രഹം അഗ്നിമാന്ദ്യം പീനസം ചുമ ഇവയെക്കളെയും.

പിപ്പല്യാദിചൂൎണ്ണം.

മൂ—പിപ്പലീബൃഹതീവ്യാഘ്രീയവക്ഷാരകലിംഗകാഃ
ചിത്രകം ശാരിവാപാഠാ ശീലവണപഞ്ചകം
തച്ചൂൎണ്ണംപായയേദ്ദധ്നാ സുരയോഷ്ണാംബുനാപിവാ
മാരുതഗ്രഹണീദോഷശമനംപരമംഹിതം

വ്യാ—തിപ്പലി, ചെറുവഴുതിന, കണ്ടകാരി, ചവക്കാരം, കുടകപ്പാല കൊടുവേലി നറുനീണ്ടി, പാടക്കിഴങ്ങു, കച്ചോലം, ഇന്തുപ്പു തുവച്ചിലയുപ്പു വിളയുപ്പു കടലുപ്പു മേരുപ്പു ഇവകൂട്ടിപ്പൊടിച്ചു തൈരിലോ കള്ളിലോ ചുടുവെള്ളത്തിലോ സേവിക്കുക. വാതാധികമായ ഗ്രഹണി ശമിക്കുന്നതിനു ഇതു ഏററവും ഹിതമായ ഔഷധമാകുന്നു.

ലവംഗാദിചൂൎണ്ണം.

മൂ—ലവംഗംശുദ്ധകൎപ്പൂരമേലാത്വങ്നാഗകേസരം
ജാതീഫലമുശീരംച നാഗരം കൃഷ്ണജീരകം
കൃഷ്ണാഗരുസ്തുഗാക്ഷീരീമാംസീ നീലോല്പലം കണാ
ചന്ദനംതകരംബാലം കങ്കോലംചേതിചൂൎണ്ണയേൽ
സമഭാഗാനിസൎവ്വാണി സൎവ്വേഭ്യോൎദ്ധാസിതാഭവേൽ
ലവംഗാദ്യമിദം ചൂൎണ്ണം രാജാൎഹം വഹ്നിദീപനം
രോചനം തൎപ്പണം വൃഷ്യം ത്രിദോഷഘ്നം ബലപ്രദം

ഏൎദ്ദാഗാ കണ്ഠരോഗാച കാസംഹിക്കാം ചപിനസം
യക്ഷ്മാണം തമകംശ്വസമതിസാരമുരഃ ക്ഷതം
പ്രമേഹാരുചി ഗുന്മാദീൻഗ്രഹണീമപിനാശയേൽ

വ്യാ—ഗ്രാമ്പൂവു, ശുദ്ധകപ്പൂരം, ഏലത്തരി, ഇലവംഗത്തൊലി, നാഗപ്പൂവു, ജാതിക്ക, രാമച്ചം, ചുക്ക, കരുത്തജീരകം, കരുത്തഅകിൽ, കൂവനൂറ, മാഞ്ചി, കരിങ്കുവളക്കിഴങ്ങ്, തിപ്പലി ചന്ദനം, തകരം, ഇരുവേലി, തക്കോലം, ഇവ സമം കൂട്ടിപ്പൊടിച്ചശിലപ്പൊടിയെടുത്തു എല്ലാത്തിനും നേർപകുതിത്തൂക്കം പഞ്ചസാരചേൎത്തു സേവിക്കുക ലവംഗാദ്യമെന്ന ഈ പൊടി രാജാൎഹമാകുന്നു അഗ്നിദീപനമാകുന്നു. രുചിയെച്ചെയ്യും ഇന്ദ്രിയങ്ങളെ പോഷിപ്പിക്കും ശുക്ലത്തെ വൎദ്ധിപ്പിക്കും ത്രിദോഷങ്ങളെക്കളയും ബലത്തെച്ചെയ്യും ഹൃദ്രോഗം, കണ്ഠരോഗം, ചുമ, ഇക്കിൾ, പീനസം, യക്ഷ്മാ, തമകശ്വാസം, അതിസാരം, ഉരഃക്ഷതം, പ്രമേഹം, അരുചി, ഗുന്മം, ഗ്രഹണി ഇവയെ ശമിപ്പിക്കും.

ജാതീഫലാദ്യംചൂൎണ്ണം.

മൂ—ജാതീഫലം ലവംഗൈലാപത്രത്വങ്നാഗകേസരം
കപ്പൂരചന്ദനതിലൈ സ്ത്വക്ക്ഷീരീതഗരാമലൈഃ
താലീസപിപ്പലീപഥ്യാ സ്ഥൂലജീരകചിത്രകം
ശുണ്ഠീവിഡംഗമരിചം സമഭാഗംവിചൂൎണ്ണിതം
യാവന്ത്യേതാനിസൎവ്വാണി കുൎയ്യാത്തൂൎണ്ണാഞ്ചതാവതിം
സൎവ്വചൂൎണ്ണസമാദേയാ ശൎക്കരാചഭിഷഗ്വരൈഃ
കൎഷമാത്രം തതഃ ഖാദേന്മധുനാപ്ലാവിതംസുധിഃ
അസ്യപ്രഭാവാദ് ഗ്രഹണികാസശ്വാസാരുചിക്ഷയാഃ
വാതശ്ലേഷ്മപ്രതിശ്യായാഃപ്രശമംയാന്തിവേഗതഃ

വ്യാ—ജാതിക്ക, ഗ്രാമ്പൂവ് ഏലത്തരി പച്ചില ഇലവംഗം നാഗപ്പൂവു കപ്പൂരം ചന്ദനം എള്ള് കൂവനൂറ തകരം നെല്ലിക്കാ താലിസപത്രം തിപ്പലി കടുക്ക പെരുഞ്ജീരകം കോട്ടവേലി ചുക്ക വിഴാലരി മുളക ഇവ സമമാക്കി പൊടിച്ചെടുക്കുക പൊടിക്കുസമം പഞ്ചസാരചേൎത്തു യോജിപ്പിച്ച മൂന്നകഴഞ്ചുപൊടി തേനിൽ കുഴച്ചു സേവിക്കുക. ഈ മരുന്നിന്റെ പ്രഭാവംകൊണ്ടു ഗ്രഹണി ചുമ ശ്വാസം അരുചി ക്ഷയം വാതം കഫം പീനസം ഇവ ക്ഷണേന ശമിക്കും.

മഹാഖാണ്ഡവചൂൎണ്ണം.

മൂ—മരിചംനാഗപുഷ്പാണി താലീസം ലവണാനിച
പ്രത്യേകമേകഭാഗാഃസ്യുഃപിപ്പലീ മൂലചിത്രകൈഃ
ത്വക്കണാതിന്ത്രിഡീകംചജീരകംചദ്വിഭാഗകം

ധാന്യാമ്ലഃ യവതൈസൌവിശപ്ലം ഭഗേദ്രലാബദമാണിച
അജമോദാജലധരഃ പ്രത്യേകം സ്യുസ്ത്രിഭാഗികാഃ
സൎവ്വൗഷധിചതുൎത്ഥാംശം ദാഡിമസ്യഫലംഭവേൽ
ദ്രവ്യേഭ്യോനിഖിലേഭ്യശ്ച സിതാഃ ദയാൎദ്ധമാത്രയാ
മഹാഖാണ്ഡവസംജ്ഞംസ്യാച്ചൂൎണ്ണമേതത്സുരോചനം
അഗ്നിദീപ്തികരംഹൃദ്യം കാസാതീസാരനാശനം
ഹൃദ്രോഗകണ്ഠജഠര മുഖരോഗപ്രണാശനം
വിഷൂചികാംഗ്രഹണ്യാനാമൎശാംഗുന്മകൃമീനപി
ഛൎദ്ദിംപഞ്ചവിധാംശ്വാസം ചൂൎണ്ണഃമതദ്വ്യംഭപാഹതി

വ്യാ—മുളക്, നാഗപ്പൂവ്, താലീസപത്രം ഉപ്പുകൾഅഞ്ചും, ഇവ പ്രത്യേകം ഒരോഭാഗംവീതം, പിപ്പലിമൂല, കൊട്ടലേലി, ഇലവംഗം, തിപ്പലി, മരപ്പുളി ജീരകം ഇവ രണ്ടുഭാഗംവീതം കൊത്തമ്പാലരി, ഞെരിഞ്ഞമ്പുളി, ചുക്ക, ചെറവുട്ടു, ഏലത്തരി, ലന്തക്കുരു അയമോദകം മുത്തങ്ങ ഇവ മൂന്നുഭാഗംവീതം ഇവ എല്ലാം കൂടിയതിന്റെ നാലിലൊന്നു താളിമാതളംപഴം എല്ലാം കൂട്ടിപ്പൊടിച്ചുണ്ടാകുന്നതൂക്കത്തിൽ പകുതി പഞ്ചസാര ഇതു രുചിയുണ്ടാക്കും ജഠരാഗ്നിയെ വൎദ്ധിപ്പിക്കും. ഹൃദ്യമാകുന്നു. ചുമ അതിസാരം ഹൃദ്രോഗം കണ്ഠരോഗം ജഠരരോഗം ഇവയെയും വിഷൂചികാ ആമ്ലപിത്തം അൎശ്ശസ്സു ഗുന്മം അഞ്ചുവിധമുള്ള ഛൎദ്ദികൾ ശ്വാസരോഗം ഇവയെയും ശമിപ്പിക്കും.

ഹവുഷാദ്യംചൂൎണ്ണം.

ശ്ലൊ—ഹവുഷാത്രിഫലാചൈവത്രായമാണാചപിപ്പലീ
ഹേമക്ഷീരീത്രിവൃച്ചൈവ സാതലാകടുകാവചാ
നീലിനീസൈന്ധവംകൃഷ്ണാംലവണഞ്ചേതി ചൂൎണ്ണയൽ
ഉഷ്ണോദകേന മൂത്രേണ ദാഡിമത്രിഫലാരസൈഃ
തഥാമാംസരസേനാപി യഥായോഗ്യംപിബേന്നരഃ
അജീൎണ്ണപ്ലീഹഗുന്മേഷുശോഫാൎശോവിഷമാഗ്നിഷു
ഹലീമകാമലാപാണ്ഡു കുഷ്ഠാദ്ധ്മാനോദരേഷ്വപി

വ്യാ—അടമ്പോമണിയൻ, ത്രിഫല, ബ്രഹ്മി, തിപ്പലി, മലയെരു, ത്രികോൽപ്പക്കൊന്ന, പമ്മലന്ത, കട്ടോഹണി, വയമ്പു, അമരി ഇന്തുപ്പു, തിപ്പലി, കുടപ്പുപ്പ് ഇവപൊടിച്ചു ചൂടുവെള്ളത്തിലൊ ഗോമൂത്രത്തിലൊ താളിമാതളരസത്തിലൊ, ത്രിഫലാരസത്തിലൊ മാംസരസത്തിലൊ ദേഹസ്ഥിതിയനുസരിച്ചുകുടിക്കുക. അജീൎണ്ണ പ്ലീഹ ഗുന്മം വീക്കം അൎശ്ശസ്സു വിഷമാഗ്നി ഹലീമകം കാമലാ പാണ്ഡു കുഷ്ഠം ആദ്ധ്മാനം ഉദരം ഇവ ശമിക്കും.

ശുണ്ഠ്യാദ്യംചൂൎണ്ണം.

മൂ—ശുണ്ഠീഹരീതകീകൃഷ്ണാ ത്രിവൃതെസൗവച്ചലംതഥാ
സമഭാഗാനിസൎവ്വാണി സൂക്ഷ്മചൂൎണ്ണാനികാരയേൽ
ജ്ഞേയംപഞ്ചസമാചൂൎണ്ണഃമതച്ചൂലഹരംപരം
ആധ്മാനജഠരാൎശോഘ്നമാമവാതഹരംസ്മൃതം

വ്യാ—ചുക്കു കടുക്ക ത്രികോൽപ്പക്കൊന്ന തുവച്ചിലക്കാരം ഇവയഞ്ചും സമഭാഗങ്ങളായി കൂട്ടിപ്പൊടിച്ചെടുക്കുക. ഇതു ഏറാവും ശൂലയെ ശമിപ്പിക്കും. ആധ്മാനം ജഠരരോഗം അശസ്സ് ആമവാതം ഇവയെക്കളെയും.

കൃഷ്ണാദിചൂൎണ്ണം.

മൂ—കൎഷമാത്രാഭവേൽകൃഷ്ണാത്രിവൃതാസ്യാൽപലോന്മിതാ
ഖണ്ഡാൽപലംചവിജ്ഞേയംചൂൎണ്ണമേകത്രകാരയേൽ
കൎഷോന്മിതാലിഹേദേതൽക്ഷൌദ്രേണാധ്മാനനാശനം
ഗാഢവിൾകോദരകഫാൻപിത്തശൂലംചനാശയേൽ

വ്യാ—തിപ്പലി മൂന്നുകഴഞ്ചു ത്രികോല്പക്കൊന്ന ഒരുപലം കല്ക്കണ്ടം ഒരുപലം ഇവ കൂട്ടിപ്പൊടിച്ചു തേൻചേൎത്തുസേവിക്കുക ആധ്മാനംശമിക്കും. ഒരുനേരത്തെക്കു മൂന്നുകഴഞ്ചു പൊടി എടുത്തുകൊള്ളുക മലബന്ധം ഉദരം കഫം പിത്തശൂലം ഇവ ശമിക്കും.

ലവണാദിചൂൎണ്ണം.

മൂ—ലവണത്രിതയംക്ഷാരൌ ശതപുഷ്പ ദ്വയംവചാ
അജമോദാജഗന്ധാച ഹവുഷാജീരകദ്വയം
മരിചംപിപ്പലീമൂലം പിപ്പലീഗജപിപ്പലി
ഹിങ്ഗുശ്ചഹിങ്ഗുപത്രീച ശഠീപാഠോപകുഞ്ചികാ
ശുണ്ഠീചത്രകചവ്യാനി വിഡങ്ഗാചാമ്ലവേതസം
ദാഡിമംത്രിന്ത്രിഡീകംച ത്രിവൃദ്ദന്തീ ശതാവരീ
ഇന്ദ്രവാരുണികാഭാൎങ്ഗീദേവദാരുയവാനികാ
കുസ്തുംബുരുസ്തുംബത്രുണി പുഷ്കരംഖദരാണിച
ശിവാചേതി സമാംശാനാം ചൂൎണ്ണമേകത്രകാരയേൽ
ഭാവയേദാൎദ്രകരസൈബീജപൂരരസൈസ്തഥാ
തൽപിബേൽസൎപിഷാജീൎണ്ണമദ്യേനോഷ്ണോദകേനവാ
കോലാംഭസാവാ തക്രേണ ഭുക്ത്വാപൂൎണ്ണമഥന്നനാ
യകൃൽപ്ലീഹകടിശൂല ഗുദകക്ഷിഹൃദാമയാൻ
അശോവിഷ്ടംഭമന്ദാഗ്നി ഗുന്മപ്ലീഹോദരാണിച
ഹിക്കാധ്മാനശ്വാസകാസാൻജയേദേതന്നസംശയേ
ഏതെതരേവൌഷധൈഃ സമ്യഗ്ഘൃതംവാസാധയേൽസുധീ

വ്യാ—ഇന്തുപ്പു, വിളയുപ്പു, കടലുപ്പു, ചവക്കാരം, തുവച്ചിലക്കാരം ചതകുപ്പ, കരിഞ്ചീരകം, വയമ്പു, അയമോദകം നായൎവെണ്ണഅ

ട്ടക്കാമണിയൻ, ജീരകംരണ്ടും, മുളക, കാട്ടുതിപ്പലിവേരു, തിപ്പലി അത്തിത്തിപ്പലി കായം, കറിക്കായം, കച്ചോലം, പാടക്കിഴങ്ങു, ചിററലം, ചുക്ക, കൊടുവേലി, കാട്ടുമുളക വിഴാലരി ഞെരിഞ്ഞമ്പുളി താളിമാതളം മരപ്പുളി ത്രികൊല്പക്കൊന്നനാഗദന്തി ശതാവരികാട്ടുവെള്ളരി ചെറുതെക്ക ദേവതാരം കറാശാണി കൊത്തമ്പാലരി തുംപൂണി പുഷ്കരമൂലം ലന്തക്കുരു കട്ടുക്കാ ഇവസമം കൂട്ടിപ്പൊടിച്ചു ഇഞ്ചിരസത്തിലും താളിമാതളമ്പഴത്തിന്റെ രസത്തിലും ഭാവനം ചെയ്തു നെയ്യിലൊ പഴയമദ്യത്തിലൊ ചൂടുവെള്ളത്തിലൊ ലന്ത ക്കഷായത്തിലൊ മോരിലൊ ഒട്ടകത്തിന്റെ പാലിലൊ തൈർ വെള്ളത്തിലൊ കുടിക്കുക. യകൃത്തിലൊ പ്ലീഹയിലൊ അരക്കെട്ടിലൊ ഉള്ള രോഗങ്ങൾ ഗുദം കുക്ഷി ഹൃദയം ഈ സ്ഥാനങ്ങളിലുള്ള രോഗങ്ങൾ അൎശസ്സ മലബന്ധം അഗ്നിമാന്ദ്യം ഗുന്മം പ്ലീഹരോഗം ഉദരം ഇക്കിൾ വയറടച്ചുവീക്കൽ ശ്വാസരോഗം ചുമ ഇവ ശമിക്കുംതക്കമില്ല പണ്ഡിതനായ വൈദ്യൻ ഈ യോഗം നെയ്യാക്കിയുംപ്രയോഗിക്കാവുന്നതാണ്.

തുംബുരുന്യാദിചൂൎണ്ണം.

മൂ— തുംബുരുണിത്രിലവണം യവാനീപുഷ്കരാഹ്വയം
യവക്ഷാരഭയാഹിംഗു വിഡംഗാനിസമാനിച
ത്രിവൃസ്ത്രിഭാഗാവിജ്ഞേയാ സൂക്ഷ്മചൂൎണ്ണാനികാരയേൽ
പിബേദ്ദുഃഷ്ണേനതോയേന യവകാഥേനവാപിബേൽ
ജയേത്സൎവ്വാണിശൂലാനിഗുല്മാദ്ധ്മാനോദരാണിച

വ്യാ— തുമ്പുരുന്നിയരി, ഇന്തുപ്പു, വിളയുപ്പു, കടലുപ്പു, കുറാശാണി, പുഷ്കരമൂലം, ചവക്കാരം, കടുക്ക, കായം, വിഴാലരി, ഇവ സമഭാഗങ്ങൾ ത്രികോല്പക്കൊന്ന മൂന്നുഭാഗം ഇവ നേൎമ്മയായി കൂട്ടിപ്പൊടിച്ചു ചൂടുവെള്ളത്തിലൊ യവധാന്യംകൊണ്ടുണ്ടാക്കിയ കഷായത്തിലൊ കുടിക്കുക. എല്ലാ ശൂലകളും, ഗുല്മം, ആധ്മാനം, ഉദരം ഇവയും ശമിക്കും.

ചിത്രകാദിചൂൎണ്ണം.

മൂ— ചിത്രകോനാഗരംഹിംഗു പിപ്പലീപിപ്പലീജടാ
ചവ്യാജമോദാമരിചം പ്രത്യേകംകഷസമ്മിതം
സൎജ്ജികാചയവക്ഷാരഃ സിന്ധുസൌവൎച്ചലംവിഡം
സാമുദ്രികംരോമകാച കോലമാത്രാണികാരയേൽ
ഏകീകൃത്യാഖിലംചൂൎണ്ണം ഭാവയേന്മാതുളുങ്ഗജൈഃ
രസൈൎദ്ദാഡിമജൈൎവ്വാപി ശോഷയേദാതപേനച
ഏതച്ചൂൎണ്ണംജയേദ്ഗുല്മം ഗ്രഹണീമാമജാംരുജം
അഗ്നിംഏകുരുതേദീപ്തം രുചികൃൽകഫനാശനം.

വ്യാ—കൊട്ടവേി, ചുക്ക, കായം, തിപ്പലി, തിപ്പലിമൂലം, കാട്ടുമുളക, അയമോദകം, മുളക, ഇവ പ്രത്യകം മൂന്നുകഞ്ചുവീതം തുവൎച്ചിലക്കാരം, ചവക്കാരം, ഇന്തുപ്പു, തുവൎച്ചിലയുപ്പു, വിളയുപ്പു, കടലുപ്പു, മേരുപ്പു ഇവ ഒന്നരക്കഴഞ്ചുവീതം.

ഇവ എല്ലാം പൊടിച്ചുകൂട്ടി മാതളനാരകമ്പഴത്തിന്റെ രസത്തിൽ ഭാവനം ചെയ്യണം അല്ലെങ്കിൽ താളിമാതളരസത്തിൽ ഭാവനംചെയ്യണം പിന്നീട്ട നിഴലുണക്കി സൂക്ഷിച്ചു സേവിക്കുക ഈ പൊടി ഗുല്മം, ഗ്രഹണി, ആമന്നിമിത്തമുള്ള വേദന, കഫം ഇവയെ കളയും ജഠരാഗ്നിയെയുണ്ടാക്കും.

ബഡവാനലചൂൎണ്ണം.

മൂ— സൈന്ധവംപിപ്പലീമൂലം പിപ്പലീചവ്യചിത്രകം
ശുണ്ഠിഹരീതകീചേതി ക്രമവൃദ്ധാനിചൂൎണ്ണയേൽ
ബഡവാനലനാമൈതച്ചൂൎണ്ണംസ്യാദഗ്നിദീപനം.

വ്യാ—ഇന്തുപ്പു ഒന്നു, തിപ്പലിമൂലം രണ്ടു, തിപ്പലി മൂന്നു, കാട്ടുതിപ്പലിവേർ നാലു, കൊട്ടവേലിക്കിഴങ്ങു അഞ്ചു, ചുക്ക ആറു, കടുക്ക ഏഴ ഇങ്ങനെ വൎദ്ധിപ്പിച്ചു കൂട്ടിപ്പൊടിച്ചു സേവിക്കുക. ഇതു അഗ്നിദീപനത്തെയുണ്ടാക്കും.

അജമോദാദിചൂൎണ്ണം.

മൂ— അജമോദാവിഡംഗാനി സൈന്ധവംദേവദാരുച
ചിത്രകഃപിപ്പലീമൂലം ശതപുഷ്പാചപിപ്പലീ
മരിചഞ്ചേതികൎഷാംശം പ്രത്യേകംകാരയേൽബുധഃ
കൎഷാസ്തുപഞ്ചപഥ്യായം ദശസ്യുൎവൃദ്ധദാരുകാൽ
നാഗരാച്ചദശൈവസ്യുഃ സൎവ്വാണ്യേകത്രചൂൎണ്ണയേൽ
പിബേൽക്കോഷ്ണജലേനൈവ ചൂൎണ്ണംശ്വയഥുനാശനം
ആമവാതരുജംഹന്തി സന്ധിപീഡാഞ്ചഗൃദ്ധ്രസിം
കടിപൃഷ്ഠഗുദസ്ഥാഞ്ചജംഘേയാശ്ചരുജംജയേൽ
തൂണീപ്രതൂണീംവിശ്വാചീം കഫവാതാമയാൻജയേൽ
സമേനവാഗുഡേനാസ്യ വടകാൻകാരയേൽഭിഷക്.

വ്യാ—അയമോദകം, വിഴാലരി, ഇന്തുപ്പു, ദേവതാരം, കൊട്ടവേലി, തിപ്പലിമൂലം, ചതകുപ്പ, തിപ്പലി, മുളക ഇവ മൂന്നുകഴഞ്ചുവീതം കടുക്ക കഴഞ്ചു പതിനഞ്ചു മറിക്കുന്നി മുപ്പതുകഴഞ്ചു ചുക്ക മുപ്പതുകഴഞ്ചു എല്ലാംകൂട്ടിപ്പൊടിച്ചു ചൂടുവെള്ളത്തിൽ കുടിക്കുക. വീക്കം ശമിക്കും ആമവാതം സംബന്ധിച്ച വേദന സന്ധിപീഡ ഗൃദ്ധ്രസി അരക്കെട്ടു പൃഷ്ഠം ഗുദം ജംഘ എന്നീഅവയവങ്ങളിലേ വേദന ഇവയും ശമിക്കും തൂണി പ്രതൂണി വിശ്വാചി കഫവാതരോഗങ്ങളും ഇവയും ശമിക്കും സമം ശൎക്കര ചേൎത്തു ഗുളികയാ

ക്കിയും സേവിക്കാം.

ശുണ്ഠ്യാദ്യം ചൂൎണ്ണം.

മൂ— ശുണ്ഠീസൌവൎച്ചലംഹിംഗു ദാഡിമംചാമ്ലവേതസം
ചൂൎണ്ണമുഷ്ണാംബുനാപേയം ശ്വാസഹൃദ്രോഗശാന്തയേ.

വ്യാ— ചുക്ക, തുവൎച്ചിലയുപ്പ്, കായം, താളിമാതളം ഞെരിഞ്ഞാമ്പുളി ഇവ കൂട്ടിപ്പൊടിച്ച് ചൂടുവെള്ളത്തിൽ കുടിക്കുക ശ്വാസം ഹൃദ്രോഗം ഇവ ശമിക്കും.

ഹിംഗ്വാദ്യം ചൂൎണ്ണം.

മൂ— ഹിംഗുപാഠാഭയാധാന്യം ദാഡിമംചിത്രകശ്ശഠീ
അജമോദാത്രികടുകം ഹപുഷാചാമ്ലവേതസം
അജഗന്ധാതിന്ത്രിഡീകം ജീരകംപൌഷ്കരംവചാ
ചവ്യംക്ഷാരദ്വയമ്പഞ്ച ലവണാനിവിചൂൎണ്ണയേൽ
പ്രാഗ്ഭോജനസ്യമദ്ധ്യേവാ ചൂൎണ്ണമേതൽപ്രയോജയേൽ
പിബേദ്വാജീൎണ്ണമദ്യേന തക്രേണോഷ്ണോദകേനവാ
ഗുന്മേവാതകഫോൽഭൂതേ ഹൃൽഗ്രഹേഷ്ഠീലികാസുച
ഹൃദ്വസ്തിപാൎശ്വശൂലേഷു ശൂലേചഗുദയോനിജേ
മൂത്രകൃഛ്റേതഥാനാഹ പാണ്ഡുരോഗേരുചൌതഥാ
ഹിക്കായാംയകൃതിപ്ലീഹ്നി കാസേശ്വാസഗളഗ്രഹേ
ഗ്രഹണ്യൎശോവികാരേഷു ചൂൎണ്ണമേതൽപ്രശസ്യതേ
ഭാവിതംമാതുലുംഗസ്യ ബഹുശസ്സ്വരസേനവാ
കുൎയ്യാൽഗുളികാംവൈദ്യോ വാതശ്ലേഷ്മജ്വരാപഹം.

വ്യാ— കായം, പാടക്കിഴങ്ങ, കടുക്ക, കൊത്തമ്പാലരി, താളിമാതളം, കൊടുവേലിക്കിഴങ്ങ, കച്ചോലം, അയമോദകം, ചുക്ക, മുളക, തിപ്പലി, അടക്കാമണിയൻ, ഞെരിഞ്ഞാമ്പുളി, നായവെണ്ണ, മരപ്പുളി, ജീരകം, പുഷ്കരമൂലം, വയമ്പ, കാട്ടുമുളക, തുവൎച്ചിലക്കാരം, ചവക്കാരം, ഇന്തുപ്പ, തുവൎച്ചിലയുപ്പ, വിളയുപ്പ, കടലുപ്പ, മേരുപ്പ ഇവ കൂട്ടിപ്പൊടിച്ച് ഊണിന്റെ മുമ്പിലൊ മദ്ധ്യത്തിലൊ ഉപയോഗിക്കണം പഴകിയ മദ്യത്തിലൊ മോരിലൊ ചൂടുവെള്ളത്തിലൊ കുടിക്കുകയും ചെയ്യാം. വാതഗുന്മൻ കഫഗുന്മൻ ഹൃദ്ഗ്രഹം അഷ്ഠീല ഹൃദയം വസ്തി പാൎശ്വം ഇന്നീഭാഗങ്ങളിലുള്ള വേദന ഗുദം, യോനി എന്നീഭാഗങ്ങളിലെ വേദന മൂത്രകൃഛ്റം ആനാഹം, പാണ്ഡുരോഗം, രുചികേട, ഇക്കിൾ, യകൃൽപ്ലീഹ ഇവയിലുള്ള രോഗങ്ങൾ ചുമ, ശ്വാസരോഗം ഗളഗ്രഹം ഗ്രഹണി അൎശസ്സിന്റെ വികാരങ്ങൾ ഇവ ശമിക്കുന്നതിന ഈ ചൂൎണ്ണം ഉത്തമമായതാകുന്നു മാതളമ്പഴത്തിന്റെ രസത്തിൽ പലപ്രാവശ്യം ഭാവന ചെയ്തു ഗുളികയാക്കിയും ഉപയോഗിക്കാം അങ്ങിനെ ചെ

യ്യാൽ വാതജ്വരം കഫജ്വരം ഇവ ശമിക്കും.

യവാന്യാദിചൂൎണ്ണം.

മൂ— യവാനീദാഡിമ ശുണ്ഠി തിന്ത്രിഡീകാമ്ലവേതസൌ
ബദരാമ്ലഞ്ചകുൎവ്വീത ചതുശ്ശാണമിതാനിച
സാൎദ്ധദ്വിശാണമ്മരിചം പിപ്പലീദശശാണികാ
ത്വക്സൌവൎച്ചലധാന്യാകം ജീരകംദ്വിദ്വിശാകണം
ചതുഷ്ഷഷ്ടിമിതൈശ്ശാണൈഃ ശൎക്കരാമത്രയോജയേൽ
ചൂൎണ്ണിതംസൎവ്വമേകത്ര യവാനീഖാണ്ഡവാഭിധം
ചൂൎണ്ണംജയേൽപാണ്ഡുരോഗം ഹൃദ്രോഗംഗ്രഹണീംജ്വരം
ഛൎദ്ദിശ്ശോഷാതിസാരാംശ്ച പ്ലീഹാനാഹവിബന്ധതാ
അരുചിംശൂലമന്ദാഗ്നി മൎശ്ശോജിഹ്വാഗളാമയാൻ.

വ്യാ—കുറശാണി, താളിമാതളം, ചുക്കു, മരപ്പുളി, ഞെരിഞ്ഞാമ്പുളി, ലന്തക്കുരു, ഇവ മൂന്നുകഴഞ്ചു വീതം മുളകു കഴഞ്ചു ഒന്നര തിപ്പലി ഏഴരക്കഴഞ്ചു ഇലവൎങ്ഗം തുവൎച്ചിലയുപ്പു കൊത്തമ്പാലരി ജീരകം ഇവ ഒന്നരക്കഴഞ്ചു വീതം പഞ്ചസാര കഴഞ്ചു നാല്പത്തെട്ടു ഇവയെല്ലാം കൂട്ടിപ്പൊടിച്ചു യോജിപ്പിച്ചാൽ ഖാണ്ഡവചൂൎണ്ണമായി പാണ്ഡു ഹൃദ്രോഗം ഗ്രഹണി ജ്വരം ഛൎദ്ദി വറൾച്ച അതിസാരം പ്ലീഹ ആനാഹം മലബന്ധം അരുചി ശൂല മന്ദാഗ്നി അൎശ്ശസ്സ നാവിലും കണ്ഠത്തിലുമുള്ള രോഗങ്ങൾ ഇവ ശമിക്കും.

താലീസാദിചൂൎണ്ണം.

മൂ— താലീസമ്മരിചംശുണ്ഠി പിപ്പലീവംശരോചനാ
ഏകദ്വിത്രിചതുഷ്പഞ്ച കൎഷൈൎഭാഗാൻപ്രകല്പയേൽ
ഏലാത്വചോസ്തു കൎഷാൎദ്ധം പ്രത്യേകംഭാഗമാഹരേൽ
ദ്വാത്രിംശൽകൎഷതുലിതാ പ്രദേയാശൎക്കരാബുധൈഃ
താലീസാദ്യമിദംചൂൎണ്ണം രോചനമ്പാചനംസ്മൃതം
കാസശ്വാസജ്വരഹരം ഛൎദ്ദ്യതീസാരനാശനം
പക്വാവാശൎക്കരാംചൂൎണ്ണം ക്ഷിപേത്സ്യാൽഗുഡികാതതഃ
ശോഷാധ്മാനഹരപ്ലീഹ ഗ്രഹണീപാണ്ഡുരോഗജിൽ.

വ്യാ— താലീശപത്രിമൂന്നു കഴഞ്ചു മുളകു ആറു കഴഞ്ചു ചുക്കു ഒമ്പതുകഴഞ്ചു തിപ്പലി പന്ത്രണ്ടുകഴഞ്ചു കൂവനൂറു പതിനഞ്ചു കഴഞ്ചു ഏലത്തരി ഒന്നരക്കഴഞ്ചു ഇലവൎങ്ഗം ഒന്നരക്കഴഞ്ചു തൊണ്ണൂറു കഴഞ്ചു പഞ്ചസാര ഇവ ചേൎന്ന ഈ പൊടി രുചിയെയും പാചനത്തെയും ഉണ്ടാക്കും ചുമ, ശ്വാസം, ജ്വരം, ഛൎദ്ദി, അതിസാരം, ശോഷം, ആധ്മാനം, പ്ലീഹ, ഗ്രഹണി, പാണ്ഡു ഇവയെകളെയും പഞ്ചസാര പാവാക്കി മേല്പറഞ്ഞ പൊടിയിട്ടിളക്കി ഗുളികയാക്കിയും ഉപയോഗിക്കാം.

സിതോപലാദിചൂൎണ്ണം.

മൂ— സിതോപലാഷോഡശസ്യാ ദഷ്ടൌസ്യാദ്വംശരോചനാ
പിപ്പലിസ്യാച്ചതുഷ്കൎഷാ സ്യാദേലാചദ്വികാൎഷികീ
ഏകഃ കൎഷസ്ത്വചഃ കാൎയ്യ ചൂൎണ്ണയേത്സൎവ്വമേകതഃ
സിതോപലാദികംചൂൎണ്ണം മധുസൎപ്പിയുതംലിഹേൽ
ശ്വാസകാസക്ഷയഹരം ഹസ്തപാദാംഗദാഹജിൽ
മന്ദാഗ്നിംസുപ്തജിഹ്വത്വം പാൎശ്വശൂലമരോചകം
ജ്വരമൂൎദ്ധ്വഗതംരക്തം പിത്തമാശുവ്യപോഹതി.

വ്യാ— കല്ക്കണ്ടം നാല്പത്തെട്ടുകഴഞ്ചു, കൂവനൂറ ഇരുപത്തിനാലുകഴഞ്ചു തിപ്പലി പന്ത്രണ്ടുകഴഞ്ചു ഏലത്തരി ആറകഴഞ്ചു ഇലവങ്ങം മൂന്നുകഴഞ്ചു എല്ലാംകൂട്ടിപ്പൊടിച്ചു തേനും നെയ്യും ചേൎത്തു നക്കുക. ശ്വാസം, ചുമ, ക്ഷയം, കൈകാൽ ദേഹം എന്നീ അവയവങ്ങളിലെ നീറൽ അഗ്നിമാന്ദ്യം നാവിനു തരിപ്പു പാൎശ്വഭാഗങ്ങളിലെ വേദന രുചികേടു ജ്വരം മേല്പോട്ടുഗമിച്ച രക്തം പിത്തം ഇവ ശമിക്കും.

ഭാസ്കരലവണചൂൎണ്ണം.

മൂ— സാമുദ്രലവണംകാൎയ്യമഷ്ടകൎഷമിതംബുധൈഃ
പഞ്ചസൌവൎച്ചലംഗ്രാഹ്യം വിഡംസൈന്ധവധാന്യകേ
പിപ്പലീപിപ്പലീമൂലം കൃഷ്ണജീരകപത്രകം
നാഗകേസരതാലീസ മമ്ലവേതസകംതഥാ
ദ്വികൎഷമാത്രാണ്യേതാനി പ്രത്യേകംകാരയേൽബുധഃ
മരിചംജീരകംവിശ്വ മേകൈകകൎഷമാത്രകം
ദാഡിമംസ്യാച്ചതുഷ്കൎഷം ത്വഗേലാചാൎദ്ധകാൎഷികീ
ഏതച്ചൂൎണ്ണീകൃതംസൎവ്വം ലവണംഭാസ്കരാഭിധം
ശാണപ്രമാണംദേയന്തു മസ്തുതക്രസുരാസവൈഃ
വാതശ്ലേഷ്മഭവംശൂലം പ്ലീഹാനമുദരക്ഷയം
അൎശാംസിഗ്രഹണീകുഷ്ഠം വിബന്ധഞ്ചഭഗന്ദരം
ശോഫംശൂലംശ്വാസകാസാവാമവാതഞ്ചഹൃദ്രുജം
മന്ദാഗ്നിംനാശയേദേത ദ്ദീപനമ്പാചനമ്പരം
സൎവ്വലോകഹിതാൎത്ഥായ ഭാസ്കരേണോദിതമ്പുരാ.

വ്യാ— കടലുപ്പു ഇരുപത്തിനാലു കഴഞ്ചു, തുവൎച്ചിലക്കാരം പത്തു കഴഞ്ചു, വിളയുപ്പു, ഇന്തുപ്പു, കൊത്തമ്പാലരി, തിപ്പലിമൂലം, കരിഞ്ജീരകം, പച്ചില, നാഗപ്പൂവു, താലീസപത്രി, ഞെരിഞ്ഞാമ്പുളി, ഇവ ആറകഴഞ്ചുവീതം മുളകു ജീരകം ചുക്കു ഇവ മൂന്നുകഴഞ്ചുവീതം താളിമാതളം ൧൨ കഴഞ്ചു ഇലവങ്ങം ഏലത്തരി ഇവ ഒന്നരക്കഴഞ്ചുവീതം ഇവയെല്ലാം കൂട്ടിപ്പൊടിക്കുക ഭാസ്കരം എന്നു പേരുള്ളതു മുത്തങ്ങക്കഷായത്തിലൊ മോരിലൊ കള്ളിലൊ മുക്കാൽക

ഴഞ്ചുവീതം സേവിപ്പിക്കണം വാതഗുൽമം കഫഗുൽമം പ്ലീഹരോഗം ഉദരം ക്ഷയം അൎശസ്സുകൾ ഗ്രഹണി കുഷ്ടം മലബന്ധം ഭഗന്ദരം വിക്കം ശൂല ശ്വാസം ഛൎദ്ദി ആമവാതം നെഞ്ചിന്നു വേദന അഗ്നിമാന്ദ്യം ഇവയെക്കളയും. ഏറാവും ദീപനപാചനങ്ങളെച്ചെയ്യും സകല ജനങ്ങൾക്കുംവേണ്ടി പണ്ടു ഭാസ്കരദേവനാൽ നിൎമ്മിതമാകുന്നു.

൨ ഏലാദിചൂൎണ്ണം.

മൂ— ഏലാപ്രിയംഗുമുസ്താനി കോലമജ്ജാചപിപ്പലീ
ശ്രീചന്ദനംതഥാലാജാ ലവംഗംനാഗകേസരം
ഏതച്ചൂൎണ്ണീകൃതംസൎവ്വം സിതാക്ഷൌദ്രയുതംലിഹേൽ
വാതപിത്തകഫോൽഭൂതാം ഛൎദ്ദിംഹന്ത്യതിവേഗതഃ.

വ്യാ— ഏലത്തരി ഞാഴൽപ്പൂവു മുത്തങ്ങ ലന്തക്കുരുവിൻകഴമ്പു തിപ്പലി ചൂവദം ചന്ദനം മലരു ഇലവംഗം നാഗപ്പൂവു ഇവയെല്ലാംകൂട്ടിപ്പൊടിച്ചു തേൻ പഞ്ചസാര ഇവ കൂട്ടി സേവിക്കുക വാതാധികമായോ പിത്താധികമായോ കഫാധികമായോ ഉള്ള ഛൎദ്ദി എത്രയും വേഗത്തിൽ ശമിക്കും.

പഞ്ചനിംബചൂൎണ്ണം.

മൂ— മൂലപത്രംഫലംപുഷ്പം ത്വചാനിംബാൽസമാഹരേൽ
സൂക്ഷ്മചൂൎണ്ണമിദംകുൎയ്യാൽ പലൈഃപഞ്ചദശോന്മിതൈഃ
ലോഹഭസ്മഹരീതക്യൌ ചക്രമൎദ്ദകചിത്രകൌ
ഭല്ലാതകംവിഡംഗാനി ശൎക്കരാമലകംനിശാ
പിപ്പലീമരിചാശുണ്ഠി വാകുചീകൃതമാലകഃ
ഗോക്ഷുരശ്ചപലോന്മാനമേകൈകംകാരയേദ്ബുധഃ
സൎവ്വമേകീകൃതംചൂൎണ്ണംഭൃംഗരാജേനഭാവയേൽ
അഷ്ടഭാഗാവശിഷ്ടേന ഖദിരാസനവാരിണാ
ഭാവയിത്വാചസംശുഷ്കം കൎഷമാത്രംതതഃപിബേൽ
ഖദിരാസനതോയേന സൎപ്പിഷാപയസാഥവാ
മാസേനസൎവ്വകുഷ്ഠാനി വിനിഹന്തിരസായനം
പഞ്ചനിംബമിദംചൂൎണ്ണം സൎവ്വരോഗപ്രണാശനം

വ്യാ— വേപ്പിന്റെ വേരു ഇല കായ് പൂവ് തൊലി ഇവ ഉണക്കിപ്പൊടിച്ചു അൻപതുപലം ഇരിമ്പുഭസ്മം കടുക്കാത്തോകരം കൊട്ടവേലി ചേക്കുരു വിഴാലരി പഞ്ചസാര നെല്ലിക്ക മഞ്ഞൾ തിപ്പലി മുളകു ചുക്കു കാൎകോകിൽ കൊന്ന ഞെരിഞ്ഞിൽ ഇവ ഒരുപലംവീതം എല്ലാം ചേൎത്തു പൊടിച്ചു കയ്യുണ്ന്യാസത്തിൽ ഭാവനംചെയ്യുട്ടുത്തു കരിങ്ങാലി വേങ്ങ ഇവകഷായമിട്ടു എട്ടിലൊന്നുശേഷിപ്പിച്ചെടുത്തു അതിൽ ഭാവനചെയ്യുണക്കി സൂക്ഷിക്കുക. ഒരുനേരം മൂന്നുക

ഴഞ്ചു പൊടിവീതം. കരിങ്ങാലി വേങ്ങ ഇവയുടെ കഷായത്തിലൊ നെയ്യിലൊ പാലിലൊ കുടിക്കുക. ഒരുമാസം ഈ സേവനംകൊണ്ടു എല്ലാകുഷ്ഠങ്ങളും ശമിക്കും രസായനമാകുന്നു. പഞ്ചനിംബമെന്ന ഈ ചൂൎണ്ണം എല്ലാരോഗത്തെയും കളയും.

ശതാവൎയ്യാദിചൂൎണ്ണം.

മൂ— ശതാവരീഗോക്ഷുരശ്ച ബീജംച കപികച്ഛുജം
ഗാംഗേരുകീചാതിബലാ ബീജമിക്ഷുരകോത്ഭവം
ചൂൎണ്ണിതം സൎവ്വമേകത്ര ഗോദുഗ്ദ്ധേന പിബേന്നിശി
നതൃപ്തിം യാതിനാരീഭിഃ നരചൂൎണപ്രഭാവതഃ

വ്യാ—ശതാവരി, ഞെരിഞ്ഞിൽ, നായ്ക്കുരണയരി വലിയ ഊരകം, പെരുങ്കുരുമ്പതോട്ടി, വയൽച്ചുള്ളിയരി ഇവ കൂട്ടിപ്പൊടിച്ചു പാലിൽചേൎത്തു കുടിക്കുക. ഈ ചൂൎണ്ണത്തിന്റെ പ്രഭാവംഹേതുവായിട്ടു എത്ര സ്ത്രീകളെ പ്രാപിച്ചാലും തൃപ്തനാകാതെ ഭവിക്കും.

അശ്വഗന്ധാദിചൂൎണ്ണം.

മൂ— അശ്വഗന്ധാദശപലാ തന്മാത്രാവൃദ്ധദാരുകഃ
ചൂൎണ്ണീകൃതോഭയംവിദ്വാൻ ഘൃതഭാണ്ഡേനിധാപയേൽ
കൎഷൈകംപയസാപീത്വാ നാരീഭിൎന്നൈവതൃപ്യതി
അഗത്വാപ്രമദാംഭൂയോ വലീപലിതവൎജ്ജിതഃ

വ്യാ—അമുക്കുരം മറികുന്നി ഇവ പത്തുപലംവീതം രണ്ടും കൂട്ടിപ്പൊടിച്ചു നെയ്പിരട്ടിപ്പഴകിയ കുടത്തിൽ സൂക്ഷിക്കുക. അതിൽനിന്നു മൂന്നുകഴഞ്ചു പൊടി പാലിൽകുടിക്കുക. വളരെ സ്ത്രീകളോടുകൂടി രമിച്ചാലും തൃപ്തിവരുകയില്ല. ജരയും നരയും ശമിക്കുകയും ചെയ്യും.

മുസലികകന്ദചൂൎണ്ണം.

മൂ— മുസലകന്ദചൂൎണ്ണന്തു ഗുളൂചീസത്വസംയുതം
വാനരീഗോക്ഷുരാഭ്യാംതൽശാൽമലീശൎക്കരമെലൈ
ആലോഡ്യഘൃതദുഗ്ദ്ധേന പയസേൽകാമവൎദ്ധന

വ്യാ—നിലപ്പനക്കിഴങ്ങു ചിററമൃതു ഇവയുടെ മാവെടുത്തു നായ്ക്കുരണപ്പരിപ്പ് ഞെരിഞ്ഞിൽ മുള്ളിലവിൻപശ പഞ്ചസാര നെല്ലിക്കാ ഇവയുടെ പൊടിയോടു യോജിപ്പിച്ചു നെയ്യും പാലും ചേൎത്തു കുടിക്കുക കാമംവൎദ്ധിക്കും.

ചിത്രകാദിചൂൎണ്ണം.

മൂ— ചിത്രകംത്രിഫലാമുസ്തം വിഡംഗംത്ര്യൂഷണാനിച
സമഭാഗാനികാൎയ്യാണി നവഭാഗാഹൃതായസഃ
ഏതദേകീകൃതംചൂൎണ്ണം മധുസൎപ്പിൎയ്യുതംലിഹേൽ

ഗോമൂത്രമഥവാതക്രമനുപാനേപ്രശസ്യതേ
പാണ്ഡുരോഗംജയത്യുഗ്രം ഹൃദ്രോഗംചഭഗന്ദരം
ശോഥകുഷ്ഠോദരാശാംസി മന്ദാഗ്നിമരുചിംകൃമീൻ

വ്യാ—കൊട്ടവേലി കടുക്കാ നെല്ലിക്കാ താന്നിക്കാ മുത്തങ്ങാ വിഴാലരി ചുക്കു മുളകു തിപ്പലി ഇവ സമങ്ങളായി യോജിപ്പിക്കുക ഇരുമ്പുഭസ്മം ഒൻപതുഭാഗം ഇവയെല്ലാം കൂട്ടിപ്പൊടിച്ചു തേനും നെയ്യുംചേൎത്തു നക്കുക. മീതേ പശുവിന്മൂത്രമോ മോരോ കുടിക്കുന്നതു വളരെ നല്ലതാകുന്നു. ഉഗ്രമായ പാണ്ഡുരോഗം ശമിക്കും ഹൃദ്രോഗം ഭഗന്ദരം വീക്കം കുഷ്ഠം ഉദരം അശ്സ്സ അഗ്നിമാന്ദ്യം രുചികേടു കൃമി ഇവയും ശമിക്കും.

ആകാരകരഭാദിചൂൎണ്ണം.

മൂ— ആകാരകരഭശ്ശുണ്ഠി കങ്കോലംകുങ്കുമംകണാ
ജാതീഫലംലവംഗഞ്ച ചന്ദനംചേതികാൎഷികാൻ
ചൂൎണ്ണാനിഹാനതഃകുൎയ്യാ ദഹിഫേനംപലോന്മിതം
സൎവ്വമേകീകൃതംചൂൎണ്ണം മാഷകംമധുനാലിഹേൽ
ശുക്രസ്തംഭകരംചൂൎണ്ണം പുംസാമാനന്ദകാരകം
നാരീണാംപ്രീതിജനനം സേവേതനിശികാമുകഃ

വ്യാ—അക്കിക്കറുവാ ചുക്കു തക്കോലം കുങ്കുമം തിപ്പലി ജാതിക്കാ ഇലവങ്ങം ചന്ദനം ഇവ മൂന്നു കഴഞ്ചുവീതം. കറപ്പ് ഒരു പലം ഇവയെല്ലാം കൂട്ടിപ്പൊടിച്ചു ഒരുനേരം മാഷമാത്രം തേനിൽ കുഴച്ചു നക്കുക. ശുക്ലസ്രവത്തെ തടഞ്ഞു നിൎത്തും പുരുഷന്മാൎക്കു ആനന്ദത്തേയും സ്ത്രീകൾക്കു പ്രീതിയേയും കൊടുക്കും കാമുകന്മാർ ഇതിനെ രാത്രിയിൽ സേവിക്കുക.

സുദൎശനചൂൎണ്ണം.

മൂ— ത്രിഫലാരജനീയുഗ്മം കണ്ടകാരീയുഗംശഠി
ത്രികടുഗ്രന്ഥികംമൂൎവ്വാ ഗുളൂചീധന്വയാഷകഃ
കടുകാപൎപ്പടീമുസ്തം ത്രായമാണാചവാലകം
നിംബഃപുഷ്കരമൂലംച മധുയഷ്ടിചവത്സകം
യവാനീന്ദ്രയവോഭാൎങ്ഗീ ശിഗ്രുബീജംസുരാഷ്ട്രജാ
വചാത്വക്പത്മകോശീരം ചന്ദനാതിവിഷാബലാഃ
ശാലിപൎണ്ണിപൃശ്നിപൎണ്ണി വിഡംഗംതകരംതഥാ
ചിത്രകോദേവകാഷ്ഠംച ചവ്യംപത്രംപടോലജം
ജീവകൎഷഭകൌചൈവ ലവംഗാവംശലോചനാ
പുണ്ഡരീകംചകാകോളി പത്രജംജാതിപത്രകം
താളീസപത്രംചതഥാ സമാഭാഗാനിചൂൎണ്ണയേൽ
സൎവ്വചൂൎണ്ണസ്യചാൎദ്ധാംശം കിരാതംനിക്ഷിപേൽസുധീഃ

ഏതൽസുദൎശനംനാമ ചൂൎണ്ണംദോഷത്രയാപഹം
ജ്വരാംശ്ചനിഖിലാൻഹന്യാന്നാത്രകാൎയ്യാവിചാരണാ
പൃഥക്ദ്വന്ദ്വാഗന്തുജാംശ്ചധാതുസ്ഥാൻവിഷമജ്വരാൻ
സന്നിപാതോത്ഭവാംശ്ചാപി മാനസാനപിനാശയേൽ
ശീതജ്വരൈകാഹികാദീന്മോഹം തന്ദ്രാംഭ്രമംതൃഷാം
ശ്വാസംകാസംചപാണ്ഡുഞ്ചഹൃദ്രോഗംഹന്തികാമലാം
ത്രികപൃഷ്ഠകടീജാനു പാൎശ്വശൂലനിവാരണം.
ശീതാംബുനാപിബേദ്ധീമാൻ സൎവ്വജ്വരനിവൃത്തയേ
സുദൎശനംയഥാചക്രം ദാനവാനംവിനാശയം
തദ്വജ്വരാണാംസൎവ്വേഷാമിദംചൂൎണ്ണംപ്രണാശനം.

വ്യാ—ത്രിഫല, മഞ്ഞൾ, മുത്തങ്ങ, കണ്ടകാരി, ചെറുവഴുതിന, കച്ചോലം, ചുക്ക, മുളക, തിപ്പലി, കരിഞെണ്ണ, പെരുങ്കുരുമ്പ, ചിററമൃതു, ചെങ്കൊടിത്തൂവ, കടുകുരോഹിണി, പൎപ്പടകപ്പുല്ല, കഴിമുത്തങ്ങ, ബ്രഹ്മി, ഇരുവേലി, വേപ്പിൻതൊലി, പുഷ്കരമൂലം ഇരട്ടിമധുരം, കുടകപ്പാലവേന്മേൽതൊലി, ജീരകം, കുടകപ്പാലയരി, ചെറുതേക്ക, മുരിങ്ങയരി, തുവരിമണ്ണ, വയമ്പ, ഇലവംഗം, പതുമുകം, രാമച്ചം, ചന്ദനം, അതിവിടയം, കുറുന്തോട്ടി, കാട്ടുഴുന്ന, കാട്ടുപയറ, വിഴാലരി, തകരം, കൊട്ടുവലിക്കിഴങ്ങ, ദേവതാരം, കാട്ടുമുളക, കൊടിപ്പടവലത്തിന്റെ ഇല, ജീവകം, ഇടവക, ഗ്രാമ്പൂവു, ക്ഷുരന്തുവ, താമരയല്ലി, കാകോളി, പച്ചില, ജാതിപത്തിരി, താലീസപത്രം, ഇവസമം. ഇവ എല്ലാം കൂടിയതിൽ പകുതി പുത്തരിച്ചുണ്ടവേർ എല്ലാംചേൎത്തു പൊടിച്ചു ശീലപ്പൊടിയാക്കി സേവിക്കുക എല്ലാജ്വരങ്ങളും ശമിക്കും. ഓരോദോഷങ്ങളെക്കൊണ്ടും ഈ രണ്ടു ദോഷങ്ങളെക്കൊണ്ടും ആഗന്തുകമായും ധാതുജമായും വിഷമമായും സന്നിപാതമായും മാനസികമായും ശീതമായും ഏകാഹികമായും ഉള്ള ജ്വരങ്ങളും മോഹം തന്ദ്രി ഭ്രമം വെള്ളംദാഹം ശ്വാസം ചുമ പാണ്ഡുരോഗം ഹൃദ്രോഗം കാമല എന്നീരോഗങ്ങളും ശമിക്കും കഴുത്തിൻമേലുള്ള എല്ലാവ്യാധികൾക്കും പൃഷ്ഠം അരക്കെട്ടു പാൎശ്വങ്ങൾ എന്നീഭാഗങ്ങളിലുള്ള കുത്തിനോവുകൾക്കും ശമനത്തെച്ചെയ്യും തണുത്തവെള്ളത്തിൽചേൎത്തു കുടിച്ചാൽ സൎവ്വജ്വരങ്ങളും നിവൎത്തിക്കും ദാനവ വിനാശത്തിങ്കൽ സുദൎശനം എന്നപോലെ ഈ ചൂൎണ്ണം സൎവ്വജ്വരങ്ങൾക്കും വിനാശകാരിയായി ഭവിക്കും.

നാരായണചൂൎണ്ണം.

മൂ— ചിത്രകസ്ത്രിഫലാവ്യോഷം ജീരകംഹപുഷാവചാ
യവാനീപിപ്പലീമൂലം ശതപുഷ്പാചഗന്ധികാ
അജമോദാശമീധാന്യം വിഡംഗംസ്ഥൂലജീരകം

ഹേമാഠാ ചാ പൌഷ്കരം മൂലം ക്ഷാരൌ ലവണ പഞ്ചകം
കുഷ്ഠാ ചേതിസമാംശാനി വിശാലാസ്യാദ് ദ്വിഭാഗികാ
ത്രിവൃന്ത്രിഭാഗാവിജ്ഞേയാ ദന്ത്യാഭാഗത്രയം ഭവേൽ
ചതുൎഭാഗാ സാതലാസ്യാ ത്സൎവാണ്യേകത്ര ചൂൎണ്ണയേൽ
പാചനസ്നേഹനാദ്യൈശ്ച സ്നിഗ്ദ്ധ കോഷ്ഠസ്യ രോഗിണഃ
ദദ്യാച്ചൂൎണ്ണംവിരേകായ സൎവ്വരോഗപ്രണാശനം
ഹൃദ്രോഗപാണ്ഡുരോഗേഷു കാസേ ശ്വാസേ ഭഗന്ദരെ
മന്ദാഗ്നൌ ച ജ്വരേ കുഷ്ഠേ ഗ്രഹണ്യാം ചഗളഗ്രഹേ
ദദ്യാദ്യുക്താനുപാനേന തഥാദ്ധ്മാനേ സുരാദിഭിഃ
ഗുല്മെ ബദരനീരേണ വിൾഭംഗേ ദധിമസ്തുനാ
ഉഷ്ണാംബുഭിരജീൎണ്ണേ ച വൃക്ഷാമ്ലൈ പരികൎത്തിഷു
ഉഷ്ട്രീദുഗ്ദ്ധേനോദരേഷു തഥാ തക്രേണ വാ ഗവാം
പ്രസന്നയാ വാതരോഗേ ദാഡിമാംഭോഭിരൎശസി
ദിവിധേ ച വിഷേ ദദ്യാൽ ഘൃതേന വിഷനാശനം
ചൂൎണ്ണം നാരായണം നാമ ദുഷ്ടരോഗഗണാപഹം

വ്യാ — ചൊട്ടവേലി ത്രിഫല ചുക്കമുളക തിപ്പലി ജീരകം അടക്കാമണിയൻ വയമ്പു അയമോദകം പിപ്പലിമൂലം ചതകുപ്പ നായർവെണ്ണ ആശാളി കച്ചോലം കൊത്തമ്പാലരി വിഴാലരി പെരുഞ്ചീരകം ചതുരക്കള്ളി പുഷ്കരമൂലം ചവക്കാരം തുവച്ചിലക്കാരം തുവച്ചിലയുപ്പു ഇന്തുപ്പു വിളയുപ്പു മേരുപ്പു കടലുപ്പു കൊട്ടം ഇവ സമം കാട്ടുവെള്ളരി രണ്ടുഭാഗം ത്രികോല്പക്കൊന്ന മൂന്നുഭാഗം നാഗദന്തി മൂന്നുഭാഗം നാലുഭാഗം ലന്തക്കുരു ഇവ കൂട്ടിപ്പൊടിച്ചു പാചനങ്ങളായിരിക്കുന്ന സ്നേഹനാദികളെകൊണ്ടു സ്നിഗ്ദ്ധകോഷ്ഠനായിരിക്കുന്ന രോഗിക്കു വിരേചനത്തിനായി കൊടുക്കണം ഇതു സൎവ്വരോഗങ്ങളും ശമിപ്പിക്കുന്ന ഒരൌഷധയോഗമാകുന്നു. ഹൃദ്രോഗം പാണ്ഡുരോഗം കാസം ശ്വാസം ഭഗന്ദരം മന്ദാഗ്നി ജ്വരം കുഷ്ഠം ഗ്രഹണി ഗളഗ്രഹം ഈ രോഗങ്ങളിൽ യുക്താനുപാനമായി പ്രയോഗിക്ക. അദ്ധ്മാനത്തിന്നു കള്ളുമുതലായതിലും ഗുല്മന്നു ലന്തക്കായുടെ രസത്തിലും മലബന്ധത്തിന്നു തൈർവെള്ളത്തിലും അജീൎണ്ണത്തിൽ ചൂടുവെള്ളത്തിലും വൃക്ഷാമ്ലത്തിൽ പരികൎത്തിരോഗങ്ങളിലും ഉദരങ്ങൾക്കു ഒട്ടകത്തിൻപാലിലും (പശുവിൻമോരിലുമാകാം) വാതരോഗത്തിൽ കഞ്ഞിത്തെളിയിലും അൎശസ്സിന്നു താളിമാതളക്കായുടെ രസത്തിലും വിഷത്തിലും നെയ്യിലും സേവിക്കണം നാരായണം എന്നു പേരുള്ള ഈ ചൂൎണ്ണം ദുഷ്ടരോഗഗണാപഹമായിഭവിക്കുന്നു.

ഇതി ചൂൎണ്ണകല്പനാധ്യായ
ഭാഗം ൨.
അഥ സപ്തമാധ്യായഃ

തത്രവടകകല്പനാ

മൂ— വടകാശ്ചാഥകഥ്യന്തേ തന്നാമഗുഡികാവടീ
മോദകോവടികാപിണ്ഡീ ഗുഡോവൎത്തിസ്സ്തഥോച്യതേ

വ്യാ—ഇനി വടകമുണ്ടാക്കാനുള്ള വിധിയെപ്പറയുന്നു ഗുഡികാ, വടി മോദകം, വടികാ, പിണ്ഡീ, ഗുഡം, വൎത്തി ഇവ വടകശബ്ദത്തിൻെറ പൎയ്യായപദങ്ങളാകുന്നു.

മൂ— ലേഹവത്സാധ്യതേവഹ്നൌ ഗുളോവാശക്കരാഥവാ
ഗുഗ്ഗുലുർവ്വാക്ഷിപേത്തത്ര ചൂൎണ്ണംതന്നിൎമ്മിതാവടീ
കുൎയ്യാദവഹ്നിസിദ്ധേന കചചിദ്ഗുഗ്ഗുലുനാവടീം
ദ്രവേണമധുനാവാപി ഗുഡികാംകാരയേദ്ബുധഃ

വ്യാ—ശക്കരയോ പഞ്ചസാരയോ ഗുഗ്ഗുലുവോ ലേഹം എന്നപോലെ തീയിൽവെച്ചു പാകംചെയ്തു അതിൻെറപൊടിയിട്ടു ഉരുട്ടിയെടുക്കുന്നതു വടി എന്നു പറയപ്പെടുന്നു എന്നാൽ ചിലർ അഗ്നിപാകംകൂടാതെ ഗുഗ്ഗുലുകൊണ്ടു വടിയെ ഉണ്ടാക്കാം ചിലർ തേൻചേൎത്തു ഗുഡികയെ ഉണ്ടാക്കുന്നുണ്ട്.

മൂ— സിതാചതുൎഗ്ഗുണാദേയാ വടീഷുഃദ്വിഗുണോഗുഡഃ
ചൂൎണ്ണാൽചൂൎണ്ണസമഃ കാൎയ്യോഗുഗ്ഗുലുൎമ്മധുതത്സമം
ദ്രവംചദ്വിഗുണംദേയം മോദകേഷുഭിഷഗ്വരൈഃ
കൎഷപ്രമാണാതന്മാത്രാ ബലംദൃഷ്ട്വാപ്രയുജ്യതേ

വ്യാ—ഗുളികായോഗത്തിൽ ചൂൎണ്ണത്തിൽനിന്നും പഞ്ചസാര നാലിരട്ടി യോജിപ്പിക്കണം ശക്കരരണ്ടിരട്ടിയായിരിക്കണം ഗുഗ്ഗുലുപൊടിക്കു തുല്യമായിരിക്കണം. തേൻപൊടിക്കുസമമായിരിക്കണം മോദകങ്ങളിൽ ദ്രവം ഇരട്ടിയായിരിക്കണം രോഗിയുടെ ദേഹബലവും രോഗത്തിൻെറ ബലവുംനോക്കി പ്രയോഗിക്കണം ഒരുനേരത്തേക്കു സേവിക്കാനുള്ള മോദകത്തിൻെറ മാത്ര മൂന്നുകഴഞ്ചായിരിക്കണം ʻബലംദൃഷ്ട്വാപ്രയുജ്യതേ എന്നുള്ളതുകൊണ്ടു മേല്പറഞ്ഞ മാത്രയിൽനിന്നും വ്യത്യാസംവരുത്താമെന്നു വരുന്നുണ്ട്.

ബാഹുശാലഗുഡഃ

മൂ— ഇന്ദ്രവാരുണികാമുസ്തം ശുണ്ഠീദന്തീഹരീതകീ
ത്രിവൃത്സ്സുരിവിഡംഗാനിഗോക്ഷുരശ്ചിത്രകസ്തഥാ
തേജോഹ്വാചദ്വിക്ഷാണി പൃഥക്ദ്രവ്യാണികാരയേൽ
സൂരണസ്യപലാന്യഷ്ടൌ വൃദ്ധദാരുചതുഷ്പലം

ചതുഷ്പലഃസ്യാൽഭല്ലാതഃ കഷായേൽസൎവ്വമേകതഃ
ജലദ്രോണേചതുൎത്ഥാംശം ഗൃഹ്ണീയാൽകഷായമുത്തമം
കഷായദ്രവ്യാത്രിഗുണിതം ഗുഡംക്ഷിപ്ത്വാപുനഃപചേൽ
സമ്യാക്പക്വംചവിജ്ഞായ ചൂൎണ്ണമേതൽപ്രദാപയേൽ
ചിത്രികത്രിവൃതാദന്തീഃ തേജോഹ്വാപലികാഃപൃഥക്
പൃഥക്ത്രിപലികാഃകാൎയ്യാ വ്യോഷൈലാമരിചത്വചഃ
നിക്ഷിപേന്മധുശീതേച തസ്മിൻപ്രസ്ഥപ്രമാണതഃ
ഏവംസിദ്ധോഭവച്ശ്രീമാൻ ബാഹുശാലഗുളഃശുഭഃ
ജയേദശാംസിസൎവ്വാണി ഗുല്മംവാതോദരംതഥാ
ആമവാതപ്രതിശ്യായ ഗ്രഹണീക്ഷയപീനസാൻ
ഹലീമകംപാണ്ഡുരോഗം പ്രമേഹംചരസായനം.

വ്യാ— കാട്ടുവെള്ളരി, മുത്തങ്ങ, ചുക്ക, നാഗദന്തി, കടുക്കാത്തോട്ടു, ത്രികോല്പക്കൊന്ന കച്ചൂരിക്കിഴങ്ങു, വിഴാലരി, ഞെരിഞ്ഞിൽ, കൊടുവേലിക്കിഴങ്ങു, വലിയവാലുഴവം, ഇവ പ്രത്യേകം ആറുകഴഞ്ചുവീതം എടുക്കുക. കാട്ടുചേന പലം എട്ട് മറിക്കുന്നി പലം നാലു ചേക്കുരു ശുദ്ധിചെയ്തതു നാലുപലം ഇവയെല്ലാംകൂട്ടി പതിനാറിടങ്ങഴി വെള്ളത്തിൽ കഷായമിട്ടു നാലൊന്നു ശേഷിപ്പിച്ച് അതിൽ കഷായദ്രവ്യത്തിൽനിന്നും മൂന്നിരട്ടി ശൎക്കരചേൎത്തു വീണ്ടും തീയെരിച്ചു പചിക്കുക പാകംവേണ്ടവിധമായി എന്നറിഞ്ഞാൽ അതിൽ കൊടുവേലിക്കിഴങ്ങു ത്രികോല്പക്കൊന്ന നാഗദന്തിവേർ വലിയ വാലുഴവം ഇവ പ്രത്യേകം ഓരോപലംവീതം ചുക്കു, മുളകു, തിപ്പലി, ഏലത്തരി, മുളക്, ഇലവങ്ഗം ഇവ പ്രത്യേകം ഓരോ പലംവീതം ഇവയെല്ലാം പൊടിച്ചു ശീലപ്പൊടിയാക്കി മുൻപറഞ്ഞ പാവാക്കിയതിൽ വിതറി ഇളക്കി യോജിപ്പിച്ച് ആറിയശേഷം അതിൽ ഇടങ്ങഴി തേനുംചേൎത്തു സൂക്ഷിച്ചുപയോഗിക്കുക ഇത് എല്ലാ അൎശസ്സുകളേയും ശമിപ്പിക്കും ഗുല്മം, വാതോദരം, ആമവാതം, പ്രതിശ്യായം, ഗ്രഹണി, ക്ഷയം, പീനസം, ഹലീമകം, പാണ്ഡുരോഗ, പ്രമേഹംഇവശമിക്കുംയൌവനത്തെനിലനിൎത്തും.

മരീചാദിഗുഡികാ.

മൂ— മരിചംകൎഷമാത്രംസ്യാൽ പിപ്പലീകൎഷസമ്മിതാ
അൎദ്ധകൎഷായവക്ഷാരഃ കൎഷയുഗ്മംചദാഡിമം
ഏതച്ചൂൎണ്ണീകൃതംയുഞ്ജ്യാദഷ്ടകൎഷഗുഡേനഹി
ശാണപ്രമാണാംഗുഡികാംകൃത്വാവക്ത്രേവിധാരയേൽ
അസ്യപ്രഭാവാത്സൎവ്വേപികാസായാന്ത്യേവസംക്ഷയം.

വ്യാ—മുളകു മൂന്നുകഴഞ്ചു തിപ്പലി മൂന്നുകഴഞ്ചു ചവക്കാരം ഒന്നരക്കഴഞ്ചു മാതളത്തോടു ആറുകഴഞ്ച് ഇവയെല്ലാം കൂട്ടിപ്പൊടിച്ച്

ഇരുപത്തിനാലു കഴഞ്ചു ശക്കരയോടു യോജിപ്പിച്ചു മുക്കാൽകഴഞ്ചു കണ്ടഗുളികയാക്കി സൂക്ഷിക്കുക. ഒരു ഗുളിക വായിലിട്ട് അലിച്ചിറക്കുക. ചുമകളെല്ലാം ശമിക്കും.

ഗുഡശുണ്ഠി.

മൂ— ഗുഡശുണ്ഠീശിവാമുസ്തൈസ്സൂഗുഡികാംധാരയേന്മുഖേ
ശ്വാസകാസേഷു സൎവ്വേഷുവിഹിതാംപാപിരേവലം.

വ്യാ—ശക്കര, ചുക്കു, കടുക്കാത്തോടു, മുത്തങ്ങ ഇവ ഗുളികയാക്കി വായിലിട്ട് അലിച്ചിറക്കുക. എല്ലാ ശ്വാസകാസങ്ങളും ശമിക്കും. കേവലം താന്നിക്കാത്തോടു മാത്രം ഗുളികവിധിപ്രകാരം പാകംചെയ്തു സേവിക്കാം. ശ്വാസകാസങ്ങളെല്ലാം ശമിക്കും.

ആമലക്യാദിഗുഡികാ.

മൂ— ആമലംകമലംകുഷ്ഠം ലാജാശ്ചവടരോഹകം
ഏതച്ചൂൎണ്ണസ്യമധുനാ ഗുളികാംധാരയേന്മുഖേ
തൃഷ്ണാംപ്രവൃദ്ധാംഹന്ത്യേഷാ മുഖശോഷഞ്ചദാരുണം.

വ്യാ—നെല്ലിക്കാ, താമരയല്ലി, കൊട്ടം, മലര്, പേരാൽമൊട്ട് ഇവപൊടിച്ചു തേൻചേൎത്തു ഗുളികയാക്കി വായിൽ ഇട്ടു അലിച്ചിറക്കുക. ഏറാവും വൎദ്ധിച്ചതായ വെള്ളദ്ദാഹം ശമിക്കും. ഭയങ്കരമായവായുണക്കം (മുഖാവരൾച്ച) ശമിക്കും.

സഞ്ജിവനീവടി.

മൂ— വിഡംഗംനാഗരംകൃഷ്ണാ പഥ്യാമലവിഭീതകൌ
വചാഗുളൂചിഭല്ലാതം സവിഷംചാത്രയോജയേൽ
ഏതാനിസമഭാഗാനി ഗോമൂത്രേണൈവപേഷയേൽ
ഗുഞ്ജാഭാഗുളികാകാൎയ്യാ ദദ്യാദാൎദ്രകജെരസൈഃ
ഏകാമജീൎണ്ണഗുല്മേഷു വിഷൂച്യാംചദാപയേൽ
തിസ്രശ്ചസൎപ്പദഷ്ടേതു ചതസ്രഃസാന്നിപാതികേ
വടീസഞ്ജീവനീനാമ്നാ സഞ്ജീവയതിമാനവം.

വ്യാ—വിഴാലരി, ചുക്കു, തിപ്പലി, കടുക്കാത്തോട്, നെല്ലിക്കാത്തോടു, താന്നിക്കാത്തോടു, വയമ്പു, ചിററമൃതു, ചേക്കുരു, വത്സനാഭം ഇവയെല്ലാം സമങ്ങളായെടുത്തു ഗോമൂത്രത്തിലരച്ചു കുന്നിപ്രമാണം ഗുളികയാക്കുക. ഇഞ്ചിരസത്തിൽ സേവിപ്പിക്കുക. അജീൎണ്ണം, ഗുന്മം ഇവയിൽ ഒന്നും വിഷൂചികയിങ്കൽ രണ്ടും, പാമ്പിൻവിഷത്തിൽ മൂന്നും, സന്നിപാതജ്വരത്തിൽ നാലും സേവിപ്പിക്കണം. സഞ്ജിവനിയെന്നു പേരുള്ള ഈ ഗുളിക മനുഷ്യരെമെല്ലാത്ത രോഗങ്ങളിൽനിന്നു ജീവിപ്പിക്കുന്നു.

വ്യോഷാദിഗുളികാ.

മൂ— വ്യോഷാമ്ലവേതസംചവ്യം താലീസംചിത്രകംതഥാ
ജീരകംതിന്ത്രിഡീകംച പ്രത്യേകംകഷഭാഗികം
ത്രിസുഗന്ധംത്രിശാണംസ്യാദ്ഗുളഃസ്യാൽകഷവിംശതിഃ
വ്യോഷാദിഗുളികാസാമപീനസശ്വാസകാസജിൽ
രുചിസ്വരകരാഖ്യാതാപ്രതിശ്യായപ്രണാശിനി

വ്യാ—ചുക്ക, മുളക, തിപ്പലി, ഞെരിഞ്ഞാൻപുളി, കാട്ടുമുള കിൻവേർ, താലീസപത്രി, കൊട്ടുവേലിക്കിഴങ്ങ, ജീരകം മരപ്പുളി ഇവ പ്രത്യേകം മൂന്ന കഴഞ്ചു വീതം ഏലം ഇലവങ്ങ, പച്ചില ഇവമൂന്നുംകൂടി രണ്ടേകാൽ കഴഞ്ചു ശർക്കര അരപ്പതുകഴഞ്ച് ഇവ യെല്ലാം കൂട്ടിപ്പൊടിച്ചു ഗുളികയാക്കി സേവിക്കുക. വ്യോഷാദിഗു ളികയെന്ന ഇത ആമദോഷവും പീനസവും ശ്വാസവും കാസ വ്യം ശമിക്കും രുചിയെയുണ്ടാക്കും. സ്വരം തെളിയിക്കും പ്രതി ശ്യായത്തെ നശിപ്പിക്കും.

ഗുളാദിഗുളികാ.

മൂ— ആമേഷ്വസഗുളാംശുണ്ഠിം അജീർണ്ണേഗുളപിപ്പലീം
കൃഛ്റേജീരഗുളംദദ്യാദർശസ്സുസഗുളാഭയാം

വ്യാ—ആമങ്ങളിൽ ശർക്കരയും ചുക്കും അജീർണ്ണത്തിൽ ശക്ക രയും പിപ്പലിയും മൂത്രകൃഛ്റത്തിൽ ജീരകവും ശക്കരയും അശ്ശോ രോഗത്തിൽ ശർക്കരയും കടുക്കയും സേവിക്കണം.

വൃദ്ധദാരുകാദിഗുളികാ.

മൂ— വൃദ്ധദാരുകഭല്ലാത ശുണ്ഠീചൂർണ്ണനയോജിതഃ
മോദകഃസഗുളോഹന്യാൽ ഷഡ്വിധാശ്ശകൃതാംരുജം.

വ്യാ—മറിക്കുന്നി, ചേക്കുരു, ചുക്ക് ഇവ പൊടിച്ചു ശക്കര ചേൎത്തു മോദകമാക്കി സേവിക്കുക ആറുവിധം അശ്ശസ്സുകൾകൊണ്ടു ള്ള പീഡയും ശമിക്കും.

സൂരണാദിഗുളികാ.

മൂ— ശുഷ്കസൂരണചൂർണ്ണസ്യ ഭാഗാൻദ്വാത്രിംശദാഹരേൽ
ഭാഗാൻഷോഡശചിത്രസ്യ ശുണ്ഠ്യാഭാഗചതുഷ്ടയം
ദ്വൌഭാഗൌമരിചസ്യാപി സർവാണ്യേകത്രചൂർണ്ണയേൽ
ഗുഡേനപിണ്ഡികാംകുൎയ്യാ ദശ്സാംനാശനംപരം

വ്യാ—ശുദ്ധിചെയ്തുണങ്ങിയ കാട്ടുചേന മുപ്പത്തിരണ്ടുഭാഗം എടുക്കുക. ഉണങ്ങിയ കൊട്ടുവേലിക്കിഴങ്ങു പതിനാറഭാഗം ചു ക്കു നാലുഭാഗം എടുക്കുക മുളകു രണ്ടുഭാഗം എടുക്കുക എല്ലാംകൂടി കൂട്ടിപ്പൊടിച്ചു ശർക്കര ചേൎത്തുരുട്ടി സേവിക്കുക അശ്ശോവികാരങ്ങ ൾക്ക് ഇത് ഏററവും ശമനകരമാകുന്നു.

സൂരണാദിവടികാ.

മൂ— സൂരണോവൃദ്ധദാരുശ്ചഭാഗൈഃഷോഡശഭിഃപൃഥക്
മുസലീചിത്രകൌജ്ഞേയാവഷ്ടഭാഗമിതൌപൃഥക്
ശിവാവിഭീതകീധാത്രീവിഡംഗംനാഗരംകണാ
ഭല്ലാതഃപിപ്പലീമൂലംതാലീസംചപൃഥക്പൃഥക്
ചതുർഭാഗപ്രമാണാനിത്വഗേലാമരിചംതഥാ
ദ്വിഭാഗമാത്രാണിപൃഥക്തതസ്ചേകത്രചൂർണ്ണയേൽ
ദ്വിഗുണേനഗുഡേനാഥ വടകാൻകാരയേദ്ബുധഃ
പ്രബലാഗ്നികരാഏഃതഥാശോനാശനാഃപരം
ഗ്രഹണീംവാതകഫജാം ശ്വാസകാസക്ഷയാമയം
പ്ലീഹാനംശ്ലീപദംശോഥംഹിക്കാംമേഹംഭഗന്ദരം
നിഹന്യുഃ പലിതംവൃഷ്യാസ്ഥാമേധ്യാരസായനാഃ.

വ്യാ—കാട്ടുചേന മറിക്കുന്നി (വൃദ്ധദാരുഎന്നതിനു മറിക്കുന്നി എന്നഭാഷയാണ ഇപ്പോൾ പ്രധാനമായി കാണ്മ നുള്ളത്. വൃദ്ധദാരു എന്ന പാഠം വരുന്നിടത്തു ചിലർ ചീനപ്പാവാണചേൎത്തുവരുന്നതു) ഇവരണ്ടും പതിനാറുഭാഗംവീതം നിലപ്പനക്കിഴങ്ങു കൊട്ടുവലിക്കിഴങ്ങു ഇവരണ്ടും എട്ടുഭാഗങ്ങൾവീതം കടുക്കാ നെല്ലിക്ക, താന്നിക്കാ, വിഴാലരി, ചുക്ക, തിപ്പലി, ചേക്കുരു തിപ്പലിമൂലം താലീസപത്രം ഇവ പ്രത്യേകം നാലുഭാഗംവീതം എല്ലാംകൂടി കുട്ടിപ്പൊടിച്ച എല്ലാംകൂടിയതിന്റെ ഇരട്ടിശക്കരചേൎത്തു വടകമാക്കിയെടുക്കുക ഈ വടകം ജഠരാഗ്നിബലത്തെവൎദ്ധിപ്പിക്കും അൎശസ്സുകളെ ഏറ്റവുംശമിപ്പിക്കും വാതഗ്രഹണി കഫഗ്രഹണി ഇവയേയും ശ്വാസം, കാസം, ക്ഷയം, പ്ലീഹരോഗം, പെരുക്കാൽ, വീക്കം, ഇക്കിൾ, മേഹം, ഭഗന്ദരം, നര, ഇവയേയും ശമിപ്പിക്കും ശുക്ലത്തെ ബലപ്പെടുത്തുകയും ഓൎമ്മയെനിലനിൎത്തുകയുംചെയ്യും, രസായനമാകുന്നു.

ത്രിഫലാദിവടകം

മൂ— ത്രിഫലാത്ര്യൂഷണംചവ്യം പിപ്പലീമൂലചിത്രകൌ
ദാരുമാക്ഷികധാതുസ്ച്വശ്വാവീമസ്തംവിഡംഗകം
പ്രത്യേകംകൎഷമാത്രാണി സൎവ്വംദ്വിഗുണിതംതഥാ
മണ്ഡൂകംചൂർണ്ണയേദ്ഗുഡംഗോമൂത്രഷ്ടഗുണേക്ഷിപേൽ
പക്വാചവടകാൻകൃത്വാദദ്യാത്തത്രാനുപാനതഃ
കാമിലാപാണ്ഡുമേഹാൎശഃശോഫകുഷ്ഠകഫാമയാൻ
ഊരുസ്തംഭമജീൎണ്ണംചപ്ലീഹാനംനാശയന്തിച

വ്യാ—ത്രിഫലത്തോട്ടുകൾ ചുക്കമുളകു തിപ്പലി കാട്ടുമുളകിൻവേർ തിപ്പലിമൂലം കൊട്ടുവലിക്കിഴങ്ങു ദേവതാരം മാക്കീരക്കല്ലു ഇല

വങ്ഗം മരമഞ്ഞൾ മുത്തങ്ങ വിഴാലരി ഇവ പ്രത്യേകം മൂന്നുകഴഞ്ചു വീതം ഇവയിൽനിന്നു ഇരട്ടി പുരാണകിട്ടം (പുരാണകിട്ടം ശുദ്ധിചെയ്യതായിരിക്കണം) എല്ലാം കൂട്ടിപ്പൊടിച്ച എട്ടിരട്ടി ഗോമൂത്രത്തിലിട്ടു പചിച്ചുവററിച്ചു വടകമാക്കിസേവിപ്പിക്കുക അനുപാനമായി ഗോമൂത്രം കുടിപ്പിക്കുകയുംചെയ്ക. കാമില പാണ്ഡുരോഗാമേഹം അൎശസ്സ് വീക്കം കുഷ്ഠം കഫരോഗം ഊരുസ്തംഭം അജീൎണ്ണം പ്ലീഹ ഇവശമിക്കും.

ക്ഷൌദ്രാദിമോദകം (പിപ്പലിമോദകം)

മൂ— ക്ഷൌദ്രാദ്വിഗുണിതംസപ്പിൎഘൃതാദ്വിഗുണപിപ്പലി
സിതാദ്വിഗുണിതാതസ്യാഃ ക്ഷീരംദേയംചതുൎഗ്ഗുണം
ചാതുൎജ്ജാതംക്ഷൌദ്രതുല്യം പക്വപാകുൎയ്യാച്ചമോദകാൻ
ധാതുസ്ഥാംശ്ചജ്വരാൻ സൎവാൻശ്വാസംകാസംചപാണ്ഡുതാം
ധാതുക്ഷയംവഹ്നിമാന്ദ്യംപിപ്പലീമോദകോജയേൽ

വ്യാ— തേനിൽ ഇരട്ടി നെയ്യ നെയ്യിൽ ഇരട്ടി തിപ്പലി തിപ്പലിയിൽ ഇരട്ടി പഞ്ചസാര പഞ്ചസാരയിൽ നാലിരട്ടി പാൽ ഏലം ഇലവങ്ങം പച്ചില നാഗപ്പൂ ഇവ തേനിൻെറസമം എല്ലാം കൂടി പചിച്ചു മോദകമാക്കിയെടുക്കുക. ധാതുക്കളിൽ ചെന്നിരിക്കുന്ന എല്ലാ ജ്വരങ്ങളും ശ്വാസം ചുമ പാണ്ഡുരോഗം ധതുക്ഷയം അഗ്നിമാന്ദ്യം ഇവയും ശമിക്കും.

ചന്ദ്രപ്രഭാഗുഡികാ

മൂ— ചന്ദ്രപ്രഭാവചാമുസ്താഭൂനിംബാമൃതദാരുകം
ഹരിദ്രാതിവിഷാദാവീപിപ്പലീമൂലചിത്രകൌ
ധാന്യകംത്രിഫലാചവ്യംവിഡംഗംഗജപിപ്പലീ
വ്യോഷംമാക്ഷികധാതുശ്ചദ്വെക്ഷാരൌലവണത്രയം
ഏതാനിശാണമാത്രാണിപ്രത്യേകംകാരയേദ് ബുധഃ
ത്രിവൃദ്ദന്തീപത്രകംചത്വഗേലാവംശരോചനാ
പ്രത്യേകംകഷമാത്രാണികുൎയ്യാദേതാനിബുദ്ധിമാൻ
ദ്വികഷംഹതലോഹംസ്യാച്ചതുഷ്കഷാസിതാഭവൽ
ശിലാജത്വഷ്ടകഷംസ്യാദഷ്ടൌകഷശ്ചഗുഗ്ഗുലോഃ
ഏഭിരേകത്രസംക്ഷുണ്ണൈഃകൎത്തവ്യാഗുഡികാശുഭാ
ചന്ദ്രപ്രഭേതിവിഖ്യാതാസൎവരോഗപ്രണാശിനീ
പ്രമേഹാൻവിംശതികൃച്ഛ്രംമൂത്രാഘാതംതഥാശ്മരീം
വിബന്ധാനാഹശൂലാനിമേഹനഗ്രന്ഥിമൎബ്ബുദം
അണ്ഡവൃദ്ധിംതഥാപാണ്ഡും കാമലാംചഹലീമകം
ആന്ത്രവൃദ്ധിംകടീശൂലാശ്വാസംകാസംവിചൎച്ചികാം
കുഷ്ഠാന്യൎശാംസികണ്ഡൂംചപ്ലീഹോദരഭഗന്ദരം

ദന്തരോഗം നേത്രരോഗം സ്ത്രീണാമാൎത്തവജാംരുജം
പുംസാംശുക്ലഗതാൻദോഷാൻമന്ദാഗ്നിമരുചിംതഥാ
വായുംപിത്തംകഫംഹന്യാൽബല്യാവൃഷ്യാരസായനീ.

വ്യാ— കൎപ്പൂരം വയമ്പു മുത്തങ്ങ നിലവേപ്പ് അമൃതു ദേവതാരം മഞ്ഞൾ അതിവിടയം മരമഞ്ഞൾ തിപ്പലീമൂലം കൊട്ടവേലിക്കിഴങ്ങു കൊത്തമ്പാലരി ത്രിഫല തൊട്ട കാട്ടുമുളകിൻവേർ വിഴാലരി അത്തിത്തിപ്പലി ചുക്കു മുളകു തിപ്പലി മാക്കീരക്കല്ലു ചവൎക്കാരം തുവച്ചിലക്കാരം ഇന്തുപ്പു വിളയുപ്പു തുവച്ചിലയുപ്പ് ഇവ മുക്കാൽ കഴഞ്ചുവീതം ത്രികോല്പക്കൊന്ന നാഗദന്തിവേർ പച്ചില ഇലവങ്ഗം ഏലത്തരി കൂവനൂറ് ഇവ പ്രത്യേകം മൂന്നു കഴഞ്ചുവീതം ഇരുമ്പിൻഭസ്മം ആറു കഴഞ്ചു പഞ്ചസാര പന്ത്രണ്ടു കഴഞ്ച് കന്മദം ഇരുപത്തിനാലു കഴഞ്ചു ഗുഗ്ഗുലു ഇരുപത്തിനാലു കഴഞ്ച്. ഇവയെല്ലാം കൂട്ടിപ്പൊടിച്ചു ഗുളികയാക്കുക. ചന്ദ്രപ്രഭയെന്ന ഈ ഗുളിക സൎവ്വരോഗങ്ങളേയും ശമിപ്പിക്കും. ഇരുപതു പ്രമേഹങ്ങളും മൂത്രകൃച്ഛ്രം മൂത്രത്തടവു അശ്മരി മലബന്ധം വയറടച്ചുവീൎപ്പു ശൂലം മൂത്രദ്വാരത്തിലുള്ള മാംസഗ്രന്ഥി അൎബ്ബുദം വൃഷണത്തിൽ നീരിറങ്ങി വിങ്ങുക പാണ്ഡു കാമല ഹലീമകം ആന്ത്രവൃദ്ധി അരക്കെട്ടിലെവേദന ശ്വാസം ചുമ വിചൎച്ചിക കുഷ്ഠങ്ങൾ അൎശ്ശസ്സുകൾ ചൊറിച്ചിൽ പ്ലീഹോദരം ഭഗന്ദരം ദന്തരോഗം നേത്രരോഗം സ്ത്രീകൾക്കു തീണ്ടാരികാലങ്ങളിലുള്ള വേദന പുരുഷന്മാൎക്കു ശുക്ലത്തെസംബന്ധിച്ച ദോഷങ്ങൾ അഗ്നിമാന്ദ്യം അരുചി വായുപിത്തം കഫം ഇവയുടെ വികാരം ഇവയെ നശിപ്പിക്കും ബലത്തേയും ശുക്ലത്തേയും വൎദ്ധിപ്പിക്കും ആയുസ്സിനെ നിലനിൎത്തും.

കാങ്കായനഗുളിക.

മൂ— ചന്ദ്രപ്രഭായാംകൎഷസ്തു ചതുൎഭാഗോവിധീയതേ
യവാനീജീരകംധാന്യം മരിചംഗിരികൎണ്ണികാ
അജമോദോപകുഞ്ചീച ചതുശ്ശാണാഃപൃഥക്പൃഥക്
ഹിംഗുഷട്ശാണികംകാൎയ്യം ക്ഷാരൌലവണപഞ്ചകം
ത്രിവൃച്ചാഷ്ടമിതേശോണേ പ്രത്യേകംകല്പയേൽസുധീഃ
ദന്തീശഠീപൌഷ്കരംച വിഡംഗംദാഡിമംശിവാ
ചിത്രമ്ലവേതസശ്ശുണ്ഠി ശാണൈഃഷോഡശഭിഃപൃഥക്
ബീജപൂരരസേനൈഷാം ഗുഡികാംകാരയേദ്വുധഃ
ഘൃതേനപയസാമദ്യൈ രമ്ലേനോഷ്ണോദകേനവാ
പിബേൽകാങ്കായനഃപ്രോക്താം ഗുഡികാംഗുന്മനാശിനീം
മദ്യേനവാതികംഗുന്മം ഗോക്ഷീരേണചപൈത്തികം
മൂത്രേണകഫഗുന്മംച ദശമൂലൈസ്ത്രിദോഷജാം

ഉഷ്ട്രീദുഃശ്ധ്നനാരീണാം രക്തഗുൽമംനിവാരയേൽ
ഹൃദ്രോഗംഗ്രഹണീംശൂലം ക്രിമിനശാംസിനാശയേൽ.

വ്യാ— കർപ്പൂരം മൂന്നുകഴഞ്ച് കുറാശാണി ജീരകം കൊത്തമല്ലി മുളകു ശംഖപുഷ്പം അയമോദകം ചിറ്റേറലം ഇവ മൂന്നുകഴഞ്ചുവീതം. കായം നാലരകഴഞ്ചു ചവക്കാരം തുവച്ചിലക്കാരം ഇന്തുപ്പു വിളയുപ്പു തുവച്ചിലയുപ്പു കടലുപ്പു മേരുപ്പു ത്രികോല്പക്കൊന്ന ഇവ പ്രത്യേകം ആറ കഴഞ്ചുവീതം നാഗദന്തിവേർ കമ്മോലം പുഷ്കരമൂലം വിഴാലരി താളിമാതളം കട്ടക്കാരത്താട്ട കൊട്ടുവേലിക്കിഴങ്ങു ഞെരിഞ്ഞാമ്പുളി ചുക്ക ഇവ പന്ത്രണ്ടുകഴഞ്ചുവീതംഇവയെല്ലാം കൂട്ടിപ്പൊടിച്ചു മാതളനാരങ്ങയുടെ രസത്തിൽ അരച്ചു ഗുളികയാക്കുക മദ്യത്തിലോ പാലിലോ നെയ്യിലോ കാടിയിലോ ചൂട്ടവെള്ളത്തിലോ കുടിക്കുക. ഗുന്മങ്ങളെല്ലാം ശമിക്കും. മദ്യത്തിൽ കുടിച്ചാൽ വാതഗുൽമവും പശുവിൻപാലിൽ കുടിച്ചാൽ പിത്തഗുൽമവും ഗോമൂത്രത്തിൽ കുടിച്ചാൽ കഫഗുൽമവും ദശമൂലകഷായത്തിൽ കുടിച്ചാൽ ത്രിദോഷകോപംനിമിത്തമുള്ളഗുന്മവും ഹൃദ്രോഗവും ഗ്രഹണിയും ശൂലവും ക്രിമിയും അശോരോഗങ്ങളും ശമിക്കും.

യോഗരാജഗുൽഗുലു.

മൂ— നാഗരംപിപ്പലീമൂലം പിപ്പലീചവ്യചിത്രകൌ
ഭൃഷ്ടംഹിംഗ്വജമോദാച സർഷപാജിരകദ്വയം
രേണുകേന്ദ്രയവാഃപാഠാ വിഡംഗംഗജപിപ്പലീ
കട്ടകാതിവിഷാഭാങ്ഗീ വചാമൂർവ്വേതിഭാഗശഃ
പ്രത്യേകംശാണികാനിസ്യുഃ ദ്രവ്യാണീമാനിവിംശതിഃ
ദ്രവ്യേഭ്യഃസകലേഭ്യശ്ച ത്രിഫലാദ്വിഗുണാഭവേൽ
ഏഭിശ്ചൂർണ്ണീകൃതൈഃ സർവ്വൈഃ സമോദയശ്ചഗുൽഗുലുഃ
വംഗംരൌപ്യംച നാഗംച ലോഹസാരസ്തഥാഭ്രകം
മണ്ഡൂരംരസസിന്ദൂരം പ്രത്യേകംപലസമ്മിതം
ഗുഡപാകസമംകൃത്വാ ഇമംദദ്യാദ്യഥോചിതം
ഏകപിണ്ഡംതതഃകൃത്വാ ധാരയേദ്ഘൃതഭാജനേ
ഗുഡ്കാഃശാണമാത്രാസ്തു കൃത്വാഗ്രാഹ്യായഥോചിതാഃ
ഗുൽഗുലുഃയോഗരാജോയം ത്രിദോഷഘ്നോരസായനഃ
മൈഥുനാഹാരപാനാനാം ത്യാഗോനൈവാത്രവിദ്യതേ
സർവ്വാൻവാതാമയാൻകുഷ്ഠാൻ അശാംസിഗ്രഹണീഗദം
പ്രമേഹംവാതരക്തംച നാഭിശൂലംഭഗന്ദരം
ഉദാവർത്തംക്ഷയംഗുന്മം അപസ്മാരമുരോഗ്രഹം
മന്ദാഗ്നിശ്വാസകാസാംശ്ച നാശയേദരുചിംതഥാ
രേതോദോഷഹരഃപുംസാം രജോദോഷഹരഃസ്ത്രിയാം

പുംസാമപത്യജനകോ വന്ധ്യാനാംഗർഭദസ്സഥാ
രാസ്നാദികഷായസംയുക്തോ വിവിധംഹന്തിമാരുതം
കാകോള്യാദിശൃതാൽപിത്തം കഫമാരഗ്വധാദിനാ
ദാർവ്വീശൃതേനമേഹാംശ്ച ഗോമൂത്രേണചപാണ്ഡുതാം
മേദോവൃദ്ധിംചമധുനാ കുഷ്ഠംനിംബശൃതേനവാ
ഛിന്നകഷായേനവാതാസ്രം ശോഫംശൂലാകണാശൃതാൽ
പാടലാകഷായസഹിതോ വിഷംമൂഷകജംജയേൽ
ത്രിഫലാകഷായസഹിതോ നേത്രാൎത്തീംഹന്തിദാരുണാം
പുനൎന്നവാദികഷായേന വിനോതസ്യേവ്വാദരാണ്യപി.

വ്യാ— ചുക്ക തിപ്പലിമൂലം തിപ്പലി കാട്ടുമുളകിൻവേർ കൊട്ടുവേലിക്കിഴങ്ങു പൊരിച്ചകായം അയമോദകം കടുകു ജീരകം രണ്ടും അരേണുകം കുടകപ്പാലയരി പാടത്താളിക്കിഴങ്ങു വിഴാലരി അത്തിത്തിപ്പലി കട്ടരോഹണി അതിവിടയം ചെറുതേക്ക വയമ്പു പെരുകുരുമ്പ ഇവ ഇരുപതും പ്രത്യേകം മുക്കാൽ കഴഞ്ചുവീതം ഇവയെല്ലാററിനും ഇരട്ടി ത്രിഫലത്തോട്ടുകൾ എല്ലാംകൂടി കൂട്ടിപ്പൊടിച്ചെടുത്ത പൊടിക്ക സമം ഗുൽഗുലു വെളുത്തീയം വെള്ളി നാകം ഇരുമ്പു അഭ്രകം പുരാണകിട്ടം ഇവയുടെ ഭസ്മം രസസിന്ദൂരം ഇവ ഒരു പലം വീതം എല്ലാംകൂടി ശൎക്കരപ്പാവിന്റെ സമ്പ്രദായത്തിലാക്കീട്ടു യഥോചിതമായ മാത്രയിൽ സേവിപ്പിക്കുക. എല്ലാംകൂടി ഒരേ പിണ്ഡമാക്കി നെയ്പുരട്ടി പഴകിയ പാത്രത്തിൽ ആക്കി സൂക്ഷിക്കുക. മുക്കാൽ കഴഞ്ചുവീതം ഗുളികയാക്കിയും ഉചിതമായ മററു മാത്രയിലും സേവിക്കാം. ഇതു ത്രിദോഷശമനത്തെച്ചെയ്യുന്ന ഒരു രസായനമാകുന്നു. മൈഥുനം ഭക്ഷണപാനങ്ങൾ ഇവയ്ക്കു വിരോധംകൂടാതെ സേവിക്കാം. എല്ലാ വാതരോഗങ്ങളും കുഷ്ഠങ്ങളും അൎശസ്സുകളും ഗ്രഹണീരോഗങ്ങളും പ്രമേഹവും വാതരക്തവും നാഭിശൂലം ഭഗന്ദരം ഇവയും ഉദാവൎത്തവും ക്ഷയവും ഗുന്മവും അപസ്മാരവും ഉരോഗ്രഹവും അഗ്നിമാന്ദ്യവും ശ്വാസകാസങ്ങളും അരുചിയും ശമിക്കും. ശുക്ലദോഷമുള്ള പുരുഷന്മാൎക്കും രജോദോഷമുള്ള സ്ത്രീകൾക്കും ഹിതമാകുന്നു. പുരുഷന്മാൎക്കു സന്താനവും സ്ത്രീകൾക്കു ഗൎഭവും ഉണ്ടാകും. ചിററരത്തകഷായം മീതെകുടിച്ചാൽ വാതപീഡ ശമിക്കും. കാകോളകഷായം മീതെകുടിച്ചാൽ പിത്തരോഗങ്ങൾ ശമിക്കും. കൊന്നവേർ കഷായം മീതെകുടിച്ചാൽ കഫരോഗങ്ങൾ നശിക്കും. മരമഞ്ഞൾകഷായത്തിന്റെ അനുപാനംകൊണ്ടു മേഹങ്ങൾ ശമിക്കും. ഗോമൂത്രം അനുപാനം ചെയ്യാൽ പാണ്ഡുരോഗം ശമിക്കും. തേൻ അനുപാനം ചെയ്യാൽ കുഷ്ഠം നശിക്കും. അമൃതിൻ കഷായാനുമാ

നംകൊണ്ടു വാതരക്തം ശമിച്ചുപോകും. തിപ്പലികഷായം അനുപാനംചെയ്താൽ വീക്കവും കുത്തിനോവും മാറും. പാതിരിവേർ കഷായംകുടിച്ചാൽ എലിവിഷം ശമിക്കും. ത്രിഫലകഷായം അനുപാനംചെയ്താൽ ഭയങ്കരമായ നേത്രരോഗം മാറും. തഴുതാമകഷായാനുപാനംകൊണ്ടു സകല ഉദരങ്ങളും ശമിക്കും.

കൈശോരഗുൽഗുലു.

മൂ— ത്രിഫലായാസ്ത്രയഃപ്രസ്ഥാഃ പ്രസ്ഥൈകമമൃതാഭവേൽ
സംകുട്യലോഹപാത്രേതുസാർദ്ധദ്രോണാംബുനാപചേൽ
ജലമർദ്ധശൃതംജ്ഞാത്വാ ഗൃഹ്ണീയാദ്വസ്ത്രഗാളിതം
തതഃക്വാഥേക്ഷിപേച്ഛുദ്ധം ഗുൽഗുലുപ്രസ്ഥസമ്മിതം
പുനഃപചേദയഃപാത്രേ ദർവ്യാസംഘട്ടയന്മുഹുഃ
സാന്ദ്രീഭൂതംചതംജ്ഞാത്വാ ഗുഡപാകസമാകൃതിം
ചൂർണ്ണീകൃത്യതതസ്തത്ര ദ്രവ്യാണീമാനിനിക്ഷിപേൽ
ത്രിഫലാദ്വിപലാജ്ഞേയാ ഗുളൂചീപലികാമതാ
ഷഡക്ഷംത്ര്യൂഷണംപ്രോക്തം വിഡംഗാനാംപലാർദ്ധകം
ദന്തീകർഷമിതാകാര്യാ ത്രിവൃൽകർഷമിതാസ്മൃതാ
തതഃപിണ്ഡീകൃതംസർവ്വം ഘൃതപാത്രേവിനിക്ഷിപേൽ
ഗുഡികാഃശാണികാഃകാര്യാ യുഞ്ജ്യാദ്ദോഷാദ്യപേക്ഷയാ
അനുപാനേഭിഷഗ്ദദ്യാൽ കോഷ്ണംനീരംപയോഽഥവാ
മഞ്ജിഷ്ഠാദിശൃതംവാപി യുക്തിയുക്തമതഃപരം
ജയേത്സർവ്വാണികുഷ്ഠാനി വാതരക്തംത്രിദോഷജം
സർവ്വവ്രണാനിഗുല്മാംശ്ച പ്രമേഹപിടകാസ്തഥാ
പ്രമേഹോദരമന്ദാഗ്നി കാസശ്വയഥുപാണ്ഡുജാൻ
ഹന്തിസർവ്വാമയാന്നിത്യമുപയുക്തോരസായനം
കൈശോരികാഭിധാനോയം ഗുൽഗുലുഃകാന്തികാരകഃ
വാസാദിനാനേത്രഗദാൻ ഗുല്മാദീൻവരുണാദിനാ
ക്വാഥേനഖദിരസ്യാപി വ്രണകുഷ്ഠാനിനാശയേൽ
അമ്ലംതീക്ഷ്ണമജീർണ്ണംച വ്യവായംശ്രമമാതപം
മദ്യംരോഷംജയേൽസമ്യ ഗ്ഗുണാർത്ഥീപുരസേവകഃ

വ്യാ—ത്രിഫലത്തോടുകൾ മൂന്നിടങ്ങഴി അമൃതൊരിടങ്ങഴി, ഇവയെ ചതച്ച ഇരുമ്പു പാത്രത്തിലാക്കി ഇരുപത്തിനാലിടങ്ങഴി വെള്ളമൊഴിച്ച പചിക്കുക വെള്ളം പകുതി വറ്റിയശേഷം അടുപ്പിൽനിന്നു ഇറക്കി വസ്ത്രത്തിൽപിഴിഞ്ഞരിച്ച ആ പകുതി വറ്റിയ കഷായശേഷത്തിൽ ഒരിടങ്ങഴി ഗുൽഗുലു ഇട്ട് ആ ഇരുമ്പു പാത്രത്തിലാക്കി വീണ്ടും പചിക്കുക മത്തുകൊണ്ടടച്ച ഗുഗ്ഗുലുവിനെ അതിനോടു യോജിപ്പിച്ച കുറുക്കി ശർക്കരപ്പാവിന്റെ പാ

കംപോലുള്ള പാകത്തിലായാൽ അതിൽ രണ്ടു ഫലം ത്രിഫല തോടുകളുടെ ഓരോ ഫലം അമൃതിൻനുറു ചുക്കു, മുളകു, തിപ്പലി ഇവകൂടി ആറു കഴഞ്ചും ആറു കഴഞ്ചു വിഴാലരിപ്പൊടിയും മൂന്നു കഴഞ്ചു നാഗദന്തിയുടെ പൊടിയും മൂന്നു കഴഞ്ചു ത്രികോൽപക്കൊന്നയും ഈ പൊടികളെല്ലാം വിതറിയോജിപ്പിച്ചു എല്ലാംകൂടി ഒരു ഗുളയാക്കി നെയ്പുരട്ടി പഴകിയപാത്രത്തിലാക്കി സൂക്ഷിക്കുക. ഒരു നേരം മുക്കാൽ കഴഞ്ചുവീതം സേവിപ്പിക്കണം ദോഷങ്ങളുടേയും ശരീരത്തിൻേറയും ബലാബലങ്ങളെ അനുസരിച്ചു ബുദ്ധിമാനായ വൈദ്യൻ ഈ മാത്രയെ ഭേദപ്പെടുത്തുകയും ചെയ്യാമെന്നാണ്, യുഞ്ജ്യാദ്ദോഷാദ്യപേക്ഷയാ എന്ന വാക്യശേഷംകൊണ്ടു ശാർങ്ഗധരൻ സൂചിപ്പിച്ചിട്ടുള്ളതും അനുപാനംചെയ്യേണ്ടതു ചൂടുവെള്ളമൊ പാലോ മഞ്ജിഷ്ഠാദികഷായമോ മററുവല്ല കഷായങ്ങളോ ദ്രവങ്ങളോ രോഗത്തിൻെറ സ്ഥിതിയെനോക്കി വൈദ്യൻ നിർണ്ണയിച്ചുനിശ്ചയിക്കേണ്ടതാകുന്നു. എല്ലാകുഷ്ഠങ്ങളും ത്രിദോഷജനകങ്ങളായ വാതരക്തങ്ങളും എല്ലാവ്രണങ്ങളും ഗുൽമങ്ങളും പ്രമേഹപിടകവും പ്രമേഹവും ഊരവും അഗ്നിമാന്ദ്യവും ചുമയും വീക്കവും പാണ്ഡുരോഗവും എന്നുവേണ്ടാ ഈ ഔഷധം സേവിച്ചാൽ സമസ്തരോഗങ്ങളും ശമിക്കും. ഇതു നിറഞ്ഞ തെളിയിക്കും. ആടലോടകകഷായാനുപാനംകൊണ്ടു നേത്രരോഗങ്ങളും നീർമരുതിൻതോൽ കഷായാനുപാനംചെയ്താൽ ഗുൽമം മുതലായവയും കരിഞ്ഞാലിക്കാതൽ കഷായം മീതെ കുടിച്ചാൽ വ്രണങ്ങളും കുഷ്ഠങ്ങളും നശിക്കുന്നതാണ്. പുളിച്ചും തീക്ഷ്ണങ്ങളായും ദഹിക്കാത്തതായും ഉള്ള യാതൊന്നും ഉപയോഗിക്കരുത്. സ്ത്രീസേവ ദേഹാദ്ധ്വാനം വെയിൽകൊള്ളുക മദ്യപാനംചെയ്ക കോപിക്ക ഇവ ഒന്നും ഗുണം കിട്ടണമെന്നിച്ഛയുള്ളവൻ ചെയ്യേണ്ടത് ആഹാരം, സ്വഭാവം, പ്രയത്നം ഇവയെ പ്രകാശിപ്പിക്കുന്ന മേലെഴുതിയ നിഷേധങ്ങൾ, ഗുൽഗുലു സേവിക്കുന്നവൻ നിർബ്ബന്ധമായി ആചരിക്കേണ്ടതാകുന്നു.

ത്രിഫലാഗുൽഗുലു.

മൂ— ത്രിഫലംത്രിഫലാചൂർണ്ണം കൃഷ്ണാചൂർണ്ണംപലോന്മിതം
ഗുൽഗുലുഃപഞ്ചപലികഃ ക്ഷോദയേത്സർവ്വമേകതഃ
തതസ്തുഗുളികാംകൃത്വാ പ്രയുഞ്ജാദഗ്ന്യപേക്ഷയാ
ഭഗന്ദരംഗുൽമശോഫാ വർശാംസിചവിനാശയേൽ.

വ്യാ— ത്രിഫലയുടെ ചൂർണ്ണം മൂന്നുപലം തിപ്പലിയുടെ ചൂർണ്ണം ഒരുപലം ഗുൽഗുലു അഞ്ചുപലം എല്ലാംചേർത്തു ഗുൽമം വീക്കം അർശ്ശസ്സുകൾ ഇവ ശമിക്കും.

ഗോക്ഷുരഗുൽഗുലു.

മൂ— അഷ്ടാവിംശതിസംഖ്യാനി പലാന്യാധീയഗോക്ഷുരാൻ
വിപചേൽഷഡ്ഗുണേനീരേ കഥാഥോഗ്രാഹ്യാദ്ധശേഷിത (തഃ
തഃ പുനഃപാചേത്തത്ര പുരംസപ്തപലാക്ഷിപേൽ
ഗുഡപാകസമാകാരം ജ്ഞാത്വാതത്ര വിനിക്ഷിപേൽ
ത്രികടുത്രിഫലാമുസ്തം ചൂൎണ്ണിതംപലസപ്തകം
തതഃപിണ്ഡീകൃതസ്യാസ്യ ഗുഡികാമുപയോജയേൽ
ഹന്യാൽപ്രമേഹംകൃച്ഛ്രാംശ്ച പ്രദരംമൂത്രഘാതകം
വാതാസ്രംവാതരോഗാംശ്ച ശുക്ലദോഷംതഥാശ്മരീം

വ്യാ— ഞെരിഞ്ഞിൽ ഌ പലം ആറിരട്ടി വെള്ളത്തിൽ കഷായംവെച്ച് പകുതി ശേഷിപ്പിച്ച് അരിച്ചെടുത്ത് അതിൽ ഏഴ പലം ഗുൽഗുലു ഇടുക. ഗുഡപാകത്തോടു തുല്യമായ ആകൃതിയിലാകുമ്പോൾ ചുക്ക മുളക തിപ്പലി ത്രിഫല മുത്തങ്ങ ഇവ ഏഴപലം പൊടിച്ചിടുക. പിന്നീടു ഗുളികയാക്കി സേവിക്കുക പ്രമേഹം മൂത്രകൃച്ഛ്രം പ്രദരം മൂത്രഘാതംവാതരോഗം ശുക്ലരോഗം അശ്മരി ഇവയും ജയിക്കും.

ത്രിഫലാമോദകം.

മൂ— ത്രിഫലാഷ്ടപലാകാൎയ്യാ ഭല്ലാതംവചതുഷ്പലം
വാകുചീപഞ്ചപലികാ വിഡംഗാനാംചതുഷ്പലം
ഹതലോഹംത്രിവൃച്ചൈവ ഗുൽഗുലുശ്ചശിലാജതു
ഏതൈകൈകാപലമാത്രംസ്യാൽ പലാഷ്ടംപൌഷ്കരംഭവേൽ
ചകുകസ്യപലാൎദ്ധംസ്യാ ദ്വിശാണംമരിചംഭവേൽ
നാഗരംപിപ്പലീമുസ്താ ത്വഗേലാപത്രകുങ്കുമാ
ശാണോന്മിതസ്യാദേകൈകം ചൂൎണ്ണയേൽസൎവ്വമേകതഃ
തതസ്തൽപ്രക്ഷേപച്ചൂൎണ്ണാ പകഖണ്ഡചതുസ്സമ
മോദകാൻപലികാൻകൃത്വാ പ്രയുഞ്ജീതയഥോചിതം
ഹന്യുഃസൎവ്വാണികുഷ്ഠാനി ത്രിദോഷപ്രഭവാമയാൻ
ഭഗന്ദരപ്ലീഹഗുല്മാഞ്ജിഹ്വാതാലുഗളാമയാൻ
ശിരോക്ഷിഭഗതാൻരോഗാ നന്യാൻപൃഷ്ഠഗതാനപി
പ്രാഗ്ഭോജനസ്യദേയംസ്യാ ദധഃകായസ്ഥിതേഗദേ
ഭേഷജംഭക്തമദ്ധ്യേച രോഗേജഠരസംസ്ഥിതേ
ഭോജനസ്യോപരിഗ്രാഹ്യ മൂൎദ്ധ്വജത്രുഗദേഷുച.

വ്യാ—ത്രിഫല ൮ പലം, ചേക്കുക, നാലുപലം, കാൎക്കോകിലരി അഞ്ചുപലം, വിഴാലരി നാലുപലം, ഇരിമ്പിൻഭസ്മം ത്രികോല്പകൊന്ന ഗുൽഗുലു; കന്മദം, ഇവ ഒരു പലംവീതം, പുഷ്കരമൂലം. എട്ടുപലം കൊട്ടുവേലിക്കിഴിങ്ങ് അരപ്പലം, മുളക് ൧൦ കഴഞ്ച്,

ചുക്ക, തിപ്പലി, മുത്തങ്ങ, ഇലവങ്ങം, ഏലത്തരി, പച്ചില, കുങ്കുമപ്പൂവ്, ഇവ മുക്കാൽ കഴഞ്ചുവീതം, ഇവ എല്ലാംകൂട്ടിപ്പൊടിച്ച് ഇവക്കു സമം കല്ക്കണ്ടം പാവാക്കി അതിൽ പൊടികളെ ഇട്ട് ഓരോപലം തൂക്കത്തിൽ മോദകമാക്കി ഉരുട്ടിയെടുക്കുക. യഥോചിതം സേവിപ്പിക്കുക. എല്ലാവക കുഷ്ഠങ്ങളെയും, ത്രിദോഷങ്ങൾ നിമിത്തമുള്ള രോഗങ്ങളെയും ഭഗന്ദരം, പ്ലീഹഗുല്മം, ജിഹ്വാരോഗം, താലുരോഗം,കണ്ഠത്തിലുണ്ടാകുന്നവ്യാധികൾ ശിരോരോഗം നേത്രരോഗം പുരികങ്ങളിലുണ്ടാകുന്നരോഗം, പൃഷ്ഠഗതങ്ങളായരോഗങ്ങൾ,ഇവയെയും ശമിപ്പിക്കും.ഊണിനുമുമ്പിൽ സേവിച്ചാൽഅരക്കുകീഴ്ഭാഗമുള്ള രോഗങ്ങളേയും ഊണിന്റെ മദ്ധ്യത്തിൽ സേവിച്ചാൽ വയററിനകത്തുള്ള രോഗങ്ങളേയും ഊണിന്റെ മീതെസേവിച്ചാൽ കണ്ഠത്തിനുമേലുള്ള രോഗങ്ങളേയും ശമിപ്പിക്കും.

കാഞ്ചനാർഗ്ഗുൽഗ്ഗുലു.

മൂ— കാഞ്ചനാരത്വചോഗ്രാഹ്യം പലവിംശതികംബുധൈഃ
ത്രിഫലാഷ്ടപലാകാൎയ്യാ ത്രികടുസ്യാൽപലത്രയം
പലൈകംവരുണംകാൎയ്യാ ദേശാത്വക്പത്രകംതഥാ
ഏകൈകംകഷമാത്രംസ്യാത്സൎവ്വാണ്യേകത്രചൂൎണ്ണയേൽ
യാവച്ചൂൎണ്ണമിദംസൎവ്വം താവന്മാത്രസ്തുഗുൽഗുലുഃ
സംകുട്യസൎവ്വമേകത്ര പിണ്ഡംകൃത്വാചധാരയേൽ
ഗുഡികാഃശാണികാഃകാൎയ്യാഃ പ്രാതൎഗ്രാഹ്യായഥോചിതാഃ
ഗണ്ഡമാലാംജയത്യുഗ്രാമപചീമൎബ്ബുദാനിച
ഗ്രന്ഥീൻവ്രണാനിഗുല്മാംശ്ച കുഷ്ഠാനിചഭഗന്ദരം
പ്രദേയശ്ചാനുപാനാൎത്ഥം കഷായോമുണ്ഡികാഭവഃ
കഷായഃഖദിരസാരസ്യ പഥ്യാകഷായോഷ്ണകംജലം.

വ്യാ—വലിയമലയകത്തിയുടെ തൊലി ൨൦ പലം ത്രിഫലാ ൮ പലം, ചുക്ക്, മുളക്, തിപ്പലി ഇവ മൂന്നുപലം, നീൎമ്മാതളം ഒരു പലം, ഏലത്തരി, ഇലവങ്ങത്തൊലി, പച്ചില ഇവ മൂന്നുകഴഞ്ചുവീതംഇവയെല്ലാംകൂട്ടിപ്പൊടിച്ച് എത്രതൂക്കംവരുന്നുവോഅത്ര ഗുൽഗുലുവുംചേൎത്തു പാകംചെയ്ത് ഉരുട്ടി ൪ കഴഞ്ചുതൂക്കത്തിൽ ഗുളികകളാക്കുക. രാവിലെ സേവിക്കുക. ഉഗ്രമായ ഗണ്ഡമാലയും, അപചിയും, അൎബ്ബുദങ്ങളും, മുഴകളും, ഗുല്മവും, കുഷ്ഠങ്ങളും, ഭഗന്ദരവും, ശമിക്കും. ശ്രാവണികൊണ്ടുള്ള കഷായമൊ, കരിങ്ങാലിക്കഷായമൊ, കടുക്കാക്കഷായമൊ, ചൂടുവെള്ളമൊ മീതെകുടിക്കുക.

മാഷാദിമോദകം.

മൂ— നിസ്തുഷംമാഷചൂൎണ്ണംസ്യാത്തഥാഗോധൂമസംഭവം
നിസ്തുഷംമാഷചൂൎണ്ണഞ്ച ശാലിതണ്ഡുലജംതഥാ

സൂക്ഷ്മം ചാപിപ്പലീചൂൎണ്ണം പലികാന്യപകല്പയേൽ
എതദേകീകൃതം സൎവം ഭൎജ്ജയേദ്ഗോഘൃതേനച
അൎദ്ധമാത്രേണ സംവൃത്യ സൂതഃഖണ്ഡംസമംക്ഷിപേൽ
ജലംചദ്വിഗുണംദത്വാ പാചയേത്തംശനൈശനൈഃ
തതഃ പക്വംസമുദ്ധൃത്യ വൃത്താൻകുൎവിതമോദകാൻ
ഭുക്ത്വാസായംപ്രലേകംച പിബേൽക്ഷീരംചതുൎഗ്ഗുണം
വൎജ്ജനീയൌവിശേഷണ ക്ഷാരാമ്ലൌദ്വൌരസാവപി
കൃത്വൈവംരമയന്നാരീ ൎബ്ബഹ്വീൎന്നക്ഷീയതേനരഃ.

വ്യാ — തൊലികളഞ്ഞ ഉഴുന്നിൻപൊടി, അതിന്മണ്ണം കോതമ്പിന്റെ പൊടി, അതിന്മണ്ണം യവത്തിന്റെ പൊടി, അതിന്മണ്ണം ശാലി നെയ്യിന്റെ അരിപ്പൊടി, നേൎമ്മയായിപ്പൊടിച്ച തിപ്പലിയുടെ പൊടി, ഇവ ഒരു പലം വീതം. ഇവയെല്ലാററിനും പകുതി പശുവിൻനെയ്യിൽ വറുത്തു എടുക്കുക. ഇവയെല്ലാററിനും സമം കല്ക്കണ്ടം ഇട്ടു ഇരട്ടി വെള്ളംചേൎത്തു മൃദുവായി പാകംചെയ്തു ഒരു പലംകൊണ്ടു മോദകങ്ങളാക്കുക. വൈകുന്നേരം ഓരോ മോദകംവീതം സേവിക്കുക. മീതെ നാലുമടങ്ങു പാൽകുടിക്കുക. ഉപ്പും, പുളിയും അവയുടെ രസങ്ങളും വിശേഷിച്ചും വൎജ്ജിക്കണം. ദിവസവും വളരെ സ്ത്രീകളോടുകൂടി രമിച്ചാലും ശരീരം ക്ഷയിക്കുകയില്ല.

എട്ടാം അധ്യായം.

അവലേഹകല്പനാ.

മൂ — ക്വാഥാദീനാംപുനഃപാകാൽഘനത്വംസാരസക്രിയാ
സോവലേഹശ്ചലേഹഃസ്യാത്തന്മാത്രാസ്യാൽപലോന്മിതാ
സിതാചതുൎഗ്ഗുണാകാൎയ്യാ ചൂൎണ്ണാച്ചദ്വിഗുണോഗുഡഃ
ദ്രവംചതുൎഗ്ഗുണംദദ്യാ ദിതിസൎവ്വത്രനിശ്ചയഃ
സുപക്വേതന്തുമത്വംസ്യാ ദവലേഹേപ്സുമജ്ജനം
ഖരത്വംപീഡിതേമുദ്രാ ഗന്ധവൎണ്ണാരസോത്ഭവഃ
ദുഗ്ദ്ധമിക്ഷുരസോയൂഷോ പഞ്ചമൂലകഷായജഃ
വാശാക്വാഥോയഥായോഗ്യ മനുപാനംപ്രശസ്യതേ.

വ്യാ — കഷായം മുതലായവയെ വീണ്ടും പചിക്കുന്നതിൽനിന്നു ഘനത്വം ഉണ്ടാകുന്നു. അതു രസക്രിയാ എന്നും അവലേഹം എന്നും പറയപ്പെടുന്ന അതിന്റെ മാത്ര ഒരു പലമാകുന്നു പൊടിയിൽനിന്നു പഞ്ചസാര നാലിരട്ടിയും ശക്കര രണ്ടിരട്ടിയും ദ്രവം നാലിരട്ടിയും ആണ് യോജിപ്പിക്കേണ്ടത് ഇത് എല്ലാ യോഗങ്ങളേയും പൊതുവേ സംബന്ധിക്കുന്ന നിശ്ചയമാകുന്നു. ലേഹപാകം എന്നതു നൂലുപോലാകയും വെള്ളത്തിൽ ഇട്ടാൽ മുങ്ങിക്കിടക്കുകയും തൊട്ടാൽ പരപരത്തിരിക്കയും ചെയ്യും പശുപാലെ ഒ

ട്ടുകയും ഗന്ധം വൎണ്ണം രസം ഇവയുണ്ടായിരിക്കയും ചെയ്യും. പാലോ കരിമ്പിന്നീരോ യൂഷമോ പഞ്ചമൂലമിട്ടു കുറുക്കിയ കഷായമോ ആടലോടകകഷായമോ യഥായോഗ്യം ലേഹസേവനത്തിൽ അനുപാനത്തിന്നു ഹിതമാകുന്നു.

കണ്ടകാൎയ്യവലേഹം.

മൂ— കണ്ടകാരീതുലാംനീരദ്രോണേപക്ത്വാ കഷായകം
പാദശേഷംഗൃഹീത്വാച തസ്മിംശ്ചൂൎണ്ണാനിദാപയേൽ
പൃഥക്പലാനിചൈതാനി ഗുളൂചീചവ്യചിത്രകാഃ
മുസ്തംകൎക്കടശൃംഗീച ത്ര്യൂഷണംധന്വയാഷകഃ
ഭാൎങ്ഗീരാസ്നാസടീചൈവ ശൎക്കരാപലവിംശതിഃ
പ്രത്യേകംചപലാന്യഷ്ടൌ പ്രദദ്യാൽഘൃതതൈലയോഃ
പക്ത്വാലേഹത്വമാനീയ ശീതമധുപലാഷ്ടകം
ചതുഷ്പലംതുഗാക്ഷീൎയ്യാഃ പിപ്പലീനാംചതുഷ്പലം
ക്ഷിപ്ത്വാനിദദ്ധ്യാൽസുദൃഢേ മൃന്മയേഭാജനേശുഭേ
ലേഹോയംഹന്തിഹിക്കാൎത്തിംശ്വാസകാസാനശേഷതഃ.

വ്യാ—കണ്ടകാരിച്ചുണ്ട ഒരു തുലാം ൧൬ ഇടങ്ങഴി വെള്ളത്തിൽ ഇട്ടു പചിച്ചു നാലൊന്നാക്കി അരിച്ചെടുത്ത്, അമൃത് കാട്ടുമുളകിൻവേർ, കൊടുവേലിക്കിഴങ്ങു, മുത്തങ്ങ, കൎക്കടകശൃംഗി, ചുക്ക്, മുളക്, തിപ്പലി, കൊടുത്തൂവ, ചെറുതേക്ക്, അരത്ത, കച്ചോലം ഇവ ഒരുപലം വീതം പൊടിച്ചിട്ട് ഇരുപതുപലം പഞ്ചസാരയും എട്ടുപലം നെയ്യും എട്ടുപലം എണ്ണയുംചേൎത്തു ലേഹവിധിപ്രകാരം പചിച്ചെടുത്ത് ആറിയശേഷം എട്ടുപലം തേനുംവീഴ്ത്തി നാലുപലം കൂവക്കൂറം നാലുപലം തിപ്പലിപ്പൊടിയുംകൂട്ടി യോജിപ്പിച്ചു നല്ല മൺപാത്രത്തിലാക്കിവയ്ക്കുക ഈ ലേഹം ഏക്കംകൊണ്ടുള്ള പീഡയേയും എല്ലാ ശ്വാസകാസങ്ങളേയും ശമിപ്പിക്കും.

ച്യവനപ്രാശം.

മൂ— പാടലാരണികാശ്മൎയ്യ വില്വാരളുകഗോക്ഷുരാഃ
പൎണ്യൌബൃഹത്യൌപിപ്പല്യഃ ശൃംഗിദ്രാക്ഷാമൃതാഭയാഃ
ബലാഭൂമ്യാമലീവാസാ ഋദ്ധിജീവന്തികാശടീ
ജീവകൎഷഭകൌമുസ്തം പൌഷ്കരംകാകനാസികാ
മുദ്ഗപൎണ്ണീമാഷപൎണ്ണീ വിദാരീചപുനൎന്നവാ
കാകോള്യൌകമലംമേദേ സൂക്ഷ്മൈലാഗരുചന്ദനം
ഏതൈകൈകംപലസംമാനം സ്ഥലചൂൎണ്ണിതമൌഷധം
പചേദ്ദ്രോണജലേക്ഷിപ്ത്വാ ഗ്രാഹ്യമഷ്ടാംശശേഷിതം
തതസ്തുതാന്യാമലാനി നിഷ്കുലീകൃത്യവാസസാ
ദൃഢഹസ്തേനസംപീഡ്യ ക്ഷിപ്ത്വാതത്രതതോഘൃതം

പലസമ്മിതംതാനി കിഞ്ചിൽഭ്രഷ്ടാല്പവഹ്നിനാ
തതസ്ത്വക്ഷിപേൽകാഥം ഖണ്ഡാൽതുലോന്മിതം
ലേഹവത്സാധയിത്വാച ചൂൎണ്ണാനിമാനിദാപയേൽ
പിപ്പലീദ്വിപലാദേയാ ത്വഗാക്ഷീരീചതുഷ്പലാ
പ്രത്യേകംചത്രിശാണംസ്യാ ത്വഗേലാപത്രകേസരാഃ
തതസ്സേകീകൃതതസ്മിൻ ക്ഷിപേൽക്ഷൌദ്രംചഷട്പലം
ഇത്യത്രച്യവനപ്രോക്തോ ച്യവനപ്രാശസംജ്ഞിതം
ലേഹം വഹ്നിബലംദൃഷ്ട്വാ ഖാദേൽക്ഷീണോരസായനം
ബാലവൃദ്ധക്ഷതക്ഷീണ നാരീക്ഷീണാശ്ചശോഷിണഃ
ഹൃദ്രോഗിണഃസ്വരക്ഷീണാ യേനരാസ്സുഷ്വയുജ്യതേ
കാസംശ്വാസംപിപാസാം ചവാതാസ്രൃഗ്വരസോഗ്രഹം
വാതംപിത്തംശുക്ലദോഷം മൂത്രദോഷഞ്ചനാശയേൽ
മേധാംസ്മൃതിംസ്ത്രീഷുഹർഷം കാന്തിംവൎണ്ണപ്രസന്നതാം
അസ്യപ്രയോഗാദാപ്നോതി നരോജീൎണ്ണവിവൎജ്ജിതഃ.

വ്യാ—പാതിരി, മഞ്ഞ, കുമിഴ്, കൂവളം, പലകപ്പയ്യാന ഞെരിഞ്ഞിൽ, ഓരില, മൂവില, ചെറവഴുതിന, കണ്ടകാരി, തിപ്പലി അത്തിത്തിപ്പലി, തിപ്പലിമൂലം ചെറുതേക്ക്, മുന്തിരിങ്ങാ, അമൃത്, കടുക്കാ, കുറന്തോട്ടി, കിഴകാനെല്ലി, ആടലോടകം, ഋദ്ധി, അടവതിയൻ, കച്ചോലം, ജീവകം ഇടവകം, മുത്തങ്ങ, പുഷ്കരമൂലം, മേദത്തോന്നി, കാട്ടുപയററിൻവേർ, കാട്ടുഴന്നിൻവേർ, പാൽമുതക്കിൻകിഴങ്ങ്, തമിഴാമ, കാകോളി, ക്ഷീരകാകോളി, താമരവളയം, മേദമഹാമേദ, ചിറേറലം, അകിൽ, ചന്ദനം ഇവ ഒരു പലംവീതം ചതച്ച് ഒന്നായികൂട്ടി ഒരു പാത്രത്തിലാക്കി അഞ്ഞൂറ നെല്ലിക്കയും ഇട്ട് ൧൬ ഇടങ്ങഴി വെള്ളമൊഴിച്ച പാകംചെയ്യ് എട്ടിലൊന്ന ശോഷിപ്പിക്കുക. അതിൽനിന്നും ആ നെല്ലിക്കകളെ എടുത്തു തുണിയിൽവച്ച പിഴിഞ്ഞ് ഒരു പാത്രത്തിലാക്കി ഏഴപലം നെയ്യൊഴിച്ച വാട്ടി അതിൽ കഷായവെള്ളമൊഴിച്ച് അരത്തുലാം കല്കണ്ടംചേൎത്തു ലേഹപാകമാകുമ്പോൾ രണ്ടുപലം തിപ്പലിയും നാലുപലം കൂവനൂറ, ഇലവങ്ങം, ഏലത്തരി പച്ചില നാഗപ്പൂവ് ഇവ രണ്ടേകാൽ കഴഞ്ചുവീതവും പൊടിച്ചുചേൎത്ത് ആറിയശേഷം ആറപലം തേനുംകൂട്ടി യോജിപ്പിച്ച സൂക്ഷിച്ച സേവിക്കുക. ഇതു ച്യവനപ്രോക്തമായ ച്യവനപ്രാശമാകുന്നു. അഗ്നിബലം അനുസരിച്ച ക്ഷീണന്മാർ സേവിക്കണം. ബാലനും വൃദ്ധനും മുറിവുപെട്ടവനും, ക്ഷീണനും, സ്ത്രീസേവകൊണ്ടു ക്ഷീണനായവനും, ശരീരം ഉണക്കോടുകൂടിയവനും ഹൃദ്രോഗിയും മെലിഞ്ഞവനും

ഇതു വളരെ പ്രയോജനമുള്ളതാകുന്നു. ക്ഷയം ശ്വാസം വെള്ളദ്ദാഹം വാതരക്തം, നെഞ്ചുപിടിത്തം വാതം പിത്തം ശുക്ലദോഷം മൂത്രദോഷം ഇവയെ കളെയും. മേധസ്സിനെയും സ്മൃതിയെയും സ്ത്രീകളിൽ ഹർഷത്തെയും കാന്തിയേയും നിറത്തെയും ഉണ്ടാക്കും. വാർദ്ധക്യത്തെ കളെയുകയും ചെയ്യും.

കൂഷ്മാണ്ഡാവലേഹഃ.

മൂ— നിഷ്കുലീകൃത്യകൂഷ്മണ്ഡ ഖണ്ഡാൻപലശതംപചേൽ
നിക്ഷിപ്യദ്വിഗുണംനീരമർദ്ധശിഷ്ടഞ്ചഗൃഹ്യതേ
താനികൂഷ്മാണ്ഡഖണ്ഡാനി പീഡയേദ്ദൃഢവാസസാ
ആതപേശോഷയേൽകിഞ്ചിൽശൂലാഗ്രൈർബ്ബഹുശോവ്യധേ (ൽ
ക്ഷിപ്ത്വാതാമ്രകടാഹേച ദത്വാദഷ്ടപലംഘൃതം
തേന കിഞ്ചിദ്ഭൃജ്ജയിത്വാ പൂർവ്വോക്തംചജലംക്ഷിപേൽ
ഖണ്ഡംപലശതംദത്വാ സർവ്വമേകത്രപാചയേൽ
സുപക്വേപിപ്പലീശുണ്ഠീ ജീരാണാംദ്വിപലംപൃഥക്
പൃഥക്പലാർദ്ധംധാന്യാകം പത്രൈലാമരിചംത്വചം
ചൂർണ്ണീകൃത്യക്ഷിപേത്തത്ര ഘൃതാർദ്ധംക്ഷൌദ്രമാവപേൽ
ഖാദേദഗ്നിബലംദൃഷ്ട്വാ രക്തപിത്തീജ്വരീക്ഷയീ
ശോഷതൃഷ്ണാഭ്രമച്ഛർദ്ദി ശ്വാസകാസക്ഷതാതുരഃ
കൂഷ്മാണ്ഡകാവലേഹോയം ബാലവൃദ്ധേഷുയുജ്യതേ
ഉരഃസന്ധാനകൃദ്വൃഷ്യോ ബൃംഹണോബലകൃന്മതഃ
യുക്ത്യാകൂഷ്മാണ്ഡഖണ്ഡസ്യ സ്വരസംവിപചേൽസുധീഃ
അർശസാംമൂഢവാതാനാം മന്ദാഗ്നീനാഞ്ചയുജ്യതേ.

വ്യാ— തൊലും കുരുവും കളഞ്ഞു നുറുക്കിയ കുമ്പളങ്ങാക്കഷണം നൂറുപലം. രണ്ടുതുലാം വെള്ളത്തിൽ ഇട്ടു പചിച്ച് പകുതി വറ്റിച്ച് കുമ്പളങ്ങാക്കഷണങ്ങളെ തുണിയിൽ അരിച്ചു പിഴിഞ്ഞെടുത്ത് വെയിലത്തുവെച്ച് അല്പം ഉണക്കിയശേഷം ചെറുതായി നുറുക്കണം. അതിനെ ചെമ്പുപാത്രത്തിലാക്കി എട്ടുപലം നെയ്യൊഴിച്ചു വറട്ടുക. കുറെ വറണ്ടശേഷം ബാക്കിയുള്ള കഷായവെള്ളത്തെ അതിൽ ഒഴിച്ച് ൧൦൦ പലം കല്ക്കണ്ടവുംചേർത്തു പാകംചെയ്ക. ലേഹപാകമാകുമ്പോൾ തിപ്പലി, ചുക്ക്, ജീരകം ഇവ രണ്ടുപലംവീതം കൊത്തമ്പാലരി പച്ചില, ഏലത്തരി, മുളക്, ഇലവങ്ഗം ഇവ അരപ്പലംവീതം. എല്ലാംകൂട്ടിപ്പൊടിച്ച് അതിലിട്ട് ഇളക്കി ആറിയശേഷം നെയ്യിൽപകുതി തേനുംചേർത്തു യോജിപ്പിക്കു

ക അഗ്നിബലം അനുസരിച്ച സേവിക്കുക. രക്തപിത്തമുള്ളവൻ, ജ്വരമുള്ള വൻ, ക്ഷയമുള്ളവൻ, ദേഹ്മണക്കമുള്ളവൻ, വെള്ളദ്ദാഹമുള്ളവൻ, തലതിരിച്ചിലുള്ളവൻ, ഛർദ്ദിയുള്ളവൻ, ശ്വാസരോഗമുള്ളവൻ, ചുമയുള്ളവൻ, ക്ഷതമുള്ളവനു ഇവക്ക് ഏറാവും ഉത്തമഫലത്തെച്ചെയ്യും. ബാലന്മാക്കും വൃദ്ധന്മാക്കും ഒന്നുപോലെ ഫലത്തെ ചെയ്യും. ഉരസ്സിലുള്ള മുറിവിനെ യോജിപ്പിക്കും. ശുക്ലത്തെ വദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും ആരോഗ്യത്തെയുണ്ടാക്കും ഈ യോഗത്തിൽ കുമ്പളങ്ങയുടെ സ്ഥാനത്തിൽ കാട്ടുചേന ചേത്താൽ അശ്സ്സുകളും മൂത്രവാതങ്ങളും അഗ്നിമാന്ദ്യവും ശമിക്കും.

അഗസ്ത്യഹരീതകീ.

മൂ— ഹരീതകീശതംഭദ്രം യവാനാമാഢകംതഥാ
പലാനിദശമൂലസ്യ വിംശതിംചനിയോജയേൽ
ചിത്രകഃപിപ്പലീമൂലമപാമാൎഗ്ഗഃശഠീതഥാ
കപികച്ഛുഃശംഖപുഷ്പി ഭാൎങ്ഗീചഗജപിപ്പലീ
ബലാപുഷ്കരമൂലംച പൃഥഗ്ദ്വിപലമാത്രയാ [യേൽ
പചേൽപഞ്ചാഢകനീരെ യവൈഃസ്വിന്നൈഃശൃതംനയേൽ
തച്ചാഭയാശതംദദ്യാൽ ക്വാഥേതസ്മിൻവിചക്ഷണഃ
സൎപ്പിസ്തൈലാഷ്ടപലകം ക്ഷിപേദ്ഗുഡതുലാംതഥാ
പക്വാലേഹത്വമാനീയ സിദ്ധശീതേപൃഥക്പൃഥക്
ക്ഷൌദ്രാചപിപ്പലീചൂൎണ്ണം ദദ്യാൽകുഡവമാത്രയാ
ഹരീതകീദ്വയംഖാദേത്തേനലേഹനനിത്യശഃ
ക്ഷയംകാസംജ്ജ്വരംശ്വാസം ഹിക്കാൎശ്ശരുചിപീനസാൻ
ഗ്രഹണീംനാശയേദേഷ വലീപലിതനാശനഃ
ബലവൎണ്ണകരഃപുംസാം അവലേഹോരസായനം
വിഹിതോഗസ്ത്യമുനിനാ സൎവ്വരോഗപ്രണാശനഃ.

വ്യാ—നല്ലതായകടുക്കാ നൂറ്, നാലിടങ്ങഴിയവം, ദശമൂലം പലം ഇരുപത്, കൊടുവേലി, തിപ്പലിമൂലം, കടലാടി, കച്ചോലം നായ്ക്കുരണ, ശംഖുപുഷ്പീ, ചെറുതേക്ക്, ആനത്തിപ്പലി, കുറുന്തോട്ടി, പുഷ്കരമൂലം ഇവ രണ്ടുപലംവീതം ൨൦ ഇടങ്ങഴി വെള്ളത്തിൽ കഷായംവച്ച യവം വേകുമ്പോൾ പിഴിഞ്ഞരിച്ച കടുക്കയും ഉടയാതെ എടുത്തുചേത്തു അതിൽ ഒരു തുലാം ശക്കരകലക്കി ലേഹപാകമാകുമ്പോൾ എട്ടുപലം നെയ്യും എട്ടുപലം എണ്ണയുംചേത്തു ആറിയശേഷം നാഴിതേനും നാഴി തിപ്പലിപ്പൊടിയുംകൂട്ടി യോജിപ്പിച്ച സൂക്ഷിക്കുക അതിൽനിന്നും ദിവസംപ്രതി രണ്ടു കടുക്കയും ലേഹവും സേവിക്കുക. ക്ഷയം ചുമ ജ്വരം ശ്വാസം ഇക്കിൾ അശ്സ്സ രുചിക്കേട്ട പീനസം ഗ്രഹണി ഇവ ശമിക്കും ജരയും നര

യും വിട്ടാഴിയും ബലത്തെയും നിറത്തെയും ഉണ്ടാക്കും രസായനഗുണമുള്ളതാകുന്നു സൎവ്വരോഗപ്രണാശനമായിട്ട അഗസ്ത്യമുനിയാൽ കല്പിതമാകുന്നു.

കുടജാദ്യവലേഹഃ.

മൂ— കുടജത്വക്തുലാം ദ്രോണേ ജലസ്യവിപചേൽസുധീഃ
കഷായംപാദശേഷംച ഗ്രഹ്ണീയാദ്വസ്ത്രഗാളിതം
ത്രിംശൽപലംഗുഡസ്യാത്ര ദത്വാച്ചവിപചേൽപുനഃ
സാന്ദ്രത്വമാഗതംജ്ഞാത്വാ ചൂൎണ്ണാനിമാനിദാപയേൽ
രസാഞ്ജനംമോചരസം ത്രികടുത്രിഫലാംതഥാ
ലജ്ജാലുംചിത്രകംപാഠാം വില്വമിന്ദ്രയവംവചാം
ഭല്ലാതകംപ്രതിവിഷാം പിഡംഗാനിചവാളകം
പ്രത്യേകംപലസംമാനം ഘൃതസ്യഗുഡവംതഥാ
സിദ്ധശീതേതതോദദ്യാന്മധുനഃകുഡുവംതഥാ
ജയേദ്ദോഷാവലേഹസ്തു സൎവ്വാനൎശ്ശാംസിവേഗതഃ
ദ്വന്ദ്വാമപ്രഭവാന്രോഗാനതീസാരമരോചകം
ഗ്രഹണീംപാണ്ഡുരോഗംച രക്തപിത്തഞ്ചകാമലാം
അമ്ലപിത്തംതഥാശോഫം കാൎശ്യംചൈവപ്രവാഹികാം
അനുപാനപ്രയോഗേ ദ്രവ്യമാജ്യന്തക്രംപയോദധി
ഘൃതംജലംവാജീൎണ്ണേച പഥ്യഭാജീഭവേന്നരഃ.

വ്യാ— കുടകപ്പാലവേരിന്മേൽതൊലി ഒരു തുലാം ൧൬ ഇടങ്ങഴിവെള്ളത്തിൽ കഷായമിട്ടു നാലൊന്നു ശേഷിപ്പിച്ചു തുണിയിൽ അരിച്ചെടുത്തു മുപ്പതുപലം ശൎക്കരകലക്കി പിന്നെയും പചിച്ചു കുറുകി ലേഹപാകമാകുമ്പോൾ രസാഞ്ജനം ഇലവിൻപശ, ചുക്ക് മുളക് തിപ്പലി കടുക്കാ നെല്ലിക്കാ താന്നിക്കാ മുക്കുറ്റി കൊടുവേലി പാടക്കിഴങ്ങ് കൂവളത്തിൻവേര് കുടകപ്പാലയരി വയമ്പു ചേൎക്കുരു അതിവിടയം വിഴാലരി ഇരുവേലി ഇവ ഒരുപലം വീതം പൊടിച്ചുചേൎത്തു നാഴി നെയ്യുംവീഴ്ത്തി ആറിയശേഷം നാഴി തേനുംകൂട്ടി യോജിപ്പിച്ചു സേവിപ്പിക്കുക എല്ലാ അൎശ്ശസ്സുകളേയും ഈ ലേഹം വേഗത്തിൽ ശമിപ്പിക്കും. അൎശ്ശസ്സിൽ നിന്നുണ്ടായ ഉപദ്രവങ്ങളേയും അതിസാരത്തേയും രുചികേടിനേയും ഗ്രഹണിയേയും പാണ്ഡുരോഗത്തേയും രക്തപിത്തത്തേയും കാമലയേയും അമ്ലപിത്തത്തേയും ശോഫത്തേയും കാൎശ്യത്തേയും പ്രവാഹികയേയും ജയിക്കും. അനുപാനത്തിനു നെയ്യും മോരും പാലും തൈരും ഹിതമാകുന്നു നെയ്യോ വെള്ളമോ ഔഷധവും ആഹാരവും ദഹിച്ചശേഷമേ ഉപയോഗിച്ചുകൂട എന്നറിയണം ഔഷധവീൎയ്യത്തെയും ശരീരത്തിലെ ദോഷസ്ഥിതിയേയും അനുസരിച്ചുള്ള ആഹാരാദികളോടുകൂടിയിരിക്കണം.

കുടജാദ്യവലേഹഃ.

മൂ— കുടജത്വക്തുലാമാദ്രാം ദ്രോണനീരേവിപാചയേൽ
പാദശേഷംശൃതംനീത്വാ ചൂൎണ്ണാന്യേതാനിദാപയേൽ
ലജ്ജാലുർദ്ധാതകീബില്വം പാഠാമോചരസസ്തഥാ
മുസ്തംപ്രതിവിഷാചൈവ പ്രത്യേകംസ്യാൽപലംപലം
തതസ്തുവിപചേൽഭൂയോ യാവദ്ദൎവ്വീപ്രലേപനം
ജലേനഛാഗദുഗ്ദ്ധേന പീതോമണ്ഡേനവാജയേൽ
അസൃഗ്ദരംസമസ്തംച സൎവ്വാശാംസിപ്രവാഹികാം.

വ്യാ—ഒരുതുലാം പച്ചയായ കുടകപ്പാലവേരിന്മേൽതൊലി ൬൪ ഇടങ്ങഴി വെള്ളത്തിൽ കഷായമിട്ടു നാലൊന്നു ശേഷിപ്പിച്ചു പിഴിഞ്ഞരിച്ചു മറെറാരു പാത്രത്തിലാക്കുക മുക്കുററി താതിരിപ്പൂവ് കൂവളത്തിൻവേർ പാടക്കിഴങ്ങ് ഇലവിൻപശ മുത്തങ്ങ അതിവിടയം ഇവ ഒരു പലംവീതം ശൎക്കര പാവാക്കി തവിയിൽ പററുന്ന പാകത്തിൽ ഇട്ടു യോജിപ്പിച്ചു സേവിക്കുക ആട്ടിൻപാലോ മണ്ഡമോ മീതെ കുടിക്കുക ഭയങ്കരങ്ങളും പലനിറത്തിൽ അതിസരിക്കയും വേദനയുണ്ടായിരിക്കയും ചെയ്യുന്നവയും ആയ എല്ലാ അതിസാരങ്ങളും എല്ലാ അസൃഗ്ദരങ്ങളും എല്ലാ അൎശസ്സുകളും പ്രവാഹികകളും ശമിക്കും.

ഒൻപതാമദ്ധ്യായം.

ഘൃതകല്പനാ.

പിപ്പല്യാദിഘൃതം.

മൂ— പിപ്പലീപിപ്പലീമൂല ചവ്യചിത്രകനാഗരൈഃ
സസൈന്ധവൈശ്ചപലികൈഃഘൃതപ്രസ്ഥംവിപാചയേൽ
ക്ഷീരംചതുൎഗ്ഗുണംദത്വാ തദ്ഘൃതംപ്ലീഹനാശനം
വിഷമജ്വരമന്ദാഗ്നി ഹരംരുചികരംപരം

വ്യാ—തിപ്പലി തിപ്പലിമൂലം കാട്ടുമുളകിൻവേർ കൊടുവേലിക്കിഴങ്ങ് ചുക്ക് ഇന്തുപ്പ് ഇവ ഒരുപലംവീതം നെയ്യ് ഇടങ്ങഴി പാൽ ഈ നെയ്യു പചിച്ചു സേവിക്കുക പ്ലീഹ ശമിക്കും വിഷമജ്വരം അഗ്നിമാന്ദ്യം ഇവയെക്കളെയും ഏററവും രുചിയെ ഉണ്ടാക്കും.

ചാംഗേരീഘൃതം.

മൂ— പിപ്പലീപിപ്പലീമൂലം ചിത്രകോഹസ്തിപിപ്പലീ
ശ്വദംഷ്ട്രാനാഗരംധാന്യം പാഠാബില്വംയവാനികാ
ദ്രവ്യൈശ്ചപലികൈരേതൈശ്ചതുഃഷഷ്ടിപലംഘൃതം
ഘൃതാച്ചതുൎഗ്ഗുണംദദ്യാ ച്ചാംഗേരീസ്വരസംബുധഃ
തഥാചതുൎഗ്ഗുണംദത്വാദധിസൎപ്പിൎവിപാചയേൽ
ശനൈഃശനൈൎവിപക്തവ്യം ചാംഗേരീഘൃതമുത്തമം
തദ്ഘൃതംകഫവാതഘ്നം ഗ്രഹണ്യൎശോവികാരനുൽ

ഹന്ത്യാനാഹഗുദഭ്രംശം മൂത്രകൃച്ഛ്രംപ്രവാഹികാം.

വ്യാ—തിപ്പലി. തിപ്പലിമൂലം. കാട്ടുവലിക്കിഴങ്ങ്, ആനത്തിപ്പലി, നാഗ്ഗുരണ, ചുക്ക്, കൊത്തമ്പാലരി, പാടക്കിഴങ്ങ് കൂവളത്തിൻവേർ, കുറാശാണി ഇവ ഒരുപലംവീതം, നൂറ പലം നെയ്യ് നെയ്യിൽ നാലുമടങ്ങു പുളിയാരൽ കുത്തിപ്പിഴിഞ്ഞ രസം. അത്രയും തൈര് എല്ലാംകൂട്ടി മൃദുവായി പചിച്ച സേവിക്കുക ഇതു ഏറ്റവും ഉത്തമമായതാകുന്നു. കഫവാതാദികങ്ങളായ ഗ്രഹണി അശ്സ്സ് ഇവയെക്കളയും ആനാഹം, ഗുദം പുറത്തുവരുന്നതു മൂത്രകൃച്ഛ്രം പ്രവാഹിക ഇവയേയും ജയിക്കും.

മസൂരഘൃതം.

മൂ— മസൂരാണാംപലശതം നീരദ്രോണേവിപാചയേൽ
പാദശേഷംശൃതംനിത്യാ ദത്വാവില്വപലാഷ്ടകം
ഘൃതപ്രസ്ഥംപചേത്തേന സർവ്വാതീസാരനാശനം
ഗ്രഹണീംഭിന്നവിട്കംച നാശയേച്ചപ്രവാഹികാം.

വ്യാ—ചണംപയറ് ഒരു തുലാം ൧൬ ഇടങ്ങഴി വെള്ളത്തിൽ പചിച്ച നാലൊന്നാക്കി എട്ടുപലം കൂവളത്തിൻവേർ അരച്ചു കലക്കി ഇടങ്ങഴി നെയ്യുംചേർത്തു കാച്ചി സേവിക്കുക എല്ലാ അതിസാരങ്ങളേയും കളയും ഗ്രഹണി, ഭിന്നവിട്കം, പ്രവാഹിക ഇവയേയും കളയും.

കാമദേവഘൃതം.

മൂ— അശ്വഗന്ധാതുലാകാസ്യാ തദർദ്ധം ഗോക്ഷുരസ്യതു
ബലാമൃതാശാലിപർണ്ണീ വിദാരീചശതാവരീ
പുനൎന്നവാശ്വത്ഥശുംഗി കാശ്മൎയ്യാസ്തുഫലാന്യപി
പത്മബീജംമാഷബീജം ദത്വാദ്ദശപലംപൃഥക്
ചതുർദ്രോണാംഭസാപക്ത്വാ പാദശേഷംശൃതംനയേൽ
ജീവനീയഗണംകുഷ്ഠം പത്മകംരക്തചന്ദനം
പത്രകംപിപ്പലീദ്രാക്ഷാ കപികച്ഛുഫലംതഥാ
നീലോൽപലംനാഗപുഷ്പം സാരിവേദ്വേബലേതഥാ
പൃഥക്കർഷാദ്ധമാഭാഗാഃ ശർക്കരായാഃപലദ്വയം
രസശ്ചപൌണ്ഡ്രകേക്ഷൂണാം മാഢകൈകംസമാഹരേൽ
ഘൃതസ്യചാഢകംദത്വാ പാനയേന്മൃദുനാഗ്നിനാ
ഘൃതമേതന്നിഹന്ത്യാശു രക്തപിത്തമുരഃക്ഷതം
ഹലീമകംപാണ്ഡുരോഗം വർണ്ണഭേദംസ്വരക്ഷയം
വാതരക്തംമൂത്രകൃച്ഛ്രം പാൎശ്വശൂലംചകാമലാം
ശുക്രക്ഷയമുരോദാഹം കാൎശ്യമോജഃക്ഷയംതഥാ
സ്ത്രീണാംചൈവപ്രജാതാനാം ഗർഭംശുക്രദംനൃണാം

കാമദേവഘൃതംനാമ ഹൃദ്യംബല്യംരസായനം

വ്യാ—അമുക്കിരം ഒരു തുലാം തെരിഞ്ഞിൽ ൫൦ പലംകുറുന്തോട്ടി, അമൃതു, ഓരില, പാൽമുതക്കിൻകിഴങ്ങു, ശതാവരിക്കിഴങ്ങു, തമിഴാമ, പേരാൽ, ചുക്കു, കുമിഴിൻകായ്, താമരയരി, ഉഴുന്നിൻപരിപ്പ്, ഇവ പത്തുപലംവീതം നൂറ്റ് ഇടങ്ങഴി വെള്ളത്തിൽ കഷായമിട്ടു നാലൊന്നു ശേഷിപ്പിക്കുക. ജീവനീയഗണം, കൊട്ടം, പതുമുകം, ചെഞ്ചന്ദനം, പച്ചില, തിപ്പലി, മുന്തിരിങ്ങാപ്പഴം, നാഗ്ഗുരണപ്പരിപ്പു, കരിങ്കുവളക്കിഴങ്ങു നാഗപ്പൂവു നറുനീണ്ടിരണ്ടും കുറുന്തോട്ടിവേരു ഇവ പ്രത്യേകം ൨ കഴഞ്ചുവീതം പഞ്ചസാര ഫലം ൨ വെളുത്തകരിമ്പിൻനീരു നാലിടങ്ങഴി നാലിടങ്ങഴി പശുവിൻനെയ് മൃദ്വഗ്നികൊണ്ടു പചിച്ചു സേവിക്കുക. രക്തപിത്തം ഉരഃക്ഷതം ഹലീമകം പാണ്ഡുരോഗം നിറപ്പകച്ച് ഒച്ചയടപ്പു വാതരക്തം മൂത്രകൃച്ഛ്രം പാർശ്വശൂലം കാമലാ ശുക്ലക്ഷയം ഉരോദാഹം കാശ്യം ഓജഃക്ഷയം ഇവയെ കളയും. സ്ത്രീകൾക്കു നല്ല സന്താനലാഭത്തെ ചെയ്യും പുരുഷന്മാൎക്കു ശുക്ലത്തെച്ചെയ്യും കാമദേവഘൃതമെന്ന ഇതു ഹൃദ്യമായും ബല്യമായും രസായനമായും ഭവിക്കുന്നു.

ത്രിഫലാദിഘൃതം.

മൂ— ത്രിഫലാദ്വെനിശേകൌന്തീ സാരിവേദ്വെപ്രിയംഗുകാ
ശാലിപൎണ്ണീപ്രശ്നിപൎണ്ണീ ദേവദാവ്യേലവാലുകം
നതംവിശാലാദന്തീച ദാഡിമംനാഗകേസരം
നീലോല്പലൈലാമഞ്ജിഷ്ഠാ വിഡംഗംകുഷ്ഠപത്മകം
ജാതീപുഷ്പംചന്ദനംച താലീസംബൃഹതീതഥാ
ഏതൈഃകൎഷസമൈഃകല്ക്കൈൎജ്ജലംദത്വചതുൎഗ്ഗുണം
ഘൃതപ്രസ്ഥംപചേദ്ധീമാനപസ്മാരജ്വരക്ഷയേ
ഉന്മാദേവാതരക്തേച കാസേമന്ദാനലേതഥാ
പ്രതിശ്യായേകടീശൂലേ തൃതീയകചാതുൎത്ഥകേ
മൂത്രകൃച്ഛ്രേവിസൎപ്പേച കണ്ഡൂപാണ്ഡ്വാമയേതഥാ
വിഷദ്വയേപ്രമേഹേഷു സൎവ്വഥൈവോപയുജ്യതേ
വന്ധ്യാനാംപുത്രദംഭൂത യക്ഷരക്ഷോഹരംസ്മൃതം

വ്യാ—ത്രിഫല, മഞ്ഞൾ രണ്ടും, അരേണുകം, നറുനീണ്ടിരണ്ടും ഞാഴൽപ്പൂവു, ഓരിലവേരു, മൂവിലവേരു, ദേവതാരം, ഏലാവാലുകം, തകരം, കാട്ടുവെള്ളരി, നാഗദന്തി, താളിമാതളം, നാഗപ്പൂവു, കരിങ്കുവളക്കിഴങ്ങു, ഏലത്തരി, മഞ്ചട്ടി, വിഴാലരി കൊട്ടം, പതുമുകം, പിച്ചകമൊട്ടു ചന്ദനം, താലീസപത്രി, ചെറുവഴുതിന, ഇവ മുന്നു കഴഞ്ചുവീതം നാലുമടങ്ങു വെള്ളത്തിൽ അരച്ചുകലക്കി ഇടങ്ങഴി നെയ്യുംചേൎത്തു കാച്ചിസേവിക്കുക അപസ്മാരം, ജ്വ

രം, ക്ഷയം, ഉന്മാദം, വാതരക്തം, ഛൎദ്ദി, അഗ്നിമാന്ദ്യം, പീനസം, അരക്കെട്ടിൽ വേദന, തൃതീയകം ചാതുൎത്ഥകം എന്ന ജ്വരങ്ങൾ, മൂത്രകൃച്ഛ്രം, വിസൎപ്പം, ചൊറി, പാണ്ഡുരോഗം, രണ്ടുവിധം വിഷം, പ്രമേഹങ്ങൾ, ഇവയെല്ലാം കളയും വന്ധ്യത്വംകളയും യക്ഷരക്ഷോഹരമായും ഭവിക്കും.

അമൃതാഘൃതം.

മൂ— അമൃതാകഷായകല്ക്കാഭ്യാം സക്ഷീരംവിപചേദ്ഘൃതം
വാതരക്തംജയത്യാശു കുഷ്ഠംജയതിദുസ്തരം

സാ— അമൃതുകഷായം, അമൃതുതന്നെകല്ക്കവുംപാലുംനെയ്യുംചേൎത്തു കാച്ചിസേവിക്കുക ഭയങ്കരമായ വാതരക്തവും കുഷ്ഠവും ജയിക്കും.

മഹാതിക്തഘൃതം.

മൂ— സപ്തഛദഃപ്രതിവിഷാ ശമ്യാകഃകടുരോഹിണി
പാഠാമുസ്തമുശീരഞ്ച ത്രിഫലാപൎപ്പടസ്തഥാ
പടോലനിംബമഞ്ജിഷ്ഠാഃ പിപ്പലീപത്മകംശഠീ
ചന്ദനംധന്വയാസശ്ച വിശാലേദ്വേനിശേതഥാ
ഗുളൂചീസാരിവേദ്വേച മൂൎവ്വാവാസാശതാവരീ
ത്രായന്തീന്ദ്രയവായഷ്ടീ ഭൂനിംബശ്ചാക്ഷഭാഗകാഃ
ഘൃതംചതുൎഗ്ഗുണംദദ്യാദ്ഘൃതാദാമലകീരസഃ
ദ്വിഗുണഃസൎപ്പിഷശ്ചാത്ര ജലമഷ്ടഗുണംഭവേൽ
തത്സിദ്ധംപായയേൽസൎപ്പിവാതരക്തേഷുസൎവ്വഥാ
കുഷ്ഠാനിരക്തപിത്തംച രക്താൎശാംസിചപാണ്ഡുതാം
ഹൃദ്രോഗഗുന്മവീസൎപ്പപ്രദരാൻഗണ്ഡമാലികാം
ക്ഷുദ്രരോഗാഞ്ജ്വരാംശ്ചൈവ മഹാതിക്തമിദംജയേൽ

വ്യാ—ഏഴിലമ്പാല അതിവിടയം കൊന്ന കടുരോഹിണി പാടക്കിഴങ്ങു മുത്തങ്ങ രാമച്ചം ത്രിഫലത്തോടു പൎപ്പടപ്പുല്ലു പടവലം വേപ്പു മഞ്ചട്ടി തിപ്പലി പത്മകം കച്ചോലം ചന്ദനം കൊട്ടത്തൂവ കാട്ടുവെള്ളരി മഞ്ഞൾരണ്ടും അമൃതു നറുനീണ്ടിരണ്ടും പെരുങ്കുരുമ്പ ആടലോടകം ശതാവരി ബ്രഹ്മി കുടകപ്പാലയരി അതിമധുരംനിലവേപ്പു ഇവമൂന്നുകഴഞ്ചുവീതം നാലുമടങ്ങുനെയ്യും നെയ്യിൽ രണ്ടുമടങ്ങു പച്ചനെല്ലിക്കയുടെ രസവും നെയ്യിൽ എട്ടുമടങ്ങു വെള്ളവുംചേൎത്തു കാച്ചിഅരിക്കുക എല്ലാവാതരക്തങ്ങളും കുഷ്ഠങ്ങളും രക്തപിത്തം രക്താൎശസ്സു പാണ്ഡു ഹൃദ്രോഗം ഗുന്മം വിസൎപ്പം പ്രദരം ഗണ്ഡമാലിക ക്ഷുദ്രരോഗം ജ്വരം ഇവയും ശമിക്കും.

കാസീസാദിഘൃതം.

മൂ— കാസീസംദ്വേനിശേ മുസ്തംഹരിതാലംമനശ്ശിലാം
കമ്പില്ലകംഗന്ധകഞ്ച വിഡംഗംഗുഗ്ഗുലുംതഥാ

സിക്ഥകംമരിചംകുഷ്ഠം തുത്ഥകംഗൌരസൎഷപാൻ
രസാഞ്ജനംചസിന്ദൂരം ശ്രീവാസംരക്തചന്ദനം
ഇരിമേദംനിംബപത്രം കരഞ്ജംസാരിവാംവചാം
മഞ്ജിഷ്ഠാംമധുകംമാംസീം ശിരീഷംലോദ്ധ്രപദ്മകം
ഹരീതകീംപ്രപുന്നാടം ചൂൎണ്ണയേൽകാൎഷികാൻപ്രഥക്
തതസ്തച്ചൂൎണ്ണമാലോഡ്യ ത്രിംശൽപലമിതേതൈലേത
സ്ഥാപയേത്താമ്രപാത്രേച ഘൎമ്മേസപ്തദിനാനിവൈ
അസ്യാഭ്യംഗേനകുഷ്ഠാനി ദദ്രുപാമാവിചൎച്ചികാഃ
ശൂകദോഷാവിസൎപ്പാശ്ച വിസ്ഫോടാവാതരക്തജാഃ
ശിരഃസ്ഫോടോപദംശാശ്ച നാഡീദുഷ്ടവ്രണാനിച
ശോഫോഭഗന്ദരശ്ചൈവ ലൂതാഃശാമ്യന്തിദേഹിനാം
ശോധനംരോപണഞ്ചൈവ സുവൎണ്ണകരണംഘൃതം

വ്യാ—കരുത്ത ഈയം മഞ്ഞൾരണ്ടും മുത്തങ്ങ അരിതാലം മനോയാല കമ്പിപ്പാല ഗന്ധകം വിഴാലരി ഗുഗ്ഗുലു മെഴുക മുളകു കൊട്ടം തുത്ഥം ചെമന്നകടുക രസാഞ്ജനം സിന്ദൂരം തിരുവട്ടപ്പശ രക്തചന്ദനം കരിവേലമ്പട്ട വേപ്പില ഉങ്ങു നറുനീണ്ടി വയമ്പു മഞ്ചട്ടി ഇരട്ടിമധുരം മാഞ്ചി നെന്മേനിവാക പാച്ചോറ്റി പതുമുകം കടുക്ക തകരം ഇവ മൂന്നു കഴഞ്ചുവീതം പൊടിച്ചു മുപ്പതുപലം നെയ്യിൽകലക്കി ചെമ്പുപാത്രത്തിലാക്കി ഏഴുദിവസം വെയിലത്തുവച്ചിരുന്നു എടുത്തുദേഹത്തു പുരട്ടുക കുഷ്ഠങ്ങൾ തരുതനം ചൊറിചിരങ്ങു ശൂകദോഷം വിസൎപ്പം വിസ്ഫോടം മുതലായ വാതരക്തവികാരങ്ങൾ ശിരഃസ്ഫോടം ഉപദംശം നാഡീവ്രണം ദുഷ്ടവ്രണം ശോഫം ഭഗന്ദരം ലൂതാരോഗങ്ങൾ ഇവശമിക്കും വ്രണങ്ങൾക്കശോധനത്തെയും ഉണക്കിനെയും ചെയ്യും സവൎണ്ണതയെയുണ്ടാക്കും.

ജാത്യാദിഘൃതം.

മൂ— ജാതീനിംബപടോലംച ദ്വേനിശേകടുരോഹിണി
മഞ്ജിഷ്ഠാമധുകംസിക്ഥം കരഞ്ജോശീരസാരിവാഃ
തുത്ഥംചവിപചേത്സൎപ്പിഃ കല്ക്കൈരേഭിൎഘൃതംബുധഃ
അസ്യലേപാൽപ്രരോഹന്തി സൂക്ഷ്മനാഡീവ്രണാ അപി
മൎമ്മാശ്രിതാഃക്ലേദനശ്ച ഗംഭീരാഃ സരുജാവ്രണാഃ

വ്യാ—പിച്ചകം വേപ്പ് പടവലം മഞ്ഞൾരണ്ടും കടുരോഹിണി മഞ്ചട്ടി ഇരട്ടിമധുരം മെഴുക ഉങ്ങു രാമച്ചം നറുനീണ്ടി തുത്ഥം ഇവ അരച്ചു നെയ്യിൽകലക്കി കാച്ചിതേയ്ക്കുക സൂക്ഷ്മങ്ങളായ നാഡീവ്രണങ്ങൾ വേദനയും നനവും ഉള്ള മൎമ്മാശ്രിതങ്ങളായ ഗംഭീരവ്രണങ്ങളും ഇവയും ശമിക്കും.

ബിന്ദുഘൃതം.

മൂ— ചിത്രകഃശംഖിനീ പഥ്യാ കമ്പില്ലസ്ത്രിവൃതായുഗം
വൃദ്ധദാരുശ്ച ശമ്യാകോ ദന്തീദന്തീഫലം തഥാ
കോശാതകീ ദേവതാളീ നീലിനീ ഗിരികൎണ്ണികാ
സാതലാ പിപ്പലീമൂലം വിഡംഗം കടുകീ തഥാ
ഹേമക്ഷീരീ ച വിപചേൽ കല്ക്കൈരഭിഃ പിചൂന്മിതൈഃ
ഘൃതപ്രസ്ഥം സ്നുഹീക്ഷീരേ ഷട്പലേ തു പലദ്വയേ
അൎക്കക്ഷീരസ്യ മതിമാൻ സുസിദ്ധം ഗുന്മകുഷ്ഠവൽ
ഹൃത്ശൂലമുദാവൎത്തം ശോഫാധ്മാനം ഭഗന്ദരം
ശമയത്യുദരാണ്യഷ്ടൗ നിപീതം ബിന്ദുസംഖ്യയാ
ഗോദുഗ്ദ്ധേനോഷ്ണദുഗ്ദ്ധേന കൌലത്ഥേനശൃതേനവാ
ഉഷ്ണോദകേനവാ പീതം ബിന്ദുവേഗൈൎവ്വിരേചയേൽ
ഏതദ്ബിന്ദുഘൃതംനാമ നാഭിലേപാദ്വിരേചയേൽ

വ്യാ— കൊടുവേലി ശംഖുപുഷ്പി കടുക്കാ കമ്പിപ്പാല ത്രികോല്പ കൊന്നരണ്ടും മറിക്കളന്നി കൊന്ന നാഗദന്തിവേര നാഗദന്തിയുടെ അരി പുട്ടൽപീരം ദേവതാളി അമരി മലയമുക്കി ചമ്മലന്ത കാട്ടു തിപ്പലിവേർ വഴാലരി കടുക മലയെരുമ ഇവ മൂന്നുകഴഞ്ചുവീതം നെയ്യ് ഇടങ്ങഴി കള്ളിപ്പാലു ൬ പലം എരിക്കിൻപാലു രണ്ടുപലം ഇങ്ങനെ ചേൎത്തു കാച്ചിയനെയ്യ ഗുന്മം കുഷ്ഠം ശൂലം ഉദാവൎത്തം ശോഫം ആധ്മാനം ഭഗന്ദരം എട്ടുവിധം ഉദരങ്ങൾ ഇവയെക്കളെയും തുള്ളികണക്കാക്കി സേവിക്കണം പശുവിൻപാലിലൊ ഒട്ടകത്തിൽപാലിലോ പഴമുതിരക്കഷായത്തിലൊ ചൂടുവെള്ളത്തിലൊ കുടിക്കണം. ബിന്ദുവേഗംകൊണ്ടു വിരേചിക്കും ഈ ബിന്ദുഘൃതം നാഭിയിൽ പുരട്ടിയാൽ വിരേചിക്കും.

ത്രൈഫലം.

മൂ— ത്രിഫലായാരസപ്രസ്ഥം പ്രസ്ഥം വാസാരസോൽഭവം
ഭൃംഗരാജരസപ്രസ്ഥം പ്രസ്ഥമജാപയഃ ഘൃതം
ഏതൈരേതൽഘൃതപ്രസ്ഥം കല്ക്കൈരക്ഷമിതൈഃപ്രപചേൽ
ത്രിഫലാപിപ്പലീദ്രാക്ഷാ ചന്ദനം സൈന്ധവംബലാ
കാകോലീക്ഷീരകാകോലീ മേദാമരിചനാഗരം
ശൎക്കരാപുണ്ഡരീകംച കമലംചപുനൎന്നവാ
നിശാദ്വയംചമധുകം സൎവ്വൈരഭിവിപാചയേൽ
നക്താന്ധ്യംനകുലാന്ധ്യംച കണ്ഡൂപില്ലംതഥൈവച
നേത്രസ്രാവംചപടലം തിമിരംചാജകംജയേൽ
അന്യേപിപ്രശമംയാന്തി നേത്രരോഗാഃസുദാരുണാഃ
ത്രൈഫലംഘൃതമേതദ്ധി പാനേനസ്യാദിഷുപൂജിതം

വ്യാ- ത്രിഫലപച്ചയായതു ഇടിച്ചുപിഴിഞ്ഞരസം ഇടങ്ങഴി ആട

ലോടകരസം ഇടങ്ങഴി കയ്യന്ന്യരസം ഇടങ്ങഴി ആട്ടിൻപാല് ഇടങ്ങഴി നെയ്യ് ഇടങ്ങഴി ത്രിഫലാ തിപ്പലി മുന്തിരിങ്ങാപ്പഴം ചന്ദനം ഇന്തുപ്പു കുറുന്തോട്ടി കാകോളി ക്ഷീരകാകോളി മേദ മുളകു ചുക്ക പഞ്ചസാര താമരപ്പൂവു താമരവളയം തമിഴാമ മഞ്ഞൾരണ്ടും ഇരട്ടിമധുരം ഇവ മൂന്നു കഴഞ്ചുവീതം കാച്ചി സേവിക്കുക നക്താന്ധ്യം നകുലാന്ധ്യം ചൊറിച്ചിൽ പില്ലരോഗങ്ങൾ നേത്രസ്രാവം പടലം തിമിരം അജകാരോഗം ഇവ ശമിക്കും. ഭയങ്കരങ്ങളായ മറ്റു നേത്രരോഗങ്ങളും ശമിക്കും ഈ ത്രൈഫലഘൃതം പാനത്തിനും നസ്യം തർപ്പണം മുതലായതിനും ഉചിതമാകുന്നു. ത്രിഫല കഷായമിട്ടെടുക്കണമെന്നു ചികിത്സാരത്നത്തിൽ പറഞ്ഞു കാണുന്നത് അബദ്ധമാകുന്നു "ആർദ്രവത്രിഫലാഗ്രാഹ്യാസാമർത്ഥ്യാൽ സ്വരസാസക്തിഷു" എന്ന ക്ഷാരപാണീയമനുസരിച്ചു പച്ചയായിട്ടു കൂട്ടേണ്ടതു തന്നെയാണ് ഉചിതമായിട്ടുള്ളത്.

ഗൌരാദ്യഘൃതം.

മൂ— ദ്വേഹരിദ്രേസ്ഥിരാമൂർവ്വാ സാരിവാചന്ദനദ്വയൈഃ
മധുപർണ്ണീമധുകം പത്മകേസരപത്മകൈഃ
ഉല്പലോശീരമേദാദിത്രിഫലാപഞ്ചവല്കലൈഃ
കല്കൈഃകർഷമിതൈരേതൈഃഘൃതപ്രസ്ഥംവിപാചയേൽ
വിസർപ്പലൂതവിസ്ഫോട വിഷകീടവ്രണാപഹം
ഗൌരാദ്യമിതിവിഖ്യാതം സർപ്പിർവിഷഹരംപരം

വ്യാ—മഞ്ഞൾ രണ്ടും ഓരില പെരുങ്കുരുമ്പ നറുനീണ്ടി ചന്ദനംരണ്ടും ചിറാമൃത് ഇരട്ടിമധുരം താമരവല്ലി പതുമുകം ആമ്പൽകിഴങ്ങു രാമച്ചം മേദകൾ രണ്ടും ത്രിഫല പഞ്ചവല്കങ്ങൾ ഇവനു കഴഞ്ചുവീതം ഇടങ്ങഴി നെയ്യുചേർത്തു പചിച്ചു സേവിക്കുക വിസർപ്പം ലൂതം വിസ്ഫോടം വിഷം കൃമി വ്രണം ഇവ ശമിക്കും. ഗൌരാദ്യമെന്നു പ്രസിദ്ധമായ ഈ ഘൃതം ഏറ്റവും വിഷഹരമാകുന്നു.

ബലാദിഘൃതം.

മൂ— ബലാമധുകരാസ്നാർദ്ര്ശമൂലഫലത്രികൈഃ
പൃഥക്ദ്വിപലികൈരേഭിദ്രോണനീരേണപാചയേൽ
മയൂരംപക്ഷപിത്താസ്രയകൃൽപാദാസ്യവർജ്ജിതം
പാദശേഷംശൃതംനീത്വാ ക്ഷീരംദത്വാചതത്സമം
ഘൃതപ്രസ്ഥംപചേത്സമ്യക് ജീവനീയൈഃപിചുമ്മിതൈഃ

തത്സിദ്ധംശിരസഃപീഡാം മന്യാപൃഷ്ഠഗ്രഹംതഥാ
അൎദ്ദിതംകൎണ്ണനാസാക്ഷി ജിഹ്വാഗളരുജോജയേൽ
പാനനാസ്യേതഥാഭ്യംഗേ കൎണ്ണപൂരേഷുയുജ്യതേ
ഹേമന്തകാലശ്ശിര വസന്തേഷുചശസ്യതേ.

വ്യാ—കുറുന്തോട്ടി ഇരട്ടിമധുരം അരത്ത ദശമൂലങ്ങൾ ത്രിഫല ഇവ പ്രത്യേകം രണ്ടുപലം വീതം പതിനാറിടങ്ങഴി വെള്ളത്തിൽ ഇട്ടു ചിറകും പിത്തവും രക്തവും യകൃത്തും കാലും മുഖവും കളഞ്ഞ ഒരു മയിലിനെയും ചേൎത്തു പചിച്ചു നാലൊന്നു ശേഷിച്ചു കഷായത്തിൽ സമം പാലും ഇടങ്ങഴി നെയ്യും ജീവനീയഗണം മൂന്നുകഴഞ്ചുവീതം അരച്ചതും ചേൎത്തു കാച്ചി അരിച്ചു സേവിക്കുക. തലവേദന മന്യാപൃഷ്ഠങ്ങളിലെ പിടുത്തം അൎദ്ദിതം ചെവി മൂക്കു കണ്ണു നാവു കഴുത്തു ഈ അംഗങ്ങളിലെ വേദന ഇവയെ ജയിക്കും. പാനത്തിനും നസ്യത്തിനും അഭ്യംഗത്തിനും ചെവിയിൽ നിറയ്ക്കുന്നതിനും യോജിപ്പിക്കാം ഹേമന്തം ശിശിരം വസന്തം ഈ ഋതുക്കളിൽ ഇതിനു വളരെ ഗുണമുണ്ടായിരിക്കും.

ഫലഘൃതം.

മൂ— ത്രിഫലാമധുകംകുഷ്ഠം ദ്വേനിശേകടുരോഹിണി
വിഡംഗംപിപ്പലീമുസ്താ വിശാലാകട്ഫലംവചാ
ദ്വേമേദേദ്വേചകാകോള്യൌ സാരിവേദ്വേപ്രിയംഗുകാ
ശതപുഷ്പാഹിംഗുരാസ്നാ ചന്ദനംരക്തചന്ദനം
ജാതീപുഷ്പംതുഗാക്ഷീരീ കമലംശൎക്കരാതഥാ
അജമോദാചദന്തീച കല്ക്കൈരേതൈശ്ചകാൎഷികൈഃ
ജീവദ്വത്സൈകവൎണ്ണായ ഘൃതപ്രസ്ഥംചഗോക്ഷിപേൽ
ചതുൎഗ്ഗുണേനപയസാപചേദാരണ്യഗോമയൈഃ
സുതിഥൌപുഷ്യനക്ഷത്രേ മൃൽഭാണ്ഡതാമ്രജേതഥാ
തതഃപിബേച്ഛുഭദിനേനാരീവാപുരുഷോഥവാ
ഏതത്സൎപ്പിന്നരഃപീത്വാ സ്ത്രീഷുനിത്യംവൃഷായതേ
പുത്രാനുല്പാദയേദ്ധീമാൻ വന്ധ്യാപിലഭതേസുതം
അനായുഷംവാജനയേദ്യാചസൂതാപുനഃസ്ഥിതാ
പുത്രംപ്രാപ്നോതിസാനാരീ ബുദ്ധിമന്തംശതായുഷം
ഏതൽഫലഘൃതംനാമ ഭാരദ്വാജേനഭാഷിതം.

വ്യാ—ത്രിഫല ഇരട്ടിമധുരം കൊട്ടം മഞ്ഞൾരണ്ടും കടുരോഹിണി വിഴാലരി തിപ്പലി മുത്തങ്ങ കാട്ടുവെള്ളരി കുമിഴിൻകായ വയമ്പു മേദരണ്ടും കാകോളിരണ്ടും നറുനീണ്ടിരണ്ടും ഞാഴൽ ചതകുപ്പ

കുയം അരത്ത ചന്ദനം രക്തചന്ദനം പിച്ചകപ്പൂവു കൂവനൂറ താമരവളയം പഞ്ചസാര അയമോദകം നാഗദന്തി ഇവ ന കഴഞ്ചുവീതം അരച്ച കടിഞ്ഞൂൽ പെറാത്തും ഒരുനിറമുള്ളതുമായ പശുവിൻനെയ്യിൽ കലക്കി നാലുമടങ്ങു പാലും ചേൎത്തു കാട്ടുപശുവിൻ ചാണകവരടിയിട്ടു തീയെരിച്ചു നല്ലതിഥിയിൽ പൂയം നക്ഷത്രംദിവസം അരിച്ചു മൺപാത്രത്തിലാക്കി വച്ചു ശുഭദിവസം നോക്കി സേവിക്കുക. പുരുഷനും സ്ത്രീയ്ക്കും സേവിക്കാം പുരുഷൻ സേവിച്ചാൽ സ്ത്രീകളിൽ നിത്യം കാളഎന്നപോലെ പ്രവൎത്തിക്കും മലടിയായിരുന്നാൽ പുത്രലാഭമുണ്ടാകും ആയുസ്സില്ലാത്ത കുട്ടികളെ പ്രസവിക്കുന്നവളായിരുന്നാൽ പിന്നീടു ആയുസ്സുള്ള കുട്ടിയെ പ്രസവിക്കും നൂറവത്സരം ജീവിക്കുന്നവനും ബുദ്ധിമാനുമായ പുത്രനെ പ്രസവിക്കും ഇതു ഭരദ്വാജമഹൎഷിയാൽ പറയപ്പെട്ടതാകുന്നു.

വൃഷാദിഘൃതം.

മൂ— വൃഷനിംബാമൃതവ്യാഘ്രീ പടോലാനാംശൃതേനച
കല്ക്കേനപകപംസൎപ്പിസ്തു നിഹന്ത്യാദ്വിഷമജ്വരാൻ
പാണ്ഡുകുഷ്ഠംവിസൎപ്പംച കൃമീനൎശാംസിനാശയേൽ.

വ്യാ—ആടലോടകം, വേപ്പു, അമൃതു, ചെറുവഴുതിന, പടവലം, ഇവ കഷായമായും കല്ക്കമായും നെയ്കാച്ചിസേവിക്കുക വിഷമജ്വരം ശമിക്കും. പാണ്ഡുരോഗം കുഷ്ഠം, വിസൎപ്പം, കൃമി, അൎശസ്സ ഇവയും ശമിക്കും.

ഫലഘൃതം.

മൂ— സഹചരദ്വേത്രിഫലാം ഗുളൂചീംസപുനൎന്നവാം
ശുകനാസാംഹരിദ്രേദ്വേ രാസ്നാംമേദാംശതാവരീം
കല്ക്കീകൃത്യഘൃതപ്രസ്ഥം പചേൽക്ഷീരേചതുൎഗ്ഗുണേ
തത്സിദ്ധംപായയേന്നാരീം യോനിശൂലനിപീഡിതാം
പീഡിതാചലിതായാചനിസ്സൃതാവിവൃതാചയാ
പിത്തയോനിശ്ചവിഭ്രാന്താ ഷണ്ഡയോനിശ്ചയാസ്മൃതാ
പ്രപദ്യന്തേഹിതാസ്ഥാനംഗൎഭംഗൃഹ്ണന്തിചാസകൃൽ
ഏതൽഫലഘൃതംനാമ യോനിദോഷഹരംപരം

വ്യാ—കരിങ്കുറിഞ്ഞി, വെൺകുറിഞ്ഞി, ത്രിഫല, അമൃതു, തമിഴാമ, പലകപ്പയ്യാനി, മഞ്ഞൾ, മരമഞ്ഞൾ, അരത്ത, മേദ, ശതാവരി ഇവ കല്ക്കമായി ഇടങ്ങഴി നെയ്യും നാലിടങ്ങഴി പാലും ചേൎത്തു കാച്ചി സേവിക്കുക. യോനിയിൽ ഉള്ള വേദന, ഇളക്കം, നിസ്സൃതത്വം വിവൃതത്വം പിത്തയോനി, വിഭ്രാന്തത, ഷണ്ഡയോന

ഇവൾമിക്കം. യോനി സ്ഥാനത്തുറക്കും ഇതു യോനിദോഷങ്ങൾക്കു എല്ലാററിന്നും ശമനകരമായ ഔഷധമാകുന്നു.

ൟതൈലയോഗങ്ങൾ.

ലാക്ഷാദിതൈലം.

മൂ— ലാക്ഷാഢകംകഷായിത്വാ ജലസ്യചതുരാഢകെ
ചതുൎത്ഥാംശശ്രുതംനീത്വാ തൈലപ്രസ്ഥവിനിക്ഷിപേൽ
മസ്തുനാഢകംചഗാദത്ത സൂക്ഷ്ണത്രൈവവിനിയോജയേൽ
ശതപുഷ്പാമശ്വഗന്ധാം ഹരിദ്രാംദേവദാരുച
കടുകീംരേണുകാംമൂൎവ്വാം കുഷ്ഠംചമധുയഷ്ടികാം
ചന്ദനംമുസ്തകംരാസ്നാം പൃഥൿകൎഷപ്രമാണതഃ
ചൂൎണ്ണയിത്വാത്രനിക്ഷിപ്യ സാധയേൽമൃദുവഹ്നിനാ
അസ്യാഭ്യങ്ഗാൽപ്രശാമ്യന്തിസൎവ്വേപിവിഷമജ്വരാഃ
കാസശ്വാസപ്രതിശ്യായ ത്രികപൃഷ്ഠഗ്രഹാസ്തഥാ
വാതപിത്തമപസ്മാര മുന്മാദംയക്ഷരാക്ഷസാൻ
കണ്ഡൂംശൂലംചദൌൎഗ്ഗന്ധ്യം ഗാത്രാണാംസ്ഫുരണംജയേൽ
പുഷ്ടഗൎഭാഭവേദസ്യ ഗൎഭിണ്യഭ്യംഗതോഭൃശം

വ്യാ—നാലിടങ്ങഴി കോലരക്കു പന്ത്രണ്ടിടങ്ങഴി വെള്ളത്തിൽ കഷായമിട്ടു നാലൊന്നു ശേഷിപ്പിച്ചു ഇടങ്ങഴിഎണ്ണയും നാലിടങ്ങഴി തൈർവെള്ളവും ചേൎത്തു, ചതകുപ്പ, അമുക്കിരം, മരമഞ്ഞൾ, ദേവതാരം, കടുരോഹണി, അരേണുകം, പെരുങ്കുരുമ്പ, കൊട്ടം ഇരട്ടിമധുരം ചന്ദനം മുത്തങ്ങ അരത്ത ഇവ പ്രത്യേകം ൩—കഴഞ്ചുവീതം അരച്ചുകലക്കി കാച്ചിഅരിക്കുക. ഇതുപുരട്ടിയാൽ എല്ലാവിഷമജ്വരങ്ങളും കാസം ശ്വാസം പ്രതിശ്യായം കണ്ഠത്തിന്നുമേലുള്ള പിടിത്തങ്ങൾ വാതം പിത്തം അപസ്മാരം ഉന്മാദം യക്ഷരാക്ഷസപീഡകൾ ചൊറിച്ചൽ വേദന ദുൎഗ്ഗന്ധം ശരീരത്തിലുള്ള തരിപ്പു ഇവ ഒയക്കളെയും ഗൎഭിണി ദേഹത്തു പുരട്ടിക്കുളിച്ചാൽ വേഗം പുഷ്ടഗൎഭയായി ഭവിക്കും.

അംഗാരകതൈലം.

മൂ— മൂൎവ്വാലാക്ഷാഹരിദ്രേദ്വേമഞ്ജിഷ്ഠാസേന്ദ്രവാരുണീ
ബൃഹതീസൈന്ധവംകുഷ്ഠം രാസ്നാമാംസീശതാവരീ
ആരനാളാഢകേതത്ര തൈലപ്രസ്ഥംവിപാചയേൽ
തൈലമംഗാരകം നാമ സൎവ്വജ്വരവിമോക്ഷണം.

വ്യാ— പെരുങ്കുരുമ്പ കോലരക്കു മഞ്ഞൾരണ്ടും മഞ്ചട്ടി കാട്ടുവെള്ളരി ചെറുവഴുതിന ഇന്തുപ്പു കൊട്ടം അരത്ത മാഞ്ചി ശതാവരി ഇവ അരച്ചു കലക്കി നാലിടങ്ങഴി അരിക്കാടിയും ചേൎത്തു ഇടങ്ങഴി എണ്ണയും വീത്തി പചിച്ചുതേക്കുക. എല്ലാ ജ്വരങ്ങളും വിട്ടുപോകും.

നാരായണതൈലം.

മൂ—അശ്വഗന്ധാംബലാംവില്വംപാടലാംബൃഹതീദ്വയം
ശ്വദംഷ്ട്രാതിബലാംനിംബം സ്യോനാകംചപുനൎന്നവാം
പ്രസാരിണീമഗ്നിമന്ഥം കുൎയ്യാദ്ദശപലംപൃഥക്
ചതുൎദ്രോണേജലേപക്ത്വാപാദശേഷംശൃതംനയേൽ
തൈലാഢകേനസംയോജ്യശതാവൎയ്യാരസാഢകം
ക്ഷീരംപാത്രചഗോക്ഷീരംതൈലാത്തസ്മാച്ചതുൎഗ്ഗുണം
ശനൈൎവ്വിപാചയേദഭിഃകല്ലൈൎദ്വിപലികൈഃപൃഥക്
കുഷ്ഠൈലാചന്ദനംവാളമാംസീശൈലേയസൈന്ധ
അശ്വഗന്ധാബലാരാസ്നാശതപുഷ്പേന്ദ്രദാരുഭിഃ (വൈഃ
പൎണ്ണീചതുഷ്ടയേനൈവതഗരേണചസാധയേൽ
തത്തൈലംനാവനേഭ്യംഗേപാനേവസ്തൌചയോജയേൽ
പക്ഷാഘാതംഹനുസ്തംഭംമന്യാസ്തംഭംഗളഗ്രഹം
കുബ്ജത്വംബധിരത്വഞ്ചഗതിഭംഗംകടീഗ്രഹം
ഗാത്രശോഷംന്ദ്രിയധ്വംസംനഷ്ടശുക്ലജ്വരക്ഷയാൻ
അണ്ഡവൃദ്ധിംകുരണ്ഡംചദന്തരോഗംശിരോഗ്രഹം
പാൎശ്വശൂലംചപാംഗുല്യംബുദ്ധിഹാന്യംചഗൃദ്ധ്രസീം
അന്യാംശ്ചവിഷമാൻവാതാഞ്ജയേത്സൎവ്വാംഗസംശ്രയാ
അസ്യപ്രഭാവാദ്വന്ധ്യാപിനാരീപുത്രംപ്രസൂയതേ (ൻ
മൎത്ത്യോഗജോഗസൈവാതുരലാദസ്മാൽസുഖീഭവേൽ
യഥാനാരായണോദേവോദുഷ്ടദൈത്യവിനാശനഃ
തഥൈവവാതരോഗാണാംനാശനംതൈലമുത്തമം

വ്യാ—അമുക്കിരം കുറുന്തോട്ടി കൂവളത്തിൻവേർ പാതിരിവേർ ചുണ്ടരണ്ടും നായ്ക്കുരണ പെരുങ്കുറുന്തോട്ടി വേപ്പ് പലകപ്പയ്യാനി തമിഴാമ തലനീളി മഞ്ഞൾ ഇവപ്രത്യേകം പത്തുപലംവീതംനാൎ ഇടങ്ങഴി വെള്ളത്തിൽ കഷായമിട്ടു നാലൊന്നുശേഷിപ്പിച്ചു പിഴിഞ്ഞരിച്ചു നാലിടങ്ങഴി എണ്ണയും നാലിടങ്ങഴി ശതാവരിരസവും എണ്ണയിൽ നാലുമടങ്ങു പാലും വിഷ്ണി കൊട്ടം ഏലത്തരി ചന്ദനം ഇരുവേലി മാഞ്ചി കല്പദം ഇന്തുപ്പ് അമുക്കുരം കുറുന്തോട്ടി അരത്ത ചതകുപ്പ ദേവതാരം ഓരില മൂവില കാട്ടുപയറ കാട്ടുഴന്തകരം ഇവ പ്രത്യേകം രണ്ടുപലംവീതം അരച്ചു കലക്കി കാച്ചിത്തേക്കുക ഇതു കവിൾ കൊള്ളുന്നതിനും തേയ്ക്കുന്നതിനും കുടിക്കുന്നതിനും വസ്തികളും യോജിപ്പിക്കാം. പക്ഷാഘാതം ഹനുസ്തംഭം മന്യാസ്തംഭം ഗളഗ്രഹം കൂനത്വം ചെവികേളാൻവയ്യായ്കനടക്കാൻ മേലായ്ക കടിഗ്രഹം ശരീരംമെലിവു ഇന്ദ്രിയധ്വംസനം നഷ്ടശു

ക്ലം ജ്വരം ക്ഷയം അണ്ഡവൃദ്ധി കുരണ്ഡത ദന്തരോഗം ശിരോഗ്രഹം പാശ്വശൂലം കാൽമുടന്തു ഓൎമ്മക്കേട്ട ഗ്രദ്ധ്രസി ഇവയും സൎവാംഗസംശ്രയങ്ങളായ വാതങ്ങളും ശമിക്കും. വന്ധ്യയായാൽ പുത്രലാഭം ഉണ്ടാകും മനുഷ്യന്നും ഗജത്തിന്നും കുതിരക്കും ഈ തൈലം സുഖദായകമാകുന്നു ദുഷ്ടദൈത്യവിനാശനത്തിങ്കൽ ശ്രീനാരായണൻ യാതൊരുവിധമോ അപ്രകാരം വാതരോഗവിനാശനത്തിങ്കൽ ഈ തൈലം പ്രശസ്തമാകുന്നു.

ബലാതൈലം.

മൂ—ബലാമൂലകഷായേണദശമൂലശൃതേനച
കുലത്ഥയവകോലാനാംക്വാഥേനപയസാതഥാ
അഷ്ടാഷ്ടഭാഗയുക്തേനഭാഗമേകംചതൈലകം
ഗണേനജീവനീയേനശതാവൎയ്യബ്ദദാരുണാ
മഞ്ജിഷ്ഠാകുഷ്ഠശൈലേയതഗരാഗരുസൈന്ധവൈഃ
വചാപുനൎന്നവാമാംസീസാരിവാദ്വയപത്രകൈഃ
ശതപുഷ്പാശ്വഗന്ധാഭ്യാമേലയാചവിപാചയേൽ
ഗൎഭാൎത്ഥിനീനാംനാരീണാംനരാണാംക്ഷീണരേതസാം
വ്യവായക്ഷീണഗാത്രാണാംസൂതികാനാംചയുജ്യതേ
രാജ്ഞാംയോഗ്യമിദംതൈലംസുഖിനാംചവിശേഷതഃ
ബലാതൈലമിതിഖ്യാതംസൎവവാതാമയാപഹം

വ്യാ—എട്ടിലൊന്നുശേഷിപ്പിച്ച കുറുന്തോട്ടിക്കഷായത്തോടും അതിന്മണ്ണം ദശമൂലകഷായത്തോടും അതിന്മണ്ണം മുതിരയവം ലന്തക്കുരു ഇവയുടെ കഷായത്തോടും പാലോടും ഒരുഭാഗം എണ്ണയും ചേൎത്തു ജീവനീയഗണം ശതാവരി ദേവതാരം മഞ്ചട്ടി കൊട്ടം കന്മദം തകരം അകിൽ ഇന്തുപ്പ് വയമ്പു തമിഴാമ മാഞ്ചി നറുനീണ്ടി രണ്ടും പച്ചില ചതകുപ്പ അമുക്കുരം ഏലത്തരി ഇവ കല്ക്കം ചേൎത്തു കാച്ചിതേക്കുക. ഗൎഭത്തെ ആഗ്രഹിച്ചിരിക്കുന്ന സ്ത്രീകൾക്കും ശുക്ലബലംകുറഞ്ഞ പുരുഷന്മാൎക്കും സ്ത്രീസേവകൊണ്ടു ദേഹം മെലിഞ്ഞവൎക്കും പ്രസവിച്ചവൎക്കും യോജിപ്പിക്കാം രാജാക്കന്മാൎക്കും യോഗ്യമായ ഈ തൈലം വിശേഷിച്ചു സുഖികൾക്കും പ്രശസ്തഗുണത്തെച്ചെയ്യുന്നതാകുന്നു. എല്ലാ വാതങ്ങൾക്കും ശമനകരമാകുന്നു.

പ്രസാരിണ്യാദിതൈലം.

മൂ—പ്രസാരിണിപലശതംജലദ്രോണെവിപാചയേൽ
പാദശിഷ്ടശ്രൂതെതാഗ്രാഹ്യസ്നെഹംധിചതസ്സം
കാഞ്ചികംചസമംതൈലാൽക്ഷീരംതൈലാച്ചതുൎഗ്ഗുണം
തൈലാൽതഥാഷ്ടമാംശനസവ്കല്ക്കാനിയോജയേൽ
മധുകംപിപ്പലീമൂലംചിത്രകഃസൈന്ധവംവചാ
പ്രസാരിണീദേവദാരുരാസ്നാചഗജപിപ്പലീ
ഭല്ലാതശതപുഷ്പാചമാംസീചൈഭിവിപാചയേൽ
ഏതത്തൈലവരംപക്വംവാതശ്ലേഷ്മാമയാഞ്ജയേൽ
കൌബ്ജ്യംപംഗുത്വഖഞ്ജത്വേഗൃധ്രസീമൎദ്ദിതംതഥാ
ഹനുപൃഷ്ഠശിരോഗ്രീവാകടിസ്തംഭംചനാശയേൽ
അന്യാംശ്ചവിഷമാൻവാതാൻസൎവ്വാനാശുവ്യപോഹതി

വ്യാ—ഒരുതുലാം പ്രസാരിണി പതിനാറിടങ്ങഴി വെള്ളത്തിൽ ഇട്ടു പചിച്ചു നാലൊന്നു ശേഷിപ്പിച്ചു അരിച്ചു നാലിടങ്ങഴി എണ്ണയും അത്രയും തൈരും അത്രയും കാടിയും എണ്ണയിൽ നാലുമടങ്ങുപാലും എണ്ണയിൽ എട്ടിലൊന്നു കല്ക്കദ്രവ്യങ്ങളും ചേക്കണം ഇരട്ടിമധുരം തിപ്പലിമൂലം കൊടുവേലി ഇന്തുപ്പു വയമ്പു പ്രസാരിണി ദേവതാരം അരത്ത ആനത്തിപ്പലി ചേക്കുരു ചതകുപ്പ മാഞ്ചി ഇവ കല്ക്കദ്രവ്യം ഇങ്ങിനെ പചിച്ച ശ്രേഷ്ഠമായ ഈ തൈലം വാതകഫരോഗങ്ങങ്ങളെജ്ജയിക്കും. കൂനത്വം കാൽമുടന്തു ഖഞ്ജത്വം ഗൃധ്രസി അൎദ്ദിതം ഹനു പൃഷ്ഠം ശിരസ്സു കഴുത്ത് അരക്കെട്ടു ഈ അവയവങ്ങളിലെ സ്തംഭനം വിഷമങ്ങളായ മററ വാതങ്ങൾ ഇവയെക്കളെയും.

മാഷാദികംതൈലം.

മൂ—മാഷായവാതസീക്ഷുദ്രാമക്കടീചകരണ്ഡകഃ
ഗോകണ്ടകഃഖണ്ഡുകശ്ചൈഷാംകുഡ്വാൽസപ്തപലംപൃഥക്
ചതുൎഗ്ഗുണാംബുനാപക്ത്വാപാദശേഷംശൃതംനയേൽ
കാൎപ്പാസാസ്ഥിനിബദരംശണവീജംകുലത്ഥകം
പൃഥക് ചതുൎദ്ദശപലംചതുൎഗ്ഗുണജലേപചേൽ
ചതുൎത്ഥാംശാവശിഷ്ടംചഗൃഹ്ണീയാൽകഷായമുത്തമം
പ്രസ്ഥൈകംച്ഛാഗമാംസസ്യചതുഃഷഷ്ടിപലജലേ
നിക്ഷിപ്യപാചയേൽധീമാൻപാദശേഷംശൃതംനയേൽ [ൽ
തൈലപ്രസ്ഥതഃസൎവ്വാൻ കഷായാനേതാനവിനിക്ഷിപേ

കല്ക്കെഃരഭിശ്ചവിപചെദമൃതാകുഷ്ഠനാഗരൈഃ
രാസ്നാപുനൎന്നവൈരണ്ഡഃപിപ്പില്യാശതപുഷ്പയാ
ബലാപ്രസാരിണീഭ്യാംചമാംസ്യാകടുകയാതഥാ
പൃഥഗൎദ്ധപലൈരേതൈഃസാധയേൻമൃദുനാഗ്നിനാ
ഹന്നാതൈലമിദംശീഘ്രംഗ്രീവാസ്തംഭാപബാഹുകൌ
അൎദ്ധാംഗശോഷമാക്ഷേപമൂരുസ്തംഭാപതാനകൌ
ശാഖാകമ്പംശിരഃകമ്പംവിശ്വാചീമൎദ്ദിതംതഥാ
മാഷാദികമിദംതൈലംസൎവ്വവാതവികാരനൽ

വ്യാ—ഉഴന്ന യവം ചന്ന കണ്ടകാരിച്ചുണ്ട നായ്ക്കുരണ കരിങ്കുറിഞ്ഞി ഞെരിഞ്ഞിൽ കിലുകിലുപ്പാ ഇവ പ്രത്യേകം ഏഴപലം വീതം നാലുമടങ്ങുവെള്ളത്തിൽ പചിച്ച നാലൊന്നു ശേഷിപ്പിക്കണം പരുത്തിക്കുരു ലന്തക്കുരു ചണപ്പരിപ്പു പഴമുതിര ഇവ പ്രത്യേകം ൧൪ പലംവീതം നാലുമടങ്ങു വെള്ളത്തിൽ പചിക്കണം നാലൊന്നശേഷിപ്പിക്കണം ആട്ടമാംസം ഒരിടങ്ങഴി ൩൪ പലം വീതം അതായതു നാലിടങ്ങഴി വെള്ളത്തിൽ കഷായമിട്ടു പചിച്ച നാലൊന്നു ശേഷിപ്പിക്കണം ഇങ്ങനെ ശേഷിപ്പിച്ച കഷായങ്ങളെ ഒന്നായിക്കൂട്ടി ഒരിടങ്ങഴി എണ്ണയും ചേൎത്തു അമൃതു കൊട്ടം ചുക്ക അരത്ത തമിഴാമ ആവണക്ക തിപ്പലി ചതകുപ്പ കുറന്തോട്ടി പ്രസാരിണി മാഞ്ചി കടുകു ഇവ പ്രത്യേകം അരപ്പലംവീതം മൃദ്വഗ്നികൊണ്ടു സാധിക്കണം ഈ തൈലം ഗ്രീവാസ്തംഭം അപബാഹുകം അൎദ്ധാംഗശോഷം ആക്ഷേപം ഊരുസ്തംഭം അപതാനകം ശാഖാകമ്പം ശിരഃകമ്പം വിശ്വാചി അൎദ്ദിതം മുതലായ എല്ലാ വാതവികാരങ്ങളേയും വേഗം ശമിപ്പിക്കും.

ശതാവരീതൈലം.

മൂ—ശതാവരീബലായുഗ്മംപഞ്ചമൂലംമഹത്തഥാ
അശ്വഗന്ധാശ്വദംഷ്ട്രാചബില്വഃകാശഃകരണ്ഡക
ഏഷാംസാൎദ്ധപലാൻഭാഗാൻകല്പയേച്ചവിപാചയേൽ
ചതുൎഗ്ഗുണേനനീരേണപാദശേഷംശൃതംനയേൽ
നിയോജ്യതൈലപ്രസ്ഥേചക്ഷീരപ്രസ്ഥംവിനിക്ഷിപേൽ
ശതാവരീരസപ്രസ്ഥംജലപ്രസ്ഥംചയോജയേൽ
ശതാവരീദേവദാരുമാംസീതഗരചന്ദനം
ശതപുഷ്പാബലാകുഷ്ഠമേലാശൈലേയമുല്പലം
ഋദ്ധിമേദാചമധുകംകാകോളീജീവകസ്തഥാ
ഏഷാംകൎഷസമൈഃകല്ക്കൈസ്തൈലംഗോമയവഹ്നിനാ

പക്ഷേചാത്ര നനേ വതൈതെലനന്തരസ്ത്രീഷുവൃഷായതേ
നാരീചവചഭഗേവു ത്രം‌യോനിശ്ശൂലം ചനശ്യതി
അംഗശൂലംശിരശ്ശൂലംകാമലാംപാണ്ഡുതാംഗരം
ഗൃധ്രസീപ്ലീഹശോഷാംശ്ചമേഹാന്ദണ്ഡാപതാനകം
സദാഹംവാതരക്തഞ്ചവാതപിത്തഗദാർദ്ദിതം
അസൃഗ്ദരംതഥാധ്മാനംരക്തപിത്തംചനശ്യതി
ശതാവരീതൈലമിദംകൃഷ്ണാത്രേയണഭാഷിതം.

വ്യാ—ശതാവരി, കുറുന്തോട്ടിരണ്ടും, കാട്ടഴന്നു, കാട്ടുപറ, അമുക്കിരം, നായ്ക്കുരണ, കൂവളം, ആറുവത്, കുറിഞ്ഞി ഇവ അരപ്പലംവീതം നാലുമടങ്ങുവെള്ളത്തിൽ കഷായമിട്ടു നാലൊന്നുശേഷിപ്പിച്ചു ഇടങ്ങഴി എണ്ണയും ഇടങ്ങഴിപ്പാലും ഇടങ്ങഴി ശതാവരിരസവും ഇടങ്ങഴി വെള്ളവുംചേൎത്തു ശതാവരി, ദേവതാരം, മഞ്ചി, തകരം, ചന്ദനം, ശതകുപ്പ, കുറുന്തോട്ടി, കൊട്ടം, ഏലത്തരി, കല്ലൂദം ആമ്പൽക്കിഴങ്ങ, ഋദ്ധി, മേദ, ഇരട്ടിമധുരം, കാകോളി, ജീരകം ഇവ മൂന്നുകഴഞ്ചുവീതം അരച്ചുകലക്കി ചാണകവറളത്തീയുകൊണ്ടു സാധിക്കുക ഈ തൈലം ഉപയോഗിക്കുന്ന പുരുഷൻ സ്ത്രീകളിൽ കാളയെന്നപോലെ പ്രവൎത്തിക്കുന്നിനു സാമൎത്ഥ്യമുള്ളവനായി ഭവിക്കും ഗൎഭോൽപത്തിയുണ്ടാകും യോനിശ്ശൂലശമിക്കും സൎവ്വാംഗം വേദന, കാമല, പാണ്ഡുരോഗം, വിഷം, ഗൃധ്രസി, പ്ലീഹരോഗം, ദേഹം ഉണക്കു, മേഹങ്ങൾ, ദണ്ഡാപതാനകം ചുട്ടുനീറലോടുകൂടിയ വാതരക്തം വാതപിത്തരോഗങ്ങൾ അൎദ്ദിതം അസൃഗ്ദരം ആധ്മാനം രക്തപിത്തം ഇവയും ശമിക്കും. ഈ ശതാവരീതൈലം കൃഷ്ണാത്രേയമഹൎഷിയാൽ പറയപ്പെട്ടതാകുന്നു.

മന്ത്രം.

മൂ— ഓംനാരായണെന്യസ്വാഹാ—
ഉത്തരാഭിമുഖോഭൂത്വാഖനേൽഖദിരശംകുനാ
ഓം സൎവ്വവ്യാധിനാശിന്യൈസ്വാഹാ ഇത്യുൽപാടനമന്ത്രഃ
ഓം കുമാരജിവിന്യൈസ്വാഹാ ഇതി പാചനമന്ത്രഃ

കാസിസാദിതൈലം.

മൂ— കാസീസാലംഗവീകുഷ്ഠം ശുണ്ഠികൃഷ്ണാചസൈന്ധവം
മനശ്ശിലാശ്വമാരശ്ച വിഡംഗംചിത്രകാവൃഷഃ
ദന്തീകോശാതകീബീജംഹേമാഹ്വാഹരിതാലകം
കല്ക്കൈഃ കൎഷമിതൈരേതൈസ്തൈലപ്രസ്ഥം വിപാചയേൽ
സ്നുഹ്യൎക്കപയസിദദ്യാൽ പൃഥഗ്ദ്വിപലസമ്മിതേ
ചതുൎഗ്ഗുണംഗവാമ്മൂത്രം ദത്വാസമ്യക്പ്രസാധയേൽ

കഥിതം ഖാനാദനതൈലമൎശാവിനാശനം
ക്ഷാരവൽപാതയത്യേതദശാംസ്യഭ്യംഗതോഭൃശം
വലീന്ദൂഷയത്യേതൽക്ഷാരകൎമ്മകരം സ്മൃതം.

വ്യാ—കാരീയം, മേന്തോന്നി, (നീൎത്തിപ്പലിയെന്നു ചിലർ) കൊട്ടം, ചുക്ക, തിപ്പലി, ഇന്തുപ്പ, മനയോല, കണവിരം, വിഴാലരി, കൊട്ടുവേലി, ആടലോടകം, നാഗദന്തിയുടെ അരി, പുട്ടല്ലീരത്തിൻെറ അരി, എരുമക്കള്ളി, അരിതാലം ഇവ മൂന്നുകഴഞ്ചുവീതം അരച്ചുകലക്കി ഇടങ്ങഴി എണ്ണെചെൎത്തു അതിൽ കള്ളിപ്പാൽ എരുക്കിൻപാൽ ഇവ പ്രത്യേകം രണ്ടുപലംവീതം ഗോമൂത്രം നാലുമടങ്ങും ചേൎത്തു വഴിപോലെ പചിച്ചെടുക്കുക ഇതു ഖരനാദനാൽ പറയപ്പെട്ടതാകുന്നു ഈ തൈലം അൎശസ്സുകളെ കളയും ക്ഷാരങ്ങൾ എന്നപോലെ അൎശസ്സുകളിൽ പുരട്ടിയാൽ അവയെ എത്രയും വേഗം പതിപ്പിക്കും വലികളെ ദൂഷിപ്പിക്കുകയില്ല ക്ഷാരകൎമ്മത്തെ ചെയ്യുകയുംചെയ്യും.

പിണ്ഡതൈലം.

മൂ— മഞ്ജിഷ്ഠാസാരിവാസൎജ്ജവഷ്ടീസിക്ഥൈഃപലോന്മിതൈഃ
പിണ്ഡാഖ്യംസാധയേത്തൈലമേരണ്ഡംവാതരക്തനൽ

വ്യാ—മഞ്ചട്ടി നറുനീണ്ടിക്കിഴങ്ങു ചെഞ്ചല്യം ഇരട്ടിമധുരം മെഴുകു ഇവ പ്രത്യേകം ഒരുപലംവീതം ആവണക്കെണ്ണെചെൎത്തുകാച്ചി ഉപയോഗിക്കുക ഈതൈലം വാതരക്തത്തെ നശിപ്പിക്കും.

അൎക്കപത്രാദ്യം തൈലം.

മൂ— അൎക്കപത്രരസേപക്വം ഹരിദ്രാകല്ക്കസംയുതം
നാശയേത്സാൎഷപംതൈലംപാമാംകച്ചുംവിചൎച്ചികാം.

വ്യാ—എരുക്കിൻെറ ഇല ചതച്ചുപിഴിഞ്ഞരസവും മരമഞ്ഞൾ കല്ക്കവുമായി കടുകിൻെറ എണ്ണെചെൎത്തു പചിച്ചുപയോഗിക്കുക പാമാ കച്ചുവിചൎച്ചിക എന്ന രോഗങ്ങൾ ശമിക്കും.

മരീചാദ്യംതൈലം.

മൂ— മരിചംഹരിതാലഞ്ച ത്രിവൃതംരക്തചന്ദനം
മുസ്തമ്മനഃശിലാമാംസീ ദേവനിശദേവദാരുച
വിശാലാകരവീരഞ്ച കുഷ്ഠമൎക്കപയസ്തഥാ
തഥൈവഗോമയരസം കുൎയ്യാൽകൎഷമിതാൻപൃഥക്
വിഷംചാൎദ്ധപലംദേയം പ്രസ്ഥഞ്ചകടുതൈലകം
ഗോമൂത്രംദ്വിഗുണംദദ്യാജ്ജലഞ്ചദ്വിഗുണംഭവൽ
മരിചാദ്യമിദംതൈലം സിദ്ധമകുഷ്ഠപ്രണാശനം
ജയേൽചരിത്രാണിസൎവ്വാണി പുണ്ഡരീകംവിചൎച്ചികാം
പാമാംസിദ്ധ്മാധിരക്തഞ്ച കണ്ഡൂകച്ചൂവ്രണാശയേൽ.

വ്യാ—മുളക അരിതാലം ത്രികോല്പക്കൊന്ന ചെഞ്ചന്ദനം മു ത്തങ്ങ മനയോല മാഞ്ചി മഞ്ഞൾരണ്ടും ദേവതാരം കാട്ടുവെള്ളരി വേർ കണവീരം കൊട്ടം എരുക്കിൻപാൽ ചാണകനീർ ഇവ പ്ര ത്യേകം ൩ കഴഞ്ചുവീതം വത്സനാഭം അരപ്പലം കട്ടെണ്ണ ഇട ങ്ങഴി ഗോമൂത്രം രണ്ടിടങ്ങഴി വെള്ളം രണ്ടിരട്ടി ഇവയെ പചിച്ചു തേയ്ക്കുക സിദ്ധ്മകുഷ്ഠം ശമിക്കും എല്ലാ ശ്വിത്രങ്ങളും പുണ്ഡരീക കുഷ്ഠം വിചർച്ചികാ പാമരോഗം സിദ്ധ്മരോഗം രക്തദോഷം ചൊ റിച്ചിൽ കഫരോഗം ഇവയെക്കളെയും.

ത്രിഫലാദിതൈലം.

മൂ— ത്രിഫലാരിഷ്ടഭൃംഗനിംബംദേവനിശാരക്തചന്ദനം
ഏഭിതൈ സിദ്ധമരുംഷിണാംതൈലമഭ്യഞ്ജനേഹിതം.

വ്യാ—ത്രിഫലത്തോട്ടുകൾ വേപ്പിൻതോൽ നിലവപ്പു മ ഞ്ഞൾരണ്ടും ചെഞ്ചന്ദനം ഇവ അരച്ചുകലക്കി തൈലം ചേൎത്തു കാച്ചിത്തേക്കുക അരുംഷികകൾ ശമിക്കും.

നിംബബീജതൈലം.

മൂ— ഭാവയേന്നിംബബീജാനി ഭൃംഗരാജരസേനഹി
തഥാസനസ്യതോയേന തത്തൈലംഹന്തിനസ്യതഃ
അകാലപലിതംസദ്യഃ പുംസാംദുഗ്ദ്ധാന്നഭോജിനാം

വ്യാ—കൈയ്യുന്യം കുത്തിപ്പിഴിഞ്ഞരസത്തിൽ വേപ്പിൻകു രു ഭാവനചെയ്തു അപ്രകാരം വേങ്ങക്കാതൽ കഷായത്തിലും ഭാ വനചെയ്തു തൈലമെടുത്തു നസ്യംചെയ്ക അകാലപലിതം ഉട ൻ ശമിക്കും ആ കാലങ്ങളിൽ പാൽച്ചോറുണ്ണുക മാത്രമെ ചെയ്യു ക്കൂട്ടു.

യഷ്ടിമധുകാദ്യംതൈലം.

മൂ— യഷ്ടീമധുകക്ഷീരാഭ്യാംനവധാത്രിഫലൈശ്രുതം
തൈലംനസ്യകൃതംകുൎയ്യാൽ കേശശ്മശ്രൂണിസൎവശഃ

വ്യാ—ഇരട്ടിമധുരം കല്ക്കം ത്രിഫലകഷായം പാൽ തൈലം ഈ തൈലം നസ്യംചെയ്ക തലമുടിയും മീശയും വൎദ്ധിക്കും.

കരഞ്ജാദ്യംതൈലം.

മൂ— കരഞ്ജശ്ചിത്രകോജാതീകരവീരശ്ചപാചിതം
തൈലമേതദ്ഗ്രതംഹന്ത്യാദഭ്യംഗാദിന്ദ്രലുപ്തകം.

വ്യാ—ഉങ്ങു കൊടുവേലി ജാതിക്ക കണവീരം ഇവ അരച്ചു കലക്കി എണ്ണചേൎത്തു കാച്ചിപ്പുരട്ടുക കഷണ്ടി വേഗംമാറും.

നീലികാദ്യതൈലം.

മൂ— നീലികാകേതകീകന്ദം ഭൃംഗരാജാകുരണ്ടകഃ
തഥാജ്ജുനസ്യപുഷ്പാണിബീജകാൽകുസുമാന്യപി
കൃഷ്ണാസ്തിലാശതഗരസമൂലംകമലംതഥാ

അയോരജഃപ്രിയംഗുശ്ചദാഡിമത്വഗ്ഗുഡൂചികാ
ത്രിഫലാപദ്മപങ്കശ്ചകല്കൈരേഭിഃപൃഥക്‌പൃഥക്
കർഷമാത്രൈഃപചേത്തൈലംത്രിഫലാകഷായസംയുതം
ഭൃംഗരാജരസേനൈവസിദ്ധംകേശസ്ഥിരീകൃതം
അകാലപലിതംഹന്തിദാരുണംചോപജിഹ്വികാം.

വ്യാ— അമരി കൈതവേർ കയ്യുന്ന്യം കരിങ്കറഞ്ഞി നീർമരുതിൻപൂവു നീർമാതളത്തിൻപൂവു കറുത്ത എള്ള തഗരം താമരക്കിഴങ്ങു താമരവളയം താമരയല്ലി ഇരിമ്പിൻപൊടി ഞാഴൽപൂ താളിമാതളക്കായുടെ ഒട്ടു ചിററമൃതുത്രിഫലഃത്തൊട്ടുകൾ പതിമുകം ഇവ പ്രത്യേകം ന കഴഞ്ചുവീതം ത്രിഫലക്കഷായത്തിൽ അരച്ചുകലക്കി എണ്ണയും ചേൎത്തു കയ്യുന്ന്യരസവും ചേൎത്തു കാച്ചിതേക്കുക തലമുടി പൊഴിയുന്നതും അകാലത്തിലുണ്ടാകുന്ന നരയും തലയിൽ തൊലി വള്ളി ഇളകുന്ന ദാരുണമെന്ന രോഗവും ഉപജിഹ്വികയും മാറും.

ഭൃംഗരാജതൈലം.

മൂ— ഭൃംഗരാജരസേനൈവലോഹകിട്ടംഫലത്രികം
സാരിവാഞ്ചപചേൽകല്കൈസ്തൈലംദാരുണനാശനം
അകാലപലിതംകണ്ഡൂമിന്ദ്രലുപ്തഞ്ചനാശയേൽ.

വ്യാ— കയ്യുന്ന്യരസത്തിൽ പുരാണകിട്ടവും ത്രിഫലത്തോടുകളും നറുനീണ്ടിക്കിഴങ്ങു അരച്ചുകലക്കി എണ്ണയും ചേൎത്തു കാച്ചിതേക്കുക. ദാരുണമെന്ന രോഗവും അകാലത്തിലെ നരയും തലയിലുള്ള ചൊറിച്ചിലും കഷണ്ടിയും മാറും.

ഇരിമേദതൈലം.

മൂ— ഇരിമേദത്വചംകൃഷ്ണാമ്പഃചത്വൎതപലോന്മിതാം.
ജലദ്രോണേനതൽകാഥംഗൃഹ്ണീയാൽപാദശേഷിതം
തൈലസ്യാൎദ്ധ ഢകംദത്വാകല്കൈഃകർഷമിതൈഃപചേൽ
ഇരിമേദചവംഗാഭ്യാംഗൈരികാഗരുപദ്മകൈഃ
മഞ്ജിഷ്ഠാലോധ്രമധുകൈർലാക്ഷാന്യഗ്രോധമുസ്തകൈഃ
ത്വഗ്ജാതീഫലകൎപ്പൂരകങ്കോലഖദിരൈരപി
പതംഗധാതകീപുഷ്പസൂക്ഷ്മൈലാനാഗകേസരൈഃ
കട്ഫലേനചസംസിദ്ധംതൈലംമുഖരുജംജയേൽ
പ്രദുഷ്ടമാംസമ്പലിതംശീൎണ്ണദന്തഞ്ച സൌഷിരം
ശ്യാവദന്തത്വഗ്ഹർഷംചവിദ്രധിംകൃമിദന്തകം
ദന്തസ്ഫുടനദൌൎഗ്ഗന്ധ്യജിഹ്വാതാലുഓഷ്ഠജാംരുജം.

വ്യാ— കരിവേലമ്പട്ട ഒരുതുലാം പത്തു ഇടങ്ങഴി വെള്ളത്തിൽ പചിച്ചു നാലൊന്നാക്കി അരച്ചിടങ്ങഴി എണ്ണയൊഴിച്ചു കരിവേലമ്പട്ടു ഇല വരങ്ങപ്പൂവു കാവിമണ്ണു അകിൽ പതിമുകം മഞ്ചട്ടി പാച്ചോ

ററിത്തൊലി ഇരട്ടിമധുരം കോലരക്ക പേരാൽ മുത്തങ്ങ ഇലവാംഗ ത്തൊലി ജാതിക്കായ കൎപ്പൂരം തക്കോലം കരിങ്ങാലി പത്തംഗം താതിരിപ്പൂവു ചിറേറലം നാഗപ്പൂവു കുമിഴിൻകായ ഇവ ന-കഴ ഞ്ചുവീതം അരച്ചുകലക്കി പചിച്ചു തേക്കുക മുഖരോഗങ്ങൾ ശമി ക്കും ഉടൻ ചീയുന്നതു നര ശീൎണ്ണദന്തം സൌശിരം ശ്യാവദന്തം പ്രഹൎഷം വിദ്ധി കൃമിദന്തം പല്ലുപൊളിയുക ദുൎഗ്ഗന്ധം നാക്ക അ ണ്ണാക്ക ചുണ്ടു ഇവയിലുള്ള രോഗങ്ങൾ ഇവയും ശമിക്കും.

ജാത്യാദിതൈലം.

മൂ— ജാതീനിംബപടോലാനാം നക്തമാലസ്യപല്ലവാഃ
സിക്ഥംസമധുകംകുഷ്ഠം ദ്വേനിശേകടുരോഹിണീ
മഞ്ജിഷ്ഠാപത്മകംലോധ്ര മഭയാനീലമുൽപലം
തുത്ഥകംസാരിവാബീജം നക്തമാലസ്യദാപയേൽ
ഏതാനിസമഭാഗാനി പിഷ്ട്വാതൈലംവിപാചയേൽ
നാഡീവ്രണേസമുൽപന്നേ സ്ഫോടകകച്ശ്രൂരോഗിഷു
സദ്യഃശസ്ത്രപ്രഹാരേഷു ദഗ്ദ്ധവിദ്ധേഷുചൈവഹി
നഖദന്തക്ഷതേദേഹേ വ്രണേദുഷ്ടേപ്രശസ്യതേ.

വ്യാ— പിച്ചകത്തളിർ വേപ്പിൻതളിർ പടവലത്തിൻതളിർ പുങ്കിൻതളിർ മെഴുകു കൊട്ടം മഞ്ഞൾ രണ്ടും കട്ടുരോഹിണി മഞ്ചട്ടി പതിമുകം പാച്ചോററിത്തൊലി കടുക്ക കരിങ്കുവളക്കിഴങ്ങു തുത്ഥം നറുനീണ്ടിക്കിഴങ്ങു പുങ്കിൻകുരു ഇവ സമം അരച്ചുകലക്കി എണ്ണകാച്ചു കാച്ചിപ്പുരട്ടുക. നാഡീവ്രണം കച്ഛുരോഗം ശസ്ത്രംകൊണ്ടുള്ള വ്രണം പൊള്ളിയവ്രണം നഖം പല്ലു ഇവകൊണ്ടുള്ള മുറിവു ദുഷ്ടവ്രണം ഇവക്കു പ്രശസ്തമായ ഫലത്തെചെയ്യും.

ഹിംഗ്വാദ്യം തൈലം.

മൂ— ഹിംഗുതുംബുരുശുണ്ഠീഭിഃ കടുതൈലംവിപാചയേൽ
തസ്യപൂരണമാത്രേണ കൎണ്ണശൂലംപ്രണശ്യതി.

വ്യാ— കായം തുമ്പുണി അരി ചുക്ക ഇവ അരച്ചു കലക്കി എണ്ണകാച്ചു കാച്ചി ചെവിയിൽ നിറക്കുക. ചെവിവേദന ഉടൻ ശമിക്കും. 23 *

ബാലബില്വാദിതൈലം.

മൂ— ബാലബില്വാനിഗോമൂത്രേ പിഷ്ട്വാതൈലേവിപാചയേൽ
സാജക്ഷീരംചനീരംച ബാധിൎയ്യംഹന്തിപൂരണാൽ.

വ്യാ— ഇളയ കൂവളക്കായ ഗോമൂത്രത്തിൽ അരച്ചുകലക്കി എണ്ണയും ആട്ടിൻമൂത്രവും വെള്ളവും ചേൎത്തു കാച്ചി ചെവിയിൽ നിറക്കുക. ചെവി കേൾക്കാൻ പാടില്ലായ്ക ശമിക്കും.

ബാലമൂലകതൈലം.

മൂ— ബാലമൂലകശുണ്ഠീനാം ക്ഷാരക്ഷാരയുഗംതഥാ
ലവണാനിചപഞ്ചൈവ ഹിംഗുശിഗ്രുമഹൌഷധം
ദേവദാരുവചാകുഷ്ഠം ശതപുഷ്പ രസാഞ്ജനം
ഗ്രന്ഥികംഭദ്രമുസ്തംച കല്ലൈഃകർഷമിതൈഃപൃഥക്
തൈലപ്രസ്ഥംചവിപചേൽ കദളീബീജപൂരയോഃ
രസാഭ്യാംമധുസൂക്തേന ചാതുൎഗ്ഗുണ്യമിതേനച
പൂയസ്രാവംകൎണ്ണനാദം ശൂലംബധിരതാംകൃമീൻ
അന്യാംശ്ചകൎണ്ണജാന്രോഗാൻ മോരോഗാംശ്ചനാശയേൽ.

വ്യാ— ഇളയ മുള്ളങ്കിയും ചുക്കും ക്ഷാരമാക്കി അതും ചവക്കാരവും തുവച്ചിലക്കാരവും ഇന്തുപ്പും തുവച്ചിലയുപ്പും കടലുപ്പും വിളയുപ്പും മേരുപ്പും കായവും മുരിങ്ങവേരും ചുക്കും ദേവതാരവും വയമ്പും കൊട്ടവും ചതകുപ്പയും രസാഞ്ജനവും കാട്ടതിപ്പലിവേരും കരുത്തയാമ്പലും മുത്തങ്ങയും പ്രത്യേകം മൂന്നുകഴഞ്ചുവീതം അരച്ചുകലക്കി ഇടങ്ങഴി എണ്ണയും കദളിക്കിഴങ്ങിൻരസവും മാതളനാരകത്തിൻ രസവും മധുസൂക്തവും (ഒരിടങ്ങഴി ചെറുനാരകപ്പഴത്തിന്റെ രസത്തിൽ നാഴി തേൻ ചേൎത്തു ഒരു പലം തിപ്പലി പൊടിച്ചിട്ടു ഒരു മൺപാത്രത്തിലാക്കി ഒരു മാസം നെല്ലിൽ കുഴിച്ചുവെച്ചിരുന്നു എടുക്കുക, ഇതു മധുസൂക്തമെന്നു പറയപ്പെട്ടുന്നു ഇതിൻ പ്രമാണം ജംബീരാണാംഫലരസഃ പ്രസ്ഥൈകഃകുഡവോന്മിതം മാക്ഷികംതത്രദാതവ്യം പലൈകാപിപ്പലീസ്തഥാ ഏതദേകീകൃതംസൎവ്വം മൃൽഭാണ്ഡേചനിധാപയേൽ ധാന്യരാശിസ്ഥിതം മാസം മധുസൂക്തമുദാഹൃതം)നാലുടങ്ങഴിചേൎത്തു പചിച്ചു ഉപയോഗിക്കുക. ചെവിയിൽനിന്നും പഴുപ്പൊലിക്കുന്നതു, ചെവിയിൽ ഒച്ചയുണ്ടായിരിക്കുന്നതു വേദന ചെവികേൾക്കാൻമേലായ്ക കൃമിപീഡ ഇവയും മറെറ ചെവി സംബന്ധിച്ചുണ്ടാകുന്ന രോഗങ്ങളും മുഖരോഗങ്ങളും ശമിക്കും.

പാഠാദ്യംതൈലം.

മൂ— പാഠാദ്വേചനിശേമൂൎവ്വാ പിപ്പലീജാതിപല്ലവൈഃ
ദന്ത്യാചതൈലംസംസിദ്ധം നസ്യാസ്യാദ്ദുഷ്ടപീനസേ.

വ്യാ— പാടക്കിഴങ്ങു മഞ്ഞൾ രണ്ടും പെരുങ്കുരുമ്പ തിപ്പലി പിച്ചകത്തളിർ നാഗദന്തി ഇവ അരച്ചുകലക്കി എണ്ണ ചേൎത്തു കാച്ചി നസ്യംചെയ്ക ദുഷ്ടപീനസം ശമിക്കും.

കുഷ്ഠാദ്യംതൈലം.

മൂ— കുഷ്ഠംബില്വകണാശുണ്ഠീ ദ്രാക്ഷാകല്ക്കകഷായവൽ
സാധിതംതൈലമാജംവാ നസ്യാൽക്ഷവഥുനാശനം.

വ്യാ— കൊട്ടം കൂവളം തിപ്പലി ചുക്ക മുന്തിരിങ്ങാപ്പഴം ഇവ കഷായമായും കല്ക്കമായും എണ്ണയൊ പശുവിൻനെയ്യൊ ചേൎത്തു സാധിച്ചു നസ്യംചെയ്ക തുമ്മൽശമിക്കും

വ്യാഘ്രാദ്യംതൈലം.

മൂ— വ്യാഘ്രീദന്തിവചാശിഗ്രുതുളസീവ്യോഷസൈന്ധവൈഃ
കല്ക്കൈശ്ച പാചനംതൈലം പൂതീനാസാഗദാപഹം.

വ്യാ— ചെറുവഴുതിന നാഗദന്തി വയമ്പു മുരിങ്ങ തുളസി ചുക്കമുളകു തിപ്പലി ഇന്തുപ്പു ഇവ അരച്ചുകലക്കി എണ്ണ സാധിച്ചു നസ്യംചെയ്ക മൂക്കിൽനിന്നും പഴുപ്പുവീഴുന്നതു ശമിക്കും

ഗൃഹധൂമാദ്യംതൈലം.

മൂ— ഗൃഹധൂമകണാദാരുക്ഷാരനക്താഹ്വസൈന്ധവൈഃ
സിദ്ധംശിഖിരിബീജൈശ്ച തൈലംനാസാൎശസാംഹിതം.

വ്യാ— അട്ടക്കരി (പുകയറ) തിപ്പലി ദേവതാരം ചവക്കാരം മഞ്ഞൾ ഇന്തുപ്പു വലിയകടലാടിയരി ഇവ അരച്ചുകലക്കി കാച്ചി ഉപയോഗിക്കുക നാസാൎശസ്സു ശമിക്കും.

വജ്രകതൈലം.

മൂ— വജ്രീക്ഷീരംരവിക്ഷീരം ദ്രവംധത്തൂരചിത്രജം
മഹിഷീവിട്ഭവംദ്രാവം സൎവ്വാംശംതിലതൈലകം
പചേത്തൈലാവശേഷംച ഗോമൂത്രേച ചതുൎഗ്ഗുണേ
തൈലാവശേഷാപക്വാച തത്തൈലംപ്രസ്ഥമാത്രകം
ഗന്ധകാഗ്നിശിലാതാലം വിഡംഗാതിവിഷാവിഷം
തിക്തകോശാതകീകുഷ്ഠ വചാമാംസീകടുത്രയം
പീതദാരുച യഷ്ട്യാഹ്വം സൎജ്ജികാക്ഷാരജീരകം
ദേവദാരുചകാൎഷാംശം ചൂൎണ്ണം തൈലേവിനിക്ഷിപേൽ
വജ്രതൈലമിദംഖ്യാതമഭ്യംഗാത്സൎവ്വകുഷ്ഠനൽ.

വ്യാ— കള്ളിപ്പാൽ എരുക്കിൻപാൽ ഉമ്മത്തിൻരസം കൊടുവേലിയുടെ രസം എരുമച്ചാണകരസം ഇവ എല്ലാംകൂടിയിടത്തോളം തിലതൈലം പചിച്ചു തൈലം ശേഷിപ്പിക്കുക. അതിൽ നാലുമടങ്ങ് ഗോമൂത്രം വീഴ്ത്തിക്കാച്ചി തൈലം ശേഷിപ്പിക്കുക ഇങ്ങനെയുണ്ടായ തൈലം ഇടങ്ങഴി ഗന്ധകം കൊടുവേലിക്കിഴങ്ങു അരിതാലം വിഴാലരി അതിവിടയം പാഷാണം നിലവേപ്പ് പുട്ടൽപ്പീരം കൊട്ടം വയമ്പു മാഞ്ചി ചുക്ക മുളകു തിപ്പലി മരമഞ്ഞൾ ഇരട്ടിമധുരം തുവച്ചിലക്കാരം ചവക്കാരം ജീരകം ദേവതാരം ഇവ മൂന്നു കഴഞ്ചുവീതം ഉണക്കിപ്പൊടിച്ചു ശീലപ്പൊടി

യാക്കി മേല്പറഞ്ഞ എണ്ണയിൽ ഇട്ടക ഈ തൈലം പുരട്ടിയാൽ എല്ലാ കുഷ്ഠങ്ങളും ശമിക്കും.

കരവീരതൈലം.

മൂ— കരവീരശിഫാദന്തീ ത്രിവൃൽകോശാതകീഫലം
രംഭാക്ഷാരോദകെ തൈലം പ്രശസ്തംലോമശാതനം.

വ്യാ— കണവീരം താമരക്കിഴങ്ങ നാഗദന്തിവേര് ത്രികോല്പക്കൊന്ന പുട്ടൽപീരത്തിൻ കായ ഇവ കദളിവാഴയ്ക്കുടെ ക്ഷാരോദകത്തിൽ അരച്ചു കലക്കി തൈലം ചേൎത്തു കാച്ചിപ്പുരട്ടുക രോമത്തെ പൊഴിച്ചുകളയുന്നതിന്ന ഇതു പ്രശസ്തമായതാകുന്നു.

ചന്ദനാദ്യംതൈലം.

മൂ— ചന്ദനാംബുനഖൈയഷ്ട്യാഹ്വാ തഷ്ടീതൈലെശേയപദ്മകം
മഞ്ജിഷ്ഠാസരളംദാരു സേവ്യൈലാമൃതികേസരം
പത്രതൈലംസുരാമാംസീ കങ്കോലംവനിതാംബുദം
ഹരിദ്രാസാരിവാതിക്താ ലവംഗാഗരുകുങ്കുമം
ത്വഗ്രേണുനളികാചേതി തൈലംമസ്തുചതുൎഗ്ഗുണം
ലാക്ഷാരസസമംസിദ്ധം ഗ്രഹഘ്നംബലവൎദ്ധനം
അപസ്മാരജ്വരോന്മാദ കൃത്യാലക്ഷ്മീവിനാശനം
ആയുഃപുഷ്ടികരംചൈവ വശീകരണമുത്തമം
വിശേഷാൽക്ഷയരോഗഘ്നം രക്തപിത്തഹരംപരം.

വ്യാ— ചന്ദനം ഇരുവേലി അസുരനഖം ചെഞ്ചന്ദനം ഇരട്ടിമധുരം കത്മദം പതിമുകം മഞ്ചട്ടി ചരളം ദേവതാരം രാമച്ചം ഏലത്തരി പൂതവൃക്ഷം നാഗപ്പൂവു പച്ചില പേരേലം കള്ളു മാഞ്ചി തക്കോലം വെൺമുത്തങ്ങ മരമഞ്ഞൾ നറുനീണ്ടി നിലവേപ്പു ഗ്രന്ഥിവു അകിൽ കുങ്കുമപ്പൂവു ഇലവംഗപ്പട്ട അരേണുകം വേലിപ്പരുത്തി ഇവ അരച്ചുകലക്കി എണ്ണയും എണ്ണയിൽ നാലുമടങ്ങു തൈർവെള്ളവും കോലരക്കിൻകഷായവും സമമായി ചേൎത്തു കാച്ചി തേക്കുക ഗ്രഹപീഡയെ ശമിപ്പിക്കും ബലത്തെ വൎദ്ധിപ്പിക്കും അപസ്മാരം ജ്വരം ഉന്മാദം അലക്ഷ്മി ഇവയെക്കളയും ആയുസ്സിനെയും പുഷ്ടിയേയും ചെയ്യും വശീകരണമാകുന്നു. വിശേഷിച്ചു ക്ഷയരോഗത്തെയും രക്തപിത്തത്തേയും കളയും.

വചാദ്യംതൈലം.

മൂ— വചാംസഠീംഹരിദ്രേദ്വേ ദേവദാരുമഹൌഷധി
ഹരീതകീമതിവിഷാ മുസ്തകേന്ദ്രയവാൻസമാൻ
ഏതാൻദശപലാൻഭാഗാം ശ്ചതുൎദ്രോണേംഭസഃപചേൽ

ചക്രമൎദ്ദരസൈസ്സൈലം കടുകംമൂത്രനാഗ്നിനാ
പാദശേഷംവിനിക്ഷിപ്യ സിന്ദൂരമിവതാരയേൽ
എതത്തൈലംനിഹന്ത്യാശു ഗണ്ഡമാലാംസുദാരുണാം.

വ്യാ—വയമ്പ, കച്ചോല, മഞ്ഞൾരണ്ടും, ദേവതാരം, ചുക്ക, കടുക്കാത്തോട്, അതിവിടയം, മുത്തങ്ങ, കടകപ്പാലയരി, ഇവ പ്രത്യേകം പത്തുപലംവീതം നൂറ് ഇടങ്ങഴിവെള്ളത്തിൽ കഷായമിട്ടു നാലൊന്നാക്കി തകരയുടെ രസവും കടുകെണ്ണയും ചേൎത്തു കാച്ചി തേയ്ക്കുക ഭയങ്കരമായ ഗണ്ഡമാല ശമിക്കും.

നിൎഗ്ഗുണ്ഡീതൈലം.

മൂ— നിൎഗ്ഗുണ്ഡിസ്വരസേതൈലം ലാംഗലീമൂലകല്ക്കിതം
തൈലംനസ്യാന്നിഹന്ത്യാശു ഗണ്ഡമാലാംസുദാരുണാം

വ്യാ—കരിനൊച്ചി കുത്തിപ്പിഴിഞ്ഞ രസത്തിൽ മേന്തോന്നിക്കിഴങ്ങു (ലാംഗലിനീർ തിപ്പലിയെന്നു ചിലർ) അരച്ചുകലക്കി കാച്ചി നസ്യം ചെയ്ക. ഭയങ്കരമായ ഗണ്ഡമാല ശമിക്കും.

ദശമാധ്യായം.

അരിഷ്ടകല്പനം.

ഉശീരാസവം.

മൂ— ഉശീരംവാളകംപത്മം കാശ്മരീംനീലമുൽപലം
പ്രിയംഗുംപത്മകംലോദ്ധ്രം മഞ്ജിഷ്ഠാധന്വയാസകം
പാഠാംകിരാതതിക്തംച ന്യഗ്രോധോദുംബരംശഠീം
പൎപ്പടംപുണ്ഡരീകംച പടോലം കാഞ്ചനാരകം
ജംബൂശാല്മലിനിൎയ്യാസം പ്രത്യേകംപലസമ്മിതം
ഭാഗാൻസുചൂൎണ്ണിതാൻകൃത്വാ ദ്രാക്ഷായാഃപലവിംശതിം
ധാതകീംഷോഡശപലാം ജലദ്രോണദ്വയേക്ഷിപേൽ
ശൎക്കരായാസ്തുലാംദത്വാ ക്ഷൌദ്രസ്യൈകതുലാംതഥാ
മാസംചസ്ഥാപയേൽഭാണ്ഡേ മാംസീമരിചധൂപിതേ
ഉശീരാസവഇത്യേഷ രക്തപിത്തവിനാശനഃ
പാണ്ഡുകുഷ്ഠപ്രമേഹാൎശഃകൃമിശോഥഹരസ്തഥാ

വ്യാ—രാമച്ചം ഇരുവേലി താമരയല്ലി കുമിഴ കരിങ്കൂവളക്കിഴങ്ങു ഞാഴൽപ്പൂവ പതിമുകം പാച്ചോററിത്തൊലി മഞ്ചട്ടി കൊട്ടത്തൂവവേർ പാടക്കിഴങ്ങു നിലവേപ്പു പേരാലിന്റെതൊലി അത്തിത്തൊലി കച്ചോലം പൎപ്പടകപ്പുല്ലു പുണ്ഡരീകം പടവലം വലിയ മലയകത്തിത്തൊലി ഞാവൽത്തൊലി ഇലവിൻപശ ഇവ പ്രത്യേകം ഒരുപലംവീതം എല്ലാംപൊടിച്ചു എട്ടുകെട്ട മുന്തിരിങ്ങാപ്പഴം ൨൦ പലം താതിരിപ്പൂ ൧൬ പലം ഇവയെ ൨൫൬ ഇടങ്ങഴി വെള്ളത്തിൽ ഇടുക ഒരുതുലാം പഞ്ചസാരയും ഒരുതുലാം തേനും ചേൎത്തു

മാഞ്ചി മുളക ഇതുകൊണ്ടു ധൂപിച്ചിട്ടു ഒരുമാസം കഴിച്ചുവെക്കുക. ഉശീരാസവം എന്ന ഈ ഔഷധം രക്തപിത്തത്തെക്കളെയും പാണ്ഡു കുഷ്ഠം പ്രമേഹം അർശസ്സ് കൃമിരോഗം വീക്കം ഇവയെയും കളയും.

കുമാര്യാസവം.

ശ്ലോ — സുപക്വരസസംശുദ്ധം കുമാര്യാഃ പത്രമാഹരേൽ
യത്നേന രസമാദായ പാത്രേ പാഷാണമൃന്മയേ
ദ്രോണൈകം തുലാം ദത്വാ ഘൃതഭാണ്ഡേ നിധാപയേൽ
മാക്ഷികം പാകലോഹം ച തസ്മിന്നർദ്ധതുലാം ക്ഷിപേൽ
കട്ഫലം ലവംഗം ച ചാതുർജ്ജാതകമേവ ച
ചിത്രകം പിപ്പലീമൂലം വിഡംഗം ഗജപിപ്പലീ
ചവികം ഹവുഷാ ധാന്യം ക്രമുകം കടുരോഹിണീ
മുസ്താ ഫലത്രികം രാസ്നാ ദേവദാരു നിശാദ്വയം
മൂർവാ മധുരസാ ദന്തീമൂലം പുഷ്കരസംഭവം
ബലാ ചാതിബലാ ചൈവ കപികച്ഛുസ്ത്രികണ്ടകാ
ശതപുഷ്പാ ഹിംഗുപത്രീ അകല്ലകമദിംഗണം
പുനർന്നവാദ്വയം ലോധ്രം ധാതുമാക്ഷികമേവ ച
ഏഷാം ചാർദ്ധപലം ദത്വാ ധാതക്യാസ്തു പലാഷ്ടകം
പലഞ്ചാർദ്ധപലഞ്ചൈവ പലദ്വയമുദാഹൃതം
വപുർവ്വയഃപ്രമാണേന ബലവർണ്ണാഗ്നിദീപനം
ബ്രുംഹണം രോചനം വൃഷ്യം പക്തിശൂലനിവാരണം
അഷ്ടാവുദരജാന്രോഗാൻ ക്ഷയമുഗ്രഞ്ച നാശയേൽ
വിംശതിർമ്മേഹജാന്രോഗാനുദാവർത്തമപസ്മൃതിം
മൂത്രകൃച്ഛ്രമപസ്മാരം ശുക്ലദോഷന്തഥാശ്മരീം
കൃമിജം രക്തപിത്തഞ്ച നാശയേന്നാത്ര സംശയഃ

വ്യാ — പഴുത്ത കറ്റാവാഴത്തടയുടെ രസം പതിനാറിടങ്ങഴി പ്രയത്നപ്പെട്ടെങ്കിലും തനിച്ചാറായിട്ടെടുക്കണം അങ്ങനെയെടുത്തു മണ്ണുകൊണ്ടോ കല്ലുകൊണ്ടോ ഉള്ള പാത്രത്തിലാക്കുക പിന്നീട്ട അതിൽ ഒരുതുലാം ശർക്കര ചേർക്കുക മുമ്പാണ്ടപാത്രം നെയ്പുരട്ടി പഴക്കിയതായിരിക്കണം അരത്തുലാം തേനും അരത്തുലാം ഇരുമ്പിൻ ഭസ്മവും കൂട്ടിച്ചേർക്കുക അതിൽ ചുക്ക, മുളക, തിപ്പലി, ഗ്രാമ്പൂവു, ഏലം, ഇലവങ്ങം, പച്ചില, നാഗപ്പൂവു, കൊടുവേലിക്കിഴങ്ങു, തിപ്പലിമൂലം, വിഴാലരി, അത്തിത്തിപ്പലി, കാട്ടുമുളകിൻവേർ, അടയ്ക്കാമണിയൻവേർ, കൊത്തമ്പാലരി, കമുകിൻവേർ, കടുരോഹിണി, മുത്തങ്ങ, ത്രിഫലത്തോടകൾ, ചിററരത്ത, ദേവതാരം, മഞ്ഞൾ രണ്ടും പെരുംകുരുമ്പ ഇരട്ടിമധുരം നാഗദന്തിവേർ പുഷ്കരമൂലം കുറുന്തോട്ടി ഊരകത്തിൻവേർ നായ്ക്കുരണവേർ ശ

തകുപ്പു, പെരുംകായം, അക്രാവു, (അകല്ലകം) ചെറിയ കമിഴിൻകായ് (മുദി) തഴുതാമരണ്ടും പാഠച്ചോററിത്തൊലി മാക്കീരക്കല്ലു ഇവയെല്ലാം പ്രത്യേകം അരപ്പലംവീതം പൊടിച്ചിടണം താതിരിപ്പൂവ് എട്ടുപലംവീതം പൊടിച്ചിടണം അതിൻെറശേഷം പാത്രത്തിൻെറ വായയടച്ചുകെട്ടി കുഴിച്ചുവച്ചു പുളിപ്പിച്ചെടുത്തു സേവിക്കണം ബാലപ്രായത്തിൽ ഒരുനേരം അരപ്പലവും യുവാക്കന്മാക്കു ഒരു പലവും വാദ്ധക്യംചെന്നവക്കു രണ്ടുപലവും സേവിക്കുവാൻ യോഗ്യമാകുന്നു ഇതുകൊണ്ടു ബലം നിറം ജഠരാഗ്നിബലം ഇവ വദ്ധിക്കും ദേഹം തടിപ്പിക്കും രുചിയെ ഉണ്ടാക്കും ശുക്ലത്തെ വദ്ധിപ്പിക്കും ആഹാരം ദഹിക്കുമ്പോൾ ഉണ്ടാകുന്ന വേദന എട്ടുവക ഉദരരോഗങ്ങൾ ഉറിമായ ക്ഷയരോഗം ഇരുപതുവിധം മേഹരോഗങ്ങൾ ഉദാവത്തം ഓമ്മക്കേടു മൂത്രകൃച്ഛ്രം അപസ്മാരം ശുക്ലദോഷം അശ്മരി വയററിൽ കൃമിയുള്ളതുനിമിത്തം ഉണ്ടായരോഗം രക്തപിത്തം ഇവയെ നശിപ്പിക്കും ഈ ഫലോക്തി സത്യമാകുന്നു.

ഈ യോഗത്തിൽ പ്രയുക്തമായ അകല്ലക ശബ്ദത്തിനു "ആകാരഭേദശ്ചവാകല്ലകഃ ഫഹ്യകല്ലകഃ" എന്നുള്ള ശാലിഗ്രാമനിഘണ്ടുവിലെ പയ്യായോക്തികൊണ്ടു അക്രാവു എന്നുള്ള അത്ഥം കിട്ടുകയും അതിനെ മേൽവിവരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഔഷധം പ്രതിശ്യായം വീക്കം വാതം ഇവക്കു പ്രധാനമായി ശമനകരമാണെന്നു നിഘണ്ടുരത്നാകരവും വൈദ്യകനിഘണ്ടുവും സമ്മതിക്കുന്നുമുണ്ടു മുദിംഗണം എന്ന മറെറാരുശബ്ദം കൂടി പ്രയോഗമിശ്രമായികാണുന്നു ഇതു മുദി എന്നോ ഉടി എന്നോ ആയിരിക്കാനേ തരമുള്ളൂ എന്നു തോന്നുന്നു. മുടിംഗണം എന്നൊരു ശബ്ദം വൈദ്യകനിഘണ്ടു നിഘണ്ടുരത്നാകരം രാജനിഘണ്ടു ശാലിഗ്രാമനിഘണ്ടു വൈദ്യകശബ്ദസിന്ധു മലയാളത്തിൽ എഴുതപ്പെട്ടിട്ടുള്ള കുമാരകൃഷ്ണസങ്കലിത ഔഷധിനിഘണ്ടു എന്നീഗ്രന്ഥങ്ങളിൽ കാണുന്നില്ല അതിനാൽ മുദിശബ്ദമാണെന്നു വിചാരിക്കയും അതിലക്കു വൈദ്യനിഘണ്ടുവിൽ കാണുന്നതനുസരിച്ചു ചെറിയ കുമിഴ എന്നു അത്ഥയോജനയെച്ചെയ്യുകയും ചെയ്തിരിക്കുന്നു. അഥവാ അകല്ലകശബ്ദത്തെ നപുംസകമാക്കീട്ടു ഉത്തരശബ്ദം ഉടി ശബ്ദമായി ഗണിക്കുന്ന പക്ഷം ഉഡികാതൃണഫലിതാബല്യാശ്ലേഷ്മവിവദ്ധിനീ എന്നു രാജനിഘണ്ടുമതത്തെ സ്വീകരിച്ചു വായനക്കാക്കു നീവാരധാന്യം എന്നു പഠിക്കുന്നതിനും വിരോധമില്ല. തന്ത്രകാരമതത്തെ പുരസ്കരിച്ചു ഉടി മുദി എന്നീ രണ്ടു പദങ്ങളിൽ ഏതിനാണു ഇവിടെ പ്രയോഗാഹ്ത എന്നു നോക്കുമ്പോൾ മുദിശബ്ദത്തിനാണെന്നു നിഷ്പ്രയാസം അറിയാവുന്നതുമാണ്.

പിപ്പല്യാസവം.

മൂ— പിപ്പലീമരിചംചവ്യം ഹരിദ്രാചിത്രകോഘനഃ
വിഡംഗംക്രമുകോലോധ്രഃ പാഠാധാത്ര്യേലവാലുകം
ഉശീരംചന്ദനംകുഷ്ഠം ലവംഗംതകരംതഥാ
മാംസീതചഃഗലാപത്രംച പ്രിയംഗുന്നാഗകേസരം
ഏഷാമർദ്ധപലാൻഭാഗാൻ സൂക്ഷ്മചൂർണ്ണീകൃതാൻശുഭാൻ
ജലദ്രോണദ്വയേക്ഷിപ്ത്വാ ദദ്യാദ്ഗുഡതുലാത്രയം
പലാനിദശധാതക്യാ ദ്രാക്ഷാഷഷ്ടിപലാഭവൽ
ഏതാന്യേകത്രസംയോജ്യ മൃൽഭാണ്ഡേചവിനിക്ഷിപേൽ
ജാതഃാഗതരസംസർവ്വംപായയേദഗ്ന്യപേക്ഷയാ
ക്ഷയംഗുല്മോദരംകാർശ്യം ഗ്രഹണീംപാണ്ഡുതാംതഥാ
അശാംസിനാശയേച്ഛീഘ്രം പിപ്പല്യാദ്യാസവസ്ത്വയം.

വ്യാ—തിപ്പലി, മുളക്, കാട്ടുമുളകിൻവേർ മരമഞ്ഞൾ കൊടുവേലിക്കിഴങ്ങ്, മുത്തങ്ങ, വിഴാലരി, കമുകിൻവേർ, പാച്ചോററിത്തൊലി, പാടത്താളിക്കിഴങ്ങ് നെല്ലിക്കാത്തോട് ഏലാവാലുകം രാമച്ചം ചന്ദനം കൊട്ടം ഗ്രാമ്പൂവു തഗരം മാഞ്ചി ഇലവംഗപ്പട്ട ഏലത്തരി, പച്ചില, ഞാഴൽപൂവ്, നാഗപ്പൂവ്, ഇവ പ്രത്യേകം അരപ്പലംവീതം മൃദുവായി പൊടിച്ചു നവ ഇടങ്ങഴി വെള്ളത്തിൽ ഇട്ടു ന തുലാം ശക്കരയുംചേൎത്തു പത്തുപലം താതിരിപ്പൂവും ആറപലം മുന്തിരിങ്ങാപ്പഴവും അതിലിട്ട് എല്ലാംതമ്മിൽ കലൎത്തി മണ്പാത്രത്തിലാക്കി അടച്ചു കുഴിച്ചു വച്ചിരുന്നു വിധിപ്രകാരം എടുത്തു സേവിക്കുക അഗ്നിബലം അനുസരിച്ചു സേവിക്കണം. ക്ഷയരോഗം, ഗുന്മം, ഉദരരോഗം ദേഹംവരൾച്ച, ഗ്രഹണിരോഗം, പാണ്ഡുരോഗം, അൎശസ്സുകൾ ഇവയെ ഈപിപ്പല്യാസവംഏററവും വേഗം ഇല്ലാതാക്കും.

ലോഹാസവം.

മൂ— ലോഹചൂർണ്ണംത്രികടുകം ത്രിഫലാംചയവാനികാം
വിഡംഗംമുസ്തകംചിത്രാ ചതുസ്സംഖ്യാപലംപൃഥക്
ധാതകീകുസുമാനാംതു പ്രക്ഷിപേൽപലവിംശതിം
ചൂർണ്ണീകൃത്യതതഃക്ഷൌദ്രം ചതുഃഷഷ്ടിപലംക്ഷിപേൽ
ദദ്യാൽഗുഡതുലാംതത്ര ജലദ്രോണദ്വയംതഥാ
ഘൃതഭാണ്ഡേവിനിക്ഷിപ്യ നിദദ്ധ്യാന്മാസമാത്രകം
ലോഹാസവമമുംമർത്ത്യഃ പിബേദ്വഹ്നികരംപരം
പാണ്ഡുശ്വയഥുഗുന്മാനി ജഠരാണ്യർശസാംരുജം
കുഷ്ഠംപ്ലീഹാമയംകണ്ഡൂം കാസംശ്വാസംഭഗന്ദരം
അരോചകംചഗ്രഹണിഹൃദ്രോഗംചവിനാശയേൽ

വ്യാ—ഇരുമ്പിൻപൊടി,ചുക്കു,മുളകു, തിപ്പലി,കടുക്കാത്തോട്,താ

ന്ന കൊത്തൊട്, നെല്ലിക്കാത്തോട്, കുറാശാണി വിഴാലരി, മുത്തങ്ങ കൊട്ടുവേലിക്കിഴങ്ങ്, ഇവ പ്രത്യെകം നാലുപലംവീതം. താതിരിപ്പൂവ് ൨൦ പലം ഇവയെല്ലാം കൂട്ടിപ്പൊടിച്ച ൩൨ പലം തേനും ചേൎത്തു നെയ്പുരട്ടി പഴകിയ കുടത്തിൽ ആക്കുക. അതിൽ ഒരുതുലാം ശൎക്കരയും ൩൨ ഇടങ്ങഴി വെള്ളവുംചേൎത്തു അടച്ചുകെട്ടി ഒരുമാസം സൂക്ഷിച്ചുവെക്കുക. അതിന്റെശേഷം സേവിക്കുക. ഏറാവും അഗ്നിദീപനത്തെച്ചെയ്യും. അൎശ്ശസ്സുകൾ, കുഷ്ഠം പ്ലീഹരോഗം, ചൊറിച്ചിൽ കാസം ശ്വാസരോഗം, ഭഗന്ദരം, രുചിയില്ലായ്ക, ഗ്രഹണി പാണ്ഡുരോഗം ഇവയെജ്ജയിക്കും.

അരിഷ്ടങ്ങൾ.

മൃദ്വീകാരിഷ്ടം.

മൂ— മൃദ്വീകായാഃപലശതം ചതുൎദ്രോണേംഭസഃപചേൽ
ദ്രോണശേഷേസുശീതേചജലേതസ്മിൻപ്രദാപയേൽ
തുലേദ്വെക്ഷൌദ്രഖണ്ഡാഭ്യാം ധാതക്യാപ്രസ്ഥഃമേവച
കങ്കോലകംലവംഗംചഫലംജാത്യാസ്തഥൈവച
പലാംശകംചമരിചം ത്വഗേലാപത്രകേസരാഃ
പിപ്പലീചിത്രകംചവ്യം പിപ്പലീമൂലരേണുകഃ
ഘൃതഭാണ്ഡെവിനിക്ഷിപ്യ ചന്ദനാഗരുധൂപിതേ
കൎപ്പൂരവാസിതേഹ്യേഷ ഗ്രഹണീദീപനഃപരഃ
അൎശസാന്നാശനേഃശ്രേഷ്ഠ ഉദാവൎത്തസ്യഗുല്മനൽ
ജഠരക്രിമികുഷ്ഠാനി വ്രണാനിവിവിധാനിച
അക്ഷിരോഗശിരോരോഗ ഗളരോഗാംശ്ചനാശയേൽ.

വ്യാ—മുന്തിരിങ്ങാപ്പഴം ഒരു തുലാം ൩൨ ഇടങ്ങഴി വെള്ളത്തിലിട്ടു പചിച്ചു ൮ ഇടങ്ങഴിയാക്കി അരിച്ചു ആറിയശേഷം അതിൽ ഒരു തുലാം തേനും ഒരു തുലാം കല്ക്കണ്ടവും ഇടങ്ങഴി താതിരിപ്പൂവും തക്കോലം ഗ്രാമ്പൂവു ജാതിക്കാ മുളക് ഇലവംഗത്തോലി പച്ചില ഏലത്തരി നാഗപ്പൂവ് തിപ്പലി കൊട്ടുവേലിക്കിഴങ്ങ് കാട്ടുമുളകിൻവേർ കാട്ടുതിപ്പലിവേർ അരേണുകം ഇവ ഒരുപലംവീതവും ചേൎത്തു നെയ്പുരട്ടി പഴകിയ കുടത്തിൽ ആക്കി ചന്ദനം അകിൽ ഇവകൊണ്ടു പുകച്ചു കൎപ്പൂരവാസിതമാക്കി സൂക്ഷിക്കുക. ഗ്രഹണീരോഗത്തെക്കളെയും. ഏറാവും ദീപനത്തെയുണ്ടാക്കും. അൎശസ്സുകളെ കളയുന്നതിനു പ്രശസ്തമായതാകുന്നു. ഉദാവൎത്തം ഗുന്മം ഇവയെ ശമിപ്പിക്കും. ഉദരരോഗം കൃമിരോഗം കുഷ്ഠം പലവിധങ്ങളായ വ്രണങ്ങൾ കണ്ണിലെവ്യാധി ഇവയെയും കളയും.

കുടജാരിഷ്ടം.

മൂ— തുലാംകുടജമൂലസ്യ മൃദ്വീകാൎദ്ധതുലാംതഥാ
മധൂകംപുഷ്പകാശ്മൎയ്യൗ ഭാഗാൻദശപലോന്മിതാൻ
ചതുൎദ്രോണേംഭസാപക്ത്വാ കുൎയ്യാൽദ്രോണാവശേഷിതേ
ധാതക്യാവിംശതിപലം ഗുഡസ്യചതുലാംക്ഷിപേൽ
മാസമാത്രംസ്ഥിതോഭാണ്ഡേ കുടജാരിഷ്ടസംജ്ഞിതഃ
ജ്വരാൻപ്രശമയേത്സൎവ്വാൻ കുൎയ്യാത്തീക്ഷ്ണംധനഞ്ജയം.

വ്യാ—കുടകപ്പാലവേരിന്മേൽതൊലി ഒരു തുലാം. മുന്തിരിങ്ങാപ്പഴം അരത്തുലാം. ഇരിപ്പപ്പൂവ് കുമിഴിൻപൂവ് ഇവ പത്തുപലം വീതം ൱൨ ഇടങ്ങഴി വെള്ളത്തിൽ ഇട്ട് പചിച്ച ൨൫ ഇടങ്ങഴിയാക്കി ശേഷിപ്പിച്ച് താതിരിപ്പൂവ് ഇരുപതുപലം ശക്കര ഒരുതുലാം ഇവ ചേൎത്ത് ഒരു മണ്പാത്രത്തിലാക്കി ഒരുമാസം വച്ചിരുന്നു സേവിക്കുക ഈ കുടജാരിഷ്ടം എല്ലാജ്വരങ്ങളേയും വേഗം ശമിപ്പിക്കും.

വിഡംഗാരിഷ്ടം.

മൂ— വിഡംഗംഗ്രന്ഥികംരാസ്നാ കുടജത്വക്ഫലാനിച
പാഠൈലവാലുകംധാത്രീ ഭാഗാൻപഞ്ചപലാൻപൃഥക്
അഷ്ടദ്രോണേംഭസഃപക്ത്വാ കുൎയ്യാദ്രോണാവശേഷിതം
പൂതശീതേക്ഷിപേത്തത്ര ക്ഷൌദ്രംപലശതത്രയം
ധാതകീംവിംശതിപലാം ത്രിജാതംദ്വിപലംതഥാ
പ്രിയംഗുകാഞ്ചനാരാണാം സലോധ്രാണാംപലംപലം
വ്യോഷസ്യചപലാന്യഷ്ടൗ ചൂൎണ്ണീകൃത്യപ്രദാപയേൽ
ഘൃതഭാണ്ഡേവിനിക്ഷിപ്യ മാസമേകംവിധാരയേൽ
തതഃപിബേദ്യഥാഗ്നിത്തു ജയേദ്വിദ്രധിമൂൎച്ഛിതാം
ഊരുസ്തംഭാശ്മരീമേഹാൻ പ്രത്യഷ്ഠീലാഭഗന്ദരാൻ
ഗണ്ഡമാലാംഹനുസ്തംഭം വിഡംഗാരിഷ്ടസംജ്ഞിതഃ.

വ്യാ—വിഴാലരി കാട്ടുതിപ്പലിവേർ അരത്ത കുടകപ്പാലവേരിന്മേൽതൊലി കുടകപ്പാലയരി പാടക്കിഴങ്ങ് ഏലാവാലുകം നെല്ലിക്കാത്തോട് ഇവ പ്രത്യേകം അഞ്ചുപലംവീതം ൨൫൬ ഇടങ്ങഴി വെള്ളത്തിൽ ഇട്ടു പചിച്ച ൬൪ ഇടങ്ങഴിയാക്കി ശേഷിപ്പിക്കണം. ആറിയശേഷം അരിച്ച അതിൽ മൂന്നുതുലാം തേൻ ഒഴിക്കണം ൨൦ പലം താതരിപ്പൂവ് ചതച്ചിടണം ഏലം ഇലവംഗം പച്ചില ഇവ രണ്ടുപലം പൊടിച്ചിടണം ഞാഴൽപ്പൂവ് വലിയമലയകത്തി പാച്ചോററി ഇവ ഒരുപലംവീതം. ചുക്ക് മുളക് തിപ്പലി ഇവ എട്ടുപലം ഇവയെല്ലാം നെയ്പുരട്ടിപ്പുഴകിയ കുടത്തിൽ ആ·

ക്കി ഒരുമാസം കുഴിച്ചുവച്ചു സൂക്ഷിക്കുക. അതിന്റെശേഷം എടുത്തു സേവിക്കുക. വൎദ്ധിച്ച വിദ്രധി ശമിക്കും. ഊരുസ്തംഭം അശ്മരി മേഹങ്ങൾ അഷ്ഠീല ഭഗന്ദരം ഗണ്ഡമാലഹനുസ്തംഭം ഇവയെക്കളയും.

ദേവദാൎവ്വാദ്യരിഷ്ടം.

മൂ— തുലാൎദ്ധംദേവദാരുസ്യാ ദ്വാശാച പലവിംശതിഃ
മഞ്ജിഷ്ഠേന്ദ്രയവാദന്തീ തഗരംരജനീദ്വയം
രാസ്നാകൃമിഘ്നംമുസ്തംച ശിരീഷംഖദിരാൎജ്ജുനൌ
ഭാഗാന്ദശപലാന്ദദ്യാ ദ്യവാന്യാവത്സകസ്യച
ചന്ദനസ്യഗുളൂച്യ്യാശ്ച രോഹിണ്യാശ്ചിത്രകസ്യച
ഭാഗാനഷ്ടപലാനേതാ നഷ്ടഃദ്രോണേംഭസഃപചേൽ
ദ്രോണശേഷകഷായേച പൂതേശീതേപ്രദാപയേൽ
ധാതക്യാഃഷോഡശപലം മാക്ഷികസ്യതുലാത്രയം
വ്യോഷസ്യദ്വിപലംദദ്യാ ത്രിജാതകചതുഷ്പലം
ചതുഷ്പലംപ്രിയംഗുശ്ച ദ്വിപലംനാഗകേസരം
സൎവ്വാണ്യേതാനിസംചൂൎണ്ണ്യ ഘൃതഭാണ്ഡേനിധാപയേൽ
മാസാദൂൎദ്ധ്വംപിബേദനം പ്രമേഹംഹന്തിദുൎജ്ജയം
വാതരോഗാൻഗ്രഹണ്യൎശോ മൂത്രകൃച്ഛ്രാണിനാശയേൽ
ദേവദാൎവ്വാദിരിഷ്ടോ ദദ്രുകുഷ്ഠവിനാശനഃ.

വ്യാ—ദേവതാരം അരത്തുലാം ആടലോടകം ഇരുപതുപലം മഞ്ചട്ടി കുടകപ്പാലയരി നാഗദന്തി തകരം മഞ്ഞൾ രണ്ടും അരത്ത വിഴാലരി മുത്തങ്ങ നെന്മേനിവാക കരിങ്ങാലി നീർമരുത് ഇവ പത്തുപലംവീതം കുറാശാണി കുടകപ്പാലവേരിന്മേൽതൊലി ചന്ദനം ചിറാമൃത് കടുരോഹിണി കൊടുവേലിക്കിഴങ്ങു ഇവ എട്ടുപലംവീതം എല്ലാംചേൎത്തു ൨൫൬ ഇടങ്ങഴി വെള്ളത്തിൽ ഇട്ടു പചിച്ചു ൬൪ ഇടങ്ങഴിയാക്കി ശേഷിപ്പിച്ചു അരിച്ചെടുത്ത് ആറിയശേഷം അതിൽ താതിരിപ്പൂവ് ൧൬ പലം തേൻ ൩ തുലാം(൩൦൦) മുക്കാലിടങ്ങഴി ചുക്ക് മുളക് തിപ്പലി ഇവ രണ്ടുപലം ഏലം ഇലവങ്ഗം പച്ചില ഇവ നാലുപലം ഞാഴൽപൂവ് ൪ പലം നാഗപ്പൂവ് ൨ പലം ഇവയെല്ലാം കുട്ടിപ്പൊടിച്ചിട്ടു നെയ്പുരട്ടിപ്പഴകിയ മണ്പാത്രത്തിലാക്കി ഒരു മാസം വച്ചിരുന്നു പിന്നീടു സേവിക്കുക. ജയിക്കാൻ പ്രയാസമുള്ള പ്രമേഹത്തെ നശിപ്പിക്കും. വാതരോഗങ്ങൾ ഗ്രഹണി അൎശസ്സ് മൂത്രകൃച്ഛ്രങ്ങൾ ഇവയെയും ദദ്രുകുഷ്ഠം ഇവയെയും ഇല്ലാതാക്കും.

ഖദിരാരിഷ്ടം.

മൂ— ഖദിരസ്യതുലാൎദ്ധംതു ദേവദാരുചതത്സമം
വാകുചീദ്വാദശപലാ ദാൎവ്വീസ്യാൽപലവിംശതിഃ

ത്രിഫലാവിംശതിപലാ ന്യഷ്ടദ്രോണേംഭസഃപചേൽ
കഷായദ്രോണശേഷേച പൂതേശീതേവിനിക്ഷിപേൽ
തുലാദ്വയംമാക്ഷികസ്യ തുലൈകാശക്കരാമതാ
ധാതക്യാവിംശതിപലം കങ്കോലംനാഗകേസരം
ജാതീഫലാലവംഗൈലാ ത്വക്പത്രാണിപൃഥക്പൃഥക്
പലോന്മിതാനികൃഷ്ണായാ ദദ്യാൽപലചതുഷ്ടയം
ഘൃതഭാണ്ഡേ വിനിക്ഷിപ്യ മാസാദൂർദ്ധ്വംപിബേത്തഥാ
മഹാകുഷ്ഠാനിഹൃദ്രോഗം പാണ്ഡുരോഗാൎബ്ബുദംതഥാ
ഗുന്മംഗ്രന്ഥിംകൃമീൻകാസം ശ്വാസംപ്ലീഹോദരംജയേൽ
ഏഷഖദിരാരിഷ്ടഃ സൎവ്വകുഷ്ഠനിവാരണഃ.

വ്യാ—കരിങ്ങാലിക്കാതൽ അരത്തുലാം. ദേവതാരം അരത്തുലാം. കാർകോകിലരി ൧൨ പലം മരമഞ്ഞൾ തൊലി ൨൦ പലം ത്രിഫലത്തോടുകൾ ൨൦ പലം ഇവയെ ൧൨൮ ഇടങ്ങഴി വെള്ളത്തിലിട്ടു പചിച്ച് ൩൨ ഇടങ്ങഴിയാക്കി ശേഷിപ്പിച്ച് അരിച്ചെടുത്ത് ആറിയശേഷം അതിൽ രണ്ടുതുലാം (പന്ത്രണ്ടര ഇടങ്ങഴി) തേൻ ഒഴിച്ച് ഒരുതുലാം പഞ്ചസാരകലക്കി താതിരിപ്പൂവ് ൨൦ പലം തക്കോലം നാഗപ്പൂവ് ജാതിക്കാ ഗ്രാമ്പൂവ് ഏലത്തരി ഇലവംഗപ്പട്ട പച്ചില ഇവ പ്രത്യേകം ഒരുപലംവീതം തിപ്പലി നാലുപലം ഇവയെല്ലാം കൂട്ടിപ്പൊടിച്ചു ചേൎത്തു ഒരുമാസം വെച്ചിരുന്നു പിന്നീടു സേവിക്കുക മഹാകുഷ്ഠങ്ങൾ ഹൃദ്രോഗം പാണ്ഡുരോഗം അൎബ്ബുദം ഗുന്മം മുഴകൾ കൃമിരോഗം ചുമ ശ്വാസരോഗം പ്ലീഹോദരം ഇവയെ ജയിക്കും. എല്ലാ കുഷ്ഠങ്ങളേയും ശമിപ്പിക്കും.

ബബ്ബൂല്യാരിഷ്ടം.

മൂ— തുലാദ്വയംതുബബ്ബൂല്യാ ശ്ചതുൎദ്രോണേജലേപചേൽ
ദ്രോണശേഷേരസേശീതേ ഗുഡസ്യത്രിതുലാംക്ഷിപേൽ
ധാതകീംഷോഡശപലാം കൃഷ്ണാംചദ്വിപലാംതഥാ
ജാതീഫലാനികങ്കോല മേലാത്വക്പത്രകേസരം
ലവംഗംമരിചംചൈവ പലികാന്യുപകല്പയേൽ
മാസംഭാണ്ഡേസ്ഥിതസ്ത്വേഷ ബബ്ബൂല്യാരിഷ്ടകോജയേൽ
ക്ഷയകുഷ്ഠമതീസാര പ്രമേഹശ്വാസകാസനുൽ

വ്യാ—രണ്ടുതുലാം കരുവേലംപട്ട (വേൾവേലം എന്നു ചിലർ) ൫൧൨ ഇടങ്ങഴി വെള്ളത്തിൽ പചിച്ചു നാലൊന്നു ശേഷിപ്പിച്ച് അരിച്ചെടുത്ത് ആറിയശേഷം മൂന്നുതുലാം ശക്കരയും ൧൬ പലം താതിരിപ്പൂവും രണ്ടുപലം തിപ്പലിയും ജാതിക്കാ തക്കോലം ഏലത്തരി ഇലവംഗത്തൊലി പച്ചില നാഗപ്പൂവ് ഗ്രാമ്പൂവ് മുളക്

ഇവ ഒരുപലംവീതം ചേൎത്തു നെയ്പുരട്ടിപ്പഴകിയ കുടത്തിൽ ആക്കി ഒരുമാസം വച്ചിരുന്നു പിന്നീടു സേവിക്കുക. ക്ഷയം കുഷ്ഠം അതിസാരം പ്രമേഹം ശ്വാസരോഗം ചുമ ഇവയെക്കളയും.

ദ്രാക്ഷാരിഷ്ടം.

ശ്ലൊ — ദ്രാക്ഷാതുലാൎദ്ധംദ്വിദ്രോണെജലസ്യവിപചേൽസുധീഃ
പാദശേഷെകഷായെചപൂതേശീതെവിനിക്ഷിപേൽ
ഗുഡസ്യദ്വിതുലാംതത്രത്വഗേലാപത്രകേസരം
പ്രിയംഗുമ്മരിചംകൃഷ്ണാവിഡംഗംചേതിചൂൎണ്ണയേൽ
പൃഥക്പലോന്മിതൈൎഭാഗൈസ്തതോഭാണ്ഡെനിധാപയേൽ
സമാന്തഃതാഘൃതയിത്വാപിബെജ്ജാതരസംതതഃ
ഉരഃക്ഷതംക്ഷയംഹന്തികാസശ്വാസഗളാമയാൻ
ദ്രാക്ഷാരിഷ്ടാഹ്വയഃപ്രൊക്തോബലകൃന്മലശോധനഃ

വ്യാ— മുന്തിരിങ്ങാപ്പഴം അരത്തുലാം ൩൨ ഇടങ്ങഴി വെള്ളത്തിലിട്ടു പചിച്ചു നാലൊന്നു ശേഷിപ്പിച്ച് അരിച്ചെടുത്ത് ആറിയശേഷം അതിൽ രണ്ടുതുലാം ശൎക്കരയും ഇലവംഗത്തൊലി ഏലത്തരി പച്ചില നാഗപ്പൂവു ഞാഴൽപ്പൂവു മുളകു തിപ്പലി വിഴാലരി ഇവ ഓരോ പലംവീതം ഉണക്കിപ്പൊടിച്ചിട്ടു നെയ്പുരട്ടി പഴകിയ പാത്രത്തിൽ ആക്കി കടത്തെറുചത്തു ഒരുമാസം സൂക്ഷിച്ചുവച്ചശേഷം സേവിക്കുക. ഉരഃക്ഷതം ക്ഷയം കാസം ശ്വാസം കണ്ഠത്തിലുണ്ടാകുന്ന രോഗങ്ങൾ ഇവയെക്കളയും. ബലത്തെയുണ്ടാക്കും. മലം ഇളക്കിക്കളയും.

രോഹിതകാരിഷ്ടം.

ശ്ലൊ — രോഹീതകതുലാമേകാം ചതുൎദ്രോണെജലേപചേൽ
പാദശേഷരസേശീതെപൂതേപലശതദ്വയം
ദദ്യാദ്ഗുഡസ്യധാതക്യാഃ പലഷോഡശികാമതാ
പഞ്ചകോലംത്രിജാതംചത്രിഫലാംചവിനിക്ഷിപേൽ
ചൂൎണ്ണയിത്വാപലാംശേനതതോഭാണ്ഡെനിധാപയേൽ
മാസാദൂൎദ്ധ്വംചപിബതാൽഗുദജായാന്തിസംക്ഷയം
ഗ്രഹണീപാണ്ഡുഹൃദ്രോഗപ്ലീഹഗുല്മോദരാണിച
കുഷ്ഠശോഫാരുചിഹരോരോഹിതാരിഷ്ടസംജ്ഞിതഃ

വ്യാ— ഒരുതുലാം ചെമ്മരത്തിൻതൊലി ൬൪ ഇടങ്ങഴി വെള്ളത്തിൽ ഇട്ടു പചിച്ചു നാലൊന്നു ശേഷിപ്പിച്ച് അരിച്ചെടുത്തു ആറിയശേഷം രണ്ടുതുലാം ശൎക്കരയും ൧൬ പലം താതിരിപ്പൂവും, തിപ്പലിയും, കാട്ടുമുളകിൻവേരും, ചുക്കും തിപ്പലിമൂലവും കൊടുവേലിക്കിഴങ്ങും ഏലത്തരിയും ഇലവംഗത്തൊലിയും പച്ചിലയും ത്രിഫലത്തോടുകളും ഒരുപലംവീതം കൂട്ടിപ്പൊടിച്ചു അതിലിട്ടുനെ

യ്പുരട്ടിപ്പഴകിയ കുടത്തിൽ വച്ചിരുന്നു ഒരുമാസംകഴിഞ്ഞു സേവിക്കുക ഉദരത്തിലുണ്ടാകുന്ന രോഗങ്ങളെ വേഗം കളയും ഗ്രഹണി പാണ്ഡുരോഗം ഹൃദ്രോഗം പ്ലീഹ ഗുല്മം ഉദരങ്ങൾ കുഷ്ഠം വീക്കം അരോചകം ഇവയെയും കളയും.

ദശമൂലാരിഷ്ടം.

മൂ—പൎണ്ണ്യൌബൃഹത്യൌഗോകണ്ടോബില്വാഗ്നിമന്ഥശ്യോനാകഃ
പാടലാകാശ്മരീചേതിദശമൂലമിഹോച്യതേ
ദശമൂലാനികുൎവ്വീതഭാഗൈഃ പഞ്ചപലൈഃപൃഥൿ
പഞ്ചവിംശല്പലംകുൎയ്യാച്ചിത്രകംപൌഷ്കരംതഥാ
കുൎയ്യാദ്വിംശൽപലംലോധ്രംഗുളൂചീതത്സമാഭവേൽ
പലൈഃഷോഡശഭിൎദ്ധാത്രീദ്വിസംഖ്യൈൎദ്ദുരാലഭാ
ഖദിരോബീജസാരശ്ചപഥ്യാചേതിപൃഥൿപലൈഃ
അഷ്ടദിഗ്ഗുണിതൈഃകുഷ്ഠംമഞ്ജിഷ്ഠാദേവദാരുച
വിഡംഗംമധുകംഭാൎങ്ഗീകപിത്ഥാക്ഷഃപുനൎന്നവാ
ചവ്യംമാംസീപ്രിയംഗുശ്ചസാരിവാകൃഷ്ണജീരകം
ത്രിവൃതാരേണുകംരാസ്നാപിപ്പലീക്രമുകഃശഠീ
ഹരിദ്രാശതപുഷ്പാചപത്മകംനാഗകേസരം
മുസ്തമിന്ദ്രയവഃശൃംഗീജീവകൎഷഭകൌതഥാ
മേദാചാന്യാമഹാമേദാകാകോല്യൌഋദ്ധിവൃദ്ധികേ
കുൎയ്യാൽപൃഥഗ്ദ്വിപലികാൻപചേദഷ്ടഗുണേജലേ
ചതുൎത്ഥാംശംശൃതംനീത്വാമൃദ്ഭാണ്ഡേസന്നിധാപയേൽ
ചതുഃഷഷ്ടിപലാംദ്രാക്ഷാംപചേന്നീരേചതുൎഗ്ഗുണേ
ത്രിപാദശേഷശീതംചപൂൎവ്വകാഥേശൃതംക്ഷിപേൽ
ദ്വാത്രിംശല്പലികംക്ഷൌദ്രംദദ്യാദ്ഗുഡചതുഃശതം
ത്രിംശൽപലാനിധാതക്യാഃകങ്കോലംജലചന്ദനം
ജാതീഫലംലവംഗംചത്വഗേലാപത്രകേസരം
പിപ്പലീചേതിസംചൂൎണ്യഭാഗൈൎദ്വിപലികൈഃപൃഥൿ
ശാണമാത്രാംചകസ്തൂരീംസൎവ്വമേകത്രനിക്ഷിപേൽ
ഭൂമൌനിഖാതയേദ്ഭാണ്ഡംതതോജാതരസംപിബേൽ
കതകസ്യഫലംക്ഷിപ്ത്വാരസംനിൎമ്മലതാംനയേൽ
ഗ്രഹണീമരുചിംശൂലംശ്വാസംകാസംഭഗന്ദരം
വാതവ്യാധിംക്ഷയംഛൎദ്ദിംപാണ്ഡുരോഗംചകാമലാം
കുഷ്ഠാന്യൎശാംസിമേഹാംശ്ചമന്ദാഗ്നിമുദരാണിച
ശൎക്കരാമശ്മരീംമൂത്രകൃച്ഛ്രംധാതുക്ഷയംജയേൽ
കൃശാനാംപുഷ്ടിജനനോവന്ധ്യാനാംഗൎഭദഃപരം
അരിഷ്ടോദശമൂലാഖ്യസ്തേജഃശുക്രബലപ്രദഃ

വ്യാ—ഓരിലവേർ, മുവ്വിലവേർ, ചെറുവഴുതിനവേർ, കണ്ടകാ രിവേർ ഞെരിഞ്ഞിലിൻവേർ കൂവളത്തിൻവേർ മുഞ്ഞവേർ പല കപ്പയ്യാനിവേർ പാതിരിവേർ കുമിഴിൻവേർ ഇവ പ്രത്യേകം അ ഞ്ചുപലംവീതം ൨൫ പലം കൊട്ടുവേലിക്കിഴങ്ങ, ൨൫ പലം പുഷ്കര മൂലം ൨൦ പലം പാച്ചോറ്റിത്തൊലി ൨൦ പലം അമൃതു ൧൨൫ പ ലം നെല്ലിക്കത്തോട്ടു, ൧൨ പലം കൊടിത്തൂവവേർ കരിങ്ങാലി മാതളനാരകം കടുക്കാത്തോട്ട് ഇവ പ്രത്യേകം എട്ടുപലം വീതം കൊട്ടം മഞ്ചട്ടി ദേവതാരം വിഴാലരി ഇരട്ടിമധുരം ചെറുതേക്ക് പ്ലാശ്മരത്തൊലി താന്നിക്കത്തോട്ടു തഴുതാമവേർ കാട്ടുമുളകിൻവേർ മാഞ്ചി ഞാഴൽപൂ നറുനീണ്ടിക്കിഴങ്ങു കരിഞ്ജീരകം ത്രികോല്പ ക്കൊന്ന അരേണുകം ചിററരത്ത തിപ്പലി കാട്ടുരയാലിൻവേർ ക ച്ചോലം മരമഞ്ഞൾത്തൊലി ശതകുപ്പ പത്മകം നാഗപ്പൂ മുത്തങ്ങ കുടകപ്പാലയരി കക്കടശൃംഗി ജീവകം ഇടവകം മേദ മഹാമേദ കാ കോളി ക്ഷീരകാകോളി ഋദ്ധി വൃദ്ധി ഇവ പ്രത്യേകം രണ്ടുപലം വീ തം ഇവയെ എട്ടുഗുണം വെള്ളത്തിലിട്ടു പചിച്ചു നാലിലൊന്നു ശേഷിപ്പിച്ചു നെയ്പുരട്ടി പഴകിയ മൺപാത്രത്തിലാക്കി ൩൭൫ പ ലം മുന്തിരിങ്ങാപ്പഴം നാലുമടങ്ങു വെള്ളത്തിലിട്ടു പചിച്ചു മൂന്നി ലൊന്നാക്കി ആറിയശേഷം അരിച്ചു മററെ കഷായത്തോടു കല ത്തി രണ്ടിടങ്ങഴി തേനും നാലുതുലാംശക്കരയും മുപ്പതുപലം താതി രിപ്പൂവും തക്കോലം ഇരുവേലി ചന്ദനം ജാതിക്കായ് ഗ്രാമ്പൂവ് ഇ ലവംഗത്തൊലി ഏലത്തരി പച്ചില നാഗപ്പൂവു തിപ്പലി ഇവ പ്രത്യേകം രണ്ടുപലം വീതം പൊടിച്ചിട്ടു മുക്കാൽകഴഞ്ചു കസ്തൂരി യും ചേൎത്തു യോജിപ്പിച്ച് അടച്ചു ശീലമൺചെയ്തു ഭൂമിയിൽ കു ഴിച്ചുവച്ചു രസം പുറപ്പെട്ടു എന്നറിഞ്ഞ ശേഷം എടുത്തു സേവി ക്കുക. ഗ്രഹണി അരുചി ശൂലം ശ്വാസം കാസം (ഗ്രന്ഥമിതികാചിൽ പാഠഃ) ശ്വാസരോഗം ഛൎദ്ദി ഭഗന്ദരം വാതരോഗം ക്ഷയം ഛൎദ്ദി പാണ്ഡുരോഗം കാമല കുഷ്ഠങ്ങൾ അശ്സ്സുകൾ മേഹങ്ങൾ അഗ്നി മാന്ദ്യം ഉദരരോഗങ്ങൾ ശൎക്കര അശ്മരി മൂത്രകൃച്ഛ്രം ധാതുക്ഷയം ഇവയെ കളയും മെലിഞ്ഞവരെ തടിപ്പിക്കും വന്ധ്യകൾക്ക ഏ റവും പുത്രലാഭത്തെച്ചെയ്യും ദശമൂലം എന്നു പേരുള്ള അരിഷ്ടം തേജസ്സിനെയും ശുക്ലത്തെയും ബലത്തെയും ചെയ്യും.

അഥൈകാദശോധ്യായഃ

തത്രധാതവഃ

(ധാതുദ്രവ്യങ്ങളുടെ ശോധനമാരണവിധികൾ.)

മൂ—സ്വൎണ്ണതാരാരതാമ്രാണി നാഗവംഗൌ ച തീക്ഷ്ണകം

ധാതവഃസപ്തവിഃജ്ഞേയാ സൂതസ്താൻശോധയേദ്ബുധഃ
സ്വർണ്ണതാരാരതാമ്രായഃ പത്രാണ്യഗ്നൗപ്രതാപയേൽ
നിഷിഞ്ചേത്തപ്തതപ്താനി തൈലേതക്രേചകാഞ്ചികേ
ഗോമൂത്രേചകുലത്ഥാനാംകഷായേചത്രിധാത്രിധാ
ഏവംസ്വർണ്ണാദിലോഹാനാം വിശുദ്ധിഃസംപ്രജായതേ

വ്യാ—സ്വർണ്ണം വെള്ളി പിച്ചള ചെമ്പു നാഗം വാങ്കം ഉരുക്ക ഇങ്ങനെ ധാതുക്കൾ ഏഴുവകയാകുന്നു. സ്വർണ്ണം വെള്ളി പിച്ചള ചെമ്പു ഇവയുടെ തകിടുകളെ അഗ്നിയിൽഇട്ടു പഴുപ്പിച്ചു എണ്ണയിലും മോരിലും കാടിയിലും ഗോമൂത്രത്തിലും മുതിരക്കഷായത്തിലും മൂന്നുപ്രാവശ്യംവീതം കാച്ചിമുക്കണം ഇങ്ങനെ ചെയ്യുന്നതിൽനിന്നുംസ്വർണ്ണം മുതലായ ലോഹങ്ങൾശുദ്ധങ്ങളായിത്തീരുന്നു.

മൂ—നാഗവംഗൌപ്രതപ്തൌചഗാലിതൌതൌനിഷേചയേൽ
ത്രിധാത്രിധാവിശുദ്ധിഃസ്യാദ്രവിദുഗ്ദ്ധേനചത്രിധാ

വ്യാ—നാഗവും വങ്കവും അഗ്നിയിലിട്ടു പഴുപ്പിച്ചു മുമ്പറഞ്ഞവയിൽ മൂന്നുപ്രാവശ്യംവീതം മുക്കണം പിന്നീടു എരുക്കിൻപാലിൽ മൂന്നുപ്രാവശ്യംമുക്കണം ഇങ്ങനെ ചെയ്താൽ അവ ശുദ്ധങ്ങളായിത്തീരുന്നു.

സ്വർണ്ണഭസ്മം.

മൂ—സ്വർണ്ണാച്ചദ്വിഗുണംസൂതമമ്ലേനസഹമർദ്ദയേൽ
തദ്ഗോളകേസമംഗന്ധംനിദധ്യാദധരോത്തരം
ഗോളകംചതതോരുന്ധ്യാച്ഛരാവദൃഢസമ്പുടെ
ത്രിംശദ്വനോപലൈർദ്ദദ്യാൽപുടാന്യേവം ചതുർദ്ദശ
നിരുത്ഥംജായതേഭസ്മഗന്ധോദേയഃപുനഃപുനഃ

വ്യാ—ശുദ്ധിചെയ്ത സ്വർണ്ണത്തിൽനിന്നും ശുദ്ധിചെയ്തരസം ഇരട്ടി രണ്ടുംചേർത്തു ജോനകനാരങ്ങാരസത്തിൽ അരയ്ക്കുക അരച്ചുണ്ടാകുന്ന ഉരുളയോടു സമം ഗന്ധകം എടുത്തു ആ ഉരുളയുടെ അടിയിലും മുകളിലും വച്ചു മൂടിമൂശയ്ക്കകത്താക്കി ബന്ധിച്ചു മുപ്പതുവറളയിൽ പുടം ചെയ്യണം. ഇങ്ങനെ പതിന്നാലു പുടംചെയ്യണം ഓരോപ്രാവശ്യവും പ്രത്യേകപ്രത്യേകം ഗന്ധകം ചേർക്കണം പതിന്നാലുപുടം കഴിയുമ്പോൾ ഭസ്മമായിത്തീരും.

സ്വർണ്ണഭസ്മം (വേറൊന്നു)

മൂ— കാഞ്ചനേഗാളതേനാഗം ഷോഡശാംശേനനിക്ഷിപേൽ
ചൂർണ്ണയിത്വാതഥാമ്ലേനഘൃഷ്ട്വാകൃത്വാചഗോളകം
ഗോളകേനസമംഗന്ധംദത്വാചൈവാധരോത്തരം
ശരാവസമ്പുടെധൃത്വാപുടേത്രിംശദ്വനോപലൈഃ
ഏവംസപ്തപുടേഹേമനിരുത്ഥംഭസ്മജായതേ

വ്യാ—സ്വൎണ്ണം ഉരുകിനിൽക്കുമ്പോൾ അതിൻെറ പതിനാറിൽ ഒരംശം ശുദ്ധിചെയ്ത നാഗം ചേൎക്കുക. പിന്നീട്ടു അതിനെ പൊടിച്ചു ജോനനാരങ്ങാരസത്തിൽ അരച്ചുരുളയാക്കുക. ആ ഉരുളയോടു സമം ശുദ്ധിചെയ്ത ഗന്ധകത്തെ അതിൻെറ അടിയിലും മീതെയുമായി വച്ചു പൊതിയുക പിന്നീട്ടു ശരാവസമ്പുടത്തിലാക്കി മുപ്പതു വരളിയിൽ പുടംചെയ്ക. ഇങ്ങിനെ ഏഴുപുടംചെയ്താൽ സ്വൎണ്ണം ഭസ്മമാകും.

സ്വൎണ്ണഭസ്മം (മറ്റൊന്നു)

മൂ— കാഞ്ചനാരരസൈസ്സൎവ്വൈഃ സമസൂതകഗന്ധയോഃ
കജ്ജളീഃഹമപത്രാണിദലപഃയൽസമമാത്രയാ
കാഞ്ചനാരത്വചഃകല്കംമൂഷായുഗ്മംപ്രകല്പയേൽ
ധൃത്വാതത്സംപുഃടഗോളംമൻമൂഷാസംമ്പുഃടചതൽ
നിധായസന്ധിഃരാധംചകൃത്വാസംശോഷ്യഃഗാമയൈഃ
വഹ്നിം ഖരതരംകുൎയ്യാദേവംദദ്യാൽപുടത്രയം
നിരുത്ഥംജായതേഭസ്മംസൎവ്വകാൎയ്യേഷുഃയാജയേൽ

സാ—വലിയമലയകത്തിത്തൊലിയുടെ രസത്തിൽ ശുദ്ധിചെയ്ത രസവും ഗന്ധകവും അരച്ചു ചെളിയാക്കി അതിനെ സ്വൎണ്ണത്തകിട്ടുകളിൽ പൂശുക. സമമാത്രയായിരിക്കണം വലിയ മലയകത്തിത്തൊലി അരച്ചു രണ്ടുമൂശകൾ ഉണ്ടാക്കണം അവയിൽ ഒന്നിനകത്തു മേൽപറഞ്ഞ സ്വൎണ്ണത്തകിട്ടുകളെ വച്ചു അടച്ചു ശീലമൺചെയ്തു പൊതിഞ്ഞു സന്ധികളെ നല്ലപോലെ അടച്ചു ചാണകംതേച്ചുണക്കുക. പിന്നീട്ടു ഖരതരമായ അഗ്നിയുണ്ടാക്കി അതിൽവച്ചു ദഹിപ്പിക്കുക ഇങ്ങിനെ മൂന്നുപുടം ചെയ്യുന്നതും അതുകൊണ്ടു സ്വൎണ്ണം ഭസ്മമായിതീരുന്നു. ഈ ഭസ്മത്തെ സൎവ്വകാൎയ്യങ്ങളിലും യോജിപ്പിക്കാം.

ഹേമമൃതി.

മൂ— കാഞ്ചനാരപ്രകാരേണലാംഗലീഹന്തികാഞ്ചനം
ജ്വാലാമുഖീതഥാഹന്ത്യാത്തഥാഹന്തിമനഃശിലാ
ശിലാസിന്ദൂരയോചൂൎണ്ണംസമയോരൎക്കദുഗ്ധകൈഃ
സപ്തൈവ വനാദദ്യാദ്ധരാഷഃയച്ചപുനഃപുനഃ
തതസ്തുഗാളിതേഹേമ്നികല്ക്കോയംഢിയഃതസമഃ
പുനൎദ്ധ്മാതതരാംയഥാകല്ക്കോവലീയതേ
ഏവംവേലാത്രയംദദ്യാൽകല്ക്കംഹേമമൃതിഃഭവൽ

വ്യാ—വലിയമലയകത്തിത്തൊലികൊണ്ടും ചെറുതിപ്പലികൊണ്ടും മേന്തോന്നികൊണ്ടും സ്വൎണ്ണത്തെയും മനഃശിലയേയും ശമിപ്പിക്കാം.

ശിലാസിന്ദൂരങ്ങളുടെ മനയോലയും സിന്ദൂരവും ചൂൎണ്ണം സമമായി എരുക്കിൻപാലിൽ അരച്ച ഉണക്കണം ഉണങ്ങിയശേഷം എരുക്കിൻപാലൊഴിച്ച പിന്നെയും അരക്കണം ഇങ്ങനെ ഏഴ പ്രാവശ്യം ചെയ്യണം ഇപ്രകാരം തയ്യാറാക്കിയിരിക്കുന്ന ശിലാസിന്ദൂരകല്ലത്തെ സ്വൎണ്ണം ഉരുകിനില്ക്കുമ്പോൾ സ്വൎണ്ണത്തിന്റെ തൂക്കത്തോളം ഇടുക പിന്നീടു എടുത്തു ആറിയശേഷം വീണ്ടുംതയ്യിൽ ഉരുക്കി മുമ്പറഞ്ഞ കല്ലത്തെ ഇടുക ഇങ്ങനെ മൂന്നുതവണ ചെയ്യണം അതുകൊണ്ടു സ്വൎണ്ണത്തിന്നു മാരണം സിദ്ധിക്കുന്നു.

സ്വൎണ്ണഭസ്മം.

മൂ— പാരാവതമലൈല്ലിമ്പേ ദഗ്ധ വാകുക്കുടോദ്ഭവൈഃ
ഹൈമപത്രാണിതേഷാംചപ്രദദ്യാദധരോത്തരം
ഗന്ധചൂൎണ്ണംസമംദത്വാശരാവയുഗസമ്പുടെ
പ്രദദ്യാൽകുക്കുടപുടംപഞ്ചഭാർഗോമയോപലൈഃ
ഏവംനവപുടാന്ദദ്യാദ്ദശമംചമഹാപുടം
ത്രിംശദ്വനോപലൈൎദ്ദ്യയംജായതേഹേമഭസ്മകം
സുവൎണ്ണംചഭവേത്സ്വാദുതിക്തംസ്നിഗ്ദ്ധംഹിമംഗുരു
ബുദ്ധിവിദ്യാസ്മൃതികരംവിഷഹാരിരസായനം.

വ്യാ—മാടപ്രാവിന്റെയോ കോഴിയുടെയോ മലത്തെ സ്വൎണ്ണത്തകിടുകളിൽ തേച്ച അടിയിലും മീതെയും ആ മലത്തെ ഇട്ടു തകിടുകളെ നടുവിൽ വച്ച സ്വൎണ്ണത്തിന്റെ തൂക്കത്തിന്നുസമം ശുദ്ധഗന്ധകം ഇട്ടു ശരാവത്തിനകത്താക്കി അടച്ച ശീലമൺചെയ്തു കുക്കുടപുടത്തെച്ചെയ്യണം അഞ്ചുവറളിയിൽ ഇടുന്ന പുടത്തിന്നു കുക്കുടപുടമെന്നുപേർ ഇങ്ങനെ പുടമിട്ടു ആറിയശേഷം എടുത്തു മുമ്പറഞ്ഞതുപോലെ വീണ്ടും ചെയ്തുപുടമിടുക ഈവിധം ഉൻപതുപുടം ചെയ്യണം പത്താമതായി മഹാപുടം ചെയ്യണം അതായതു മുപ്പതുവറളിയിൽ ഒരു പുടംചെയ്യുക സ്വൎണ്ണം ഭസ്മമാകും ഈ ഭസ്മം മധുരിച്ചും കച്ചും ഇരിക്കും സ്നിഗ്ദ്ധമാകുന്നു. ഹിമമായും ഗുരുവായും ഭവിക്കുന്നു. ബുദ്ധിയേയും വിദ്യയേയും ഓൎമ്മയേയും ഉണ്ടാക്കും വിഷങ്ങളെക്കളയും രസായനഗുണമുള്ളതാകുന്നു.

വെള്ളിഭസ്മം.

മൂ— ഭാഗൈകംതാളകംമൎദ്ദ്യംയാമമമ്ലേനകേനചിൽ
തേനഭാഗത്രയംതാരപത്രാണിപരിലേപയേൽ
ധൃത്വാമൂഷാപുടേരുദ്ധ്വാപുടേത്രിംശദ്വനോപലൈഃ
സമുദ്ധൃത്യപുനസ്താലംദത്വാരുദ്ധ്വാപുടേപചേൽ
ഏവംചതുൎദ്ദശപുടൈസ്താരംഭസ്മപ്രജായതേ

വ്യാ—ഒരുഭാഗംതാളകത്തെ അമ്ലംചേൎത്തു ഒരുയാമം അരച്ച അതു

കൊണ്ടു മൂന്നുഭാഗം ശുദ്ധിചെയ്യു വെള്ളിത്തകടുകളിൽ തേച്ചു പൊതിയുക. അതിൻെറശേഷം മൂശയിലാക്കി അടച്ചു മുപ്പതു വായിൽ ഒരുപുടംചെയ്ക. പിന്നീടു എടുത്തുതാളകംചേത്തു വീണ്ടും മൂശയിൽ അടച്ചു പുടംചെയ്ക. ഇങ്ങനെ പതിന്നാലുപുടംചെയ്ക. വെള്ളിഭസ്മമാകും. ഇവിടെഅമ്ലമെന്നതുമാതളനാരകരസമാകുന്നു.

വെള്ളിഭസ്മം (വേറൊന്നു)

മൂ— സ്നുഹീക്ഷീരേണസംപിഷ്ടംമാക്ഷികംതേനലേപയേൽ
താലകസ്യപ്രകാരേണതാരപത്രാണിബുദ്ധിമാൻ
പുടേച്ചതുർദ്ദശപുടൈസ്താരംഭസ്മപ്രജായതേ

വ്യാ— ചതുരക്കള്ളിയുടെ പാലിൽ മാക്കീരക്കല്ലരച്ചു താലകംകൊണ്ടുചെയ്യുന്നതിൽ പറഞ്ഞതുപോലെശുദ്ധിചെയ്യു വെള്ളിത്തകടുകളിൽതേച്ചുപൊതിഞ്ഞു പതിന്നാലുപുടംചെയ്ക വെള്ളിഭസ്മമാകും

താമ്രഭസ്മം (ചെമ്പിൻഭസ്മം).

മൂ— സൂക്ഷ്മാണിതാമ്രപത്രാണികൃത്വാസംസ്വേദയേദ്ബുധഃ
വാസരത്രയമമ്ലേനതതഃഖല്വവിനിക്ഷിപേൽ
പാദാംശംസൂതകംദത്വായാമമമ്ലേനമർദ്ദയേൽ
തതഉദ്ധൃത്യപത്രാണിലേപയേദ്വിഗുണേനച
ഗന്ധകനാമ്ലഘൃഷ്ടേനതസ്യകുര്യാച്ചഗോളകം
തതഃപിഷ്ട്വാചമീനാക്ഷീംചാംഗേരീംവാപുനർന്നവാം
തൽകല്ക്കേനബഹിർഗ്ഗോളംലേപയേദംഗുലോന്മിതം
ധൃത്വാതദ്ഗോളകംഭാണ്ഡേശരാവേണചരോധയേൽ
വാലുകാഭിപ്രപൂര്യാഥവിഭൂതിലവണാംബുഭിഃ
ദത്വാഭാണ്ഡമുഖേമുദ്രാംതതശ്ചൂല്യാംവിപാചയേൽ
ക്രമവൃദ്ധ്യഗ്നിനാസമ്യഗ്യാവദ്യാമചതുഷ്ടയം
സ്വാംഗശീതളമുദ്ധൃത്യമർദ്ദയേൽസൂരണദ്രവൈഃ
ദിനൈകംഗോളകംകുര്യാദ്ദ്ഗന്ധനലേപയേൽ
സംല്യതനതതോമൂഷാംപുടേഗജപുടേപചേൽ
സ്വാംഗശീതംസമുദ്ധൃത്യമൃതംതാമ്രംശുഭംഭവേൽ
വാന്തിംഭ്രാന്തിംക്ലമംമൂർഛാംനകരോതികദാചന

വ്യാ— സ്വർണ്ണംമുതലായലോഹങ്ങൾക്കപറഞ്ഞശുദ്ധിയാകുന്നുള്ളതിനും ഉള്ളതു. അങ്ങിനെ ശോധനചെയ്യു ചെമ്പിനെ ചെറിയ തകടുകളായിത്തട്ടി മാതളനാരങ്ങാരസത്തിൽഇട്ടു മൂന്നുദിവസംതീയെരിച്ചു പചിക്കുക. പിന്നീടു എടുത്തു നാലൊന്നു ശോധനമാരണങ്ങളെക്കൊണ്ടുദോഷംകളഞ്ഞിട്ടുള്ളരസംകൂട്ടി ഒരുയാമം മാതളനാരങ്ങാരസംവിഴ്ത്തി അരയ്ക്കുക. അതിൻെറശേഷം ആ ചെമ്പുതകടുകളെ എടുത്തു മാതളനാരങ്ങാരസംചേത്തരച്ചഗന്ധകംഇരട്ടി

ആ തകടുകളിൽ വുരട്ടി പൊതിഞ്ഞു ഗോളമാക്കിച്ചെയ്യണം പിന്നീടു മീനങ്ങാണ്ണിയോ പുളിയാരിലോ തമിഴാമയോ അരച്ചു മുമ്പറഞ്ഞഗോളകത്തിന്റെ മീതേ പൊതിയണം ഇതുരംഗുലംഘനത്തിലായിരിക്കണം ആ ഗോളകത്തെ മൂശയ്ക്കകത്താക്കി അടച്ചുവാലുകായന്ത്രത്തിൽവച്ചു ക്രമപ്രവൃദ്ധമായിരിക്കുന്ന അഗ്നികൊച്ചു വഴിപോലെ നാലുയാമം തീയെരിക്കണം അതിന്റെശേഷം ആറിയിട്ടു എടുക്കണം കാട്ടുചേനയുടെ രസത്തിൽ ഒരു ദിവസം അരച്ചതായ ഗന്ധകം തന്നെ ചേർത്തു ലേപനംചെയ്തു ഗോളകമാക്കുക മൂശയ്ക്കകത്താക്കി അടച്ചു ഗജപുടംചെയ്യുക പിന്നീടു ആറിയശേഷം എടുത്തു സൂക്ഷിക്കുക ഇങ്ങിനെ മൃതം ആയിരിക്കുന്ന താമ്രം ഏറാവും ശുദ്ധ(ദോഷരഹിത)മായതാകുന്നു. അതു ഛർദ്ദിയേയും, തലതിരിച്ചിലിനേയും, ക്ലമത്തെയും, ചുഴൽച്ചയേയും ഒരിക്കലുമുണ്ടാക്കുന്നില്ല.

പിച്ചള.

മൂ— അൎക്കക്ഷീരേണസംപിഷ്ടോ ഗന്ധകസ്തേനലേപയേൽ
സമേനാരസ്യപത്രാണി ശുദ്ധ്യാന്യമ്ലദലൈവെമ്മുഹുഃ
തതോമൂഷാപുടദ്ധ്വതാ പുടേൽഗജപുടേനച
ഏവംപുടദ്വയേനൈവ ഭസ്മാരംഭവതിധ്രുവം.

വ്യാ— എരിക്കിൻപാലിൽ ശുദ്ധഗന്ധകം ചേർത്തരച്ചു അതുകൊണ്ടു ശോധിതമായിരിക്കുന്ന പിച്ചളത്തകിടുകളിൽ തേച്ചു പൊതിഞ്ഞു മൂശയ്ക്കകത്തുവെച്ചു അടച്ചു ഗജപുടംചെയ്ക. ഇങ്ങിനെ രണ്ടുപുടം ചെയ്ക. പിച്ചള വേഗം ഭസ്മമായിത്തീരും.

വെള്ളോട്.

മൂ— ആരവൽകാംസ്യമപ്യേവം ഭസ്മതാംയാതിനിശ്ചിതം

വ്യാ— പിച്ചളയ്ക്കു പറഞ്ഞവിധമുള്ള പ്രവൃത്തികൾ ചെയ്താൽ ശോധിതമായിരിക്കുന്ന വെള്ളോടു ഭസ്മമായിത്തീരും. ഇതു സന്ദേഹമില്ലാത്തതാകുന്നു.

നാഗം.

മൂ— അൎക്കക്ഷീരംവടക്ഷീരം നിർഗ്ഗുണ്ഡീക്ഷീരകംതഥാ
താമ്രരീതിദ്വിനിവദ്ധേ സമഗന്ധകയോഗതഃ
താംബൂലീരസസംപിഷ്ടഃ ശിലാലേപാൽപുനഃപുനഃ
ദ്വാത്രിംശദ്ഭിഃപുടൈർന്നാഗോ നിരുത്ഥോയാതിഭസ്മതാം.

വ്യാ— എരുക്കിന്റെ പാൽ, പേരാലിന്റെ പാൽ, കരുനൊച്ചി, രസം, പഴഞ്ഞൺപാലയുടെ രസം, ഇവയിൽ സമമായ ഗന്ധകം ചേർത്തരച്ചു പൊതിഞ്ഞു പുടംചെയ്താൽ ചെമ്പും പിച്ചളയും ഓടും ഭസ്മമാകും.

നാഗം.

മൂ— താംബൂലിരസസംപിഷ്ടഃ ശിലാലേപാൽപുനഃപുനഃ
ദ്വാത്രിംശത്ഭിഃപുടൈന്നാഃഗാ നിരുത്ഥായാതിഭസ്മതാം.

വ്യാ—വെററലക്കൊടിയുടെ രസത്തിൽമനഃശിലയരച്ച നാഗത്തിൽ പൊതിഞ്ഞു പുടം ചെയ്ക. ഇങ്ങനെ മുപ്പത്തിരണ്ടു പ്രാവശ്യം പുടംചെയ്ക നാഗം ഭസ്മമാകും.

നാഗം.

മൂ— അശ്വത്ഥചിഞ്ചാത്വക്ചൂൎണ്ണം ചതുൎത്ഥാംശേനനിക്ഷിപേൽ
മൃൽപാത്രേദ്രാവിതനാഗേ ലോഹദൎവ്യാപ്രചാലയേൽ
യാമൈകേനഭവേൽഭസ്മ തത്തുല്യാംചമനഃശിലാം
കാഞ്ജികേനദ്വയംപിഷ്ട്വാ പചേദ്ദൃഢപുടേനച
സ്വാംഗശീതംപുനഃപിഷ്ട്വാ ശിലയാകാഞ്ജികേനച
പുനഃപുടേച്ഛരാവാഭ്യാ മേവംഷഷ്ടിപുടൈൎമ്മൃതിഃ.

വ്യാ— പേരാൽത്തൊലി കോൽപ്പുളി ഗവയുടെ തൊലി നാഗത്തിൻെറ തൂക്കത്തിൽ നാലിൽ ഒന്നു പൊടിച്ച ഒരു മണ്പാത്രത്തിൽ ഉരുകി നിൽക്കുന്ന നാഗത്തിൽ ഇടുക ഇരുമ്പുതവി കൊണ്ടു ഉരുകിയ നാഗത്തെയും മേല്പറഞ്ഞ പൊടിയേയും തമ്മിൽ യോജിപ്പിക്കുക. ഇങ്ങനെ ഒരു യാമം ചെയ്യുമ്പോൾ അതു ഭസ്മമായിത്തീരും. ആ ഭസ്മത്തോടു സമം മനഃയാലയും ചേൎത്തു രണ്ടിനേയും കാടി വീൎത്തി അരച്ച ഒരു ദൃഢപുടം ചെയ്യുക. ആറിയശേഷം എടുത്തു പിന്നെയും മനഃശിലചേൎത്തു കാടിവീൎത്തി അരയ്ക്കുക. അതിനെ ശരാവത്തിൽ ആക്കി പിന്നെയും പുടംചെയ്യുക. ഇങ്ങനെ ആറുപുടം ചെയ്ക നാഗം ഭസ്മമാകും.

വംഗം.

മൂ— മൃൽപാത്രേദ്രാവിതേവംഗേ ചിഞ്ചാശ്വത്ഥത്വചോരജഃ
ക്ഷിപ്ത്വാതേനചതുൎത്ഥാംശ മഃയാദൎവ്യാപ്രചാലയേൽ
തതോദ്വിയാമമാത്രേണ വംഗഭസ്മപ്രജായതേ
അഥഭസ്മസമംതാലം ക്ഷിപ്ത്വാമ്ലനപ്രമൎദ്ദയേൽ
തതോഗജപുടേപക്ത്വാ പുനരമ്ലേനമൎദ്ദയേൽ
താലേനദശമാംശേന യാമമേകംതതഃപുടേൽ
ഏവംദശപുടൈഃപക്വാ വംഗസ്സ്രിയതേധ്രുവം.

വ്യാ— മൺപാത്രത്തിൽ ഉരുകിനിൽക്കുന്ന വംഗത്തിൽ കോൽപ്പുളിയുടേയും പേരാലിൻേറയും തൊലി പൊടിച്ചിടുക അതു വംഗത്തിൻെറ മാത്രയിൽനിന്നും നാലിലൊന്നായിരിക്കണം. അതിനെ ഇരുമ്പുതവികൊണ്ടു ഇളക്കണം. ഇങ്ങനെ രണ്ടുയാമം ചെല്ലുമ്പോൾ വംഗം ഭസ്മമായിത്തീരും. ആ ഭസ്മത്തോടു തുല്യം

ശുദ്ധിചെയ്തു ഹരിതാലം ചേൎത്തു മാതളനാരകപ്പുളിരസത്തിൽ അരയ്ക്കുക. പിന്നീടു ഗജപുടംചെയ്ക. പിന്നെയും മാതളനാരകരസത്തിൽ പത്തിലൊന്നു ഹരിതാലംചേൎത്തു ഒരു യാമം അരച്ചു പുടം ചെയ്ക. ഇങ്ങനെ പത്തുപുടം ചെയ്യുമ്പോൾ വംഗം വേഗം ശമിക്കും.

ഇരിമ്പ

മൂ— ശുദ്ധംലോഹഭവംചൂൎണ്ണം പാതാളഗരുഡീരസൈഃ
മൎദ്ദയിത്വാപുടേദ്വഹ്നൗ ദദ്യാദേവംപുടത്രയം
പുടത്രയംകുമാൎയ്യാശ്ച കുഠാരച്ഛിന്നികാരസൈഃ
പുടഷൾകംതതോദദ്യാ ദേവംതീക്ഷ്ണമൃതിൎഭവേൽ
ക്ഷിപേദ്വാദശമാംശേന ദരദംതീക്ഷ്ണചൂൎണ്ണകഃ
മൎദ്ദയേൽകന്യകാദ്രാവൈ ൎയ്യാമയുഗ്മംതതഃപുടേൽ
ഏവംസപ്തപുടൈൎമ്മൃത്യുൎലോഹചൂൎണ്ണമവാപ്നുയാൽ
രസൈഃകുഠാരഛിന്നായാഃ പാതാളഗരുഡീരസൈഃ
സൂഃന്യേനചാക്ഷ്ദ്രഃശ്ച്ധന തീക്ഷ്ണസ്യൈവംമൃതിൎഭവേൽ.

വ്യാ— ശുദ്ധമായിരിക്കുന്ന ലോഹചൂൎണ്ണത്തെ പാതാളഗരുഡക്കൊടിയുടെ രസത്തിൽ അരച്ചു പുടംചെയ്ക ഇങ്ങനെ മൂന്നു പുടം ചെയ്ക. കററവാഴരസത്തിൽ അരച്ചു മൂന്നു പുടം ചെയ്ക. അമൃതിന്റെ രസത്തിൽ അരച്ചു ആറുപുടം ചെയ്ക ലോഹം ഭസ്മമാകും. ലോഹചൂൎണ്ണത്തിൽനിന്നു പന്ത്രണ്ടിൽ ഒന്നു ശുദ്ധിചെയ്തു ചായില്യം ചേൎത്തു കററവാഴയുടെ രസത്തിൽ രണ്ടുയാമം അരച്ചു പുടം ചെയ്ക ഇങ്ങിനെ ഏഴുപുടം ചെയ്ക ലോഹചൂൎണ്ണം ഭസ്മമാകും. അമൃതിന്റെ രസത്തിലൊ പാതാളഗരുഡക്കൊടിയുടെ രസത്തിലൊ ഉരുക്കു അരച്ചു പുടംചെയ്താൽ ഭസ്മമാകും.

ശോധനം.

മൂ— സൂതകാദ്വിഗുണംഗന്ധം ദത്വാകുൎയ്യാച്ചകജ്ജളീം
ദ്വയോഃസമംലോഹചൂൎണ്ണം മൎദ്ദയേൽകന്യകാദ്രവൈഃ
യാമയുഗ്മംതതഃപിണ്ഡം കൃത്വാതാമ്രസ്യപാത്രകേ
ഘൎമ്മേധൃത്വാല്ബുകസ്യ പത്രൈരാച്ഛാദയേൽബുധഃ
യാമാൎദ്ധേനോഷ്ണതാഭൂയാ ദ്ധാന്യരാശൗന്യസേത്തതഃ
ദത്വോപരിശരാവംതു ത്രിദിനാന്തേസമുദ്ധരേൽ
പിഷ്ട്വാചഗാളയേദ്വസ്ത്രാ ദേവംവാരിതരംഭവേൽ
ഏവംസൎവ്വാണിലോഹാനി സ്വൎണ്ണാദീന്യപിഗാളയേൽ.

വ്യാ— രസത്തിൽനിന്നും ഇരട്ടി ഗന്ധകം രണ്ടിനും സമം ലോഹചൂൎണ്ണം ഇവയെ കററവാഴരസത്തിൽ രണ്ടുയാമം അരയ്ക്കുക. പിന്നീടു അതിനെ പിണ്ഡമാക്കി ചെമ്പുപാത്രത്തിൽവെച്ചു വെയിലത്തു വയ്ക്കുക. വെയിലത്തു വയ്ക്കുമ്പോൾ ആവണക്കില

കൊണ്ടു മറച്ചിരിക്കണം അരയാമം വെയിൽകൊണ്ടു ചൂടു പിടിച്ച ശേഷം എടുത്തു മണ്ണാത്രംകൊണ്ടു അടച്ചു നെല്ലിൽ കഴിച്ചുവയ്ക്കുക. മൂന്നു ദിവസം കഴിഞ്ഞു എടുത്തു വസ്ത്രത്തിലാക്കി തിരുമ്മുക. വെള്ളം എന്നപോലെ വസ്ത്രത്തിൽനിന്നും നൂലുകളുടെ ഇടയിൽ കൂടി വീഴും. ഇങ്ങനെ സ്വർണ്ണം മുതലായ എല്ലാ ലോഹങ്ങളേയും ഗളിപ്പിക്കാം.

സർവ്വധാതുമാരണം.

മൂ— ശിലാഗന്ധാർക്കദുഗ്ദ്ധാക്താഃ സ്വർണ്ണാദ്യാഃസർവ്വധാതവഃ
മ്രിയന്തേദ്വാദശപുടൈഃ സത്യംഗുരുവചോയഥാ.

വ്യാ— മനഃശിലയും ഗന്ധകവും എരുക്കിൻപാലിലരച്ചു സ്വർണ്ണം മുതലായ ധാതുക്കളെ വെച്ചു പന്ത്രണ്ടു പുടം ചെയ്യാൽ അവ നിശ്ചയമായും മരിക്കും.

ഉപധാതുക്കൾ.

മൂ— മാക്ഷികംതുത്ഥകാഭ്രൌച നീലാഞ്ജനശിലാലകാഃ
രസകശ്ചേതിവിജ്ഞേയാ ഏതഃസപ്തോപധാതവഃ.

വ്യാ— മാക്കിരക്കല്ലു, തുത്ഥം, അഭ്രം, അഞ്ജനക്കല്ലു, മനഃശിലാ, അരിതാരം, കപ്പരിതുത്ഥം ഇവ ഏഴും ഉപധാതുക്കളാകുന്നു.

മാക്ഷികം.

മൂ— മാക്ഷികസ്യത്രയോഭാഗാ ഭാഗൈകംസൈന്ധവസ്യച
മാതുലുംഗദ്രവൈർവ്വാഥ ജംബീരോത്ഥദ്രവൈഃപചേൽ
ചാലയേല്ലോഹജപാത്രേ യാവൽപാത്രംതുലോഹിതം
ഭവതതതസ്തുസംശുദ്ധിംസ്വർണ്ണമാക്ഷികമൃഛതി
കുലത്ഥസ്യകഷായേണ ഘൃഷ്ട്വാതൈലേന വാപുടേൽ
തക്രേണവാജമൂത്രേണ മ്രിയതേസ്വർണ്ണമാക്ഷികം.

വ്യാ— മൂന്നുഭാഗം മാക്കിരക്കല്ലു ഒരു ഭാഗം ഇന്തുപ്പു ഇവ ഒരു ഇരുമ്പുപാത്രത്തിലാക്കി താളിമാതളരസമോ ജോനകനാരകരസമോ ഒഴിച്ചു പചിക്കുക. പാത്രം തികൊണ്ടു പഴുത്തു തീയുടെ നിറം വരുന്നേടത്തോളം തീയെരിക്കുക. മാക്കിരക്കല്ലു ശുദ്ധിയേയും മൃതിയേയും പ്രാപിക്കും. മോരോ, ആട്ടിൻമൂത്രമോ, മുതിരക്കഷായമോ എന്നിവയാ ചേൎത്തരച്ചു സ്വർണ്ണമാക്ഷികത്തെ പുടംചെയ്യാൽ അതു മരിക്കും.

താരമാക്ഷികം.

മൂ— കർക്കടീമേഷശൃംഗ്യുത്ഥദ്രവൈർജ്ജംബീരജെർദ്ദിനം
ഭാവയേദാതപേതീവ്രേവിമലാശുദ്ധ്യതിധ്രുവം

വ്യാ—കയ്പൻപാവലിന്റെയോ ആട്ടുതൊടാപ്പാലയുടെയോ ജോനകനാരകത്തിന്റെയോ രസത്തിൽ ഒരുദിവസം കഠിനമായ വെയിൽ വയ്ക്കണം എന്നാൽ താരമാക്ഷികം ശുദ്ധമാകും.

തുത്ഥം.

മൂ— വിഷ്ഠയാമർദ്ദയേത്തുത്ഥംമാർജ്ജാരകകപോതയോഃ
ദശാംശടങ്കണംദത്വാപചേൻമൃദ്വപുടേതതഃ
പുടംദധ്നാപുടംക്ഷൌദ്രൈർദ്ദേയംതുത്ഥവിശുദ്ധയേ

വ്യാ—പൂച്ചയുടേയും മാടപ്രാവിന്റേയും മലം ചേർത്തു തുത്ഥത്തെ അരയ്ക്കണം പത്തിലൊരുഭാഗം പൊൻകാരംചേൎക്കണം അതിന്റെശേഷം പുടംചെയ്ക പിന്നീട്ട തൈർചേൎത്തരച്ച പുടം ചെയ്യുക പിന്നീട്ട തേൻചേൎത്തരച്ച പുടംചെയ്ക തുത്ഥം ശുദ്ധമാകും.

അഭ്രകശുദ്ധി.

മൂ— കൃഷ്ണാഭ്രകംധമേദഹ്നൌതതഃക്ഷീരേവിനിക്ഷിപേൽ
ഭിന്നപത്രംതതഃകൃത്വാതണ്ഡുലീയാമ്ലയോർദ്രവൈഃ
ഭാവയേദഷ്ടയാമന്തദേവംശുദ്ധ്യതിചാഭ്രകം.

വ്യാ—കൃഷ്ണാഭ്രകത്തെ തീയിലിട്ട പഴുപ്പിച്ച എടുത്തു പാലിൽ ഇടുക പിന്നീട്ട അതിന്റെ അടരുകളെ അടൎത്തി കാടിയിലിട്ട എട്ടുയാമം ഭാവനംചെയ്യുക അഭ്രകം ശുദ്ധമാകും.

അഭ്രകമാരണം.

മൂ— കൃത്വാധാന്യാഭ്രകംതത്തുശോഷയിത്വാഥമർദ്ദയേൽ
അൎക്കക്ഷീരൈർദ്ദിനംഖല്വേചക്രാകാരഞ്ചകാരയേൽ
പുനർമ്മർദ്ദ്യംപുനഃപാച്യംസപ്തവാരംപ്രയത്നതഃ
തതോവടജടാക്വാഥൈസ്തദ്വദ്ദേയംപുടത്രയം
മ്രിയതേനാത്രസന്ദേഹഃസർവ്വയോഗേഷുയോജയേൽ
മൃതംത്വഭ്രംഹരേൻമൃത്യുംജരാപലിതനാശനം
അനുപാനൈശ്ചസംയുക്തംതത്തദ്രോഗഹരംപരം.

വ്യാ—ധാന്യാഭ്രകത്തെച്ചെയ്യിട്ട (അഭ്രകത്തിന്റെ നാലൊന്നു പച്ചനെല്ലുചേർത്തു ഒരു കമ്പിളിയിൽ കിഴികെട്ടി മൂന്നുദിവസം വെള്ളത്തിൽ ഇട്ടേക്കണം പിന്നീട്ട എടുത്തു ഞെരടുമ്പോൾ കമ്പിളത്തിൽക്കൂടി സൂക്ഷമായി വീഴുന്ന അഭ്രകത്തെ എടുക്കണം ഇങ്ങനെ എടുക്കുന്നതിനാണ് ധാന്യാഭ്രകം എന്നു പറയുന്നതു) ഉണക്കി എരുക്കിൻപാൽചേർത്തു ഒരുദിവസം അരയ്ക്കണം അതിനെ എരുക്കിലകൊണ്ടു പൊതിഞ്ഞു വഴിപോലെ ഗജപുടത്തെ ച്ചെയ്യണം പിന്നീട്ട എടുത്തു എരുക്കിൻപാൽ ചേൎത്തരച്ച എരുക്കിലകൊണ്ടു പൊതിഞ്ഞു ഗജപുടം ചെയ്യണം ഇങ്ങനെ ഏഴുദിവസം ചെയ്യണം അതിന്റെശേഷം പേരാലിന്റെ വേർ കഷായംവെച്ചെടുത്ത ജലത്തിൽ അരച്ച മൂന്നുപുടം ചെയ്യണം എന്നാൽ സന്ദേഹംകൂടാതെ അഭ്രകം മൃതിയെ പ്രാപിക്കും ഇതിനെ എല്ലായോഗങ്ങളിലും യോജിപ്പിക്കുകയും ചെയ്യാം ഇങ്ങനെ മരി

ച്ച അഭ്രകം മരണത്തെ ഇല്ലാതാക്കും ജരയേയും നരയേയും ഇല്ലാതാക്കും രോഗംപ്രതിയുള്ള അനുപാനത്തിൽ സേവിച്ചാൽ അതാതുരോഗങ്ങളെക്കളയും. പ്രകാരാന്തരം.

മൂ— ശുദ്ധംധാന്യാഭ്രകംമസ്തംശുണ്ഠിഷഡ്ഭാഗയോജിതം
മർദ്ദയേൽകാഞ്ചികേനൈവദിനംചിത്രകജൈരസൈഃ
തതോഗജപുടംദദ്യാത്തസ്മാദുദ്ധൃത്യമർദ്ദയേൽ
ത്രിഫലാവാരിണാതദ്വൽപുടേദേവംപുടൈസ്ത്രിഭിഃ
ബലാഗോമൂത്രമുസലീതുലസീസൂരണദ്രവൈഃ
മർദ്ദിതംപുടിതംവഹ്നൌത്രിത്രിവേലംവ്രജേൻമൃതം.

വ്യാ— ശുദ്ധമായതായ ധാന്യാഭ്രകത്തോടു മുത്തങ്ങയും ചുക്കും ആറുഭാഗം യോജിപ്പിക്കണം എല്ലാം കൂടി കാടിയിൽ ഒരുദിവസം അരക്കണം കൊടുവേലിരസത്തിൽ ഒരുദിവസം അരക്കണം അനന്തരം ഗജപുടം ചെയ്യുത്തു ത്രിഫലാകഷായത്തിൽ ഒരുദിവസം അരച്ചു പുടംചെയ്ക ഇങ്ങനെ മൂന്നു പുടംചെയ്ക കുറുന്തോട്ടി,ഗോമൂത്രം,നിലപ്പനക്കിഴങ്ങു, തുളസി, കാട്ടുചേന,ഇവയുടെ രസത്തിൽ അരച്ചു മൂന്നുപ്രാവശ്യംവീതം പുടംചെയ്ക അഭ്രകം മൃതിയെ പ്രാപിക്കും. നീലാഞ്ജനം.

മൂ— നീലാഞ്ജനംചൂർണ്ണയിത്വാജംബീരദ്രവഭാവിതം
ദിനൈകമാതപേശുദ്ധംസർവകാര്യേഷുയോജയേൽ
ഏവംഗൈരികകാസീസടംകണാന്നിവരാടികാ
ഞ്ഞൊരീശംഖംചകങ്കുഷ്ഠംശുദ്ധിമായാതിനിശ്ചിതം.

വ്യാ—നീലാഞ്ജനത്തെപ്പൊടിച്ചു ജോനകനാരകരസത്തിൽ ഇട്ടു ഒരുദിവസം വെയിലത്തുവച്ചിരുന്നാൽ ശുദ്ധമാകും എല്ലാക്കാര്യങ്ങളിലും യോജിപ്പിക്കാം ഇതിന്മണ്ണം കാവിമണ്ണു, കാരീയം പൊൻകാരം, കവടി, മയൂര, തുത്ഥം, ശംഖം, അരിതാരം ഇവയേയും ശുദ്ധമാക്കിയെടുക്കാം.

മനയോല.

മൂ— പചേത്ര്യഹമജാമൂത്രൈർദ്ദോളായന്ത്രേമനഃശിലാം
ഭാവയേത്സപ്തധാപിത്തൈരജായാശ്ശുദ്ധിമൃച്ഛതി

വ്യാ—മനഃശിലദോളായന്ത്രത്തിലാക്കി ആട്ടിൻമൂത്രത്തിൽ മൂന്നുദിവസം പചിക്കുക പിന്നീടു ആട്ടിൻെറപിത്തജലത്തിൽ ഏഴുപ്രാവശ്യം ഭാവനം ചെയ്യണം മനഃശിലാശുദ്ധിയായിത്തീരും.

താളകം.

മൂ—താളകംകണശഃകൃത്വാതച്ചൂർണ്ണംകാഞ്ചികേക്ഷിപേൽ
ദോളായന്ത്രേണയാമൈകംതതഃകുഷ്മാണ്ഡജൈർദ്രവൈഃ
തിലതൈലേപചേദ്യാമംയാമംചത്രിഫലാജലൈഃ

ഏവംയഃന്ത്രചതുൎയ്യാമംപാച്യംശുദ്ധ്യതിതാളകം.

വ്യാ—സദലമായ താളകം കൊണ്ടുവന്നു ചെറുതായി പൊടിച്ചുതു പൊടിയെ കാടിയിൽ ഇട്ടു ദോളായന്ത്രത്തിൽ ഒരു യാമം പചിക്കുക അനന്തരം കുമ്പളങ്ങാരസത്തിലും എണ്ണയിലും ത്രിഫലകഷായത്തിലും ഓരോ യാമംപചിക്കുക. ഇങ്ങനെ നാലു യാമം പചിച്ചാൽ താളകം ശുദ്ധിയെ പ്രാപിക്കുന്നു.

കൎപ്പൂരീതുത്ഥം.

മൂ— നൃമൂത്രവാഃഫഃഗാമൂത്രേസപ്താഹംരസകംപചേൽ
ദോളായന്ത്രേണശുദ്ധിഃസ്യാത്തതഃകാൎയ്യേഷുയോജയേൽ.

വ്യാ—മനുഷ്യമൂത്രത്തിലും പശുവിൻമൂത്രത്തിലും കാപ്പൂരീതുത്ഥത്തെ ഏഴുദിവസം ദോളായന്ത്രത്തിൽ പചിക്കണം. ശുദ്ധമാകും എല്ലാകാൎയ്യങ്ങളിലും യോജിപ്പിക്കാം.

എല്ലാധാതുക്കളുടേയും ശുദ്ധികരണം.

മൂ— ലാക്ഷാമീനപയഃചരാഗംടങ്കണംമൃഗശൃംഗകം
പിണ്യാകംസ്വൎപാഃശിഗ്രുഗുഞ്ജോൎണ്ണഗുഡസൈന്ധവം
യവാസ്കികതാഘ്നൃതംക്ഷൌദ്രംയഥാലാഭംവിചൂൎണ്ണ്യയേൽ
ഏഭിൎവ്വിമിശ്രിതാഃസവ്വേധാതവോഗാഢവഹ്നിനാ
മൂഷ ദ്ധ്മാതാഃപ്രജായന്തേമുക്തസത്വാനസംശയഃ

വ്യാ—കോലരക്ക, മീനങ്ങാണി, ആട്ടിൻപാൽ, പൊൻകാരം, മാൻകൊമ്പു, പിണ്ണാക്കു, കടുക, മുരിങ്ങ, കുന്നി, പരുത്തിക്കുരു ശക്കര, ഇന്തുപ്പു ഇവ കിട്ടുന്നതുപോലെ പൊടിച്ചു എല്ലാധാതുക്കളുടേയും പൊടിഃചൎത്തുമിശ്രണംചെയ്തു മൂശയിലാക്കി ഗാഢമായ അഗ്നികൊണ്ടു പുടംചെയ്യുട്ടക്കുക. സംശയംകൂടാതെ ശുദ്ധമാകും.

രത്നങ്ങൾ (വജ്രം)

മൂ— കുലത്ഥഃകാദ്രവകപായൈൎദ്ദോളായന്ത്രേവിപാചയേൽ
വ്യാഘ്രീകന്ദഗതംവജ്രംത്രിദിനംശുദ്ധിമൃച്ഛതി
തപ്തംതപ്തംതുതദ്വജ്രംഖരമൂത്രേനിഷേചഃയേൽ
പുനസ്താപ്യംപുനഃസേച്യമേവംകുൎയ്യാത്ത്രിസപ്തധാ
മൽകുണൈസ്താലകംപിഷ്ട്വായാവദ്ഭവതിഗോളകം
തദ്ഗോളേനിഹിതംവജ്രംതദ്ഗോളംവഹ്നിനാധമേൽ
സിഞ്ചയേദശ്വമൂത്രേണതദ്ഗോളേചക്ഷിപേൽപുനഃ
ശുദ്ധാദ്ധ്മാതംപുനഃസേച്യഃമവംകുൎയ്യാത്ത്രിസപ്തധാ
ഏവംചമ്രിയതേവജ്രംചൂൎണ്ണംസൎവ്വത്രയോജയേൽ.

വ്യാ—വജ്രം ചെറുവഴുതിനയുടെവേർ തുരന്നു അതിനകത്തടച്ചുമുതിരയുംവരകുംചേൎത്തുകഷായമുണ്ടാക്കി അതിൽദോളായന്ത്രം ചെയ്തു പചിക്കുക. ഇങ്ങനെ മൂന്നുദിവസംചെയ്യാൽ വജ്രംശുദ്ധ

മാകും. ആ വജ്രത്തെ പിന്നീട്ട തീയിലിട്ടപഴപ്പിച്ച കഴതയുടെ മൂത്ര ത്തിൽ ഇടുക. ഇങ്ങനെ ഇരുപത്തൊന്നു തവണചെയ്യണം. അ നന്തരം മൂട്ടകളെപ്പിടിച്ചിട്ട താലകംചേർത്തരയ്ക്കണം അരഞ്ഞു ഉരു ളയാകുമ്പോൾ അതുകൊണ്ട ഗോളകംചെയ്തു ആ ഗോളകത്തിന കത്തു മുമ്പറഞ്ഞ വജ്രത്തെവച്ചു അഗ്നികൊണ്ടുപഴപ്പിക്കുക അതി ന്റെശേഷം കുതിരയുടെ മൂത്രത്തിലിടുക. പിന്നീട്ടും ആ ഗോളക ത്തിനകത്താക്കി തീയിലിട്ട പഴപ്പിക്കുക. പിന്നീട്ടും കുതിരയുടെമൂ ത്രത്തിലിടുക ഇങ്ങനെ ഇരുപത്തൊന്നാവൎത്തിചെയ്ക വജ്രം മൃത മാകും ഈ വജ്രചൂൎണ്ണത്തെ രോഗങ്ങളിൽ പ്രയോഗിക്കുക.

മൂ— ഹിംഗുസൈന്ധവസംയുക്തേകഫാഥേകൗലത്ഥഃജക്ഷിപേൽ
തപ്തംതപ്തംപുനൎവജ്രഭയാച്ചൂൎണ്ണംത്രിസപ്തധാ
മണ്ഡൂകംകാംസ്യജപാത്രേനിഗൃഹ്യസ്ഥാപയേൽസുധീഃ
സഭീതോമൂത്രയേത്തത്രതന്മൂത്രവജ്രമാവപേൽ
തപ്തംതപ്തംചബഹുധാവജ്രസ്യൈവംമൃതിഃഭവൽ.

വ്യാ—കായം ഇന്തുപ്പ് ഇവചേൎന്ന മുതിരക്കഷായത്തിൽ വ ജ്രത്തെ തീയിൽ പഴപ്പിച്ച് ഇടുക. ഇങ്ങിനെ ഇരുപത്തൊന്നു പ്രാവശ്യം ചെയ്യുക. അതിന്റെശേഷം ഒരു ഓട്ടുപാത്രത്തിൽ ത വളയെ പിടിച്ചടച്ചിടുക അതു ഭയന്നു മൂത്രമൊഴിക്കും. വജ്രം തീ യിൽ പഴപ്പിച്ച് ആ മൂത്രത്തിൽ ഇടുക. ഇങ്ങനെ പലപ്രാവശ്യം ചെയ്യുക വജ്രം മൃതമാകും.

വൈക്രാന്തം (പൊടിവൈരം).

മൂ— വൈക്രാന്തംവജ്രവച്ഛോധ്യം നീലംവാലോഹിതംതഥാ
ഹയമൂത്രേന്നതൽസേവ്യം തപ്തംതപ്തംദ്വിസപ്തധാ
തതസ്തുമേഷപഞ്ചാംഗപഞ്ചാംഗേഃഗോളകേക്ഷിപേൽ
പുടേൽമൂഷാപുടേരുദ്ധാ കുൎയ്യാദേവംചസപ്തധാ
വൈക്രാന്തംഭസ്മതാംയാതി വജ്രസ്ഥാനവിനിയോജയേൽ.

വ്യാ—വൈക്രാന്തത്തെ വജ്രം എന്നപോലെ ശോധനംചെ യ്യണം. നീലവും ലോഹിതവും അപ്രകാരംതന്നെ ശോധിക്കണം. വൈക്രാന്തത്തെ പതിനാലുപ്രാവശ്യം തീയിൽ പഴപ്പിച്ചു കുതി രമൂത്രത്തിൽ ഇടണം. അനന്തരം ആട്ടുതൊടാപ്പാലയുടെ പഞ്ചാം ഗം അരച്ചു ഗോളകമാക്കി അതിനകത്തു മുമ്പറഞ്ഞ ശോധനചെ യ്ത വൈക്രാന്തത്തെ വച്ചു മൂശയിൽ അടച്ചു ബന്ധിച്ചു പുടംചെ യ്യുക. ഇങ്ങനെ ഏഴുപ്രാവശ്യം ചെയ്യുക വൈക്രാന്തം ഭസ്മമാകും. ഇതിനെ വജ്രം ചേൎക്കാൻ വിധിച്ചിട്ടുള്ളദിക്കിൽ ഉപയോഗി ക്കാം. വൈക്രാന്തത്തിന്‌ പൊടിവൈരംഎന്നഭാഷ കണ്ടുമാനുണ്ട്.

മണിമുക്താപ്രവാളങ്ങൾ.

മൂ— സ്വേദയേദ്ദോളികായന്ത്രേ ജയന്ത്യാഃ സ്വരസേന ച
മണിമുക്താപ്രവാളാനാം യാമമേകം ശോധനം ഭവേൽ
കുമാൎയ്യാസ്തണ്ഡുലീയേന സ്തന്യേന ച നിഷേചയേൽ
പ്രത്യേകം സപ്തവേലം ച തപ്തതപ്താനികൃൽസ്നശഃ
മൌക്തികാനി പ്രവാളാനി തഥാരത്നാന്യശേഷതഃ
ക്ഷണാദ്വിവിധവൎണ്ണാനി മ്രിയന്തേ നാത്രസംശയഃ.

വ്യാ—മണിയോ മുത്തോ പവിഴമോ മുഞ്ഞ ചതച്ചു പിഴിഞ്ഞ രസത്തിൽ ദോളായന്ത്രത്തിൽ ഒരുയാമം പചിക്കണം. പിന്നീട് എടുത്തു തീയിൽ പഴുപ്പിച്ചെടുത്തു കറ്റാവാഴരസത്തിലും കാടിയിലും മുലപ്പാലിലും പ്രത്യേകം ഏഴുപ്രാവശ്യം വീതം മുക്കണം. ഇങ്ങനെ ചെയ്യുന്നതിൽ നിന്നും മൌക്തികങ്ങളും പ്രവാളങ്ങളും എന്നുതന്നെയല്ല പലവൎണ്ണങ്ങളിലുള്ള എല്ലാരത്നങ്ങളും വേഗത്തിൽ മൃതങ്ങളായി ഭവിക്കും. ഇതു സംന്ദേഹമില്ലാത്തതാണ്.

മൂ— ഉക്തമാക്ഷികവന്മുക്താഃ പ്രവാളാനി ച മാരയേൽ
വജ്രവത്സൎവരത്നാനി ശോധയേന്മാരയേത്തഥാ.

വ്യാ—മുത്തും പവിഴവും മാക്ഷികത്തിനു പറഞ്ഞ വിധിപ്രകാരം ചെയ്യാൽ മൃതമാകും. മറ്റ എല്ലാരത്നങ്ങളും വജ്രത്തിനു പറഞ്ഞതിന്മണ്ണം ചെയ്യാൽ മൃതങ്ങളാകും.

ശിലാജതു (കല്മദം).

മൂ— ശിലാജതുസമാനീയ ഗ്രീഷ്മതപ്തശിലാച്യുതം
ഗോദുഗ്ദ്ധൈസ്ത്രിഫലാക്വാഥൈ ഭൃംഗദ്രാവൈശ്ച മൎദ്ദയേൽ
ആതപേ ദിനമേകൈകം തച്ഛുഷ്കം ശുദ്ധതാം വ്രജേൽ
മുഖ്യാം ശിലാജതുശിലാം സൂക്ഷ്മഖണ്ഡപ്രകല്പിതാം
നിക്ഷിപ്യാത്യുഷ്ണപാനീയേ യാമമേകം സ്ഥാപയേൽ സുധീഃ
മൎദ്ദയിത്വാതതോനീരം ഗൃഹ്ണീയാദ്വസ്ത്രഗാളിതം
സ്ഥാപയിത്വാച മൃൽപാത്രേ ധാരയേദാതപേ ബുധഃ
ഉപരിസ്ഥം ഘനം യസ്യാൽ തൽക്ഷിപേദന്യപാത്രകേ
ധാരയേദാതപേധീമാനുപരിസ്ഥാഘനം നയേൽ
ഏവം പുനഃപുനൎന്നീത്വാ ദ്വിമാസഭ്യാം ശിലാജതു
ഭൂയാൽ കാൎയ്യക്ഷമം വഹ്നൌ ക്ഷിപ്തം ലിംഗോപമം ഭവേൽ
നിൎദ്ധൂമം ച തതഃ ശുദ്ധം സൎവ്വകൎമ്മസു യോജയേൽ
അധഃസ്ഥിതം ച യച്ഛേഷം തസ്മിന്നീരം വിനിക്ഷിപേൽ
വിമൎദ്ദ്യ ധാരയേദ്ഘൎമ്മേ പൂൎവ്വവച്ചൈവ തന്നയേൽ.

വ്യാ—ഗ്രീഷ്മകാലത്തു സൂൎയ്യകരങ്ങളേറ്റ ചൂടുപിടിച്ച കരിങ്കൽ പാറയിൽനിന്നും കിട്ടുന്ന കന്മദത്തെ കൊണ്ടുവന്നു പശുവി

ൻപാലിലും ത്രിഫലകഷായത്തിലും കയ്യന്യരസത്തിലും ഓരോദിവസം അരച്ചുണക്കുക ഇങ്ങനെ ഉണങ്ങുന്നതു ശുദ്ധമാകുന്നു. ഇങ്ങനെ ശുദ്ധിചെയ്ത കന്മദത്തെ ചെറിയകഷണങ്ങളാക്കി ഏറ്റവും ചൂടാക്കിയ വെള്ളത്തിൽ ഒരു യാമം ഇട്ടുവയ്ക്കുക പിന്നീട് എടുത്തു കഴകി അമ്മിയിൽ അരച്ചു തുണിയിൽ അരിച്ചു വെള്ളത്തെ ഇറുത്തു കളയുക. പിന്നീട് അതിനെ മണ്പാത്രത്തിൽ പരത്തി വെയിലത്തു വയ്ക്കുക. വെയിലിൻെറ ചൂടോടു മുകളിൽ ഘനമായി പൊങ്ങുന്നതിനെ മറെറാരുപാത്രത്തിൽ ആക്കുക. അതിനെ പിന്നെയും വെയിലത്തു വച്ചു മീതെ പൊങ്ങുന്നതിനെ എടുക്കുക. ഇങ്ങനെ രണ്ടുമാസം ചെയ്യുക അങ്ങിനെ കിട്ടുന്ന കന്മദം കാൎയ്യക്ഷമമായി ഭവിക്കും അനന്തരം അതിനെ തീയിലിട്ടാൽ ലിംഗോപമമായും പുകയില്ലാതെയും കാണും. ഇപ്രകാരം ശുദ്ധമായ കന്മദം സൎവ്വകൎമ്മങ്ങളിലും യോജിപ്പിക്കാം. മുമ്പറഞ്ഞ പാത്രത്തിൻെറ അടിയിൽപാറിയവയേയും അരച്ചുംവെയിലത്തുവച്ചും ഈവിധം എടുക്കണം.

മണ്ഡൂരം(പുരാണകിട്ടം).

മൂ— അക്ഷാംഗാരൈൎദ്ധ്മാൽകിട്ടം ലോഹജംതദ്ഗവാംജലൈഃ
സേചയേത്തപ്തതപ്തംച സപ്തവാരംപുനഃപുനഃ
ചൂൎണ്ണയിത്വാതതഃകാഥൈസ്ത്രിഗുണൈസ്ത്രിഫലാഭവൈഃ
ആലോഡ്യഭൎജ്ജയേദ്വഹ്നൌ മണ്ഡൂരംജായതേവരം.

വ്യാ—പുരാണകിട്ടം കൊണ്ടുവന്നു താന്നിവിറകിൻെറ തീയിലിട്ടു പഴുപ്പിച്ചു ഗോമൂത്രത്തിലിടുക. ഇങ്ങനെ ഏഴുദിവസം ചെയ്യുക പിന്നീട് അതിനെപ്പൊടിച്ചു ത്രിഫലകഷായത്തിലിട്ടു പചിച്ചു വററിച്ച് എടുക്കുക. കഷായവെള്ളംവററി പുരാണകിട്ടം നീറുന്നതുവരെ തീയെരിക്കണം ഇങ്ങനെ എടുക്കുന്നതു ശ്രേഷ്ഠമാകുന്നു.

ക്ഷാരകല്പന.

മൂ— ക്ഷാരവൃക്ഷസ്യകാഷ്ഠാനി ശുഷ്കാണ്യഗ്നൌപ്രദീപയേൽ
നീത്വാതൽഭസ്മമൽപാത്രേ ക്ഷിപ്ത്വാനീരംചതുൎഗ്ഗുണം
വിമൎദ്ദ്യധാരയേദ്രാത്രൌ പ്രാതരച്ഛംമലംനയേൽ
തന്നീരംകാഥയേദ്വഹ്നൌ യാവത്സൎവ്വംവിശുഷ്യതി
തതഃപാത്രാത്സമുല്ലിഖ്യ ക്ഷാരോഗ്രാഹ്യഃസിതപ്രഭഃ
ചൂൎണ്ണാഭഃപ്രതിസാൎയ്യഃസ്യാൽ പേയഃസ്യാൽകാഥവൽ
(സ്ഥിരഃ
ഇതിക്ഷാരദ്വയംധീമാന്യുക്തകാൎയ്യേഷുയോജയേൽ

വ്യാ—ഉണങ്ങിയ ക്ഷാരവൃക്ഷത്തിൻെറ വിറകുകളെ തീയിലിട്ടു ചാമ്പലാക്കിയെടുക്കുക. അതിനെ മണ്പാത്രത്തിലാക്കി നാ

ലിരട്ടി വെള്ളമൊഴിച്ചു മട്ട്രിക്കുക. ഒരുരാത്രി വച്ചിരുന്നു പ്രാതഃകാലത്തിൽ ആ ജലത്തെ ഊററിയെടുക്കുക ആ വെള്ളത്തെ അടുപ്പത്തുവച്ചു വെള്ളം മുഴുവൻ വററുന്നതുവരെ തീയെരിക്കുക. അനന്തരം ആ പാത്രത്തിന്റെ അടിയിൽ പററിയിരിക്കുന്ന സിതപ്രഭമായ ചൂർണ്ണത്തെ എടുക്കുക ഇതു പ്രതിസാൎയ്യമാകുന്നു. മുമ്പറഞ്ഞ വെള്ളം കഷായസ്ഥിതിയിൽ കുടിപ്പിക്കുകയും ചെയ്യാം. ഈ രണ്ടു ക്ഷാരങ്ങളേയും യുക്തംപോലെ ഉപയോഗപ്പെടുത്തുക.

[illegible]
[illegible]
[illegible]
[illegible]